
വിശേഷാൽ പ്രതി
1964

*With Hearty Greetings for a Happy*

*X' Mas.*



For Everything In

CLOTHING

VISIT

FASHION FABRICS, TRICHUR.

# മേരിവിജയം

വിശേഷാൽപ്രതി

എഡിറ്റർ:

ഫാദർ ജെ. ചെമ്മണ്ണൂർ ബി. എ.

വാല്യം XIV

നമ്പർ XII

ഡിസംബർ 1964

വില 35 പൈസ

(വരിക്കാർക്ക് 17 പൈസ)

അച്ചടി:

യൂണിയൻ പ്രസ്സ്,

മരിയാപുരം, തൃശ്ശൂർ-5.

*Permissu Superiorum*

# ലേഖനങ്ങളും ലേഖകന്മാരും


| | | | |
|---|---|---|---|
| | | | പേജ് |
| 1. | .... ആത്മപ്രഭാഷണം .... | പത്രാധിപർ .... | 355 |
| 2. | .... തെററായ കുററാരോപണം .... | റൈററ് റവ. മോൺ. പ്ലാസിഡ് കാക്കശ്ശേരി പി. എച്ച്. ഡി., ഡി. ഡി. | 358 |
| 3. | .... തിരുപ്പിറവി (ക്രിസ്മസ് പ്ലേ) .... | ടി. എൽ. കിഴ്‌ളർ. .... | 361 |
| 4. | ബാബേലിലെ ഗോപുരം (കവിത) .... | പി. ടി. എൽ. .... | 363 |
| 5. | മതവും ആധുനികമനോഭാവങ്ങളും .... | പി. ററി. ചാക്കോ എം. ഏ. (മൂവ്വാററുപുഴ) | 364 |
| 6. | .... "തിന്നു", അമ്മച്ചീ" (ചെറുകഥ) .... | ഏ. സി. അന്തിക്കാട്ട്. .... | 366 |
| 7. | തണുത്ത കഥകൾ! ചൂടുള്ള പ്രശ്നം!! .... | മാത്യു ഉലകംതറ എം. ഏ. .... | 368 |
| 8. | .... കല്പവൃക്ഷം (നോവൽ) .... | ജെയിംസ് കെ. സി. മണിമല .... | 370 |
| 9. | കൊളേജിയാലിററി—മെത്രാന്മാരുടെ കൂട്ടുത്തരവാദിത്വം .... | ഫാദർ വടക്കൻ (കാനഡ) .... | 375 |
| 10. | .... സാധന—തുക്കാറാം (കവിത) .... | ജോൺ അറയ്ക്കൽ, പൂന. .... | 377 |
| 11. | റിയലിസവും കേരളകത്തോലിക്കാ സാഹിത്യവും .... | ററി. ഒ. പി. മേവെള്ളൂർ .... | 379 |
| 12. | .... ക്രിസ്തുസ്സ് ക്രിസ്തുവിനോടുകൂടെ .... | റവ. ഫാ തോമസ് മൂത്തേടൻ എം.ഏ, ഡി.ഡി. | 382 |
| 13. | ബോംബെ ദിവ്യകാരുണ്യകോൺഗ്രസ്സ് .... | ... .... | 383 |
| 14. | .... ക്രിസ്തുമസ്സ് ഗാനങ്ങൾ .... | ജി. ചിററിലപ്പിള്ളി & ജോൺ പാറയിൽ, | 389 |
| 15. | ദിവ്യകാരുണ്യഭക്തിയുടെ ചരിത്രം .... | സിൽവെസ്റ്റർ .... | 391 |
| 16. | .... സൊഡാലിററി ഓപ്പീസ് .... | ഫാദർ മാത്യു മങ്കുഴിക്കരി .... | 393 |
| 17. | .... പ്രാർത്ഥനാപരിഷ്കാരം .... | ഫാദർ ലേത്തുസ് സി. എം. ഐ. .... | 396 |
| 18. | .... അപ്പന്റെ നാക്ക് (ചെറുകഥ) .... | ജോസഫ് മററം ബി. ഏ. .... | 400 |
| 19. | .... സ്വർഗ്ഗം ആരംഭിക്കുന്നു (കവിത) .... | ഐ. ടി. ഒ. .... | 403 |
| 20. | .... ഇന്നത്തെ യുവാക്കൾ .... | ജി. സി. ടീലാർ .... | 405 |
| 21. | മറിയത്തിന്റെ മനോഗതം (കവിത) .... | എൻ. ജെ. ഫ്രാൻസിസ് എം. ഏ. | 411 |



കല്യാണസാരികൾക്ക്

വെള്ളാനിക്കാരൻസ്

മോഡേൺ

ഫേബ്രിക്ക്സ്

PHONE 90

ചാലക്കുടി





നിത്യസഹായമാതാവിന്റെ സഹായത്താൽ ഉദ്ദിഷ്ടകാര്യസിദ്ധിക്ക് ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

— ഇ. കെ. മേരി, മാള

# ആത്മപ്രഭാഷണം

★

ഹിമവാനും വിന്ധ്യനും സഹ്യനും ശിരസ്സുയർത്തി പകച്ചു നോക്കി; ഗംഗയും നർമ്മദയും കാവേരിയും അറബിക്കടലിനോടൊപ്പം ആനന്ദപുളകമണിഞ്ഞു് അലച്ചാർത്തുകളുയർത്തി ആർത്തിരമ്പി; ഭാരതത്തിലെ ഓരോ മണൽത്തരിയും പുൽക്കൊടിയും രോമാഞ്ചകഞ്ചുകിതമായി; എല്ലാ വീഥികളും ബോംബെ നഗരത്തിലേയ്ക്കൊഴുകി അവിടെ ഒരു മനുഷ്യമഹാസമുദ്രം നിർമ്മിച്ചു. കാരണം? 38-ാം അഖിലലോക ദിവ്യകാരുണ്യ കോൺഗ്രസ്സ് ബോംബെയിലാണ് സമ്മേളിച്ചതു്; മാത്രമല്ല, ക്രിസ്തുവിന്റെ പ്രതിപുരുഷനും വി. പത്രോസിന്റെ 263-ാമത്തെ പിൻഗാമിയുമായ പോൾ ആറാമൻ മാർപ്പാപ്പ ബോംബേയിലേയ്ക്കെഴുന്നള്ളുകയും ചെയ്തു. അങ്ങനെ, പ്രതീക്ഷയിൽ കവിഞ്ഞ വിജയത്തോടെ പരിസമാപിച്ച ബോംബെ ദിവ്യകാരുണ്യകോൺഗ്രസ്സിന്റെയും ഭാരതീയരുടെയെല്ലാം ഹൃദയം കവർന്ന, ചരിത്രം സൃഷ്ടിച്ചതും അഭൂതപൂർവ്വവുമായ പാപ്പാസന്ദർശനത്തിന്റെയും മധുരസ്മരണകൾ പച്ചപിടിച്ചു കിടക്കുന്ന പശ്ചാത്തലത്തിലാണ് മേരിവിജയം ഒരു കൊച്ചു വാർഷികപ്പതിപ്പുമായി മുന്നോട്ടുവരുന്നതു്.

ഒരു ജലാശയത്തിൽ നിപതിക്കുന്ന കല്ലു് തരംഗപരമ്പരകളെ ഉൽപാദിപ്പിക്കുന്നു; കല്ലു് വെള്ളത്തിൽ താണു മറഞ്ഞുകഴിഞ്ഞാലും തരംഗങ്ങൾ അലച്ചലച്ചു നീങ്ങിക്കൊണ്ടിരിക്കും. അതുപോലെത്തന്നെ, ബോംബെ ദിവ്യകാരുണ്യ കോൺഗ്രസ്സും പാപ്പാസന്ദർശനവും കഴിഞ്ഞുപോയാലും, ഓവൽമൈതാനത്തിലെ ശില്പകലാസുഭഗങ്ങളായ സജ്ജീകരണങ്ങൾ പൊളിച്ചുമാററപ്പെട്ടാലും, ആ മഹൽസംഭവങ്ങൾ സൃഷ്ടിച്ച ചലനങ്ങൾ—ആദ്ധ്യാത്മികവും സാമൂഹ്യവും സാംസ്കാരികവുമായ നവീന തരംഗ പരമ്പരകൾ—ദിഗന്തങ്ങൾവരെയും ആഞ്ഞടിച്ചുകൊണ്ടിരിക്കുമെന്നു് നമുക്കു് പ്രതീക്ഷിക്കാം. ബൃഹദാരണ്യകോപനിഷത്തിലെ പ്രാർത്ഥന—മാർപ്പാപ്പാ തന്റെ സന്ദർശനവേളയിൽ ഉദ്ധരിച്ചതായ പ്രാർത്ഥന—നമ്മുടെ ഹൃദയാന്തർഭാഗങ്ങളിൽനിന്നും ഉയരട്ടെ: "മിഥ്യയിൽനിന്നു യാഥാർത്ഥ്യത്തിലേയ്ക്കും, ഇരുട്ടിൽനിന്നു വെളിച്ചത്തിലേയ്ക്കും, മർത്ത്യതയിൽനിന്നു അമർത്ത്യതയിലേയ്ക്കും എന്നെ നയിക്കേണമെ." അപ്പോൾ നമുക്കു ക്രിസ്തുവിൽനിന്നു് മറുപടി ലഭിക്കും: "ഞാൻ വഴിയും സത്യവും ജീവനുമാകുന്നു."

അതെ, ആ "വഴിയും സത്യവും ജീവനും" മനുഷ്യാകാരം പൂണ്ടു് ബെത്'ലഹമിലെ ഒരു തൊഴുത്തിൽ ശിശുവായി ജനിച്ചതായ മഹാസംഭവത്തിന്റെ മധുരസ്മരണകളാണ് ക്രിസ്മസ് നമ്മിൽ ഉദ്ദീപിപ്പിക്കുന്നതു്. വിദ്വേഷം പുലർത്തുന്നവർക്കു സ്നേഹവും, ഉപദ്രവിക്കുന്നവർക്കു പൊറുതിയും സംശയിക്കുന്നവർക്കു വിശ്വാസവും, നിരാശയർക്കു സുപ്രതീക്ഷയും, നന്മനസ്സുള്ളവർക്കു സമാധാനവും വാരിവിതറുവാൻ ബെത്'ലഹമിലെ ദിവ്യശിശു എന്നും സന്നദ്ധനാണ്; സ്വീകരിക്കുവാൻ നാം തയ്യാറുണ്ടോ?

"വിജയ"ത്തിന്റെ ഒരു കൊച്ചു വാർഷികപ്പതിപ്പാണിതു്. "വിശേഷാൽ"പ്രതി എന്നു വിളിക്കുവാനുള്ള വൈശിഷ്ട്യങ്ങൾ ഇതിലുണ്ടെന്നു ഞങ്ങൾ അഭിമാനിക്കുന്നില്ല. പതിവുപോലെ ഇത്തവണയും ഒരു വാർഷികപ്പതിപ്പു് പ്രസിദ്ധീകരിക്കുന്നുവെന്നു മാത്രം.

ഞങ്ങളെ നിരന്തരം അനുഗ്രഹിച്ചുകൊണ്ടിരിക്കുന്ന ലേഖകന്മാർക്കും പരസ്യക്കാർക്കും അനുവാചകന്മാർക്കും മരിയാസഖ്യാംഗങ്ങൾക്കും ഞങ്ങളുടെ കൃതജ്ഞതനിറഞ്ഞ കൂപ്പുകൈ.

**നിങ്ങൾക്കെല്ലാവർക്കും ക്രിസ്മസ് മംഗളങ്ങൾ നേരുന്നു.**

— പത്രാധിപർ

THE

# INDIAN INSURANCE & BANKING CORPORATION LTD.,

Registered Office: Municipal Office Road, TRICHUR-1.

(Estd. 1933)

**BRANCHES:** ALWAYE, CALICUT, CHOWGHAT, CHITTATTUKARA, OLLUR, SALEM, SHERIALLAI, TANUR, TATTAMANGALAM, TIRUR and TRICHUR.

★ All kinds of banking business transacted.
★ Deposits are accepted on attractive terms.
★ Advances are made on gold & approved securities.

*For details contact Head Office or Branches.*

Trichur,
2—12—1964.

C. P. THOMAS.
MANAGER.

# ഉഷാ → തയ്യൽമെഷീനുകളും ഫാനുകളും



റൊക്കമായും
ഇൻസ്റ്റാൾമെൻറുകളായും
വിററുവരുന്നു.

•

J. & P. Coats-ൻെറ
എല്ലാത്തരം നൂലുകളും
ഇവിടെ കിട്ടുന്നതാണ്.

•



Usha Sewing Machine Agent:

# KERALA LEATHER COMPANY

ROUND, TRICHUR. TELEPHONE NO: 552

*Branches:-* IRINJALAKUDA & KUNNAMKULAM.

PHONE: Shop 480; Residence 1177

*For All Your Electrical Requirments*

PLEASE CONTACT

**GENERAL ELECTRICALS**

ELECTRICAL ENGINEERS & CONTRACTORS

Swaraj Round — TRICHUR.

*Prop:* J. DEVASSY PALLAN

കേരളത്തിലെ

പ്രഥമ

"AGMARK"

നല്ലെണ്ണ

**PURE GINGELLY OIL**

REGISTERED TRADE MARK



**C. A. OUSEPH & V. J. PAUL**

WHOLESALE MERCHANTS & MILLOWNERS

TRICHUR.

നിങ്ങൾക്ക് ആവശ്യമുള്ള എല്ലാത്തരം കടലാസ്സുകൾക്കും റെയിൻബൊ

അച്ചടിമഷികൾക്കും ഞങ്ങളെ സമീപിക്കുക:

**തോംസൺ പേപ്പർ സ്റ്റോർസ്** പി. ഒ. റോഡ്, തൃശ്ശൂർ_1.

H. O. Thompson Press, Pallikulam Road, TRICHUR-1.

# തെറ്റായ കുറ്റാരോപണം

മോൺ. പോൾ കാക്കശ്ശേരി.

സുഭഗസ്മരണാർഹനായ 23-ാം യോഹന്നാൻ മാർപ്പാപ്പാ അന്യാദൃശമാംവിധം വിശാലമനസ്കനും സ്നേഹസമ്പന്നനുമായിരുന്നു. വളരെ ഹ്രസ്വമായിരുന്നു അവിടുത്തെ വാഴ്ച. എങ്കിലും വിദൂരവ്യാപകവും ഫലസമ്പുഷ്ടവുമായ പല വീക്ഷണഗതികളും ചിന്താസരണികളും പരിവർത്തനപരിപാടികളും തുറന്നുവിടുവാൻ മഹാനായ ആ മാർപ്പാപ്പാ പ്രത്യേകം ശ്രദ്ധിക്കുകയുണ്ടായി. കത്തോലിക്കാസഭയ്ക്കു് അകത്തോലിക്കരോടും, അക്രൈസ്തവരോടും, നിരീശ്വരന്മാരോടുപോലുമുണ്ടായിരുന്ന മനോഭാവത്തിലും സമ്പർക്കസമ്പ്രദായത്തിലും അവിടുന്ന് ഉളവാക്കിയ മാററം എത്ര വിപ്ലവാത്മകമായിരുന്നു എന്നു നോക്കുക. യഹൂദജാതിയോടുള്ള പരമ്പരാഗതമെങ്കിലും അന്ധമായ മുൻവിധിയിൽനിന്നുളവായ വിദ്വേഷഭാവത്തെ നീക്കി തൽസ്ഥാനത്തു സ്നേഹത്തിന്റെയും, സഹിഷ്ണുതയുടെയും, സാഹോദര്യത്തിന്റെയും സമീപനം സമുദ്ഘാടനംചെയ്തതും ആ മഹാശയൻ തന്നെയാണ്.

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ രണ്ടാം സമ്മേളനത്തിൽ പര്യാലോചനയ്ക്കു വന്ന പ്രമുഖചർച്ചാവിഷയം "തിരുസ്സഭ"യെ പരാമർശിച്ചുള്ള പ്രമേയമായിരുന്നുവല്ലോ. "കത്തോലിക്കാസഭയും ആധുനികലോകവും" എന്ന ഉപവകുപ്പിൽ, യഹൂദവംശവും ക്രൈസ്തവസഭയും തമ്മിലുള്ള ഗാഢമായ ബന്ധത്തെ ക്രിസ്ത്യാനികൾ കൂടുതൽ വസ്തുനിഷ്ഠമായി പഠിച്ചറിയണമെന്ന് ഊന്നിപ്പറഞ്ഞിട്ടുണ്ട്. പുതിയ നിയമം പഴയ നിയമത്തിന്റെ തുടർച്ചയും പൂർത്തീകരണവുമാണ്; ക്രിസ്ത്യാനികൾ, പൂർവ്വ ഉടമ്പടിപ്രകാരം ദൈവം തെരഞ്ഞെടുത്ത ജനപദത്തിന്റെ പിന്തുടർച്ചാവകാശികളാണെന്നുള്ള വസ്തുത ഒരിക്കലും മറന്നുപോകരുതാത്തതാണ്.



(ലേഖകൻ)

"ആ ചോരയുടെ ശാപം ഞങ്ങളുടെമേലും സന്തതികളുടെമേലും നിപതിച്ചുകൊള്ളട്ടെ." വൈകാരികമൂർഛയിൽ ഏതാനും ചില യഹൂദന്മാർ അന്നൊരിക്കൽ പീലാത്തോസിന്റെ സമക്ഷം ഇങ്ങനെ ആക്രോശിച്ചുവെന്നുള്ളതു ശരിതന്നെ. എന്നുവച്ച്, അന്നു തുടങ്ങി ഇന്നോളവും ലോകാവസാനംവരേയുമുള്ള യഹൂദരെയെല്ലാം ഒന്നടങ്കം "ശപിക്കപ്പെട്ട ജനത"യായി മുദ്രയടിക്കുന്നതു് അങ്ങേയററം തെററായ കുററാരോപണമായിരിക്കും.

1962-ലെ വലിയ നോമ്പവസരത്തിൽ ലിൽ അതിമെത്രാനായ കർദ്ദിനാൾ ലിയേനാർട്ട് പ്രസിദ്ധം ചെയ്ത ഇടയലേഖനത്തിൽ, ലോകരക്ഷകനായ ക്രിസ്തുവിന്റെ അന്യായമായ വധശിക്ഷയ്ക്കു് അക്കാലത്തേയും ഇക്കാലത്തേയും എക്കാലത്തേയും യഹൂദരെയെല്ലാം ഉത്തരവാദികളാക്കുന്ന അർത്ഥശൂന്യവും അനീതിപരവുമായ വാദഗതിയെ കഠിനകഠിനം വിമർശിക്കയുണ്ടായി. ഈശോമിശിഹായെ കഴുവിലേററി കൊന്നുകളഞ്ഞതിന്റെ അപരാധമത്രയും യഹൂദവംശത്തിന്മേലാസകലം ആരോപിക്കുന്നതു യാഥാർത്ഥ്യത്തിന് ഒട്ടും ചേരാത്തതാണ്. പരമാർത്ഥമായി പര്യാലോചിച്ചാൽ ആർക്കും എളുപ്പത്തിലറിയാം, ആദാമും ആദത്തിന്റെ സന്തതിപരമ്പരകളുത്രയുമാണ്, മാനവസമുദായമഖിലത്തിന്റെയും പാപഭാരമാണ്, ക്രിസ്തുവിന്റെ വധശിക്ഷയ്ക്കുള്ള മൂലകാരണമെന്ന്. ചുരുക്കം ചില യഹൂദന്മാർ സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ പ്രസ്തുത മഹാപാതകത്തിന്ന് ഉപാധികളായി തീർന്നുവെന്നു മാത്രം. പോരെങ്കിൽ ക്രിസ്തുവിനെ കുരിശിൽ തറച്ചു കൊല്ലുവാൻ വിധിച്ചതു റോമൻ ഗവർണ്ണറായിരുന്ന പീലാത്തോസാണ്; ആ ശിക്ഷാവിധിയെ പ്രവൃത്തിയിൽ വരുത്തിയതു് റോമൻ പടയാളികളും.

മററുള്ളവരുടെ പാപഭാരം അളന്നറിയുവാൻ സാധാരണ മനുഷ്യർക്കാർക്കും ഒട്ടും സാദ്ധ്യമല്ല. ഹൃദയത്തേയും മനഃസാക്ഷിയേയും നേരിൽ കാണുന്ന ഈശ്വരനു മാത്രമേ പ്രമാദം പിണയാതെ അവ്വിധം ചെയ്യുവാൻ കഴിയുകയുള്ളു. പുറംകാഴ്ചയെ മാത്രം ആസ്പദമാക്കി സഹോദരങ്ങളെ അപരാധികളായി അപലപിക്കുന്നതു് ആപല്ക്കരമായിരിക്കും; കടുത്ത അന്യായവും. ക്രിസ്തുനാഥൻതന്നെ ഒന്നിലധികം പ്രാവശ്യം കർശനമായി അനുശാസിച്ചിട്ടുള്ളതാണല്ലൊ, നാമാരും അയൽവാസികളെ കുറിച്ചു് കുററം വിധിക്കരുതെന്ന്. തന്നെ കഴുവിലേററിയവരെ കുറിച്ചു ക്രിസ്തുതന്നെ എന്താണ് കല്പിച്ചരുളിയതു്? "പിതാവെ, അവരോടു ക്ഷമിച്ചാലും; എന്തുകൊണ്ടെന്നാൽ അവർ ചെയ്യുന്നതെന്താണെന്ന് അവർ അറിയുന്നില്ല." ആകയാൽ യഹൂദകുലത്തെ ഒന്നടങ്കം "ഈശ്വരഹത്യ" നടത്തിയവരെന്ന് ആക്ഷേപിക്കുന്ന സമ്പ്രദായം ക്രിസ്തുവിനും സഹോദരസ്നേഹത്തിലധിഷ്ഠിതമായിരിക്കുന്ന അവിടുത്തെ മതത്തിനും അശേഷം നിരക്കാത്തതാണ്.

അല്പമൊന്നാലോചിച്ചാലറിയാം മിശിഹായുടെ വധം ആദിമാതാപിതാക്കൾ ഏദൻതോട്ടത്തിൽവെച്ചു പ്രമാണം ലംഘിച്ച നിമിഷത്തിൽത്തന്നെ ആരംഭിച്ചു കഴിഞ്ഞുവെന്ന്. കാലത്തിന്റെ തികവിൽ അതിന്റെ പൂർണ്ണനിർവ്വഹണം കാൽവരി മലമുകളിൽവെച്ചു നടന്നുവെന്നേയുള്ളൂ. അങ്ങനെ നോക്കുമ്പോൾ അവരുടെ സന്തതിപരമ്പരകളിൽപ്പെട്ട ഏവർക്കും—നമുക്കേ

വർക്കും—ആ മഹാപാതകത്തിൽ യഥാർഹമായ പങ്കില്ലെന്നു പറയുവാനൊക്കുമോ? യഹൂദജാതിയുടെ തലയിൽ മാത്രം ആ പഴിയത്രയും ചാരി ഒഴിഞ്ഞുമാറുവാൻ ആർക്കെങ്കിലും എളുപ്പമാണോ?

അധഃപതിച്ച ആദിമാതാപിതാക്കളെ ദൈവം പറുദീസാത്തോട്ടത്തിൽനിന്നു് ആട്ടിപ്പുറത്താക്കി. എന്നാൽ കാരുണ്യമൂർത്തിയായ കർത്താവു് ആ അവസരത്തിൽത്തന്നെ അവർക്കും അവരുടെ വംശത്തിനും അതിമാത്രം ആശ്വാസപ്രദമായൊരു മഹാവാഗ്ദാനം നല്കിയരുളുകയുണ്ടായി—കാലാന്തരത്തിൽ അവിടുന്നു് ഒരു മനുകുലപരിത്രാതാവിനെ അയയ്ക്കുമെന്നു്. പ്രതീക്ഷിതനായ പ്രസ്തുത രക്ഷകനെ ദൈവം ലോകത്തിനു നല്കിയതു യഹൂദവംശത്തിലൂടെയാണു്. ഒരു യഹൂദകന്യകയുടെ നിർമ്മലമായ ഉദരത്തിൽനിന്നത്രെ ദൈവകുമാരൻ മനുഷ്യസ്വഭാവമെടുത്തു ഭൂമിയിലവതരിച്ചതു്. ഈ മർത്ത്യസ്വഭാവംവഴിയായിട്ടാണല്ലൊ അവിടുന്നു നരകുലപരിത്രാണനാർത്ഥം സ്വന്തം ജീവനെ ബലിയായി അർപ്പിച്ചതും.

ദൃഢമൂലമായ മുൻവിധിയാലെന്നോണം ക്രിസ്ത്യാനികൾ വിസ്മരിച്ചുപോകുന്നതുപോലെ തോന്നും, ക്രിസ്തുനാഥനും, അവിടുത്തെ അമ്മയും, അവിടുന്നു സ്ഥാപിച്ച സഭയുടെ ആണിക്കല്ലുകളായി അവിടുന്നു തെരഞ്ഞെടുത്ത ശ്ലീഹന്മാരും, ആ സഭയിലെ പ്രഥമാംഗങ്ങളുമെല്ലാം യഹൂദവംശജരായിരുന്നുവെന്നു്.

മിശിഹായ്ക്കു കുരിശുമരണം മൂലം അല്ലാതെതന്നെ ലോകപാപങ്ങൾക്കു പരിഹാരം ചെയ്യാമായിരുന്നില്ലേ? തീർച്ചയായിട്ടും. പക്ഷെ, പിതാവായ ദൈവത്തിന്റെ നിഗൂഢമായ നിശ്ചയമനുസരിച്ചു് അവിടുന്നു് വേദനാജനകമായ ആ മാർഗ്ഗം സ്വമേധയാ സ്വീകരിച്ചുവെന്നേയുള്ളു. സുവിശേഷത്തിൽ അവിടുന്നുതന്നെ ഇക്കാര്യം തുറന്നുപറഞ്ഞിട്ടുള്ളതുമാണല്ലൊ. സ്വമനസ്സാലെയാണു് അവിടുന്നു വൈരികൾക്കു സ്വയം കയ്യാളിച്ചതെന്നു്, അവിടുന്നു് അറസ്റ്റ്ചെയ്യപ്പെട്ട രംഗങ്ങളിലെ അത്ഭുതസംഭവങ്ങൾ ഉച്ചത്തിൽ ഉൽഘോഷിക്കുന്നുണ്ടു്.

ഹിററ്ലറുടെ നാസിജർമ്മനിയിൽ മാത്രമല്ല, പല ക്രൈസ്തവരാഷ്ട്രങ്ങളിൽപ്പോലും യഹൂദവംശജർ പൈശാചികമായ ദുഷ്ടതയോടെ മർദ്ദിക്കപ്പെടുവാനിടയായിട്ടുണ്ടു്. ഹിററ്ലറേയും തദനുയായികളേയും യഹൂദജനതയെ സമൂലം നശിപ്പിക്കുവാൻ പ്രേരിപ്പിച്ചതു് സ്വവർഗ്ഗമേന്മയിലുള്ള അന്ധവിശ്വാസമായിരുന്നു. ക്രൈസ്തവരാജാക്കളേയും രാജ്യങ്ങളേയും യഹൂദവിരോധികളാക്കിത്തീർത്തതും വേറൊരു അന്ധവിശ്വാസമാണു്—ക്രിസ്തുവിന്റെ അന്യായവും നിഷ്ഠുരവുമായ മരണശിക്ഷയ്ക്കു് അവരാണു കാരണക്കാരെന്നുള്ള അബദ്ധധാരണ.

എന്നാൽ പല മാർപ്പാപ്പാമാരും യഹൂദരോടു സഹോദരസ്നേഹത്തിനും സാമാന്യനീതിക്കും നിരക്കുന്ന രീതിയിൽ പെരുമാറണമെന്നു് അനുശാസിച്ചുകൊണ്ടു് തിരുവെഴുത്തുകൾ പുറപ്പെടുവിച്ചിട്ടുണ്ടു്. ആധുനിക മാർപ്പാപ്പാമാർക്കു് ഈ വിഷയത്തിലുള്ള നിലപാടു് ഏവർക്കും അറിയാവുന്നതാണു്. 11-ാം പീയൂസ് ശക്തിയുക്തമായ ഭാഷയിൽത്തന്നെ യഹൂദവിരുദ്ധ പ്രസ്ഥാനത്തിന്നെതിരായി ഒന്നിലധികം പ്രാവശ്യം തന്റെ പൈതൃകസ്വരം ഉയർത്തുകയുണ്ടായി. കത്തോലിക്കാസഭയിൽനിന്നു തെററിപ്പിരിഞ്ഞു നില്ക്കുന്ന ക്രൈസ്തവസഹോദരങ്ങളോടത്രെ 12-ാം പീയൂസ് യഹൂദരേയും താരതമ്യംചെയ്യുന്നതു്. 23-ാം യോഹന്നാൻ പാപ്പ യഹൂദരെ ക്രൈസ്തവരുടെ ദായാദികളായിട്ടാണു പരിഗണിച്ചിരുന്നതു്. യഹൂദർക്കു് അമർഷജനകവും ആക്ഷേപകരവുമായ പരാമർശങ്ങൾ തിരുസഭയിലെ പരസ്യപ്രാർത്ഥനകളിൽനിന്നു നീക്കംചെയ്യുവാൻ അവിടുന്നു പുറപ്പെടുവിച്ച ഉത്തരവു് ചരിത്രപ്രഖ്യാതമാണു്. സകല മനുഷ്യരുടേയും പിതാവായ അതേ ദൈവംതന്നെയാണു് അവിടുത്തേയും അവരുടേയും ദൈവമെന്നു് 6-ാം പോൾ മാർപ്പാപ്പാ യഹൂദസന്ദർശകരെ സ്വീകരിക്കുന്ന സന്ദർഭങ്ങളിലെല്ലാം അനുഭാവപൂർവ്വം അനുസ്മരിക്കുക പതിവാണു്.

അന്നൊരിക്കൽ ജർമ്മനിയിൽ യഹൂദജനതയ്ക്കെതിരായി ഉഗ്രമായൊരു മർദ്ദനക്കൊടുങ്കാററു് ആഞ്ഞടിക്കുവാൻ പോകുന്നെന്നു കേട്ടപ്പോൾ, വി. ബർണ്ണാർദ്ദ് അവിടെ പാഞ്ഞെത്തി. അനീതിപരമായ ആ നീക്കത്തിനെതിരെ പുണ്യവാൻ ഉച്ചത്തിൽ പ്രതിഷേധസ്വരമുയർത്തി: "യഹൂദസഹോദരങ്ങളെ തൊട്ടുകളിക്കാതിരിക്കുക; എന്തുകൊണ്ടെന്നാൽ അവർ ക്രിസ്തുവിന്റെ കണ്ണിലുണ്ണികളാണു്."

ലോകപരിത്രാതാവായ ക്രിസ്തു ഇരുകരങ്ങളും കുരിശിൽ നിവർത്തിപ്പിടിച്ചു് തൂങ്ങിക്കിടക്കുന്നതു പ്രതീകാത്മകമായിട്ടാണു് പൂർവ്വസഭാപിതാക്കന്മാർ വ്യാഖ്യാനിക്കുന്നതു്. മാനവവംശമഖിലത്തേയും തന്നിലേയ്ക്കാകർഷിക്കുവാനുള്ള അവിടത്തെ പരമോദ്ദേശ്യത്തെ അവിടുന്നു് അപ്രകാരം വ്യക്തമായി സൂചിപ്പിച്ചു. ഒരു കൈകൊണ്ടു യഹൂദരേയും, മറെറ കൈകൊണ്ടു വിജാതീയരേയും അവിടുന്നു സ്നേഹാദരപുരസ്സരം ആശ്ലേഷിക്കയായിരുന്നു. "യഹൂദരും വിജാതിയരും"—ഈ ബൈബിൾ പദപ്രയോഗത്തിൽ മനുകുലമത്രയും ഉൾക്കൊള്ളുന്നുണ്ടല്ലൊ. പോരെങ്കിൽ പൂർവ്വപിതാവായ അബ്രഹാമിനു ദൈവം നല്കിയ മഹാവാഗ്ദാനത്തിന്റെ പൂർണ്ണനിർവ്വഹണം നിറവേറിക്കാണുന്നതു ക്രൈസ്തവസഭയിലല്ലയോ?

ഇരുപതു നൂററാണ്ടുകാലത്തോളം യഹൂദസഹോദരർ അന്യായമായി പേറേണ്ടിവന്നതാണു് തെററായ ആ കുററാരോപണം. അതിന്റെ പൊള്ളത്തരം രണ്ടാം വത്തിക്കാൻ കൌൺസിൽ തുറന്നുകാണിച്ചതും, അതിനെ ഔദ്യോഗികമായി റദ്ദാക്കിക്കൊണ്ടുള്ള തീരുമാനമെടുത്തതും ഉചിതമായിട്ടുണ്ടു്. ചരിത്രപ്രസിദ്ധമായ പ്രസ്തുത പ്രഖ്യാപനത്തെ സന്മനോഭാവവും യാഥാർത്ഥ്യബോധവുമുള്ള സകല മനുഷ്യരും സഹർഷം സ്വാഗതമരുളി സ്വീകരിക്കാതിരിക്കയില്ല.




ചർമ്മരോഗങ്ങൾ
വരാതിരിപ്പാനും
വന്നതിനെ മാററുവാനും
ചന്ദ്രിക ഔഷധസ്സോപ്പ്
പതിവായി ഉപയോഗിക്കുക

സുരഭിലമായ സ്നാനത്തിനും
നിർമ്മലമായ ചർമ്മത്തിനും




അജന്ത
നാല്പാമര
സോപ്പ്

AJANTA CHEMICALS (REGD.) POONITHURA

ക്രിസ്തുമസ് പ്ലേ



# തിരുപ്പിറവി

ടി. എൽ. കിഴൂർ.

*കഥാപാത്രങ്ങൾ:*

*ജോസഫ്—സെൻറ് ജോസഫ്*
*മേരി—കന്യകമറിയം*
*റാഹേൽ—12 വയസ്സുള്ള യഹൂദ ബാലിക*
*അബ്രാഹം—ഇടയമൂപ്പൻ*
*ശീമോൻ—അബ്രാഹത്തിൻെറ മൂത്തമകൻ*
*യാക്കോവ്—രണ്ടാമത്തെ മകൻ*
*അന്ത്രയോസ്—മൂന്നാമത്തെ മകൻ (12 വയസ്സ്)*

ഒന്ന്

[ഒരു കൊച്ചു വീടിൻെറ വരാന്ത — മേരി ഒരുടുപ്പു തയിച്ചുകൊണ്ടു കടന്നു വരുന്നു. പുറത്ത് എന്തോ അനൗൺസുചെയ്യുന്നത് അവ്യക്തമായി കേൾക്കുന്നു. മേരി അതല്പം ശ്രദ്ധിച്ചു. വീണ്ടും തയ്യലിൽ ശ്രദ്ധപതിച്ചു. അല്പം കഴിഞ്ഞ് പുറത്തേയ്ക്കു നോക്കിക്കൊണ്ട്]

മേരി: വെള്ളത്തിനു പോയിട്ട് ആ പെണ്ണ് ഇതുവരെയും വന്നില്ലല്ലോ. (എഴുന്നേററുചെന്ന് പുറത്തേയ്ക്കു നോക്കി അല്പനേരം നിന്നു. അനന്തരം അകത്തു പോയി ഒരു ചൂലുമെടുത്തു വന്നു. അപ്പോഴേയ്ക്കും റാഹേൽ വെള്ളവുമായി വന്നു.)

മേരി: എന്താ റാഹേലേ, ഇത്ര വൈകാൻ?

റാഹേൽ: (വെള്ളപ്പാത്രം ഒരിടത്തു വെച്ച്) ചേച്ചി ഒന്നും കേട്ടില്ലേ?

മേരി: എന്ത്?

റാഹേൽ: ഇത്തിരി മുമ്പ ഒരു റോമക്കാരൻ ഇതിലെ വിളിച്ചുപറഞ്ഞുകൊണ്ട് പോയത്.

മേരി: ങ്ഹാ, ഏതാണ്ടൊരു സ്വരം കേട്ടു. ഞാനത്ര ശ്രദ്ധിച്ചില്ല. എന്താണയാൾ പറഞ്ഞത്?

റാഹേൽ: എനിക്കും നല്ലപോലെ മനസ്സിലായില്ല. ഏതാണ്ടൊരു കണക്കെടുപ്പാ മറേറാ ആണ്: ചക്രവർത്തിക്ക് എന്തിൻെറയെങ്കിലും കണക്കെടുക്കാൻ കാണും.

മേരി: ചക്രവർത്തിക്ക് എന്തിൻെറയെങ്കിലും കണക്കെടുക്കാൻ കാണും.

(തിണ്ണ അടിക്കാൻ തുടങ്ങുന്നു.)

റാഹേൽ: (പെട്ടെന്ന്) അയ്യോ ചേച്ചി അടിക്കാൻ തുടങ്ങുകയാണോ? (അടുത്തു ചെന്ന്) ഞാൻ ചെയ്യില്ലേ ചേച്ചീ ഇതെല്ലാം? ഇങ്ങു തരൂ. (ചൂലു വാങ്ങുന്നു)

മേരി: (അല്പനേരം അവളെ നോക്കിയിട്ട്) നീ എന്നെക്കൊണ്ടൊന്നും ചെയ്യിക്കില്ലല്ലോ റാഹേലേ!

റാഹേൽ: ഇപ്പോൾ ഇതൊന്നും ചെയ്യണ്ട. അത്രതന്നെ. (അടിക്കുന്നു.)

മേരി: (അല്പനേരം കൗതുകത്തോടെ നോക്കിനിന്നിട്ട്) നിൻെറ ഈ സ്നേഹത്തിനു ഞാനെന്തു തരാനാണ്!

റാഹേൽ: എന്തു തരാനെന്നോ? അതു ഞാൻ കണക്കുപറഞ്ഞു വാങ്ങിക്കും.

മേരി: എനിക്ക് എന്തു തരാൻ കഴിയും?

റാഹേൽ: അതെനിക്കറിയാം. കുറച്ചു ദിവസങ്ങൾകൂടി കഴിയട്ടെ.

മേരി: എനിക്കു ജോലി ചെയ്യാറാകുമ്പോൾ ഞാൻ റാഹേലിൻെറ വീട്ടിൽ വന്നു റാഹേലിനെ നല്ലപോലെ സഹായിക്കും.

റാഹേൽ: അതൊന്നും വേണ്ട.

മേരി: പാട്ടും തൈയലും പഠിപ്പിച്ചുതരാം.

റാഹേൽ: അതുകൊണ്ടൊന്നും ഈ പലിശ മുറേറത്തുനിന്നു പോവില്ല.

മേരി: പിന്നെ എനിക്കൊന്നും തരാനില്ല.

റാഹേൽ: ഒന്നുമില്ലേ?

മേരി: ഉണ്ടെങ്കിൽ നീ പറ.

റാഹേൽ: ഞാൻ പറയും.

മേരി: ഉം.

റാഹേൽ: ചേച്ചിയുടെ പൊന്നുണ്ണിയെ എടുത്തു കളിപ്പിക്കാൻ തന്നാൽ മതി.

മേരി: ഓ. അതാണോ? തീർച്ചയായും. അവനെ നോക്കാൻ റാഹേലിനെയാണ് ഏല്പിക്കാൻ വിചാരിച്ചിരിക്കുന്നത്.

റാഹേൽ: (തുള്ളിച്ചാടിക്കൊണ്ട്) എനിക്കതു മതി. എനിക്കതു മതി!

മേരി: പക്ഷേ, ദേ ഒരു കാര്യം. അവനെ ഒരിക്കലും കരയിക്കരുത്.

റാഹേൽ: കരയിക്കേ! ഞാനാ ഓമനക്കുട്ടനെ താഴെ വെയ്ക്കില്ല. കരയുമ്പോൾ ഞാൻ പൂ പറിച്ചു കൊടുക്കും; തുമ്പിയെ പിടിച്ചു കൊടുക്കും. പാട്ടു പാടിയുറക്കും. ചേച്ചി പാടാറുള്ള ആ പാട്ടുതന്നെ ഞാൻ പാടിക്കൊടുക്കും. അതൊന്നുകൂടി പാട്ടു ചേച്ചീ. എനിക്കിത്തിരികൂടി പഠിക്കാനുണ്ട്; ആ അവസാനഭാഗം മാത്രം.

മേരി: ആദ്യഭാഗം അറിയുമല്ലോ, അപ്പോൾ നീതന്നെ തുടങ്ങ്.

(രണ്ടുപേരുംകൂടി ഒരു പ്രാർത്ഥനാഗാനം പാടുന്നു.)

റാഹേൽ: (പാട്ടു തീരുമ്പോൾ) ഇതെങ്ങിനെയാ ഉണ്ണിക്കു പാടിക്കൊടുക്കുവാ? ഇതൊരു പ്രാർത്ഥനയാണല്ലോ.

മേരി: ഇതു മതി.

(മേരി വെള്ളപ്പാത്രമെടുത്ത് അകത്തേയ്ക്കു കൊണ്ടുപോകാൻ തുടങ്ങുന്നു)

റാഹേൽ: (അടിക്കാനായി കൈയിലെടുത്ത ചൂല് താഴെയിട്ട്) അയ്യോ! ഞാൻ കൊണ്ടുവെക്കാം ചേച്ചീ. (പാത്രം വാങ്ങി അകത്തേയ്ക്കു പോകുന്നു.)

മേരി: (അല്പനേരം അവളെ നോക്കിനിന്നിട്ട്) നീ എന്നെ വീർപ്പുമുട്ടിക്കയാണല്ലോ റാഹേലേ.

(അല്പം കഴിഞ്ഞ് ചൂലെടുത്ത് അടിക്കാൻ നോക്കുന്നു. റാഹേൽ കയറിവന്നു)

റാഹേൽ: ചേച്ചീ, എന്നെ അമ്മച്ചി വിളിക്കുന്നുണ്ട്. ഞാൻ വീട്ടിൽ പോയി വരാം.

മേരി: അയ്യോ. അമ്മച്ചി വഴക്കു പറയുമോ മോളേ? അവിടത്തെ പണിയെല്ലാം കഴിഞ്ഞേ ഇങ്ങോട്ടു വരേണ്ടു കേട്ടോ.

(റാഫേൽ പോകുന്നു. മേരി അതു നോക്കി നിൽക്കുന്നു.)

മേരി: എന്തൊരു നിഷ്കളങ്കസ്നേഹം!

(ചൂലെടുത്തു് അടിക്കുന്നു. അല്പം കഴിഞ്ഞു് ജോസഫ് വരുന്നു. എന്തോ കാരണം അല്പം ദേഷ്യത്തിലാണു് വരവ്)

മേരി: (കണ്ടയുടനെ ചൂലു താഴെയിട്ടു് അടുത്തു ചെന്നു്, സന്തോഷത്തോടെ) ഇന്നു നേരത്തെ വന്നല്ലോ.

(കൈയിലുള്ള സാധനങ്ങൾ വാങ്ങിവെയ്ക്കാൻ നോക്കി. ജോസഫ് കൊടുത്തില്ല. പതിവിനു വിപരീതമായതു കണ്ടപ്പോൾ മേരി ഒരു നിമിഷം വെറുതെ നിന്നു. അനന്തരം അകത്തു പോയി.

ജോസഫ് ആ സാധനങ്ങൾ ഒരു മൂലയിലേയ്ക്കു് വലിച്ചിട്ടംപോലെ വെച്ചു. ബഞ്ചിൽ കയറിയിരുന്നു് പിറുപിറുത്തുകൊണ്ടു് പുറത്തേയ്ക്കു നോക്കിയിരിക്കുന്നു.

മേരി ഒരു ചെറിയ പാത്രത്തിൽ വെള്ളവുമായി വരുന്നു.)

മേരി: (വെള്ളം നീട്ടി) ഇതാ, കുടിക്കാൻ.

(ജോസഫ് ഒന്നു നോക്കി; വാങ്ങിച്ചില്ല.)

മേരി: (അല്പം പരിഭ്രമത്തോടെ) ഇതെന്താണു്? വല്ല അസുഖവും ..? ഇന്നു ജോലി നേരത്തെ തീർന്നോ ..? എന്താണൊന്നും പറയാത്തതു്? ...ദാഹിക്കുന്നില്ലേ? ഇതു കുടിക്കൂ (പാത്രം നീട്ടിപ്പിടിച്ചു നില്ക്കുന്നു.)

ജോസഫ്: വേണ്ട (ഒന്നു തിരിഞ്ഞിരുന്നു, കൂടുതൽ ഗൗരവത്തിൽ)

മേരി: ഇതെന്തു പററി? (കെഞ്ചിക്കൊണ്ടു്) എന്നോടു പറയില്ലേ? എന്നോടു പറയില്ലേ? ഇല്ലേ? ദേ, എന്നോടു്....

ജോസഫ്: (മേരിയെ ഒന്നു നോക്കി. മുഖത്തെ ദേഷ്യം സങ്കടമാകുന്നു)

മേരി: ഇതു വാങ്ങിക്കുടിക്കൂ. ഉം.

ജോസഫ്: (അതു വാങ്ങിച്ചിട്ടു്) ചക്രവത്തിക്കവെടിതിരുന്നു കല്പിച്ചാൽ മതി. (വീണ്ടും ദേഷ്യം)

മേരി: എന്താണു ചക്രവത്തിയുടെ കല്പന?

ജോസഫ്: ഇതിലെ ഒരു റോമക്കാരൻ കൊട്ടിപ്പറഞ്ഞു നടക്കുന്നതു കേട്ടില്ലേ?

മേരി: ഓ ഓ, റാഫേൽ പറഞ്ഞു. എന്താണറിയിച്ചതു്?

ജോസഫ്: നല്ല എളുപ്പമുള്ള കാര്യമാ!

മേരി: ഇത്ര വിഷമംപിടിച്ച കാര്യം എന്താണു്?

ജോസഫ്: അയാൾക്കു നമ്മുടെയൊക്കെ കണക്കു കിട്ടണമത്രേ. അതിനു് ഓരോരുത്തരും അവരുടെ തറവാട്ടുസ്ഥലത്തു പോകണം. എന്താ എളുപ്പമല്ലേ?

മേരി: അയ്യോ! ഇങ്ങനെ ദുഷിച്ചു സംസാരിക്കാതെ.

ജോസഫ്: എന്റെ തറവാട്ട് എവിടെയാണെന്നറിയോ? ബത്‌ലഹമിലാ, അവിടേയ്ക്കു വഴി എത്രയുണ്ടു്? രണ്ടു ദിവസം മുഴുവൻ നടക്കണം അങ്ങോട്ടെത്താൻ. ദിവസക്കൂലി കൊണ്ടു കഴിയുന്ന ഞാൻ ഇത്രയും വഴി നടന്നു കണക്കു കൊടുക്കാൻ അവിടെ ചെല്ലണം.

മേരി: (അല്പം കഴിഞ്ഞു്) ഇതെല്ലാം ദൈവത്തിന്റെ തിരുവിഷ്ടമാവും.

ജോസഫ്: അല്ല. ആ റോമാക്കാരന്റെ തന്നിഷ്ടം.

മേരി: അയ്യോ!

ജോസഫ്: അല്ലെങ്കിൽ നീയാലോചിക്കു്. എനിക്കിപ്പോൾ നാലഞ്ചു ദിവസത്തെ യാത്രയ്ക്കു് വല്ല സൗകര്യവുമുണ്ടോ? നിന്റെ ഈ സ്ഥിതിയിൽ എനിക്കതു സാധിക്കുമോ? നിന്നെ കൂടെ കൊണ്ടുപോകാനോ കൊണ്ടുപോകാതിരിക്കാനോ....

മേരി: അയ്യോ. അതാണോ? അങ്ങിനിയും മനസ്സു വേദനിപ്പിക്കരുതു്. എന്നെച്ചൊല്ലി അങ്ങു വിഷമിക്കരുതു്. (സങ്കടത്തോടെ) എന്റെ ഈ സ്ഥിതികാരണം നമുക്കു് രണ്ടുപേർക്കും എത്ര മനഃപ്രയാസത്തിനിടയായിട്ടുണ്ടു്! പക്ഷേ, അതെല്ലാം ദൈവത്തിന്റെ പ്രത്യേകപരിപാലനയുടെ പ്രത്യക്ഷചിഹ്നങ്ങളായിരുന്നില്ലേ? ഓരോ അവസരത്തിലും നാമതു വ്യക്തമായി കണ്ടിട്ടില്ലേ?

ജോസഫ്: (മേരിയുടെ മുഖത്തു തന്നെ നോക്കിയിരിക്കുന്നു.)

മേരി: ഇതും അതുപോലെ ഒന്നായിക്കൂടെ?

ജോസഫ്: ങേ്ഏ! (മുഖത്തു വിഷാദം.)

മേരി: ആണെന്നാണു് എന്റെ മനസ്സു പറയുന്നതു്. ദൈവം ഇതിനു് മുമ്പെത്തപ്പോലെ ഇതിനും വഴി കാട്ടിത്തരും. (ജോസഫിന്റെ ദേഷ്യം അമ്പേ പോയി.) അങ്ങിതുകൊണ്ടു് ഒരിക്കലും വിഷമിക്കരുതു്. ഇതിനാണോ ഇത്രയും ക്ഷമകേടു കാണിച്ചതു്?

ജോസഫ്: ഞാൻ ക്ഷമകേടു കാണിച്ചോ മേരി?

മേരി: അങ്ങതു കുടിക്കൂ.

ജോസഫ്: (ചുണ്ടോടടുപ്പിച്ച പാത്രം തിരികെ പിടിച്ചു്.) അതു ദൈവത്തിന്റെ നിശ്ചയമായിരുന്നെങ്കിൽ ഞാനതിനോടു് എതിർക്കുകയല്ലേ ചെയ്തതു്?

മേരി: സാരമില്ല.

ജോസഫ്: എന്നാലും ഞാനിങ്ങനെ ഒരു ക്ഷമകെട്ടവൻ!

മേരി: ഒന്നുമില്ല. അങ്ങതു കുടിക്കൂ. എന്നിട്ടു നമുക്കു യാത്രയുടെ പരിപാടിയിടാം.

ജോസഫ്: (മേരിയുടെ മുഖത്തു നോക്കിക്കൊണ്ടു് അതു കുടിച്ചു.)

മേരി: എന്നാണു് പോകേണ്ടതു്?

ജോസഫ്: നാളെത്തന്നെ.

(അല്പനേരം നിശ്ശബ്ദം.)

ജോസഫ്: നീ?

മേരി: ഞാനും പോരേണ്ടേ?

ജോസഫ്: കണക്കെടുപ്പിനു ഞാനേ വേണ്ടൂ. നിന്നെ ഇവിടെ ഒററയ്ക്കു്...

മേരി: ഞാനും പോരാം.

ജോസഫ്: ഈ സ്ഥിതിയിൽ ഇത്രയും നീണ്ട യാത്ര....?

മേരി: ദൈവം നമ്മോടുകൂടിയല്ലേ?

ജോസഫ്: (ഒന്നും പറഞ്ഞില്ല. ആ വാക്കുകളെപ്പററി ഓർക്കുകയാണ്)

മേരി: (കുറച്ചു കഴിഞ്ഞു്) മാവുണ്ടായിരുന്നെങ്കിൽ അപ്പം കൂടുതലുണ്ടാക്കാമായിരുന്നു!

*(ശേഷം 407-ാം പേജിൽ)*

# ബാബേലിലെ ഗോപുരം

പി. ടി. എൽ.



I

പെട്ടകം തുറന്നപ്പോൾ നോഹിന്റെ കുടുംബക്കാർ
പെട്ടെന്നു വെളിക്കെത്തിച്ചുററിലും നോക്കിക്കാൺകേ,
ഏറിയനാളായ് ജലപ്രളയം വിഴുങ്ങിയ
പാരിടം വെറും ശൂന്യം! പരന്നു കിടക്കുന്നു.

II

പ്രളയവലാഹകനിരയാൽ, താൻ തന്നിലേ
വിലയം പ്രാപിച്ചപോൽ മറഞ്ഞ മാർത്താണ്ഡനും,
അന്തരിക്ഷത്തിൽപ്പൊട്ടിവിരിഞ്ഞു! പുരുഷ്മള–
ബന്ധുരമയൂഖങ്ങളെമ്പാടും പ്രസരിച്ചു;
ഇലകൾ നഷ്ടപ്പെട്ട നഗ്നശാഖകൾ പൊക്കി–
നിലകൊൾവതാം വൃക്ഷം തുടരെത്തളിർ ചൂടി!
പൂക്കളി,ലിലകളിലൊക്കവേ നൃത്തംവച്ചു
ഫൂൽക്കാരമുതിർത്തുംകൊണ്ടോടുന്നു നാടൻതെന്നൽ
പാഴ്പറമ്പായിക്കണ്ട ഭൂതലമൊട്ടുക്കുമേ
പൂക്കളും വിരചിക്കും വാസന്തസമാഗമം,
ഇച്ചരാചരങ്ങളിൽ പുതുജീവിതത്തിന്റെ
ചൊൽക്കൊണ്ട വാഗ്ദാനങ്ങൾ വിസ്തരിച്ചെഴുതുമ്പോൾ
നോഹിന്റെ സന്താനങ്ങൾ പെരുകി; യവർക്കൊരേ–
ഗേഹത്തിലൊതുങ്ങിപ്പാർത്തീടുക വയ്യാതായി.
ആൾപ്പെരുപ്പത്തോടൊപ്പം വളരുമഹന്തയി–
ലാകൃതിയെടുത്തിതൊരാഗ്രഹമവർക്കുള്ളിൽ.

III

വിണ്ണവർക്കൊപ്പം പാർക്കാനൊക്കുമാറൊരു സൌധം
ദ്യോവിലേക്കുയർത്തുക,യെന്നവർ തീർമ്മാനിച്ചു.
എത്രയുമുത്സാഹത്തിൽ ഗോപുരമൊന്നാ വാന–
വിസ്തൃതിയിങ്കൽക്കെട്ടിപ്പൊക്കുവാനാരംഭിച്ചു!

IV

അപ്പണിക്കത്യാവശ്യപ്പെട്ട വസ്തുക്കൾ താഴെ–
നില്പവർ മേലേ മേലേക്കൈമാറിക്കൊടുക്കവേ,
എന്തൊരു മാററം പെട്ടെ! ന്നാവശ്യപ്പെടുമൊന്നു്;
തങ്കയ്യിൽപ്പണിക്കാർക്കു കിട്ടലോ മററൊന്നായി.
മണ്ണെടുക്കേണ്ടോൻ കല്ലും, മരങ്ങൾ കൊടുക്കേണ്ടോൻ
പൊണ്ണനെപ്പോലെപ്പൊക്കിക്കാട്ടുന്നു കുമ്മായവും.
ഒരുത്തനോതുന്നത,ല്ലപരൻ ഗ്രഹിപ്പതി–
ത്തരത്തിലാരംഭിച്ചു ഭാഷയ്ക്കു വൈവിധ്യം ഹാ!
പൂർണ്ണത ലഭിക്കാതമ്മണിഗോപുരം വിണ്ണിൻ–
പൂർണ്ണത കണ്ടുംകൊണ്ടു ലജ്ജിച്ചു തല താഴ്ത്തി!

V

ദുരഹങ്കാരം ബ്ളവി കൊട്ടാരമുയർത്തുമ്പോൾ
ദുരതിക്രമണീയം വിധി! ഹാ! തകർക്കുന്നു.

പി. റ്റി. ചാക്കോ. എം. എ. (മൂവാറ്റുപുഴ)

# മതവും ആധുനികമനോഭാവങ്ങളും

മനുഷ്യബുദ്ധിയെ നയിക്കുന്നതു വെറും യുക്തിയുടെ നിയമങ്ങൾ മാത്രമല്ല. തർക്കശാസ്ത്രപ്രസിദ്ധങ്ങളായ നിയമങ്ങൾക്കു പുറമെ അതതു കാലഘട്ടത്തിന്റേയും അവരവർ ഉൾപ്പെടുന്ന സമൂഹത്തിന്റേയും പാരമ്പര്യം, വികാരാവേഗങ്ങൾ, നിലവിലിരിക്കുന്ന ചിന്താപ്രവണതകൾ, അഭിപ്രായങ്ങൾ തുടങ്ങിയവയുടേയും സ്വാധീനശക്തി നമ്മുടെ ബുദ്ധിയെ നിയന്ത്രിക്കുന്നുണ്ട്. ഈ സ്വാധീനതകളിൽനിന്നും ഒരളവിൽ സ്വതന്ത്രമായി നിലകൊള്ളുവാനുള്ള കഴിവും സ്വാതന്ത്ര്യവും നമുക്കുണ്ടെന്നതു ശരിതന്നെ. പക്ഷെ അനുദിനജീവിതത്തിൽ അത്ര ശ്രദ്ധയോടുകൂടി ഈ കഴിവുകളേയും സ്വാതന്ത്ര്യങ്ങളേയും നാം വിനിയോഗിക്കാറില്ല. തൻനിമിത്തം അതതുകാലത്തു നിലവിലിരിക്കുന്ന മനോഭാവങ്ങൾ നമ്മുടെ ബുദ്ധിയേയും അതിന്റെ നിഗമനങ്ങളേയും നമ്മുടെ വിശ്വാസങ്ങളേയും ഒരളവിൽ സ്വാധീനിക്കുന്നുണ്ട്. മതവിശ്വാസത്തെ സംബന്ധിച്ചേടത്തോളം, പ്രത്യേകിച്ച് ക്രിസ്തീയവിശ്വാസത്തെസംബന്ധിച്ചേടത്തോളം ഈ സ്വാധീനശക്തികൾ എങ്ങനെ പ്രവർത്തിക്കുന്നുവെന്നാണ് ഇവിടെ നാം അന്വേഷിക്കുന്നതു്.

മതവിശ്വാസവും നിലവിലിരിക്കുന്ന മനോഭാവങ്ങളും തമ്മിലുള്ള ബന്ധം വ്യക്തമായി നാം മനസ്സിലാക്കണം. മതവിശ്വാസമെന്നതു് ദൈവത്തേയും ദൈവികസത്യങ്ങളേയും കേന്ദ്രീകരിച്ചുള്ളതാണ്. എന്നാൽ മനോഭാവങ്ങൾ പ്രത്യേകയാഥാർത്ഥ്യങ്ങളെ കേന്ദ്രീകരിച്ചുള്ളതല്ല. അവ വ്യക്തിനിഷ്ഠങ്ങളാണ്. അവ സമഷ്ടിഗത (Collective) ങ്ങളായ പ്രതിഭാസങ്ങളാണ്. പലപ്പോഴും നമ്മുടെ അബോധമനസ്സിലാണ് അവ കുടികൊള്ളുന്നതു്. നമ്മെ ചൂഴുന്ന സാമൂഹ്യപരിതോവസ്ഥകളും നമ്മുടെ ജീവിതാവസ്ഥകൾ, ജോലിയുടെ സ്വഭാവം തുടങ്ങിയവയും നമ്മുടെ മനോഭാവങ്ങളുടെ രൂപീകരണത്തിനു സഹായിക്കുന്നവയത്രെ. മാത്രമോ? മനോഭാവങ്ങളുടെ രൂപീകരണത്തിൽ ചരിത്രത്തിനും ഗണ്യമായ പങ്കുണ്ട്. ഒരു സംസ്കാരത്തേയും നാഗരികതയേയും രൂപീകരിച്ചെടുക്കുന്നതിൽ ഈ മനോഭാവങ്ങൾക്ക് സുപ്രധാനമായ പങ്കുണ്ടുതാനും.

മതവിശ്വാസമെന്നതു് മനുഷ്യമനസ്സിന്റെ സ്വാഭാവികമായ കഴിവുകളിലും ശക്തികളിലും അധിഷ്ഠിതമാണ്. വിശ്വാസത്തിന്റെ വിഷയം അതിസ്വാഭാവികമാണെങ്കിലും വിശ്വസിക്കുന്ന വ്യക്തിയുടെ മനസ്സ് സ്വാഭാവികമായ ഒന്നത്രെ. നമ്മുടെ മനസ്സ് അതിന്റെ സ്വാഭാവികമായ അവസ്ഥയിൽ വിവിധതരത്തിലുള്ള ബാഹ്യചോദനങ്ങൾക്കും സ്വാധീനതകൾക്കും വിധേയമാണത്രെ. ഇവയിലൊന്നാണ് നിലവിലിരിക്കുന്ന മനോഭാവങ്ങൾ. വിശ്വാസവും മനോഭാവവും തമ്മിലുള്ള ബന്ധങ്ങളുടെ അടിസ്ഥാനവും ഇതുതന്നെ.

വിശ്വാസസത്യങ്ങളേയും അതിസ്വാഭാവിക യാഥാർത്ഥ്യങ്ങളേയും സംബന്ധിച്ചിടത്തോളം ചില തെരഞ്ഞെടുപ്പുകൾ നടത്തുവാൻ അതതുകാലത്തെ മനോഭാവങ്ങൾ മനുഷ്യനെ പ്രേരിപ്പിക്കുന്നുണ്ട്. പല കത്തോലിക്കരേയും സംബന്ധിച്ചിടത്തോളം അത്ഭുതങ്ങളും അനുഗ്രഹസിദ്ധികളുമാണ് മതത്തിന്റെ പ്രധാനമായ വശം. തിരുനാളുകളും ആഘോഷങ്ങളുമാണ് ചിലരുടെ ദൃഷ്ടിയിൽ പ്രധാനം. ഇതെല്ലാം ഓരോരൊ തരത്തിലുള്ള മനോഭാവങ്ങളുടെ പ്രതിഫലനങ്ങളത്രെ. മനോഭാവങ്ങളുടെ ഈ സ്വാധീനശക്തിയാണ് പലപ്പോഴും മതവിശ്വാസത്തെ സമഗ്രമായി സ്വായത്തമാക്കുന്നതിൽനിന്നും നമ്മെ തടഞ്ഞുനിറുത്തുന്നതു്.

ഇനിയും ആധുനികകാലത്തെ ഭരിക്കുന്ന മനോഭാവങ്ങളുടെ പ്രത്യേകസ്വഭാവങ്ങളെപ്പററി ചിന്തിക്കാം. പ്രധാനമായി അഞ്ചു സവിശേഷതകളാണ് ആധുനികമനോഭാവത്തിനുള്ളതു്. ആദ്യത്തേതു് മനുഷ്യൻ സ്വന്തം ശക്തിയേയും കഴിവുകളേയുംപററി അമിതമായ രീതിയിൽ ബോധവാനായിരിക്കും. സയൻസിന്റേയും സാങ്കേതികവിദ്യകളുടേയും വിജയങ്ങൾ മനുഷ്യനെ അന്ധാളിപ്പിക്കുകയും താനാണ് യഥാർത്ഥത്തിൽ പ്രപഞ്ചവിധാതാവെന്നുവരെ തോന്നുവാൻ അവനെ പ്രേരിപ്പിക്കുകയും ചെയ്തിരിക്കുന്നു. രണ്ടാമത്തേതു് ആധുനികമനസ്സിന്റെ സാർവ്വത്രികവൽക്കരണം അഥവാ ഗ്രഹവൽക്കരണ(Planeterisation)മത്രെ. മനുഷ്യജ്ഞാനത്തിന്റേയും വീക്ഷണത്തിന്റേയും ചക്രവാളങ്ങൾ അത്ഭുതപൂർവ്വമായി വദ്ധിച്ചിരിക്കുന്നു. തികച്ചും സങ്കുചിതങ്ങളായ വീക്ഷണഗതികളുടെ തിരോധാനത്തിനു് ഇതു വഴിതെളിയിച്ചിരിക്കുന്നു. മൂന്നാമത്തേതു് തന്റെ യുക്തിയിലും ബുദ്ധിയിലുമുള്ള മനുഷ്യന്റെ വിശ്വാസവദ്ധനവാണ്. സ്വന്തം യുക്തിയും ബുദ്ധിയുമുപയോഗിച്ച് എന്തും സാധിക്കാമെന്നുള്ള ബോധം ആധുനിക മനോഭാവത്തിന്റെ ഒരു പ്രത്യേകതയത്രെ. നാലാമത്തേതിനെ ആധുനികചിന്തകന്മാർ വേരില്ലായ്മ (Rootlessness) എന്നു വിളിക്കുന്നു. പാരമ്പര്യങ്ങളിലും അധികാരങ്ങളിലും അധികൃതഗ്രന്ഥങ്ങളിലും വെളിപാടുകളിലുമൊന്നും വിശ്വസിക്കുവാൻ ആധുനികമനസ്സിനു തയ്യാറില്ല. കുടുംബത്തിന്റേയൊ നാടിന്റേയൊ സ്വന്തം ജോലിയുടേയൊ പാരമ്പര്യങ്ങളിൽനിന്നെല്ലാം കുതറിമാറി സ്വതന്ത്രമായിരിക്കുവാനാണ് ഇന്നത്തെ മനുഷ്യൻ ഇഷ്ടപ്പെടുക. ഭൂതകാലമെന്നതു് ഇങ്ങനെയുള്ളവരെ സംബന്ധിച്ചേടത്തോളം അപ്രധാനവും

അർത്ഥരഹിതവുമായിത്തീരുന്നു. അഞ്ചാമത്തേത് ആധുനികമനസ്സിൻെറ അനാമികത്വ (Annonymity) വും അതിൽനിന്നുൽഭൂതമാകുന്ന നിരാശ, ഭയം, ആശങ്കകൾ, ഉൽക്കണ്ഠകൾ എന്നിവയുമത്രെ. പുരുഷാത്മകതയും വ്യക്തിത്വവും നശിച്ചവരും ജനക്കൂട്ടങ്ങളുടെ മദ്ധ്യത്തിൽ അജ്ഞാതരായി കഴിയുവാൻ വിധിക്കപ്പെട്ടവരുമായ ഒരു കൂട്ടം ആളുകളെയാണ് എവിടെയും നാം കാണുക. ഒരു വ്യക്തി അപ്രത്യക്ഷനായാൽ അയാൾക്കു പകരം അൻപതു വ്യക്തികളെ കിട്ടാനുണ്ട്. അപ്പോൾ പിന്നെ ഓരോരുത്തനിലും സവിശേഷമായി (Specific) എന്തെങ്കിലുമുണ്ടെന്നു കരുതുന്നതെങ്ങനെ?

ഈ മനോഭാവങ്ങൾ മതവിശ്വാസത്തെ എങ്ങനെ ബാധിക്കുന്നു? അദൃശ്യമായതിനെയെല്ലാം അവിശ്വസിക്കുകയെന്നതാണ് ഇതിൻെറ ആദ്യത്തെ പ്രത്യാഘാതം. പരീക്ഷണനിരീക്ഷണങ്ങൾക്കു വിധേയമാകാത്തവയെല്ലാം ആധുനികരുടെ ദൃഷ്ടിയിൽ അയഥാർത്ഥങ്ങളാണ്.

രണ്ടാമത്തേത്, തൻെറ സർവ്വശക്തിയേപ്പററിയുള്ള മനുഷ്യൻെറ ബോധം ഹേതുവായി അനിയന്ത്രിതമായ ഒരു സ്വാതന്ത്ര്യബോധം അവനിൽ ഉളവാകുകയും ദൈവത്തെയോ തൻെറ കല്പനകളെയോ ദൈവത്തിൻെറ പ്രതിനിധികളെയോ അനുസരിക്കുവാൻ മനുഷ്യൻ കൂട്ടാക്കാതിരിക്കുകയും ചെയ്യുന്നു. മൂന്നാമതായി, ആത്മീയമായ സ്വാധീനശക്തികളുടെ സ്വഭാവത്തെ മനസ്സിലാക്കുവാൻ ആധുനികമനുഷ്യനു സധിക്കാതെവരുന്നുവെന്നുള്ളത്. ഇന്ദ്രിയവിഷയകങ്ങളും സമൂർത്തങ്ങളുമായ യാഥാർത്ഥ്യങ്ങളുടെ പ്രവർത്തനത്തേയും ശക്തികളേയും പററി മാത്രമേ ആധുനികമനുഷ്യനു ജ്ഞാനമുള്ളു. തന്മൂലം വരപ്രസാദത്തിൻെറ പ്രവൃത്തികളും മററും അവരെ സംബന്ധിച്ചേടത്തോളം അയഥാർത്ഥങ്ങളായിത്തീരുന്നു. മറെറാന്നുള്ളത് മനുഷ്യസ്നേഹത്തിനും മനുഷ്യസമൂഹത്തിനുമാണ് ദൈവസ്നേഹത്തേയും ഈശ്വരസംസർഗ്ഗത്തേയുംകാൾ ആധുനികർ പ്രാധാന്യം കല്പിക്കുന്നതെന്നതത്രെ. തൻെറ ഏകാന്തതയേയും നിസ്സഹായതയേയും ഉൽക്കണ്ഠകളേയും അതിജയിക്കുവാൻ മനുഷ്യസ്നേഹത്തെയും സാമൂഹ്യജീവിതത്തിൻെറ വിവിധരൂപങ്ങളേയുമാണ് ആധുനികമനുഷ്യൻ ആശ്രയിക്കുന്നത്. ഇക്കാര്യങ്ങളിലെല്ലാം ഈശ്വരൻ നിഷ്പ്രയോജനനാണ് അവരുടെ ദൃഷ്ടിയിൽ.



(ലേഖകൻ)

ഈ വിഷമസ്ഥിതി പരിഹരിക്കുവാൻ കത്തോലിക്കർ എന്താണ് ചെയ്യേണ്ടത്. ദീർഘമായ ആസൂത്രണങ്ങളും വിചിന്തനങ്ങളും ആവശ്യമുള്ള പ്രസ്തുത വിഷയത്തിൻെറ വിശദാംശങ്ങളിലേയ്ക്കു് ഇവിടെ പ്രവേശിക്കുന്നില്ല. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സൂനഹദോസ്സിൻെറ സവിശേഷമായ ശ്രദ്ധ ഇക്കാര്യത്തിൽ പതിഞ്ഞിട്ടുള്ള കാര്യം പ്രത്യേകമായി ഇവിടെ അനുസ്മരിച്ചുകൊള്ളട്ടെ. എങ്കിലും ചുരുക്കമായി ചിലതു പറയാം.

വെറും വിചിന്തനങ്ങൾകൊണ്ടും വാദപ്രതിവാദങ്ങൾകൊണ്ടും ആധുനികമനസ്സിനെ വിശ്വാസത്തിലേയ്ക്കാകർഷിക്കുവാൻ സാദ്ധ്യമല്ലതന്നെ. മതവിശ്വാസികളുടെ ഊർജ്ജസ്വലമായ പ്രവൃത്തികളാണ് നമുക്കിന്നാവശ്യം. ഇത്തരുണത്തിലാണ് കത്തോലിക്കാപ്രവർത്തനം, അൽമായപ്രേഷിതത്വം എന്നിവ സുപ്രധാനങ്ങളായിത്തീരുന്നത്. സഭയെ ആധുനീകരിക്കുവാനുള്ള ഏതൊരു യത്നവും ഈ ഘടകങ്ങളെയാണ് അവശ്യം ആശ്രയിച്ചിരിക്കുന്നത്. ഭൗതികമൂല്യങ്ങളേയും ഭൗതികജീവിതത്തേയും അവഗണിച്ചുകൊണ്ടുള്ള ഒരു മതജീവിതം ഇനിമേൽ സാധ്യമല്ല. ഭൗതികത്വവും പാദാർത്ഥികത്വവും നമ്മുടെ ജീവിതത്തെ എത്ര അഗാധമായ രീതിയിൽ സ്വാധീനിക്കുന്നുണ്ടെന്നുള്ളതു പലർക്കും അറിഞ്ഞുകൂടാ. ഭൗതികത്വത്തിൻെറ യഥാർത്ഥമായ മൂല്യത്തെ അംഗീകരിച്ചുകൊണ്ടും അതിനെ വിശുദ്ധീകരിക്കുവാനും ഉദ്ധരിക്കുവാനും ശ്രമിച്ചുകൊണ്ടും വേണം വിശ്വാസികൾ ലോകത്തിൽ പ്രവർത്തനം നടത്തുവാൻ. കൂട്ടായ ജോലി, സമൂർത്തമായ നേട്ടങ്ങളോടുള്ള പ്രതിപത്തിതുടങ്ങിയവ ആധുനികമനസ്സിൻെറ സവിശേഷതാല്പര്യങ്ങളാണ്. ഈ പ്രവണതയെ കണക്കിലെടുക്കുവാനും കത്തോലിക്കർ ശ്രമിക്കണം. ഫ്രാൻസിൽ അടുത്തകാലത്തു പൊന്തിവന്നിട്ടുള്ള 'അൽമായസമൂഹ' (Lay Communities) ങ്ങൾ ഇതിനു് ഒരു നല്ല ഉദാഹരണമത്രെ. സെക്കുലർ ഇൻസ്റ്റിററ്യൂട്ടുകളുടെ കാര്യവും ശ്രദ്ധേയമാണ്. സഭയുടെ ആരാധനക്രമത്തിൽ വിശ്വാസികളുടെ കൂട്ടമായ പങ്കാളിത്തത്തിന് പ്രാധാന്യം നല്കിവരികയാണല്ലൊ — പ്രോത്സാഹജനകമായ പരിപാടികളാണ് ഇവയെല്ലാം. ഇപ്രകാരമുള്ള വിവിധ രംഗങ്ങളിലൂടെ സഭ ലോകമദ്ധ്യത്തിൽ പ്രവർത്തനം നടത്തിത്തുടങ്ങുമ്പോൾ ആധുനികമനസ്സിനെ കുറെയെല്ലാം ആകർഷിക്കുവാൻ അതിനു കഴിയും. എന്നാൽ സഭയുടെ അടിസ്ഥാനപരമായ ദൗത്യവും ജോലിയും സാമൂഹ്യമോ ഭൗതികമോ ആയ ഒന്നാണെന്നുള്ള തെററിദ്ധാരണ പരത്താതിരിക്കുവാനും ശ്രമിക്കേണ്ടതാണ്.

സഭയെ ആധുനീകരിക്കുവാനും ഇന്നത്തെ മനോഭാവങ്ങളുടെ പരിമിതികളിൽനിന്നും വിശ്വാസത്തെ ഉയർത്തിനിർത്തുവാനുമുള്ള ഒന്നുരണ്ടു കാര്യങ്ങൾ മാത്രമേ മുകളിൽ സൂചിപ്പിച്ചുള്ളു. ഇവയും ഇവയിലുള്ള അനേകകാര്യങ്ങളും ആധുനികലോകത്തു ജീവിക്കുന്ന കത്തോലിക്കാമതവിശ്വാസികളുടെ സത്വരമായ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതുണ്ട്. വിശ്വാസത്തിൻെറ പ്രഖ്യാപനം, പ്രചാരണം, സംരക്ഷണം തുടങ്ങിയവ

ചെറുകഥ

# “തിന്ന്, അമ്മച്ചീ”

ഏ.സി. അന്തിക്കാട്ട്

പള്ളിക്ക് തൊട്ടടുത്താണ് പ്രൈമറി സ്കൂൾ. ഒന്നാം സ്റ്റാൻേറഡിലാണ് കുഞ്ഞുമോൻ പഠിക്കുന്നത്. കീറിയ നീല ട്രൌസറും കുടുക്കുകൾ പോയ വെള്ളത്ത ഷർട്ടുമാണ് ആ അഞ്ചു വയസ്സുകാരൻെറ വേഷം. അവൻെറ അപ്പച്ചൻ ഒരു മദ്യപാനിയാണ്. രാത്രിയാകുമ്പോൾ കുഞ്ഞുമോന് വലിയ ഭയമാണ്. അമ്മച്ചി കുഞ്ഞുമോനെ അരികത്തിരുത്തി പുറത്തു തലോടുകയും കരയുകയും ചെയ്യുക അപ്പോളാണ്. പ്രാർത്ഥന ചൊല്ലി കഞ്ഞി കുടിച്ച് പായ വിരിച്ച് കിടക്കുമ്പോഴും അമ്മ കരയുന്നുണ്ടാകും. കുഞ്ഞുമോൻ ഉറങ്ങിയതിനുശേഷമാണ് അപ്പച്ചൻ വരിക. അമ്മച്ചിയുടെ നിലവിളി കേട്ട് ചിലപ്പോൾ അവൻ ഉറക്കത്തിൽനിന്ന് പിടഞ്ഞെഴുന്നേററിട്ടുണ്ട്. അപ്പോൾ അപ്പച്ചൻ അമ്മച്ചിയെ തല്ലുകയും ഇടിക്കുകയും പ്രാകുകയും ചെയ്യുകയായിരിക്കും.

സ്കൂളിൽ വന്നാൽ അവൻ പള്ളിയിലേയ്ക്കു പോകും. കുറച്ചു സമയം പ്രാർത്ഥിക്കും. അതിനുശേഷം വികാരിയച്ചൻെറ പക്കലേയ്ക്കു പോകും. വികാരിയച്ചൻ ജോലിയിൽ വ്യാപൃതനാണെങ്കിൽ അവൻ മിണ്ടാതെ മുറിയുടെ പുറത്ത് നില്ക്കും. അച്ചന് ഒഴിവുള്ള സമയമാണെങ്കിൽ അവൻ അച്ചൻെറ അടുക്കൽ ചെല്ലും. അച്ചൻ അവന് മിഠായി കൊടുക്കും. മററു കുട്ടികളുമൊന്നിച്ച് കളിക്കുന്നതിന് അവന് വലിയ താല്പര്യമില്ല. കളിക്കാൻ പോയാൽ അവൻെറ കീറിയ ട്രൌസർ കൂടുതൽ കീറും. വെളുത്ത ഷർട്ടിൽ അഴുക്ക് പററും. പുതിയ ട്രൌസറും പുതിയ ഷർട്ടും അവന് എന്നാണാവോ കിട്ടുക? അപ്പച്ചൻെറ കള്ളുകുടി മാറിയാൽ, അവന് നല്ല ഭക്ഷണവും നല്ല വസ്ത്രങ്ങളും ലഭിക്കുമെന്ന് അമ്മച്ചി പറഞ്ഞിട്ടുണ്ട്.

വികാരിയച്ചനോട് അവനു വളരെ സ്നേഹമാണ്. അച്ചൻ അവനെ കണ്ടാൽ പുഞ്ചിരി തൂകും; വീട്ടിലെ കാര്യങ്ങൾ ചോദിക്കും. ഒരിക്കലും അവനെ തല്ലുകയില്ല. അപ്പച്ചനോട് അവന് ഇഷ്ടമില്ല. കാരണം, അപ്പച്ചൻ അവനെ സ്നേഹിക്കുന്നില്ല. പുഞ്ചിരി തൂകുകയില്ല; പലപ്പോഴും കാരണംകൂടാതെ അവനേയും അമ്മച്ചിയേയും തല്ലും. അവന് സ്കൂൾ വിട്ടാൽ വീട്ടിലേയ്ക്കു പോകണമെന്നാഗ്രഹമില്ല. അവൻ വികാരിയച്ചൻെറ മുറിയുടെ വരാന്തയിൽ ചുവരു് ചാരി കുറേനേരം അനങ്ങാതെയിരിക്കും.

ഒരു ദിവസം വികാരിയച്ചൻ കുഞ്ഞുമോനോട് ചോദിച്ചു: “കുഞ്ഞെ, നീ വീട്ടിലേയ്ക്കു പോകുന്നില്ലേ?” “വീട്ടിലേയ്ക്കു പോകണ്ടേ.” “നിന്നെ കാണാതെ, അമ്മച്ചി വിഷമിക്കുകയില്ലേ?” അവൻ എണീററ് വേഗം വീട്ടിലേയ്ക്കു നടന്നു. അമ്മച്ചി വിഷമിക്കാൻ പാടില്ല. അമ്മച്ചി കരയരുത്. അവൻ പഠിച്ച് കേമനാകുമ്പോൾ അമ്മച്ചിക്ക് നല്ല മുണ്ടും ചട്ടയും ചെയ്യിനും വാങ്ങിക്കൊടുക്കും. അവൻ വലുതാകുമ്പോൾ അപ്പച്ചൻ അമ്മച്ചിയെ തല്ലാൻ ഒരിക്കലും അനുവദിക്കുകയില്ല. ക്ലാസ്സിൽ അവനാണ് ഒന്നാമൻ. പക്ഷെ അവൻെറ മുഖത്ത് ഒരിക്കലും ഒരു പുഞ്ചിരി പൊട്ടിവിടരുകയില്ല. അവൻ എപ്പോഴും ആലോചനയിലാണ്. അഞ്ചു വയസ്സുമാത്രം പ്രായമുള്ള കുഞ്ഞുമോൻ എന്തോ ആലോചിച്ച് തീരുമാനിക്കുകയാണ്. എല്ലാകുട്ടികളും നല്ല വസ്ത്രങ്ങൾ ധരിക്കുമ്പോൾ, അവനുമാത്രം കീറിയ വസ്ത്രങ്ങൾ. എല്ലാകുട്ടികളും നല്ല സ്ലെയ്ററും പുതിയ പുസ്തകങ്ങളും ഉപയോഗിക്കുമ്പോൾ അവനുമാത്രം പൊട്ടിയ സ്ലേററും പഴയ പുസ്തകങ്ങളും കീറിയ കുടയും. ഇതിൻെറ രഹസ്യം എന്താണ്!? അപ്പച്ചൻെറ കള്ളുകുടി. അങ്ങനെയാണ് അമ്മച്ചി പറയുന്നത്. ഇന്നാളൊരു ദിവസം അവൻ കള്ളുഷാപ്പ് കണ്ടു, അലക്കുകാരൻെറ കടയിൽനിന്ന് അലക്കിയ തുണി വാങ്ങാൻ അമ്മച്ചിക്ക് കൂട്ടിനു പോയപ്പോൾ. അതാണ് ആ നശിച്ച സ്ഥലം. അവിടെനിന്നാണ് അപ്പച്ചൻ കള്ളു കുടിക്കുന്നത്. ആ കള്ളുഷാപ്പ് നശിച്ചെങ്കിൽ എത്ര നന്നായിരുന്നു! അതിൻെറ ഉള്ളിൽ കയറിയിരുന്ന് വെളുത്തൊരു വെള്ളം മോന്തിക്കുടിക്കുകയും ചുണ്ട് തുടയ്ക്കുകയും ചെയ്യുന്ന കുറെ മനുഷ്യരെ അവൻ അവിടെ കണ്ടു. അവരെല്ലാവരും വീട്ടിൽച്ചെന്ന് പാവപ്പെട്ട കുട്ടികളുടെ അമ്മമാരെ തല്ലുകയും ഇടിക്കുകയും കരയിപ്പിക്കുകയും ചെയ്യുന്നവരാണ്. കീറിയ ട്രൌസറും കുടുക്കുകൾ പോയ ഷർട്ടും പൊട്ടിയ സ്ലേററും പഴയ പുസ്തകങ്ങളും മാത്രമേ അവരുടെ കുട്ടികൾക്കും ലഭിക്കുകയുള്ളൂ.

സ്കൂളിൽനിന്ന് വീട്ടിലേയ്ക്കു പോകുമ്പോൾ അവനൊരു ‘കള്ളുലോറി’ വഴിയിൽ നിൽക്കുന്നതു കണ്ടു. ലോറിയിലെ വലിയ കുപ്പികളിൽ കള്ളാണെന്ന് വലിയൊരു കുട്ടി പറയുന്നതു കേട്ടപ്പോളാണ് അവനതു് മനസ്സിലായതു്. കള്ളുഷാപ്പിൽവെച്ച് കണ്ട ആ വെളുത്ത വെള്ളംപോലിരിക്കുന്നുണ്ട് ഈ വലിയ കുപ്പിക

---

അത്രതന്നെ എളുപ്പമായ കാര്യങ്ങളല്ല. ഈശ്വരസ്ഥാപിതമാണല്ലൊ നമ്മുടെ സഭയെന്നു കരുതി കയ്യുംകെട്ടി അലസമായിരിക്കുവാൻ ഒരു കത്തോലിക്കനും അനുവദിക്കപ്പെട്ടിട്ടുമില്ല. തങ്ങളുടെ ഉത്തരവാദിത്വങ്ങളേയും ആധുനികസാഹചര്യങ്ങളിൽ തങ്ങൾക്കു നേരിടുവാനുള്ള വിഷമതകളേയും പററി തികച്ചും ബോധവാന്മാരായിരിക്കുവാൻ ഈ വിചിന്തനങ്ങൾ നമ്മെ സഹായിക്കേണ്ടതാണ്.

ളിലെ വെള്ളവും. ഈ കുപ്പികളെല്ലാം പൊട്ടിത്തകർന്നുപോയെങ്കിൽ എത്ര നന്നായിരുന്നു. അവൻ ഒരു വലിയ കല്ലെടുത്തു; ഒരേറു കൊടുക്കുവാൻ തരംനോക്കി നിന്നു. സ്കൂളിൽനിന്നു് കുട്ടികൾ വരുന്നു. എറിയുന്നതു കണ്ടാൽ അവർ വികാരിയച്ചനോടു പറയും. അച്ചൻ ഒരുപക്ഷെ തല്ലും. അല്ലെങ്കിൽ പിന്നീടു് പുഞ്ചിരിതൂകുകയില്ല. അച്ചൻ ദേഷ്യപ്പെടാൻ പാടില്ല. അവൻ ആ കല്ലു് നിലത്തിട്ടു.

വീട്ടിൽ ചെന്നപ്പോൾ നേരം വൈകി. അതിനു് അമ്മച്ചി അവനെ ശിക്ഷിച്ചു. അവൻ കരഞ്ഞു. കരഞ്ഞപ്പോൾ അമ്മച്ചി അവനെ വാരിയെടുത്തു് ചുംബിക്കുകയും കരയുകയുംചെയ്തു. അപ്പച്ചൻ അമ്മച്ചിയെ തല്ലുമ്പോൾ അമ്മച്ചി കരഞ്ഞാലും, അപ്പച്ചൻ കരയുന്നില്ലല്ലൊ. അമ്മച്ചിയെ വാരിയെടുത്തു് ചുംബിക്കുന്നില്ലല്ലൊ. ഇതിലും എന്തോ ഒരു രഹസ്യമുണ്ടു്. അവൻ കണ്ണുനീർ തുടച്ചു. അമ്മച്ചിയുടെ ചുണ്ടിൽ അവന്റെ ചുണ്ടുകൾ അമർത്തി. അമ്മച്ചി അവന്റെ പുറത്തു് തലോടുകയും കൂടുതൽ കരയുകയുംചെയ്തു.

രാത്രിയായപ്പോൾ കീറിയ പായ വിരിച്ചു് അമ്മച്ചി കിടന്നു. പതിവിനു് വിപരീതമായി പ്രാർത്ഥന ചൊല്ലിയില്ല; അവനു കഞ്ഞി കൊടുത്തില്ല. അവനു നല്ല വിശപ്പുണ്ടു്. "അമ്മച്ചീ, കഞ്ഞി!" അവൻ മെല്ലെ കരഞ്ഞു. "അരിയില്ല മോനെ; കാശുമില്ല." അവളുടെ സ്വരം വളരെ ബലഹീനമായിരുന്നു. കുറച്ചുനേരം അവൻ ആലോചിച്ചുനിന്നു. എന്നിട്ടു് അമ്മച്ചിയുടെ അരികെ കിടന്നു. ഒരു മണിക്കൂറിലധികം ആ കിടപ്പിൽ കിടന്നു. വയററിൽ ചൂളംവിളി. ഹാ! എന്തൊരു വിശപ്പ്! അവൻ എഴുന്നേററു. "അമ്മച്ചീ!" അമ്മച്ചി ഒന്നും മിണ്ടുന്നില്ല. നിവർന്നു് കിടക്കുന്നു. കവിളൊട്ടി കണ്ണടച്ചു കിടക്കുന്ന അമ്മച്ചിയെ അവനൊന്നു സൂക്ഷിച്ചുനോക്കി. നല്ല ഉറക്കം. പാവം അമ്മച്ചി ഉറങ്ങട്ടെ. അവൻ ഒരു പഴയ പ്ലെയ്റ്റ് എടുത്തു് അയൽവീട്ടിലേയ്ക്കു നടന്നു. ആ വീട്ടുകാർക്കു് നല്ല സ്വത്തുണ്ടു്. അവർക്കു കഞ്ഞിയും കാപ്പിയും ചോറും പലഹാരവും എല്ലാം സമൃദ്ധിയായിട്ടുണ്ടു്. കുഞ്ഞുമോൻ പടി കടന്നു് അകത്തേയ്ക്കു പ്രവേശിച്ചു. "കുറച്ചു് കഞ്ഞി തായോ" അവൻ വിളിച്ചുപറഞ്ഞു. അമ്പതു് വയസ്സു പ്രായമുള്ള ഒരു തടിച്ച സ്ത്രീ പുറത്തേയ്ക്കു വന്നു. അവരുടെ കാതുകളിൽ ഉഴുന്നുവടപോലുള്ള രണ്ടു സ്വർണ്ണാഭരണം ഞാന്നുകിടക്കുന്നുണ്ടു്. ഉരലാകൃതിയിൽ തടിച്ചു കൊഴുത്ത ആ സ്ത്രീ ഉച്ചത്തിൽ ചോദിച്ചു. "ആരാടാതു്? എന്തേടാ നിന്റെ അമ്മ ഇന്നു് പണിയ്ക്കു വരാഞ്ഞതു്? ഇപ്പം കഞ്ഞിക്കു് വന്നിരിക്കണു്. അവളു പറഞ്ഞയച്ചതാണോടാ?" ആ സ്ത്രീയുടെ മുഖം വരാന്തയിലെ വൈദ്യുതദീപത്തിന്റെ പ്രകാശത്തിൽ കണ്ടപ്പോൾ കുഞ്ഞുമോൻ ഭയപ്പെട്ടുപോയി. അവന്റെ അമ്മച്ചിയുടെ മുഖം ഇതുപോലെ അല്ല. മുഖത്തു് മാംസമില്ലെങ്കിലും കണ്ണിൽ സ്നേഹമുണ്ടു്. ഈ തടിച്ച സ്ത്രീയുടെ മുഖം ഭയങ്കരമാണു്. ഒരു മനുഷ്യരൂപം കണ്ടു് ഇതിനുമുമ്പു് കുഞ്ഞുമോൻ ഇത്രയധികം ഭയപ്പെട്ടിട്ടില്ല.

അവൻ വീട്ടിലേയ്ക്കു നടന്നു. നല്ല വിശപ്പുണ്ടു്. മണ്ണെണ്ണവിളക്കു് കത്തുന്നുണ്ടു്. അമ്മച്ചി അനങ്ങാതെ കിടന്നുറങ്ങുകയാണു്. അമ്മച്ചിക്കു് വിശപ്പില്ലെ?

കുഞ്ഞുമോൻ മുററത്തിറങ്ങി വേഗത്തിൽ നടന്നു, പള്ളിയിലേയ്ക്കു്. അച്ചനോടു പറയണം വിശക്കുന്നെന്നു്. ഇത്രവലിയ വിശപ്പു് ഇതിനുമുമ്പു് അനുഭവപ്പെട്ടിട്ടില്ല. അവൻ വേഗം നടന്നു. "അച്ചാ!" വികാരിയച്ചൻ പുറത്തുവന്നു. "കുഞ്ഞുമോനോ? എന്തുപററി കുഞ്ഞെ?" കുഞ്ഞുമോൻ കരഞ്ഞു. കാര്യം മനസ്സിലായപ്പോൾ അച്ചൻ അവനു് ചോറും കറിയും പഴവും കൊടുത്തു. ഒരു പൊതിയിൽ കുറെ പഴവും പലഹാരവും റൊട്ടിയും പൊതിഞ്ഞു് അവന്റെ കൈയ്യിൽ വെച്ചുകൊടുത്തു. കുഞ്ഞുമോനു് സന്തോഷമായി. അവൻ നല്ല ചൊടിയോടുകൂടി വീട്ടിലേയ്ക്കു നടന്നു. അകത്തു് പ്രവേശിക്കുന്നതിനുമുമ്പു് അമ്മച്ചിയോടു് അവൻ സന്തോഷത്തോടെ വിളിച്ചുപറഞ്ഞു. "അമ്മച്ചിയുടെ വിശപ്പു് ഇപ്പം മാററിത്തരാം."

അവൻ അകത്തു പ്രവേശിച്ചു. "അമ്മച്ചി! അമ്മച്ചീ!!" അവൻ വിളിച്ചു. വീണ്ടും വീണ്ടും വിളിച്ചു. അമ്മച്ചി അനങ്ങുന്നില്ല. അമ്മച്ചിയുടെ കവിൾത്തടത്തിൽ അവൻ ചുംബിച്ചു. എന്തൊരു തണുപ്പു്!! "അമ്മച്ചീ! അമ്മച്ചീ!! അവൻ കരഞ്ഞു. ഉച്ചത്തിൽ നിലവിളിച്ചു. റോഡിൽക്കൂടി കടന്നുപോയ ഒരു മനുഷ്യൻ അവന്റെ നിലവിളി കേട്ടു് അവിടെയെത്തി. അയാൾ പള്ളിയിലേയ്ക്കു് ഓടി. വികാരിയച്ചൻ വരുമ്പോൾ, അമ്മച്ചിയുടെ, തണുത്തു മരവിച്ച അധരങ്ങൾക്കുള്ളിൽ ഒരു ചെറിയ ബിസ്ക്കററ് വെച്ചു് കുഞ്ഞുമോൻ പറയുകയാണു് "തിന്നു്, അമ്മച്ചീ!" അപ്പോൾ "ഇന്നു് ഞാനവളെ ശരിപ്പെടുത്തും" എന്നു് അട്ടഹസിച്ചുകൊണ്ടു്, ഒരു മദ്യപാനി റോഡിലൂടെ വരുന്നുണ്ടു്; അയാൾ കുഞ്ഞുമോന്റെ അപ്പച്ചനാണു്.



ഉദ്ദിഷ്ടകാര്യം
സാധിച്ചതിനു്
ഉപകാരസ്മരണ

*

—C. T. ഔസേഫ്,
പറപ്പൂർ

# ഇതെത്ര കൗതുകം! പൂക്കളെ പ്രശ്നം!!

മാത്യു ഉലകംതറ, എം. ഏ.

വധിക്കപ്പെട്ട പ്രസിഡണ്ടു കെന്നഡി രേഖപ്പെടുത്തിയിരിക്കുന്ന ഒരു സംഭവമാണിതു്. രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചതിൻെറ മൂന്നാം വർഷം—1941 ലെ പ്രശ്നസങ്കീർണ്ണമായൊരു സായാഹ്നം. അമേരിക്കൻ പ്രസിഡണ്ടു് ഫ്രാങ്ക്ളിൻ റൂസ്‌വെൽട്ടു് സന്ദർശകമുറിയിൽ ഇരിക്കുകയാണു്. രണ്ടു സുപ്രധാനാതിഥികൾ അന്നു സന്ദർശകരായുണ്ടു്. ഒരാൾ ലണ്ടനിൽനിന്നു് അപ്പോൾത്തന്നെ പറന്നെത്തിയ ബ്രിട്ടീഷ് അമ്പാസഡർ ലോതിയൻ പ്രഭുവാണു്. ലണ്ടനിൽ നടന്ന ബോംബാക്രമണത്തിൻെറ ദൃക്‌സാക്ഷിവിവരണം നല്കുവാനായി പറന്നെത്തിയിരിക്കയാണദ്ദേഹം. രണ്ടു മണിക്കൂർ നേരം പ്രസിഡണ്ടു് അദ്ദേഹവുമായി സംസാരിച്ചു. അതിനുശേഷം അടുത്ത അതിഥിക്കു സന്ദർശനമനുവദിച്ചു. കലാചരിത്രവിദഗ്ദ്ധനും ന്യൂയോർക്കിലെ മ്യൂസിയം ഡിറക്ടറുമായ ഫ്രാൻസിസ് എച്ചു്. ടെയ്‌ലറായിരുന്നു ഈ ദ്വിതീയ സന്ദർശകൻ.

ടെയ്‌ലർ അകത്തേയ്ക്കു കടന്നു ചെന്നപ്പോൾ ലണ്ടനിലെ ബോംബാക്രമണകഥകൾ കേട്ടു് കടലാസ്സുപോലെ വിളറിയിരിക്കുന്ന പ്രസിഡണ്ടിൻെറ മുഖമാണു കണ്ടതു്. എന്നാൽ തൻെറ വൈവർണ്ണ്യം നിയന്ത്രിച്ചുകൊണ്ടു് പ്രസിഡണ്ടു് ടെയ്‌ലറുമായി സംഭാഷണമാരംഭിച്ചു. ക്ഷമയോടും മനസ്സാന്നിദ്ധ്യത്തോടുംകൂടി ഒന്നര മണിക്കൂർ സമയം അമേരിക്കയിലെ കലകളെക്കുറിച്ചും അമേരിക്കയുടെ സാംസ്കാരികജീവിതത്തിൽ കലകൾമൂലം ഉളവാകേണ്ട പരിവർത്തനങ്ങളെക്കുറിച്ചും അദ്ദേഹം സംസാരിച്ചു.

ഈ സംഭവം രേഖപ്പെടുത്തിയ ചരിത്രകാരനെ ഉദ്ധരിച്ചുകൊണ്ടു് പ്രസിഡണ്ടു് കെന്നഡി പറയുകയാണു്: "പ്രസിഡണ്ടു റൂസ്‌വെൽട്ടു ഒരു കലാകാരനായിരുന്നില്ല. ചിത്രകലയും പ്രതിമാശില്പവുമായുള്ള വ്യത്യാസംതന്നെ അദ്ദേഹത്തിനു വലിയ പിടിയില്ലായിരുന്നു. എന്നാൽ ഒരു സമൂഹത്തിൻെറ ജീവിതത്തിൽ കലയ്ക്കു് എന്തു സ്ഥാനമുണ്ടെന്നു്—ഒരു രാഷ്ട്രത്തിൻെറ ആത്മാവിൽ അതിനെന്തു സ്വാധീനമുണ്ടെന്നു്—മററാരെക്കാളും കൂടുതലായി അദ്ദേഹമറിഞ്ഞിരുന്നു." അതുകൊണ്ടാണല്ലോ യുദ്ധകാര്യങ്ങളിലുള്ളത്ര താത്പര്യത്തോടെ അടുത്ത നിമിഷത്തിൽ കലകളെക്കുറിച്ചു ദീർഘമായി സംസാരിക്കാനദ്ദേഹത്തിനു കഴിഞ്ഞതു്.

മറെറാരു അമേരിക്കൻ പ്രസിഡണ്ടിൻെറ കഥയും കെന്നഡിതന്നെ രേഖപ്പെടുത്തുന്നു. അമേരിക്കയിൽ 'സിവിൽ വാർ' പൊട്ടിപ്പുറപ്പെട്ടതിൻെറ മൂന്നാം വർഷം വാഷിംഗ്ടണിലുള്ള ക്യാപ്പിറേറാൾ മന്ദിരത്തിൻെറ ഉത്തുംഗശൃംഗത്തിൽ സ്വാതന്ത്ര്യദേവതയുടെ മിന്നിത്തിളങ്ങുന്ന പിച്ചളപ്രതിമ സ്ഥാപിക്കുന്നതു കാണുവാൻ തിങ്ങിക്കൂടിയ ജനങ്ങളിലൊരു വിഭാഗം ആ സംരംഭത്തെ നിശിതമായി വിമർശിക്കുവാൻ തുടങ്ങി. രാജ്യം വലിയൊരു കലാപത്തിലും ദുർഘടത്തിലും പെട്ടിരിക്കുമ്പോൾ ഇത്രയധികം പ്രയത്നവും പണവും ഈ കലാശില്പത്തിനു വിനിയോഗിക്കുന്നതിനെക്കുറിച്ചായിരുന്നു അവരുടെ ആക്ഷേപം. അന്നത്തെ പ്രസിഡണ്ടു് അതിനു മറുപടിയായി ഇങ്ങനെ പറഞ്ഞു: "ഈ ക്യാപ്പിറേറാളിൻെറ പണി തുടർന്നുകാണുവാൻ ജനങ്ങൾ ആഗ്രഹിക്കുന്നതിൻെറ അർത്ഥം രാജ്യത്തിൻെറ ഐക്യം തുടർന്നു പോകുവാനവർ ആഗ്രഹിക്കുന്നുവെന്നുതന്നെയാണു്." ഐക്യത്തിൻെറയും ഐശ്വര്യത്തിൻെറയും പ്രതീകമായി ഒരു കലാശില്പത്തെ പരിഗണിച്ച ആ പ്രസിഡണ്ടിൻെറ പേരാണു് മഹാനായ ലിങ്കൺ.

പ്രസിഡണ്ടു് കെന്നഡിയുടെ സ്വന്തം കഥകൂടി നമുക്കു കൂട്ടിച്ചേർക്കാം. കരീബിയൻ കടലിൽനിന്നു യുദ്ധത്തിൻെറ കരിയും പുകയും ഉയർന്നുകൊണ്ടിരുന്ന വീർപ്പുമുട്ടിക്കുന്ന അന്തരീക്ഷത്തിലാണു് കെന്നഡി തനിക്കു പ്രിയപ്പെട്ട അമേരിക്കൻ കവി റോബർട്ടു് ഫ്രോസ്റ്റിനെ ബഹുമാനിക്കുവാൻ ഒരു വിരുന്നു് ഏർപ്പാടുചെയ്തതു്. മഹാന്മാരായ അമേരിക്കൻ ഭരണാധിപന്മാർ കലകൾക്കു നല്കുന്ന പ്രാധാന്യം നാം ഈ സംഭവങ്ങളിൽ ദർശിക്കുന്നു.

ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന പണ്ഡിററു് ജവഹർലാൽ നെഹ്റുവിൻെറ കലോപാസനയും സഹൃദയത്വവും നമുക്കറിവുള്ളതാണല്ലോ. ഒരു സംഭവംമാത്രം ഇവിടെ രേഖപ്പെടുത്തുന്നു. ഈ അടുത്തകാലത്തു് ലതാമങ്കേഷ്ക്കർ പാടിയ 'അയിമേരവതൻ' എന്ന ദേശഭക്തിഗാനം കേട്ടു് അദ്ദേഹം കണ്ണുനീർ വാർത്തുവത്രേ. മറെറാരു സംഗീതവിദുഷിയായ എം. എസ്. സുബ്ബലക്ഷ്മിയുടെ ഗാനാലാപം കേട്ടശേഷം (അവരുടെ ഭാഷപോലും നെഹ്റുവിനു നിശ്ചയമില്ലായിരുന്നുവെങ്കിലും) അവരെ അഭിനന്ദിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞതു് "O! Queen of music, who am I a poor prime minister when compared to you!" എന്നായിരുന്നുപോൽ. ആ സംഗീതറാണിയോടു താരതമ്യപ്പെടുത്തുമ്പോൾ പ്രധാനമന്ത്രിയായ താനൊരു നിസ്സാരനാണെന്നു്!

ജോസഫ് കപ്പർത്തീനോ എന്നൊരു പുണ്യവാൻെറ കഥകൂടി ഇവിടെ കുറിക്കാം. അദ്ദേഹം ഒരു സക്സസ്സ്—നൃത്തകലാകാരനായിരുന്നു. ഒരു രാത്രി ദിവ്യജ

നനിയുടെ ഒരു ചാപ്പലിനടുത്തു് അദ്ദേഹം വിശ്രമിക്കുമ്പോൾ അതിനുള്ളിൽ സന്യാസിമാർ കൂട്ടപ്രാർത്ഥന നടത്തുന്ന ശബ്ദം കേട്ടു് ജനാലിലൂടെ എത്തിനോക്കി. പരിശുദ്ധകന്യകയുടെ വാത്സല്യം വഴിയുന്ന ദിവ്യരൂപത്തിന്റെ ശില്പഭംഗിയിലും അന്തരീക്ഷത്തിന്റെ ഭക്തിനിർഭരതയിലും സ്വയം മറന്നു് അദ്ദേഹം ദേവാലയത്തിൽ കടന്നുകൂടി. സന്യാസിമാർ പ്രാർത്ഥന കഴിഞ്ഞു സ്ഥലം വിട്ടപ്പോൾ അദ്ദേഹത്തിനൊന്നു പ്രാർത്ഥിക്കണമെന്നു തോന്നി. പക്ഷേ പ്രാർത്ഥിക്കാനറിഞ്ഞുകൂടാ. അദ്ദേഹം തനിക്കറിയാവുന്ന സർക്കസ്സ് നൃത്തം അതിവിദഗ്ദ്ധമായി രാഗാലാപത്തോടെതന്നെ ആ തിരുസ്വരൂപത്തിനു മുന്നിൽ നടത്തി. പള്ളിക്കുള്ളിൽ ശബ്ദം കേട്ടു് ഓടിയെത്തിയ സന്യാസിമാർ അദ്ദേഹം ഒരു കള്ളനാണെന്നു ധരിച്ചു് ബഹളം കൂട്ടുകയും നൃത്തക്കാരനെ പുറത്താക്കുവാനുള്ള ശ്രമം തുടങ്ങുകയും ചെയ്തു. അപ്പോൾ ദിവ്യജനനി പ്രത്യക്ഷയായി സന്യാസിമാരുടെ സങ്കീർത്തനങ്ങളെക്കാളും പാവപ്പെട്ട കൂപ്പർത്തിനോയുടെ കലാപ്രകടനമാണ് തനിക്കിഷ്ടമായതെന്നു കല്പിച്ചുവത്രേ. വിശുദ്ധന്റെ ജീവചരിത്രത്തിലുള്ള ഈ സംഭവം ഒരു വിശ്വസാഹിത്യകാരനു പ്രചോദനം നൽകിയിട്ടുള്ളതാണ്.

മനുഷ്യാവതാരംചെയ്ത ദൈവപുത്രൻ കലാസുന്ദരങ്ങളായ ചെറുകഥകൾവഴിയാണ് മനുഷ്യസഞ്ചയത്തെ ദിവ്യരഹസ്യങ്ങൾ പഠിപ്പിച്ചതു്. രണ്ടാം ക്രിസ്തുവായ വി. ഫ്രാൻസിസ് അസ്സിസി പാട്ടു പാടിപ്പാടി പ്രപഞ്ചത്തിലുള്ള സകല ജീവജാലങ്ങളെയും പ്രപഞ്ചനാഥനായ ദൈവത്തെയും ഒപ്പം സ്വാധീനിച്ചുകളഞ്ഞു. "പാട്ടും പുമാൻ ഇരുമടങ്ങു ജപിക്കയത്രേ" എന്നാണു് സെൻറ് അഗസ്റ്റിൻ പറഞ്ഞിട്ടുള്ളതു്.

കഥകൾ ഇത്രയും മതി. ഇനിയല്പം കാര്യം പറയാം. ഒരു രാഷ്ട്രത്തിനു് സംസ്കാരവും ഐശ്വര്യവും വേണമെങ്കിൽ കലകളുടെ സഹായം കൂടിയേതീരൂ. ഒരു മതത്തിനു് ജനങ്ങളുടെ ഹൃദയത്തിൽ വിശ്വാസത്തിന്റേയും ഭക്തിയുടേയും വേരോടിക്കണമെങ്കിലും കലകളുടെ സഹായം ആവശ്യമാണ്. (ക്രിസ്തുമതത്തിന്റെ സംഘടിതരൂപമോ കെട്ടുറപ്പോ ഇല്ലാത്ത ഹിന്ദുമതം കഴിഞ്ഞ പത്തയ്യായിരം കൊല്ലമായി നശിക്കാതെ നിൽക്കുന്നതു് അതിന്റെ സാഹിത്യത്തിലും കലകളിലുംകൂടിയാണ്!) പക്ഷേ ഇന്ത്യയിലെ ഇപ്പോഴത്തെ രാഷ്ട്രീയക്കാർക്ക് കലാപ്രോത്സാഹനവിഷയത്തിൽ ചില കടലാസ്സുപദ്ധതികളിൽക്കവിഞ്ഞു് ഒന്നുമില്ല. നമ്മുടെ മതാദ്ധ്യക്ഷന്മാർക്ക് 'കല' എന്നു കടലാസ്സിൽ എഴുതിക്കാണുന്നതുപോലും വെറുപ്പാണ്. ദേവാലയപരിസരങ്ങളിൽ യാതൊരുവിധ കലാപ്രകടനങ്ങളും പാടില്ലെന്നു് നിരോധനാജ്ഞകൾ ഇറങ്ങിക്കഴിഞ്ഞിരിക്കുന്നു. നിർഭാഗ്യവശാൽ നമ്മുടെ മതാദ്ധ്യക്ഷന്മാരോളം ഭക്തിതീക്ഷ്ണതയില്ലാത്ത, ബോംബെ ദിവ്യകാരുണ്യകോൺഗ്രസ്സിന്റെ സംഘാടകർ ആ ദിവ്യോത്സവത്തോടനുബന്ധിച്ചു് കഥകളിയുൾപ്പെടെയുള്ള കലാരൂപങ്ങളും യുവതികളുടെ നൃത്തങ്ങളും ഏർപ്പാടുചെയ്തിരുന്നല്ലോ. കലാവിരോധത്തിന്റെ കാഹളം മുഴക്കുന്ന കത്തോലിക്കാദിനപ്പത്രങ്ങൾതന്നെ ബോംബെയിലെ നൃത്തത്തിന്റെ ചിത്രങ്ങൾ പ്രസിദ്ധപ്പെടുത്തുന്നു. ശാന്തം പാപം!

അശ്ലീലങ്ങളും മതവിരുദ്ധങ്ങളുമായ കഥാപ്രസംഗനാടകാദികളും സിനിമാപ്പാട്ടുകളുമാണു് കലയുടെ പേരിൽ ഇന്നു ദേവാലയപരിസരങ്ങളിൽ കടത്തിവിടുന്നതെന്നാണാക്ഷേപം. വളരെ ശരിയാണു്. അതിനു കലകളെത്തന്നെയങ്ങു നിരോധിച്ചാൽ കഴിഞ്ഞല്ലോ. തല വെട്ടിക്കളഞ്ഞാൽ പിന്നെ തലവേദനയുണ്ടാകുമോ? നേരെ മറിച്ചു് ദേവാലയപരിസരങ്ങളിൽ പ്രയോഗിക്കാൻ കൊള്ളാവുന്ന കുറെ കലാപരിപാടികൾ സംവിധാനംചെയ്യിക്കാനും ഭക്തിസംവർദ്ധകങ്ങളായ കുറെ ഗാനങ്ങൾ ഗ്രാമഫോൺ റിക്കാർഡിലാക്കാനും പണച്ചെലവുണ്ടു്—ബുദ്ധിമുട്ടുണ്ടു്. കേരളകത്തോലിക്കർക്കു പണമില്ല, ബുദ്ധിയുമില്ല!

സിനിമാഗാനങ്ങളിൽ ശ്രോതാക്കളെ അത്യധികം ആകർഷിക്കുന്ന സ്വരമാണ് ഒരു ഉത്തമകത്തോലിക്കനായ യേശുദാസന്റേതു്. ആ യേശുദാസനെക്കൊണ്ടു് പത്തു ഭക്തിഗാനങ്ങൾ പാടിച്ചു റെക്കാർഡുചെയ്യിച്ചാൽ നമുക്കു പെരുന്നാളുകളോടനുബന്ധിച്ചു മൈക്കിലൂടെത്തന്നെ പാടിക്കരുതോ. പക്ഷേ യേശുദാസന്റെ പേരുപോലും കേട്ടിട്ടില്ലാത്ത—ആടിന്റെ സ്വരം തിരിച്ചറിയാത്ത—അജപാലന്മാരോട് ഇതൊക്കെപ്പറയാൻ ചെല്ലുന്നതബദ്ധമാണ്. പറഞ്ഞവർക്കെല്ലാം സഭാധികാരികൾ എന്നുവരെ മുദ്ര കിട്ടിയിട്ടുണ്ടു്. ശ്രീ പോൾ മാധവൻ നായരുടെ ഗാനാലാപം കേൾക്കുമ്പോഴും സെൻറ് സിസിലിയൻ ആർട്ട്സ് ക്ലബ്ബിന്റെ നാടകങ്ങൾ കാണുമ്പോഴും സി. എൽ. ജോസിന്റെയും മാത്യു ഇടമറ്റത്തിന്റെയും മറ്റും നാടകങ്ങൾ വായിക്കുമ്പോഴും തേവര കോളെജിൽവച്ചു നടക്കാറുള്ള കാത്തലിക് ഇൻറർ കോളെജിയേറ്റ് യൂത്തു ഫെസ്റ്റിവെലിൽ മുഖം കാണിച്ചു മറയുന്ന നൃത്തവിദഗ്ദ്ധകളെയും നടീനടന്മാരെയും അനുഗൃഹീതഗായകരെയും കാണുമ്പോഴുമെല്ലാം—തുടിക്കുന്ന കരളോടെ ഞാനോർത്തുപോയിട്ടുണ്ടു്, വിശ്വകലാകാരനായ ദൈവം ഈ കത്തോലിക്കായുവാക്കന്മാർക്കു നല്കിയിരിക്കുന്ന സദ്വാസനകളെ സഭയ്ക്കും സമുദായത്തിനും പ്രയോജനകരമായി വിനിയോഗിക്കുവാൻ ആരുണ്ടാകും? അവരുടെ കലാവാസനകളുമായി അവർ അമ്പലമുററങ്ങളും കമ്മ്യൂണിസ്ററ യോഗങ്ങളും തേടിപ്പോകാതെ ഇവിടെത്തന്നെ അവർക്കു് രംഗവും ഉപജീവനമാർഗ്ഗവും ഉണ്ടാക്കിക്കൊടുക്കണമെങ്കിൽ ഇനിയെത്ര പേർ കാൽവരി ചവിട്ടണം—കുരിശിൽ തൂങ്ങണം?

★

## കല്പവൃക്ഷം XV

# കടപുഴകിയ കല്പവൃക്ഷം

### മണിമല

[കഥാതന്തു:— ക്ലാരച്ചേടത്തിയുടെ പുന്നാരമോനാണ് മത്തായിച്ചൻ. റാക്കറപ്പായി എന്ന ചട്ടമ്പിയുമായി അവൻ കൂട്ടുകൂടി. അവന്റെ വീട്ടിൽവച്ചു റപ്പായി ഒരു കൊല നടത്തി. ആ കുററത്തിൽനിന്നു രക്ഷപ്പെടുവാൻ രണ്ടുപേരുംകൂടെ നാടു വിട്ടോടി. അവർ ചിന്നമ്മ എന്നൊരു കഷ്കകുമാരിയുടെ വേലക്കാരായി. റപ്പായിയുടെ പിത്തലാട്ടങ്ങൾ അവിടെ നടന്നില്ല. അവർ അവിടെനിന്നു കടന്നുകളയാൻ ശ്രമിച്ചപ്പോൾ അബദ്ധത്തിൽ പോലീസുദ്യോഗസ്ഥന്മാരുടെ 'ശിങ്കിടി' ക്കാരായി. പക്ഷെ അവരുടെ 'സേവനം' രണ്ടു സ്ഥലത്തായിപ്പോയി. ചിന്നമ്മയെ വിഷം കൊടുത്തു കൊല്ലാൻ ഒരു പോലീസധികാരി മത്തായിച്ചനെ പ്രേരിപ്പിച്ചു. ആ വിഷം വച്ചവനുതന്നെ തിരികെക്കൊണ്ടു. വിവരമറിഞ്ഞ ചിന്നമ്മ മത്തായിച്ചനെ തന്റെ ഭവനത്തിൽത്തന്നെ താമസിപ്പിച്ചു.

ഇതിനിടയിൽ ക്ലാരച്ചേടത്തി കൊലക്കുററത്തിനു തടവുശിക്ഷയനുഭവിക്കുന്നെന്നു മത്തായിച്ചൻ പത്രത്തിൽ വായിച്ചു. അയാൾ പോകാൻ തിടുക്കംകൂട്ടി. ചിന്നമ്മയും യാത്രയ്ക്കു തയ്യാറായി. ഇക്കാര്യമറിഞ്ഞ റാക്കറപ്പായിക്ക് അതു തീരെ സഹിച്ചില്ല. അവനും അതേവണ്ടിക്കു തിരിച്ചു. ചിന്നമ്മയെ കുടുക്കിലാക്കാൻ ശ്രമിച്ച റപ്പായി സ്വയം കുടുക്കിലായി. എന്നിരിക്കലും അമ്മയെക്കാണുംമുമ്പ് മത്തായിച്ചനേയും അതിനകത്താക്കുവാൻ അവനു കഴിഞ്ഞു.

ചിന്നമ്മ ജയിലാശുപത്രിയിൽച്ചെന്നു ക്ലാരച്ചേടത്തിയെ കണ്ടു. അവളുടെ പരിചരണം ആ രോഗാതുരയ്ക്കു നവോന്മേഷം നൽകി.—ഇനി വായിക്കുക.]

"മോളേ!"

"എന്തോ!"

ദീർഘനിശ്വാസവും, വിങ്ങിപ്പൊട്ടലും!....

"എന്നാമ്മേ!"

"എന്റെ മോൻ ..."

"അമ്മയുടെ മോൻ വരും."

"എന്നാ മോളെ ....?"

"താമസിയാതെ വരും."

"എവിടാ അവൻ?"

"ഇവിടെത്തന്നെ...."

"ഇവിടെയോ; എന്നെ നീ ആശ പിടിപ്പിക്കാതെ മോളെ! ..."

"ഇവിടെയടുത്തുണ്ട് ..."

"എവിടെ ...?എന്റെ മോനോ....? മത്തായിച്ചനോ ...?"വൃദ്ധയുടെ ശ്വാസോച്ഛ്വാസത്തിനു വേഗത കൂടി. അവരുടെ മാറെല്ലുകൾ കൂടെക്കൂടെ പൊങ്ങുകയും താഴുകയും ചെയ്തു. അതിനിടയിലും ദയയില്ലാത്ത ചുമ അതിന്റെ ജോലി തുടർന്നുകൊണ്ടിരുന്നു.



"അമ്മയൊന്നു സമാധാനമായിരിക്ക്." ചിന്നമ്മ തുടർന്നു: "മകനെ ഞാൻ കാണിക്കാം. ദൈവത്തിന്റെ കാരുണ്യത്തിലാശ്രയിക്കുക."

നിശ്ശബ്ദത! വാചാലമായ നിശ്ശബ്ദത.... നിമിഷങ്ങൾ നീങ്ങി....

"മോളെ...."

"എന്തോ?"

"ഞാൻ മരിച്ചുപോം."

"എല്ലാവരും മരിക്കുമമ്മേ...."

"എന്റെ മകനെക്കാണാതെ...."

"തീർച്ചയായുമില്ല; കാരുണ്യവാനായ ദൈവം അതിനനുവദിക്കയില്ല."

പിന്നെയും ചുമയുടെ തവണ വന്നു. കുട്ടച്ചുമ.

"മോളെ!...." അല്പസമയം കഴിഞ്ഞു" അവർ വീണ്ടും വിളിച്ചു.

"എന്തോ? "

"എനിക്കൊന്നു കുമ്പസാരിച്ചെങ്കിൽ "

"അതിനെന്താ. ഞാൻ അച്ചനെ വിളിച്ചോണ്ടു വരാം."

"എന്റെ മോളെ തമ്പുരാനനുഗ്രഹിക്കട്ടെ."

ചിന്നമ്മ പുറത്തേയ്ക്കിറങ്ങിപ്പോയി. അവൾ ജയിലധികാരികളെക്കണ്ടു വൈദികനെ വിളിച്ചുകൊണ്ടുവരാനുള്ള അനുമതി വാങ്ങിയിട്ടു നേരെ പള്ളിയിലേയ്ക്കോടി; ഫാദർ ജറോമിനെ വിവരമറിയിച്ചു.

തിരിച്ചെത്തിയപ്പോൾ ചിന്നമ്മയുടെ കൈയ്യിൽ ഒരു കടലാസുപൊതിയുണ്ടായിരുന്നു.

ചൂടുവെള്ളത്തിൽ തുണിമുക്കി അവൾ ക്ലാരച്ചേടത്തിയുടെ ദേഹം തുടച്ചു. തലമുടി മാടിയൊതുക്കി കെട്ടിവച്ചു; മുഷിഞ്ഞ വസ്ത്രം മാററി അവരെ പുത്തൻ കേമ്പിരിത്തുണിയും മന്മൽ ചട്ടയും ധരിപ്പിച്ചു. അപ്പോഴേയ്ക്കു ഫാദർ ജെറോം എത്തിക്കഴിഞ്ഞു. ചിന്നമ്മ ഒരു

സ്കൂളിൽ വെള്ളവിരിപ്പിട്ട് രണ്ടു മെഴുകുതിരിയും കത്തിച്ചുവച്ചു.

വേണ്ടിടത്തോളം സമയമെടുത്ത് ക്ലാരച്ചേടത്തി കുമ്പസാരിച്ചു. രാജാധിരാജൻ ആരവാരങ്ങളൊന്നും കൂടാതെ അവരുടെ അന്തരാത്മാവിലേയ്ക്കെഴുന്നള്ളി.

"അച്ചാ!" വൈദികൻ യാത്രപറഞ്ഞിറങ്ങിയപ്പോൾ ചിന്നമ്മ പറഞ്ഞു: "എനിക്കും ഒന്നു കുമ്പസാരിക്കണം."

"മുട്ടു കുത്തിക്കോളൂ."

"ഇവിടെവച്ചല്ല; ഞാൻ പള്ളിയിൽ വരാം."

"സന്തോഷം. എന്നാൽ ഉടനെ വന്നേയ്ക്കൂ."

ചിന്നമ്മയും അദ്ദേഹത്തോടൊന്നിച്ചു പള്ളിയിലേയ്ക്കു പോയി; കുമ്പസാരത്തിനുശേഷം അവൾക്ക് അദ്ദേഹത്തോടു സുദീർഘമായി എന്തൊക്കെയോ സംസാരിക്കാനുണ്ടായിരുന്നു. ആ സംഭാഷണമവസാനിച്ചപ്പോൾ ഫാദർ ജെറോം ടെലഫോണെടുത്തു 4122ലേയ്ക്കു വിളിച്ചു.

"ഹലോ; ബാരിസ്റ്റർ മേനോനല്ലേ?"

"അതെ."

"നാളെ രാവിലെ പത്തു മണിക്ക് ഇങ്ങോട്ടൊന്നു വരാമോ? ഒരു കേസ്സ് സംബന്ധിച്ച് അല്പം സംസാരിക്കാനാണ്."

"വരാം."

"വളരെ ഉപകാരം."

അദ്ദേഹം ഫോൺ താഴെ വച്ചു. ചിന്നമ്മ യാത്ര പറഞ്ഞിറങ്ങി. വനിതാ ഹോസ്റ്റലിൽ അവൾക്കു താമസിക്കുവാൻ ഒരു മുറി ഫാദർ ജെറോം ഏർപ്പാടു ചെയ്തു കൊടുത്തു.

പിറേറന്നു രാവിലെ പള്ളിമേടയിൽ വച്ച് ഒരു കൂടിയാലോചന നടന്നു. ഫാദർ ജെറോം, ബാരിസ്റ്റർ മേനോൻ, ചിന്നമ്മ എന്നിവരാണ് അതിൽ പങ്കെടുത്തതു്.

ബാരിസ്റ്റർ മേനോന്റെ നിയമഗ്രന്ഥങ്ങളുടെ താളുകൾ മറിഞ്ഞു. കുഴഞ്ഞുമറിഞ്ഞ നിയമപ്രശ്നങ്ങൾ അദ്ദേഹത്തിന്റെ ബുദ്ധിയുടെ അഗാധതയിലേയ്ക്കിറങ്ങിച്ചെന്നു. അറസ്റ്റുചെയ്യപ്പെട്ട മത്തായിച്ചനുവേണ്ടി അദ്ദേഹം കോടതിയിൽ ജാമ്യാപേക്ഷ ഹാജരാക്കി.

ചിന്നമ്മ തലസ്ഥാനനഗരിയിൽത്തന്നെ താമസം തുടരുകയാണ്. അവൾ വീട്ടിലേയ്ക്കു കത്തെഴുതി. നാലഞ്ചു ദിവസം കഴിഞ്ഞപ്പോൾ അവൾക്കു ഒരു മണി ഓർഡർ കിട്ടി. ആഡംബരത്തിനല്ല, ആവശ്യത്തിനു മാത്രം അവൾക്കു പണമുണ്ടായി.

ക്ലാരച്ചേടത്തിയെ എന്നും അവൾ സന്ദർശിക്കും. നീണ്ട മണിക്കൂറുകൾ അവിടെ ചെലവാക്കും. അവരെ ശുശ്രൂഷിക്കുന്നതു് അവൾക്കു സന്തോഷമാണ്. ജയിലിൽനിന്ന് അവർക്കൊന്നു മോചനം ലഭിച്ചെങ്കിൽ! പക്ഷെ അതിനു നിയമമില്ല. എന്നിരുന്നാലും രോഗത്തിന്റെ തടങ്കൽപ്പാളയത്തിൽനിന്ന് അവർ മോചനം നേടുന്ന ലക്ഷണമുണ്ട്. ആ കണ്ണുകളിൽ ചൈതന്യം കുടിയേറിപ്പാർത്തു. മുഖത്തു വാർദ്ധക്യത്തിന്റെ വൈക്ലബ്യം ഒട്ടൊന്നു കുറയുകയാണെന്നു തോന്നി.

ചിന്നമ്മയുടെ സമ്പർക്കം അവർക്കൊരു പുതുജീവൻ നല്കുകയാണ്. അവൾ അനന്തതയിൽനിന്നു പറന്നു വന്ന ഒരു മാലാഖയാണെന്ന് അവർക്കു തോന്നി. ആരും പോരുമില്ലാത്തവരെ ദൈവം കൈവെടിയുകയില്ലല്ലൊ.

തന്റെ ജീവിതകഥ മുഴുവൻ ചിന്നമ്മയോടവർ തുറന്നു പറഞ്ഞു. ഭർത്താവിന്റെ മരണവും, മത്തായിച്ചന്റെ താന്തോന്നിത്തവും, കൊലക്കേസും, ജയിൽവാസവും എല്ലാമെല്ലാം. ഒരേയൊരാഗ്രഹമേ അവർക്കിനിയുള്ളൂ. മത്തായിച്ചനെ ഒരു നോക്കു കണ്ടിട്ടു മരിക്കുക. അതു സാധിച്ചുകൊടുക്കാമെന്നു ചിന്നമ്മ ഉറപ്പിച്ചു പറയുന്നു. അവൾ ആരാണ്? എന്തടിസ്ഥാനത്തിലാണതു പറയുന്നതു്. ഒന്നും അവർക്കറിഞ്ഞുകൂടാ!

"മോളെ!" ഒരു സായാഹ്നത്തിൽ ക്ലാരച്ചേടത്തി വിളിച്ചു.

"എന്തോ?"

"ഞാനൊന്നു ചോദിച്ചോട്ടെ."

"എന്തു വേണേലും ചോദിക്കാമല്ലൊ."

"മോളേതാ....?"

"അമ്മയുടെ മകൾ...."

"അതെ, എന്റെ മോൾതന്നെയാ...എന്നാലും.."

"അമ്മയ്ക്കെന്താണു വിഷമമെന്നു പറഞ്ഞാട്ടെ."

"ഒന്നുമില്ല മോളെ. നീ വന്നേപ്പിന്നെ എനിക്കു പരമാനന്ദസുഖമാ...."

"അമ്മയുടെ സുഖംതന്നെയാണ് എന്റെ സുഖം."

ഭൂമിമാർക്ക് കുടകൾ
നോക്കി വാങ്ങുവിൻ!
കച്ചവടക്കാർക്ക് പ്രത്യേക നിരക്ക്.
ജോസ് അമ്പ്രല്ലാ മാനുഫാക്ചറിങ്ങ് കമ്പനി
ഹൈറോഡ് :: തൃശൂർ-1.


മഞ്ഞിലാസിന്റെ ആട്മാക്ക്
ശീലക്കുടകൾ
ഉപയോഗിക്കുക.
ആട്ടമാക്ക് കുടകൾ എല്ലാ കച്ചവട
ക്കാരിൽനിന്നും ലഭിക്കുന്നു.
മിതമായ വിലയ്ക്ക് മികച്ച സേവനം
മഞ്ഞിലാസ് അമ്പ്രല്ലാ മാർട്ട്
പോസ്റ്റ് ഓഫിസ് റോഡ് തൃശൂർ-1
KRISHNA & Co.


വിവിധ ഭാരതി
ജനസമ്മതി നേടിയ ലഘുസംഗീത-പരിപാടി
* രണ്ടു ഷോർട്ട് വേയ്‌വ് ട്രാൻസ്മിററുകൾ മുഖേനയും അനവധി മീഡിയം വേയ്‌വ് ട്രാൻസ്മിററുകൾ മുഖേനയും രാജ്യത്തിൻെറ നാനാഭാഗങ്ങളിലും ശ്രവിക്കാം.
* എല്ലാ ദിവസങ്ങളിലും 11 മണിക്കൂർ 15 മിനിട്ടു നേരത്തെ പ്രക്ഷേപണം. ഞായറാഴ്ചകളിലും പ്രധാനപ്പെട്ട ഒഴിവുദിനങ്ങളിലും 12 മണിക്കൂർ 30 മിനിട്ടു നേരത്തെ പ്രക്ഷേപണം.
* എല്ലാ ദിവസവും ശ്രോതാക്കൾ ആവശ്യപ്പെട്ട ഗാനങ്ങൾ പ്രക്ഷേപണം ചെയ്യുന്ന നാലു പരിപാടികൾ:—മനോരഞ്ജൻ, മൻ ചാഹേ ഗീത്, മധുരഗീതം (കർണ്ണാടക സംഗീതം) എന്നിവ ഒരുമണിക്കൂർ വീതം. ജയമാല (സായുധ സൈനികർക്കുള്ള പരിപാടി) അര മണിക്കൂർ
* ഇവയ്ക്കു പുറമെ ആകാശവാണി നിലയങ്ങൾ അവതരിപ്പിക്കുന്ന ഒന്നാംകിട ലഘുസംഗീതപരിപാടികൾ.
* കൂടാതെ, ഹവാ മഹൽ, അപ്‌നാ ഘർ എന്നീ പരിപാടികളിലും മററു പരിപാടികളിലും നാടകങ്ങൾ, പ്രഹസനങ്ങൾ, പ്രഭാഷണങ്ങൾ തുടങ്ങിയവയും നിങ്ങൾക്കെത്തിയ്ക്കുന്നു.
വിശദവിവരങ്ങൾക്കു് എ.ഐ.ആർ. വിവിധ ഭാഷകളിൽ പ്രസിദ്ധീകരിയ്ക്കുന്ന പ്രോഗ്രാം ജേർണ്ണലുകൾ നോക്കുക.
നിങ്ങളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അറിയാൻ ഞങ്ങൾക്കു താല്പര്യമുണ്ടു്. അവ താഴെപ്പറയുന്ന മേൽവിലാസത്തിലേക്കു് അയയ്ക്കുക:— ആൾ ഇന്ത്യാ റേഡിയോ
പോസ്റ്റ് ബോക്സ് നമ്പർ 1134 ബോംബെ
DA 64/375

"നീയങ്ങനെ പറയാൻമാത്രം ഞാൻ പുണ്യമൊന്നും ചെയ്തിട്ടില്ല മോളെ.''

"എല്ലാവരുടേയും പുണ്യവും പാപവും വിധിക്കുന്നതു ദൈവം ഒരാൾ മാത്രമാണമ്മേ''.

''അതു നേരാ, ദൈവം എൻെറ പാപത്തിനു തന്ന ശിക്ഷയാ ഇതൊക്കെ.''

അതുപോലെ എൻെറ പാപവും അവിടുന്നു് അളന്നു തൂക്കി വച്ചിട്ടുണ്ടു്.

"മോൾക്കു പാപമില്ല; മോളൊരു മാലാഖായാ."

''മനുഷ്യരെല്ലാം പാപികളാണമ്മേ!....''

''അതു നേരാ. പാപത്തിൻെറ ശിക്ഷയാ മരണം. എന്നിട്ടും മരണത്തിൻെറ വായിൽനിന്നു് എൻെറ മോൾ എന്നെ മാററി മാററി നിറുത്തുന്നു.''

"എല്ലാം ദൈവനിശ്ചയമാ.''

"പക്ഷെ ഒന്നുമാത്രം ദൈവം നിശ്ചയിച്ചിട്ടില്ല മോളെ."

''എന്താണു്?"

"എൻെറ മോനെ എനിക്കൊന്നു കാണാൻ."

''അമ്മയുടെ മകൻ നാളെ വരും"

"എൻെറ മോളെ! നീ പിന്നെയും പിന്നെയും എന്നെ ആശ പിടിപ്പിക്കുന്നു." ആ വൃദ്ധ നിരുദ്ധകണ്ഠയായി. അവരുടെ ക്ഷീണിച്ച കണ്ണുകൾ ചിന്നമ്മയുടെ മുഖത്തു തറച്ചുനിന്നു.

"നാളെ തീർച്ചയായും അമ്മയ്ക്കു മകനെ കണാം" അവൾ ഉറപ്പിച്ചു പറഞ്ഞു.

അതു സംഭവിച്ചു. മത്തായിച്ചനു ജാമ്യം കിട്ടി. അവൻ അമ്മയുടെ അടുക്കൽ ഓടിയെത്തി. ചിരപ്രതിക്ഷിതമായ കൂടിക്കാഴ്ച!! ആ അമ്മയും മകനും തങ്ങളെത്തന്നെ മറന്നുപോയി.

ഒരു പിടി അസ്ഥിപഞ്ജരമായിത്തീർന്ന അമ്മ മകൻെറ കരവലയത്തിലമർന്നു. ആ ശുഷ്കിച്ച കൈകൾ എത്ര തവണ അവനെ അങ്ങനെ വാരിപ്പുണർന്നിട്ടില്ല!

മത്തായിച്ചൻെറ രോമാവൃതമായ കവിൾത്തടങ്ങളിൽ അമ്മയുടെ ചുംബനങ്ങൾ നിരന്നു നിരന്നു വീണു. ആ ശുഷ്കിച്ച കപോലങ്ങളിൽ അവൻ ക്ഷമാപണത്തിൻെറ മുദ്ര പതിച്ചു. വികാരങ്ങൾ വീർപ്പുമുട്ടി വിങ്ങിപ്പൊട്ടുന്ന നിമിഷങ്ങൾ! അപകടംപിടിച്ച ചുഴിപോലും ഔചിത്യവേദിയെപ്പോലെ കുറച്ചു നേരത്തേയ്ക്കു മാറിനിന്നു. നാലു കണ്ണുകൾ നിറഞ്ഞു കവിഞ്ഞു; സ്നേഹത്തിൻെറയും കൃതജ്ഞതയുടെയും തെളിനീർച്ചാലുകൾ ഒഴുകിയണഞ്ഞു് ഒന്നായിത്തീരുകയാണു്, ഹിമനിർമ്മലയായ ഗംഗയും ഇന്ദ്രനീലിമയാർന്ന യമുനയുംപോലെ.

നിശ്ശബ്ദയായി ആ രംഗം നോക്കിനിന്ന ചിന്നമ്മയുടെ നേത്രങ്ങളും നിറഞ്ഞൊഴുകിപ്പോയി.

അദൃശ്യയായ ഭാഗീരഥി അവളിൽക്കൂടി ഒഴുകിയിറങ്ങിയതാവാം! അങ്ങനെ അവിടെ അതിവിശുദ്ധമായ ത്രിവേണി സംഗമം നടന്നു.

"മോനേ" ഒരു സ്നേഹത്തിൻെറ മഹാകാവ്യം ആ വിളിയിലുണ്ടു്.

"അമ്മേ!" ക്ഷമാപണത്തിൻെറ ഒരു നെടുനെടുങ്കൻ സന്ദേശം....

വീണ്ടും നിശ്ശബ്ദതയാണു്. വാചാലമായ നിശബ്ദത. ജന്മജന്മാന്തരങ്ങളിൽ ആയുസ്സും ആരോഗ്യവും മക്കൾക്കു പങ്കിട്ടു കൊടുക്കുന്ന മാതൃത്വത്തിൻെറ മഹാത്യാഗം അവിടെ ഉറഞ്ഞുകൂടി നില്ക്കുന്നു.

"മതി! ഇതു മതി...."

"മാപ്പു്...."

"മോനേ!....''

"അമ്മ എനിക്കു മാപ്പു തരൂ....അമ്മേ!...." ഒരു പൊട്ടിക്കരച്ചിൽ അരങ്ങേറുകയാണു്. മത്തായിച്ചൻ ഒരു ശിശുവിനേപ്പോലെ തേങ്ങിത്തേങ്ങി കരഞ്ഞു.

''എൻെറ മോനു നന്മ വരും."

"എൻെറ അമ്മ ഒരു കല്പവൃക്ഷമാണു്...."

"അല്ല മോനെ! ആദിമാതാപിതാക്കന്മാരെ പിഴപ്പിച്ച പാപത്തിൻെറ വൃക്ഷം."

"അല്ല; എനിക്കു തരാൻ പാടില്ലാത്തതായി എൻെറ അമ്മയ്ക്കു് ഒന്നുമില്ല."

"ശരിയാ....എൻെറ മോനു ഞാൻ എല്ലാം തന്നു കഴിഞ്ഞില്ല; ഇനിയും...."

''ഇനിയും....?"

"ഇനിയും ഒന്നുകൂടെ തരാനുണ്ടു്.''

''എൻെറ അമ്മ എന്തു തന്നാലും അതു് എൻെറ നന്മയ്ക്കാണു്....''

"എവിടുന്നാണെന്നു മോൻ ചോദിക്കരുതു്."

''ഇല്ല."

"എന്തിനെന്നന്വേഷിക്കരുതു്."

"ഇല്ല."

"ഇഷ്ടമില്ലാത്തതാണെങ്കിലും നീ വെറുക്കരുതു്."

"ഇല്ലമ്മ ഒരിക്കലുമില്ല."

"മോളെ!" അവരുടെ കണ്ണുകൾ ചിന്നമ്മയുടെ മുഖത്തേയ്ക്കു നീണ്ടു. അവൾ അല്പംകൂടെ അടുത്തു നിന്നു. അവളുടെ വലത്തുകൈ പിടിച്ചു മത്തായിച്ചൻെറ കൈകളിൽ അവർ അർപ്പിച്ചു.

"എൻെറ മോനു് അമ്മയുടെ ഏററവും ഒടുവിലത്തെ സമ്മാനം...."

''അമ്മേ!....'' ചിന്നമ്മയുടെ കണ്ണുകളിൽ ലജ്ജയുടെ ഒരു മഴവില്ലു തെളിയുകയായിരുന്നു.

ദിവസങ്ങൾ നീങ്ങി. മത്തായിച്ചൻ വീട്ടിലെത്തി. ചിതലും ചുക്കിലിയും പിടിച്ചു കിടന്ന വീടു് അടിച്ചു വെടിപ്പാക്കി. അയൽക്കാർ ഓടിയെത്തി. 'പുറപ്പെട്ടുപോയ മത്തായിച്ചൻെറ തിരിച്ചുവരവു് അവർക്കൊരു സദ്വാർത്തയായിരുന്നു. ക്ലാരച്ചേടത്തിയുടെ, കരളലിയിക്കുന്ന യാതനകൾ അവരെല്ലാം മാറിമാറി വിവരിച്ചു. നിറഞ്ഞ കണ്ണുകളോടെ മത്തായിച്ചൻ എല്ലാം കേട്ടു

നിന്നു. വികാരിയച്ചനെക്കണ്ടു് എല്ലാ വിവരങ്ങളും വിശദമായി അറിയിച്ചിട്ടു് അവൻ ഉടൻതന്നെ തിരിച്ചുപോയി.

ചിന്നമ്മയും നാട്ടിൽ പോയിട്ടു മടങ്ങിയെത്തി. അവൾ ഒരു തടിച്ച കവർ മത്തായിച്ചനെ ഏല്പിച്ചു.

"ഇതെന്താണു്?"

"രൂപാ...."

"എന്തിനു്?"

"ആവശ്യമില്ലേ?"

"ആവശ്യമുണ്ടു്; പക്ഷെ...."

"പക്ഷെ . ?"

"ചിന്നമ്മയ്ക്കു് ഇപ്പോഴേ ഞാൻ കടക്കാരനാണു്; ഇനിയും കടം വാങ്ങിയാലോ?"

"കടമെല്ലാം തീരും"

"എന്നു്?"

"ഉടനെത്തന്നെ"

"ചിന്നമ്മ ചിതലു പിടിച്ച വീടും രോഗം പിടിച്ചവശയായ ഒരമ്മയും മാത്രമാണെന്റെ സ്വത്തു്."

"എനിക്കാരുടേയും സ്വത്തു വേണ്ടാ" അവളുടെ നോട്ടം അർത്ഥവത്തായിരുന്നു.

"പിന്നെ?"

"വഞ്ചനയില്ലാത്ത ഒരു ഹൃദയം."

"അതെനിക്കുണ്ടോ?"

"ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നു."

"എങ്കിൽ എന്റെ ഭാഗ്യം."

"ഇതു വാങ്ങിക്കു"

"എന്തവകാശം വച്ചു്?"

"എന്റെ സ്ത്രീധനം...."

*           *           *           *

അങ്ങനെ തികച്ചും പുതുമയുള്ള ആ 'പണംകൊടുക്കൽ' നടന്നു. മററാരെയും സാക്ഷി നിറുത്താതെ വധുതന്നെ വരനെ സ്ത്രീധനമേല്പിക്കുക. ചരിത്രം ചില ആചാരങ്ങൾ പൊളിച്ചെഴുതേണ്ടിവന്നു.

ഫാദർ ജെറോം എത്രാനും കത്തുകൾ കൈമാറി, ചിന്നമ്മയുടെയും മത്തായിച്ചന്റെയും ഇടവകവികാരിമാരുടെ പേക്കു്. അവരുടെ മറുപടികൾ വന്നുകൊണ്ടിരുന്നു. ഏററവുമൊടുവിൽ അവരുടെ വിവാഹം നടത്തുന്നതിനുള്ള അനുവാദപത്രികയും അദ്ദേഹത്തിനു കിട്ടി.

അനാർഭാടമായി ഒരു വിവാഹം ഫാദർ ജെറോമിന്റെ കാർമ്മികത്വത്തിൽ നടന്നു. അതിൽ സംബന്ധിക്കുവാൻ ക്ലാരേച്ചടത്തിയെ രണ്ടു ദിവസത്തേയ്ക്കു ജയിലിൽ നിന്നു മോചിപ്പിച്ചു. അവരുടെ മുഖം ആനന്ദം കൊണ്ടു തിളങ്ങി: ആ ശോഷിച്ച മാംസപേശികളിൽ നവചൈതന്യം ഓളം തല്ലി. തന്റെ കുടുംബം അടുത്ത തലമുറയിലേയ്ക്കു പദമൂന്നുകയാണു്. നാശോന്മുഖമായിരുന്ന തറവാട്ടിൽ പൊൻപുലരി ഉദയം ചെയ്യുന്നു. മൺമറഞ്ഞാലും തന്നെ അനുസ്മരിക്കുന്ന ഒരു പുത്തൻ തലമുറ നിലനില്ക്കും.

മകനും മരുമകളുമൊന്നിച്ചു താമസിക്കുവാൻ ക്ലാരേച്ചടത്തിയെ നിയമം അനുവദിച്ചില്ല. അവർ ഒരു തടവുപുള്ളിയാണു്.

ഒരു വാടകക്കെട്ടിടത്തിൽ മത്തായിച്ചനും ചിന്നമ്മയും താമസമാക്കി. ക്ലാരച്ചേടത്തി ജയിലിൽനിന്നു മോചിതയായിട്ടേ അവർ നാട്ടിലേയ്ക്കു പോകുന്നുള്ളൂ. പുനർവ്വിചാരണയിലിരിക്കുന്ന കേസ്സ് നടത്തുകയും വേണം.

അമ്മയെ പരിചരിക്കുകയും അവരുടെ ആവശ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുന്നതിലാണു് മത്തായിച്ചന്റെ സർവ്വശ്രദ്ധയും. ഔഷധങ്ങളും പോഷകാഹാരങ്ങളും അവൻ വളരെയധികം വാങ്ങിച്ചു. അവനും ചിന്നമ്മയും ജയിലിലെ സ്ഥിരം സന്ദർശകരാണു്. അവിടെയുള്ള എല്ലാ ഉദ്യോഗസ്ഥന്മാരെയും അവർക്കു പരിചയമായി. ക്ലാരച്ചേടത്തിയുടെ ത്യാഗത്തിന്റെ കഥ എല്ലാവരുമറിഞ്ഞു. നിയമത്തിന്റെ തടങ്കൽപ്പാളയത്തിൽ വീർപ്പുമുട്ടിക്കഴിയുന്ന സത്യത്തിന്റെ പ്രതീകമാണവർ. അവർക്കു് എന്തു സഹായം ചെയ്യുന്നതിനും ആർക്കും വൈമനസ്യമില്ല.

ക്ലാരേച്ചടത്തിയുടെ ക്ഷീണം ക്രമേണ മാറി. ഒരു കുലാംഗനയുടെ പ്രൗഢിയും ഓജസ്സും ഇപ്പോൾ ആ മുഖത്തിനുണ്ടു്. വല്ലപ്പോഴും ചുമയും പനിയുമുണ്ടാകുന്നതൊഴികെ അവർക്കസുഖമൊന്നുമില്ല.

"അവർ ക്ഷയരോഗിണിയാണു്. എന്നാലും നല്ല ഭക്ഷണവും മരുന്നുമുപയോഗിച്ചാൽ പേടിക്കാനൊന്നുമില്ല. ഹൃദയവും അല്പം ബലഹീനമാണെന്നു തോന്നുന്നു." ജയിൽ ഡോക്ടറുടെ അഭിപ്രായമാണതു്.

മത്തായിച്ചൻ ഒരു ഹൃദ്രോഗവിദഗ്ദ്ധനെക്കൊണ്ടു് അമ്മയെ പരിശോധിപ്പിച്ചു. അദ്ദേഹം നിർദ്ദേശിച്ച മരുന്നുകളെല്ലാം അവൻ വാങ്ങിക്കൊടുത്തു. അങ്ങനെ വാർദ്ധക്യകാലത്തു് അവരുടെ ജീവിതത്തിൽ സൗഭാഗ്യം കുടിയേറിപ്പാർക്കുകയാണു്.

ബാരിസ്റ്റർ മേനോൻ ഏററവും സമർത്ഥമായി കേസ്സു നടത്തി. അദ്ദേഹത്തിന്റെ അപ്പീൽവാദം പത്രപംക്തികളിൽ സ്ഥലം പിടിച്ചു. ആരുമേതുമറിയാതെ വർഷങ്ങൾക്കു മുമ്പു് ഒരു ഓണംകേറാമൂലയിൽ നടന്ന കൊലപാതകം എല്ലാവരുടെയും ശ്രദ്ധാവിഷയമായി. പ്രതികളെല്ലാവരെയും പിടികിട്ടിയിരിക്കുന്ന സ്ഥിതിക്കു കേസു് പുനർവ്വിചാരണയ്ക്കയയ്ക്കാൻ ഹൈക്കോടതി ഉത്തരവായി. അങ്ങനെ സെഷൻസിൽ വീണ്ടും കേസു വിചാരണ നടന്നു.

ആഴ്ചകളും മാസങ്ങളും കടന്നുപോയി. പ്രപഞ്ചചക്രം നില്ക്കാതെ തിരിയുകയാണു്. അവിടെ താഴ്ചകൾക്കും ഉയർച്ചകൾക്കും സ്ഥാനമില്ല.

ഒരു സുപ്രഭാതം. ചൂടുള്ള പുത്തൻവാർത്തയുമായിട്ടാണു് അന്നത്തെ ദിനപ്പത്രങ്ങൾ പുറത്തു വന്നതു്. ഗോപാലൻ വധക്കേസു പുനർവ്വിചാരണ കഴിഞ്ഞു വിധി

(ശേഷം 395-ാം പേജിൽ)

# കൊളേജിയാലിററി — മെത്രാന്മാരുടെ കൂട്ടുത്തരവാദിത്വം

ഫാദർ വടക്കൻ.

രണ്ടാം വത്തിക്കാൻ സൂനഹദോസ് "മല എലിയെ പ്രസവിച്ചപോലെ" അവസാനിച്ചേയ്ക്കും എന്ന് സംശയിക്കുന്നവരുണ്ട്. പോപ്പ് ജോൺ പൊയ്പ്പോയതോടെ സംഗതികളെല്ലാം ആറിത്തണുത്തുകഴിഞ്ഞിരിക്കുന്നു എന്നാണ് അത്തരക്കാരുടെ നിഗമനം. കുടുംബാസൂത്രണത്തോടുള്ള സഭയുടെ സമീപനത്തിൽ അല്പം അയവു വരുത്തുകയും അണ്വായുധങ്ങളെ അപലപിക്കുകയും ചെയ്ത് കൗൺസിൽ കലാശിക്കുമെന്ന് അവർ ശങ്കിച്ചുതുടങ്ങിയിരിക്കുന്നു.

കൗൺസിലിൻെറ ആലോചനകളിൽ പ്രഥമസ്ഥാനം വഹിക്കുന്ന വിപ്ലവാത്മകമായ ഒന്നിനെപ്പററി അവർ ആഴത്തിൽ ചിന്തിക്കാത്തതുകൊണ്ടാണ് ഈ ആശയക്കുഴപ്പം പിണഞ്ഞിട്ടുള്ളത്. രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ ഏററവും വലിയ വിഷയം മെത്രാന്മാരുടെ കൊളേജിയാലിററി (Collegiality) യെ ഔപചാരികമായും വ്യക്തമായും അംഗീകരിക്കണമോ വേണ്ടയോ എന്നതായിരുന്നു. കൊളേജിയാലിററി എന്ന ആശയത്തെ അതിരൂക്ഷമായി എതിർത്തിരുന്ന പലരും റോമൻ കൂരിയായിൽ ഉണ്ടായിരുന്നു.



മാർപ്പാപ്പയും മെത്രാന്മാരും കൂടി ലോകജനതയെ മുഴുവൻ നയിക്കുകയും രക്ഷിക്കുകയും ചെയ്യുക എന്നതാണ് കൊളേജിയാലിററി അഥവാ മെത്രാന്മാരുടെ കൂട്ടുത്തരവാദിത്വം എന്നതിൻെറ അർത്ഥം. പോപ്പിനെ ഉപദേശിക്കാൻ മെത്രാന്മാരുടെ ഒരു സെനററോ സിൻഡിക്കേററോ രൂപീകരിക്കുന്നതോടെ അവസാനിക്കുന്നതല്ല കൊളേജിയാലിററിയുടെ ദൗത്യം.

ഇന്നുവരെ, അങ്ങോട്ടുമിങ്ങോട്ടും തിരിഞ്ഞുനോട്ടത്തിന് നിവൃത്തിയില്ലാത്തവണ്ണം കട്ടത്ത അതിർത്തിഭിത്തികളുള്ള മൂവായിരത്തോളം രൂപതാകള്ളികൾ തിരിച്ച് ഒരോ കള്ളിയിലും ഓരോ ഇനം ആടുകളേയും അവയെ നോക്കാൻ ഒരു പ്രത്യേക ഉപ ഇടയനേയും ഇട്ട് എല്ലാററിൻേറയും പൊതുഇടയനായി പോപ്പിനേയും വെച്ച് കഴിഞ്ഞുകൂടിയിരുന്ന ഒരു പട്ടതൊഴുത്തായിരുന്നു ക്രിസ്തുവിൻെറ ആ "ഏകതൊഴുത്ത്." ഒരർത്ഥത്തിൽ അത് "ഒരു തൊഴുത്തും ഒരു ഇടയനും" തന്നെയായിരുന്നുവെന്ന സമ്മതിക്കാം. പക്ഷേ ഓരോ കള്ളിക്കും ഓരോ ഉപഇടയനെ വെയ്ക്കുകയും ഒരു കള്ളിയിലെ ആടുകളേയും ഉപഇടയനേയും ചെന്നായ പിടിക്കുന്ന കാര്യം മററ കള്ളിയിലെ ആടുകളോ ഉപഇടയനോ അറിയാത്തവിധം നടുക്ക് ഭിത്തി പൊക്കിക്കെട്ടുകയും ചെയ്തതിനാൽ ആ തൊഴുത്തിനെ പ്രയോഗത്തിൽ "ഏക തൊഴുത്ത്" എന്ന വിളിക്കാൻ പ്രയാസമുണ്ടായിരുന്നു.

"എൻെറ രൂപത, എൻെറ രൂപത" എന്നല്ലാതെ എൻെറ ലോകജനത എന്ന ചിന്ത മെത്രാന്മാരിൽ കുറയാനിടവരുത്തിയ ആ കന്മതിലിനെ പൊളിച്ചു എന്നതാണ് കൗൺസിലിൻെറ വലിയ നേട്ടം. പത്രോസും അപ്പസ്തോലസംഘത്തിലെ മററുള്ളവരുംകൂടി ഭൂതലത്തിലെ മുഴുവൻ സഭയുടേയും കാര്യം കൂട്ടുത്തരവാദിത്വബോധത്തോടെ നടത്തിയിരുന്നതുപോലെ മേലാൽ റോമിൻെറ മെത്രാനായ പോപ്പും ഭൂഗോളമെങ്ങുമുള്ള മററ മെത്രാന്മാരും ഒന്നിച്ച് മനുഷ്യരാശിയുടെ വിശുദ്ധീകരണത്തിനും ക്ഷേമജീവിതത്തിനുമായി സംഘാതമായി നീങ്ങുക എന്ന വിപ്ലവാത്മകമായ ഒരു പരിഷ്കാരമാണ് കൊളേജിയാലിററിമൂലം ഉണ്ടാകുന്നത്.

മാർപ്പാപ്പയും മെത്രാന്മാരും ഒരുമിച്ച് ലോകജനതയുടെ — മിശിഹായുടെ മൗതികശരീരമായ ആ വിശാല സഭയുടെ — സമുദ്ധരണാർത്ഥം പ്രവർത്തിക്കുക എന്നുവെച്ചാൽ മനുഷ്യരാശി ഒന്നടങ്കം ഒത്തുചേർന്ന് ഒരു പുതിയ ലോകത്തിനുവേണ്ടി പ്രവർത്തിക്കുക എന്നാണർത്ഥം. എന്തുകൊണ്ടെന്നാൽ വൈദികരും അല്മായരും അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാരുടെ രക്ഷണീയവേലയെ വിജയിപ്പിക്കുന്ന സഹായികളും ധർമ്മഭടരുമാണ്. കത്തോലിക്കരെ മാത്രമല്ല, പിന്നെയോ, മുഴുവൻ മനുഷ്യരേയും ധാർമ്മികമായും സാമൂഹികമായും സാംസ്കാരികമായും കൂട്ടുപ്രവർത്തനത്തിൽ ഉൾപ്പെടുത്തി ഉയർത്തുക എന്നതാണ് സഭയുടെ ലക്ഷ്യം. ഒരു കന്മതിലും ഇടയ്ക്കു കെട്ടിപ്പൊക്കാൻ ക്രിസ്തു സമ്മതിക്കുന്നില്ല. ആയതിനാൽ "ആകാശങ്ങളിലെ അപ്പച്ചൻ" ഭൂമിയിലെ മക്കളിൽ ഒരു പുതിയ സാഹോദര്യം കെട്ടിപ്പൊക്കാൻ, മെത്രാന്മാരുടെ കൊളേജിയാലിററിയെപ്പററി പ്രഖ്യാപിക്കാൻ കൗൺസിലിനെ പ്രേരിപ്പിച്ചു എന്നാണ് ഈ ലേഖകനു തോന്നുന്നത്.

റോമൻ കൂരിയായ്ക്കു് കുച്ചുവിലങ്ങിടാൻ മാത്രമായി കുത്തിയ ഒരു കുരുവല്ല ഈ കൊളേജിയാലിററി. ഈ കുരു മുളച്ചു പൊന്തി, പടർന്നു പന്തലിച്ചു് ഒരു വൻമരമാകാനുള്ളതാണു്. എല്ലാ പറവകളും അതിന്മേൽ കൂടു കൂട്ടും. എല്ലാ പഥികർക്കും അതു് തണലേകും. അതിന്റെ പൂവിൽനിന്നു് ലോകമെങ്ങും പുതുപൂന്തേനൊഴുകും. അതിന്റെ പഴങ്ങൾ ഭക്ഷിച്ചു് ജനങ്ങൾ ജീവിക്കുകയും വളരുകയും ചെയ്യും.

ലത്തീൻകാരേയും സുറിയാനിക്കാരേയും, വടക്കുംഭാഗക്കാരേയും തെക്കുംഭാഗക്കാരേയും, അഞ്ഞൂററികളേയും എഴുന്നൂററികളേയും, കത്തോലിക്കരേയും കത്തോലിക്കരല്ലാത്തവരേയും, കറുത്തവരേയും വെളുത്തവരേയും, കിഴക്കിനേയും പടിഞ്ഞാറിനേയും ഒരുപോലെ സ്നേഹിക്കുന്നതും ഒന്നിച്ചുയർത്തുന്നതുമായ ഒരു വിശാലചക്രവാളമാണു് 'കൊളേജിയാലിററി' പൊക്കിക്കാണിക്കുന്നതു്.

ഈ പരിഷ്കാരത്തോടെ കത്തോലിക്കാസഭ ജനാധിപത്യപരമായ ഒരു വൃത്തത്തിലേയ്ക്കു പൂർവ്വാപരിപരിവേഷത്തോടെ പ്രവേശിച്ചിരിക്കുന്നു. മെത്രാന്മാരുടെ പ്രാതിനിധ്യമുള്ള ഒരു സംഘം മാർപ്പാപ്പയുടെ സാന്നിധ്യത്തിൽ സഭയെ നയിക്കുക എന്ന ആത്യന്തികമായ ഒരു ഭരണഘടനാപരിവർത്തനമാണു് ഇതുമൂലം സംജാതമാവുക. കർദ്ദിനാളന്മാരെ തെരഞ്ഞെടുക്കുന്നതിലും ഈ ഉപദേശകസമിതി വലിയ പങ്കു വഹിക്കും. തന്മൂലം മാർപ്പാപ്പമാർതന്നെ കൂടുതൽ ജനകീയസ്വഭാവത്തോടുകൂടിയ ഒരു സരണിയിലൂടെയാണു് ഉണ്ടായിവരിക.

ഒന്നാം വത്തിക്കാൻ സൂനഹദോസിൽ ആഫ്രോ-ഏഷ്യൻ വൻകരക്കാരനായ ഒരൊററ മെത്രാൻപോലും ഉണ്ടായിരുന്നില്ലത്രെ. എന്നാൽ രണ്ടാം വത്തിക്കാൻ സൂനഹദോസിലെ എഴുന്നൂറിൽപ്പരം പിതാക്കന്മാർ ആഫ്രോ-ഏഷ്യൻ പ്രദേശങ്ങളെ പ്രതിനിധാനംചെയ്യുന്നവരാണു്. അവരിൽ ബഹുഭൂരിപക്ഷവും തദ്ദേശീയ മെത്രാന്മാരുമാണു്. കത്തോലിക്കാസഭയെ ഒരു "പാശ്ചാത്യസഭ"യായി കരുതിയിരുന്നവരെ കണ്ണു തുറപ്പിക്കുന്ന കാഴ്ചകളാണു് ഇവ. പോർച്ചുഗീസ് ഗവർമ്മെണ്ടും സ്പാനിഷ് ഗവർമ്മെണ്ടും സമർപ്പിക്കുന്ന ലിസ്റ്റിൽനിന്നു മാത്രമേ ആ രാജ്യങ്ങളിലേയ്ക്കുള്ള മെത്രാന്മാരെ മാർപ്പാപ്പ തെരഞ്ഞെടുക്കാവൂ എന്ന വഴക്കം ഇപ്പോഴും പാലിക്കപ്പെടുന്നുണ്ടു്. രാജാക്കന്മാർക്കും രാജ്യത്തലവന്മാർക്കും ഉള്ള അവകാശങ്ങൾ ജനങ്ങളിലേയ്ക്കു പകരപ്പെടുന്ന ഒരു ജനാധിപത്യയുഗമാണല്ലൊ ഇതു്. ആ സ്ഥിതിയ്ക്കു് അതതു് രൂപതകളിലെ അല്മായരും വൈദികരും ചേർന്നു് തെരഞ്ഞെടുക്കുന്ന പ്രതിനിധികളുടെ ലിസ്റ്റിൽനിന്നു് റോമാസിംഹാസനം മെത്രാന്മാരെ തെരഞ്ഞെടുക്കുക എന്ന ഒരു പരിഷ്കാരം ഭാവിസഭയിൽ ഉണ്ടാവുകയില്ലെന്നു് തീർത്തുപറയാൻ ആർക്കു സാധിക്കും? അല്മായരും വൈദികരും കൂടി മെത്രാന്റെ സാന്നിദ്ധ്യത്തിൽ രൂപതാഭരണം നടത്തുകയെന്ന ഒരു "നവീന കൊളേജിയാലിററി"യുടെ സാധ്യതകളെപ്പററി സഭയിലെ ഉന്നതരായ ദൈവശാസ്ത്രജ്ഞന്മാർ ചിന്തിച്ചുതുടങ്ങിയിട്ടുണ്ടു്. ഇനിയത്തെ സൂനഹദോസിലെ ഒരുഗ്രചർച്ചാവിഷയംതന്നെ ഇതാവാൻ വഴിയുണ്ടു്.

പണമുള്ള ഒരു പള്ളിയിൽ പതിനായിരം രൂപയുടെ കരിമരുന്നു് കത്തിക്കുമ്പോൾ അടുത്ത വേറൊരു പാവപ്പെട്ട പള്ളിയിൽ അപ്പവും വീഞ്ഞും വാങ്ങാനും, കാസയും പീലാസയും പൂശാനും കാശില്ലാതെ കഷ്ടപ്പെടുക എന്ന "വൈരുദ്ധ്യം" ഈ കൊളേജിയാലിററിമൂലം ഇല്ലാതെയാകുമെന്നു് നമുക്കു പ്രത്യാശിക്കാം. രൂപതകളുടെയും ഇടവകകളുടെയും ഇടുങ്ങിയ വൃത്തത്തിൽ കിടന്നു ശ്വാസംമുട്ടുന്ന പല തീവ്രപ്രശ്നങ്ങൾക്കും വിശാലപശ്ചാത്തലത്തിൽവെച്ചു് പരിഹാരം കാണാനുള്ള കാൽവെപ്പാണു് കൊളേജിയാലിററി.

"എന്റെ ഇടവക, എന്റെ രൂപത" എന്നതിനു പകരം "ഞങ്ങളുടെ ഇടവകകൾ, ഞങ്ങളുടെ രൂപതകൾ" എന്നു പറയാനേ നമുക്കിനി സാധിക്കൂ. വർണ്ണം, ഭാഷ, ദേശം, റീത്തു്, എന്നിവയ്ക്കതീതമായി മെത്രാന്മാരെ ലോകത്തിന്റെ നാനാഭാഗങ്ങളിലേയ്ക്കും സ്ഥലം മാററണമെന്ന ഒരു നിർദ്ദേശവും കൗൺസിലിന്റെ പരിഗണനയിൽ ഇരിക്കുന്നുണ്ടെന്നു് കേട്ടു. ഏകലോകപരത്വത്തിലേയ്ക്കും ഏകലോക ഗവർമ്മെണ്ടിലേയ്ക്കും കുതിക്കുന്ന മനുഷ്യരാശിക്കു കത്തോലിക്കാ സഭയുടെ ഇത്തരം നീക്കങ്ങൾ നല്ലൊരു ശുക്രനക്ഷത്രമായിരിക്കും; തീർച്ച.

Ring up 436

FOR

*All Your Medical Requirements*

**PALLAN A. ANTONY**

PALLAN MEDICAL STORES

P. O. ROAD :: **TRICHUR-1.**

# സാധന — തുക്കാറാം

സമ്പാദകൻ: **ജോൺ അറയ്ക്കൽ, പൂന**

ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ അക്രൈസ്തവമതങ്ങൾക്കുള്ള സ്ഥാനം കൂടുതൽ വ്യക്തമായി വരികയാണ്. വെറും അന്ധവിശ്വാസങ്ങളും വിഗ്രഹാരാധനയുമല്ല അന്യമതങ്ങൾ. മാനുഷികമായ വഴിതെററലുകളുണ്ടെങ്കിലും, ദൈവത്തിന്റെ പൂർണ്ണവെളിപാടിനെ ലക്ഷ്യമാക്കിയുള്ള തപ്പിത്തടയലുകളും (gropings) തയ്യാറാവലുകളുമാണവ. എല്ലാമനുഷ്യരും സ്വഭാവാതീത തലത്തിലേയ്ക്കു ഉയർത്തപ്പെട്ടിരിക്കുന്നതുകൊണ്ട്, പരിശുദ്ധാരൂപിയുടെ പ്രവർത്തനങ്ങൾ അന്യമതസ്ഥരിലും കാണാം. യഥാർത്ഥമായ ആദ്ധ്യാത്മികമൂല്യങ്ങൾ മററമതങ്ങളിലുമുണ്ട്. അവയെ ക്രിസ്തുവിന്റെ പൂർണ്ണത (Pleroma Christi) യിലേയ്ക്കാനയിച്ചു പൂർത്തീകരിക്കുകയേ വേണ്ടൂ. സഭയുടെ കാതോലികത (Catholicity) യുടെ ഒരാവശ്യമാണിത്.

ഈ വെളിച്ചത്തിൽ വേണം ഹൈന്ദവസംസ്കാരത്തേയും അതിന്റെ സംഭാവനകളേയും നാം വീക്ഷിക്കാൻ. മഹാരാഷ്ട്രത്തിലെ ഭക്തകവികളിൽ പ്രമുഖനായ തുക്കാറാമി(1598 — 1650)ന്റെ പാട്ടുകൾ പലതും നമ്മുടെ സങ്കീർത്തനങ്ങളെ അനുസ്മരിപ്പിക്കുന്നവയാണ്. ഫാദർ ഡെലെവ്റി എസ്. ജെ. യുടെ Tukaram, Psaumes du Pelerin (തുക്കാറാം: തീർത്ഥകന്റെ സങ്കീർത്തനങ്ങൾ) എന്ന ഫ്രഞ്ചുവിവർത്തനത്തിൽനിന്ന് എടുത്തതാണ് താഴെ കൊടുക്കുന്ന രണ്ടു ഗീതങ്ങൾ. രചയിതാവ് ഹൈന്ദവനെങ്കിലും വേദപുസ്തകാനുരൂപ (Biblical)വും ക്രിസ്തീയവുമാണ് അവയുടെ അരൂപി.

### ഒന്ന്

പൂഴിപ്പുതപ്പാർന്ന ഭൂമിയിലെങ്ങുമേ
കാണ്മു ഞാൻ നിന്നുടെ കാലടിപ്പാടുകൾ.

മാമക ദൈവമേ, നീയെന്റെയുള്ളിലേ_
ക്കുൾപ്രവേശിക്കുന്നിതെല്ലായിടത്തുമായി: [1]

എന്നുടെയാശകൾ, വൃത്തികളൊക്കെയും
ഇല്ലിനി ഭൗമികമൊന്നുമെന്നുള്ളിലായ്.

നിന്നുടെ മാഹാത്മ്യഗീതികൾ, വൃത്തികൾ
പാവനമായിടും നിന്റെ നാമങ്ങളും

സ്നേഹസംപൂർണ്ണമാം ഭാഷയിൽ നിത്യവും
കീർത്തിപ്പതെന്നുടെയേകസംഭാഷണം.

ഞാനശിച്ചീടുന്ന ചോറുകറികളും
മാധുര്യമോലും ഫലങ്ങൾ, താംബൂലവും

തൃപ്പദതാരിങ്കൽ കാണിക്ക വെയ്ക്കുന്ന
പാവമാമെന്നുടെ പൂജാപദാർത്ഥമാം.[2]

അങ്ങയെച്ചുററി പ്രദക്ഷിണം വയ്പിതെൻ
കാലടിനീക്കങ്ങൾ, നിദ്ര പ്രണാമവും.

കാണുന്നതൊക്കെ ഞാൻ നിന്റെ വദനമാം
കേൾക്കുന്നതൊക്കെയോ നിന്നുടെ ശബ്ദവും.

### രണ്ട്

സാധനയായി ഞാനന്നദാതാവിനു
തീർത്തൊരു മാലയാണെന്നുടെ വാക്കുകൾ

സദ്യയാണെന്നുടെ വിശ്വാസ,മീശനെ
തൃപ്തനായ് മാററുന്ന സൗഹൃദ ദാനവും.

മാമക ജീവിത, മർച്ചനയായി നിൻ
തൃക്കൈയിലർപ്പിച്ച പാവനവാരിയാം.[3]

നാഥന്റെയാനനം പേർത്തു കഴുകുവാൻ
നൽജലമേകുന്ന പാത്രമെൻ മാനസം.

അങ്ങേക്കായ്മാത്രം ജ്വലിക്കുമെൻ സൗഹൃദം
രാത്രിയിൽ നാഥന്റെ കൈത്തിരിയായിടും.

മാമക ശാരീരബിംബമോ നാഥന്റെ
സൗഖ്യദനിദ്രയ്ക്കായ് നീർത്തിയ ശയ്യയാം.

സ്നേഹാർദ്രനായിടും നാഥനെയീവിധം
മൂകമായ് സാധനചെയ്യുന്ന തുക്കാറാം,

ഈശന്റെ നിദ്രയ്ക്കായ് ഹൃത്തിൻ വിശാലമാം
ശാല തുറന്നേകിയേകാഗ്രചിത്തനായ്.

---

1. «അവനിലാണ് നാം ജീവിക്കുന്നതും ചരിക്കുന്നതും. അവനിലാണ് നമ്മുടെ അസ്തിത്വം»— നട. 17, 82.
2. "അതുകൊണ്ട് നീ തിന്നുകയോ കുടിക്കുകയോ എന്തെങ്കിലും പ്രവർത്തിക്കുകയോ ചെയ്യുന്നെങ്കിൽ എല്ലാം ദൈവമഹത്വത്തിനായി ചെയ്യുക»— 1 കൊറി. 10, 31.
3. «നിങ്ങൾ ചെയ്യുന്നതെല്ലാം—വാക്കിലാകട്ടെ പ്രവൃത്തിയിലാകട്ടെ—കർത്താവായ മിശിഹായുടെ നാമത്തിൽ അതിലൂടെ ദൈവത്തിനു കൃതജ്ഞതയർപ്പിച്ചുകൊണ്ടു ചെയ്യുക"— കൊളോ. 3, 17.

PHONE No. 987

കല്യാണാവശ്യങ്ങൾക്കുള്ള
പെട്ടി, ചെരിപ്പ് മുതലായവയ്ക്ക്

# C. R. Joseph

LEATHER MERCHANT
ROUND, TRICHUR.

ക്രിസ്മസ് മംഗളങ്ങൾ

## സോമിൽ വ്യവസായത്തിലും മരക്കച്ചവടത്തിലും

ചുരുങ്ങിയ കാലംകൊണ്ട് പേരും പെരുമയും ആർജ്ജിച്ച

തൃശ്ശൂരിലെ മികച്ച സ്ഥാപനം:

★

## ട്രിച്ചൂർ ടിമ്പർ ട്രസ്റ്റ് & സോമിൽസ്

ശങ്കരയ്യർ റോഡ് (പടിഞ്ഞാറെ കോട്ട) തൃശ്ശൂർ–4.

Phone: 884 Grams: THOPPIL

Props: തോപ്പിൽ അന്തോണി സൺസ്.

*N. B.* എല്ലാവിധ സജ്ജീകരണങ്ങളോടുംകൂടിയ ഞങ്ങളുടെ സോമില്ലിൽ മരം അറുത്തു കൊടുക്കുന്നതാണ്.

# റീയലിസവും കേരള കത്തോലിക്കാ സാഹിത്യവും

റ്റി. ഒ. പി. മേവെള്ളൂർ.

## നമ്മുടെ പ്രസിദ്ധീകരണങ്ങൾ

ഇന്നാട്ടിലെ കത്തോലിക്കാസമുദായത്തിന് കേരളീയ സാഹിത്യമണ്ഡലത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിക്കത്തക്കവിധം സാഹിത്യവിഷയത്തിൽ എന്തെങ്കിലും കൈ തുറന്ന സംഭാവന ചെയ്യാൻ സാധിച്ചിട്ടില്ലെന്ന് അല്പം ഇച്ഛാഭംഗത്തോടെയാണെങ്കിലും, സമ്മതിച്ചേ തീരൂ. ഇതിന്റെ കാരണം, ഇവിടത്തെ കത്തോലിക്കന്റെ അനാസ്ഥയാണെന്നും അതിനാൽ അവൻ ഉണർന്നു പ്രവർത്തിക്കണമെന്നുമുള്ള ഉദ്ബോധനങ്ങളും ഉത്ഥാപകകീർത്തനങ്ങളും ശകാരവർഷങ്ങളും ഭീഷണികോലാഹലങ്ങളുമൊക്കെ അവിടുന്നുമിവിടുന്നും കേൾക്കാൻ തുടങ്ങിയിട്ട് കുറച്ചു കാലമായി. പക്ഷേ, പ്രസിദ്ധീകരണത്തിന്റെ കാര്യത്തിൽ, ഇവിടത്തെ കത്തോലിക്കൻ വളരെ പിന്നോക്കമാണെന്നു സൂചിപ്പിക്കുന്ന താദൃശ പ്രസ്താവങ്ങളെ അപ്പാടെ മുഖവിലയ്ക്കു സമ്മതിച്ചുകൊടുക്കാൻ ന്യായം കാണുന്നില്ല. പ്രത്യേകിച്ച് മാസികകളുടേയും വാരികകളുടേയും കാര്യമെടുത്താൽ താദൃശ പ്രസിദ്ധീകരണങ്ങളിൽ കത്തോലിക്കരെ കവച്ചുവയ്ക്കുന്ന വേറെ ഏതെങ്കിലും സമുദായമുണ്ടെന്നു തോന്നുന്നില്ല. അത്രമാത്രം അവയുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. പുസ്തകങ്ങളും ധാരാളം പുറത്തിറങ്ങാൻ തുടങ്ങിയിട്ടുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും, നമ്മുടെ യുവതീയുവാക്കന്മാരിൽ ഭൂരിഭാഗവും സാധാരണ വായിക്കുന്നത് മാതൃഭൂമി, മനോരമ മുതലായ വാരികകളാണെന്നു പറയുമ്പോൾ വിസ്മയിക്കാതെ തരമില്ല. കത്തോലിക്കാ അന്തരീക്ഷത്തിന്റെ വെളിച്ചം തങ്ങിനില്ക്കുന്ന നോവലുകളും കഥകളുമൊക്കെ മുട്ടത്തു വർക്കി, മണിമല മുതലായ കത്തോലിക്കാ സാഹിത്യകാരന്മാർ ഇന്നാട്ടിലെ യുവാക്കൾക്കായി സമർപ്പിച്ചിട്ടുണ്ടെങ്കിലും, പൊൻകുന്നം വർക്കി, കേശവദേവ്, തകഴി തുടങ്ങിയവർ എഴുതിയിട്ടുള്ള കത്തോലിക്കാവിരുദ്ധമായ നോവലുകളാണ് അവർ വായിക്കുന്നത്. കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ ആരും വായിക്കുന്നില്ലേ എന്നു ചോദിച്ചാൽ 'ഉണ്ട്–ഇല്ല' എന്നാണു പറയേണ്ടത്. സ്കൂൾ കുട്ടികൾ, വയോജനങ്ങൾ, വീട്ടമ്മമാർ, ആശ്രമവാസികൾ—ഇവരാണ് നമ്മുടെ പ്രസിദ്ധീകരണങ്ങളുടെ സ്ഥിരം വായനക്കാർ. ചുരുക്കത്തിൽ, വായിക്കാനും പഠിക്കാനും, ചിന്തിക്കാനും പ്രവർത്തിക്കാനും കഴിവുള്ള—സമുദായത്തിന്റെ നട്ടെല്ലായ ഒരു തലമുറയ്ക്ക് അവയിൽനിന്നൊരു പ്രയോജനവും കിട്ടുന്നില്ല. ഇപ്രകാരം, കത്തോലിക്കാ പ്രസിദ്ധീകരണങ്ങളോട് നമ്മുടെ യുവതലമുറയ്ക്കു പരാങ്മുഖത തോന്നാൻ വല്ല കാരണവുമുണ്ടോ? ഉണ്ട്; ഒന്നൊന്നല്ല, പലതുണ്ട്. അതിൽ ഏററവും പ്രധാനപ്പെട്ടതേതാണ്? അതാണ് ഇവിടത്തെ പ്രതിപാദനീയം. അതിനുള്ള പ്രതിവിധി നിർദ്ദേശിക്കുകയാണീ ലേഖനത്തിന്റെ ലക്ഷ്യവും.

## പ്രതിപാദ്യത്തിലെ യഥാതഥത

ഏതോ ഒരു സാങ്കല്പികലോകത്തിലിരുന്ന്, പട്ടാപ്പകൽ സ്വപ്നം കണ്ട്, എന്തോ പിച്ചും പേയുമൊക്കെ പറയുകയല്ലാതെ, യാഥാർത്ഥ്യങ്ങളുടെ ഇടയിലേയ്ക്കിറങ്ങിനിന്ന്, കണ്ണു തുറന്ന് അവയെ നോക്കിക്കണ്ട്, അവയിൽനിന്ന് പ്രഥമപ്രചോദനമുൾക്കൊണ്ട് കലാനിർമ്മാണം നടത്താൻ നമ്മുടെ സാഹിത്യകാരന്മാരിൽ ഗണനീയഭാഗത്തിനും കഴിഞ്ഞിട്ടില്ല എന്നതാണ് ഇതിന്റെ സുപ്രധാന കാരണം. ചോരയും മാംസവുമില്ലാതെ, എല്ലും തോലുമായി ചുക്കിച്ചുളിഞ്ഞ വികൃത കലാകോലങ്ങൾ ഇന്നു നമുക്കു ധാരാളമുണ്ട്. അവയെ കാണുമ്പോഴേ അനുവാചകർ അവജ്ഞാദ്യോതകമായി ഒന്നു നോക്കിയിട്ട് അവിടെനിന്ന് സ്ഥലംവിടും. ഏതായാലും ഒന്നു തീർച്ചയാണ്. പ്രതിപാദനത്തിൽ വാസ്തവികതയില്ലാത്ത കൃതികൾക്ക് വായനക്കാരനെ ആകർഷിക്കുവാൻ സാധിക്കുകയില്ല. എത്ര തത്വങ്ങൾ ഉപദേശിച്ചാലും ശരി, ജീവിതം പ്രതിപാദിക്കപ്പെടുന്നില്ലെങ്കിൽ എല്ലാം വനരോദനമായി പരിണമിക്കുകയേയുള്ളൂ. "കൃതികൾ മനുഷ്യകഥാനുഗായികൾ" എന്നു പാടിയ ആശാനും, "സാഹിത്യം ജീവിതവിമർശനം" എന്നു പ്രസംഗിച്ച ആർനോൾഡും സാഹിത്യസൃഷ്ടിയുടെ മർമ്മം കണ്ടറിഞ്ഞവരാണ്. മദ്ധ്യശതകങ്ങളിൽ എഴുതപ്പെട്ട 'വിശുദ്ധരുടെ ജീവചരിത്രങ്ങൾക്കൊരു പ്രത്യേകതയുണ്ടായിരുന്നു. അതിലെ കഥാപുരുഷന്മാർ പാപത്തിന്റെ ലേശംപോലും തീണ്ടാത്തവരായിട്ടാണ് പ്രത്യക്ഷപ്പെട്ടത്. അവയെഴുതിയവർ നല്ല ഉദ്ദേശത്തോടെ — വിശ്വാസികൾക്ക് ഏററവും പററിയ അനുകരണീയ മാതൃകകളായിരിക്കാൻ വേണ്ടി—യാണ് അങ്ങനെ ചെയ്തതെന്നിരുന്നാലും, ആ അസത്യപ്രകടനത്തെ ചോദ്യംചെയ്യാതിരിക്കാൻ വിശ്വാസികൾക്കു കഴിഞ്ഞില്ല. പിന്നീടാണ് നമുക്ക് പാപങ്ങൾ ചെയ്ത പുണ്യവാന്മാരെ കിട്ടാൻ തുടങ്ങിയത്. ആദ്യത്തെ

‘മനുഷ്യേതരമാതൃക’കളേക്കാൾ ഈ ‘മാനുഷികമാതൃക’കൾ നമുക്ക് കൂടുതൽ പ്രയോജനപ്പെട്ടു എന്നാണെനിക്കു തോന്നുന്നത്! കാരണം, തങ്ങളെപ്പോലുള്ളവരോടാണല്ലോ മനുഷ്യർ അധികം അടുക്കുന്നത്‘?

കേരളത്തിലെ കത്തോലിക്കാസാഹിത്യകാരന്മാരുടെ കൃതികളിലും ഏതാണ്ട് ഇതുപോലൊരു “മാതൃക ചമയ്ക്കൽ” നിലവിലിരിപ്പില്ലേ എന്ന് കലശലായ സംശയമുണ്ട്. പക്ഷെ, നാം മനുഷ്യനുവേണ്ടിയാണ് എഴുതുന്നതെങ്കിൽ, അവന്റെ അനുദിനജീവിതത്തിൽനിന്ന് വിഷയം സ്വീകരിച്ച് അവന്റെ യാതനകളേയും വേദനകളേയും പെറുക്കി നിരത്തി, അവന്റെ ഭാഷയിൽ എഴുതേണ്ട ഒരു പരിതസ്ഥിതിയാണിന്നുള്ളത്. മനുഷ്യനെ ചിത്രീകരിക്കുന്നതിന് അവനെ സ്വർഗ്ഗത്തോളം ഉയർത്തിക്കൊണ്ടുപോകണമെന്ന് നമ്മുടെ എഴുത്തുകാർക്ക് ഇത്ര നിർബ്ബന്ധമെന്താണ്? അവൻ നില്ക്കുന്നിടത്തുതന്നെ നിന്നുകൊള്ളട്ടെ. ഈ ലോകത്തിൽ കാലുറപ്പിച്ചു നില്ക്കുന്നിടത്തോളംകാലം അവനെ പാപവും പരാജയങ്ങളും, ക്ലേശങ്ങളും തിന്മകളും വട്ടമിട്ടു നില്ക്കുകയാണ്. അവനു സഹായഹസ്തം നീട്ടിക്കൊടുക്കുകയും ധൈര്യം നൽകുകയുമാണ് എഴുത്തുകാരനു ചെയ്യാനുള്ളത്. ഈ ലോകത്തിൽനിന്നുയർത്തിയിട്ടല്ല, ഈ ലോകത്തിൽവച്ചുതന്നെയാണ് അവനെ വിശുദ്ധീകരിക്കേണ്ടത്. നമ്മുടെ അകത്തോലിക്കാ എഴുത്തുകാരുടെ ഗ്രന്ഥങ്ങൾക്ക് ഇത്ര പ്രചുരപ്രചാരം കിട്ടാനുള്ള ഒന്നാമത്തെ കാരണം അവർക്കു ജീവിതം ചിത്രീകരിക്കാൻ കഴിയുന്നുണ്ട് എന്നതാണ്’. ഇപ്പറഞ്ഞതെല്ലാം ഒരേ ഒരാശയം മുമ്പിൽ കണ്ടുകൊണ്ടാണ്. കത്തോലിക്കാ സാഹിത്യത്തിൽ റീയലിസമില്ല എന്നതാണ് അതിന്റെ ഇന്നത്തെ ഏററവും വലിയ ന്യൂനത എന്നു മനസ്സിലാക്കാനാണ് ഇത്രയും പറഞ്ഞതു് എന്നു ചുരുക്കം.

## റീയലിസമെന്താണ്?

“കത്തോലിക്കാ സാഹിത്യത്തിൽ റീയലിസമോ?” ചിലർ വിസ്മയം പ്രകടിപ്പിക്കുന്നതു കണ്ടിട്ടുണ്ട്. ഇത്ര പരാവശംപിടിക്കേണ്ട കാര്യമെന്തെന്നു മനസ്സിലാകുന്നില്ല. റീയലിസത്തെക്കുറിച്ചുള്ള അബദ്ധജല്പനങ്ങളാണ് ഇതിന്റെ പ്രമുഖകാരണമെന്നു തോന്നുന്നു. ഒരു നോവൽ ‘റീയലിസ്റ്റിക്കാ’ണെന്നു പറയുമ്പോൾ, അതു് അശ്ലീലമാണ് എന്നു മനസ്സിലാക്കുന്ന കത്തോലിക്കരുണ്ട്. ശാന്തം പാപം! അവർക്കീ ‘വെളിപാടെ’വിടെനിന്നു കിട്ടിയോ, ആവോ? കത്തോലിക്കാ സാഹിത്യകാരൻ റീയലിസമെഴുതിയാൽ, അയാൾ ‘മഹറോൻശിക്ഷ’യ്ക്കർഹനാകുമെന്നു ധരിച്ചുവശായിരിക്കുന്നവരേയും നമ്മുടെ ഇടയിൽ ചിലപ്പോൾ കണ്ടെന്നുവരാം. ഒരിയ്ക്കലും യോജിച്ചുപോകാൻ സാദ്ധ്യതയില്ലാത്ത രണ്ടു വസ്തുതകളാണ് കത്തോലിക്കാ സാഹിത്യവും റീയലിസവും എന്ന്, നമ്മുടെ ചില എഴുത്തുകാർ ധരിച്ചുവച്ചിരിക്കുന്നതുപോലെ തോന്നിപ്പോകുന്നു, അവരുടെ കൃതികൾ വായിച്ചാൽ.

റീയലിസത്തിന്റെ സാക്ഷാത്തായ സ്വഭാവം വാസ്തവികതാ (objectivity) പ്രകടനമാണ്. യഥാർത്ഥജീവിതത്തിൽനിന്ന്, ഒന്നുകൂടി നിഷ്കർഷിച്ചു പറഞ്ഞാൽ, അനുദിനജീവിതത്തിൽനിന്നാണ് റീയലിസ്റ്റിക്കു സാഹിത്യകാരൻ തന്റെ വിഷയം തെരഞ്ഞെടുക്കുന്നതു്. ഇപ്രകാരം നിർമ്മിക്കുന്ന കൃതികളിൽ വസ്തുനിഷ്ഠാംശം കൂടിയും കർത്തൃനിഷ്ഠാംശം താരതമ്യേന കുറഞ്ഞുമിരിക്കും. സൂക്ഷ്മഭാവങ്ങൾക്കെന്നപോലെ സ്ഥൂലഭാവങ്ങൾക്കും പ്രാധാന്യം നല്കി, ജീവിതസംഭവങ്ങളോട് ഏതാണ്ട് ബിംബപ്രതിബിംബസാദൃശ്യം തോന്നിക്കത്തക്കവിധത്തിൽ, അവയെ കാലദേശപരിച്ഛിന്നങ്ങളാക്കി, സാധാരണക്കാരന്റെ സംഭാഷണശൈലിയിലൂടെ സംവിധാനം ചെയ്യുമ്പോൾ റീയലിസ്റ്റിക്കു കൃതി രൂപമെടുക്കുകയായി. വാസ്തവികത, സ്വാഭാവികത, സാരള്യത, ജനകീയത തുടങ്ങിയ ഗുണങ്ങൾ വിഷയത്തിലും വർണ്ണനാരീതിയിലും ആദ്യന്തം തെളിഞ്ഞുനില്ക്കുകതന്നെ വേണം.

റീയലിസത്തിനു സർറീയലിസം, പ്രോഗ്രസ്സിവ് റീയലിസം, ഫ്യൂച്ച്യുറിസം തുടങ്ങി പല കൈവഴികളുണ്ടെങ്കിലും, അതിന്റെ ഒരു വിഭജനത്തെക്കുറിച്ചു

Telegram: PROGRESS




Telephone: Shop 127, Residence 427, Mill 745

St. George's Oil Mill
Koorkkanchery
Trichur

Maryvijayam
Lorry Service
Trichur.

മാത്രമേ ഇവിടെ പരാമർശിക്കേണ്ട ആവശ്യമുള്ളൂ. റീയലിസത്തിന് സാധാരണമായി ആശയാധിഷ്ഠിതറീയലിസം (Idealise Realism) എന്നും നാച്ച്വറലിസ്റ്റിക്ക് റീയലിസം (Naturalistic Realism) എന്നും ഒരു വിഭജനമുണ്ട്. ആദ്യത്തേതിനെ ഉചിത (Moderate) റീയലിസമെന്ന് തോമസ് അക്വിനാസും, അതീത (Transcendental) റീയലിസമെന്ന് ജാക്ക് മാരിട്ടെയിനും വ്യവഹരിച്ചു കാണുന്നു.

## ആശയാധിഷ്ഠിതറീയലിസം

വണ്ണ്യവസ്തുവിനെക്കുറിച്ചുള്ള സത്യം പറയണമെന്ന് ഈ റീയലിസത്തിനു നിർബ്ബന്ധമുണ്ട്. എന്നാൽ ഇതിന്റെ പ്രത്യേകത അതല്ല. പ്രതിപാദ്യത്തിന് ആവശ്യമുള്ളിടത്തോളം റീയലിസം_യാഥാർത്ഥ്യം_മാത്രമേ ജീവിതത്തിൽനിന്നും ഗ്രന്ഥത്തിലേയ്ക്കു് സ്വീകരിക്കാവൂ എന്നതാണ് ആ പ്രത്യേകത. അങ്ങനെ, യാഥാർത്ഥ്യം കൈക്കൊള്ളുമ്പോൾ ഔചിത്യദീക്ഷ അങ്ങേയററംവരെ കാണിച്ചുതീരുതാനും. മനുഷ്യന്റെ ഏതെങ്കിലും ഒരു വശം ഊതി വീർപ്പിക്കാതെ, എല്ലാം സമഗ്രമായി പ്രദർശിപ്പിക്കുകതന്നെ വേണം. കലാകാരൻ ഒരു യഥാർത്ഥ ഹ്യൂമനിസ്റ്റായിത്തീരുകതന്നെ വേണം. ഏകാത്മക തത്വശാസ്ത്രത്തിനല്ല, ദ്വയാത്മക തത്വശാസ്ത്രത്തിനാണതിൽ പ്രസക്തി. എന്നു പറഞ്ഞാൽ, മനുഷ്യനെ ഒരു യന്ത്രമായിട്ടോ, സ്വയംഭൂവായ ഒരു പ്രാകൃത ജന്തുവായിട്ടോ അല്ല, ഈശ്വരോന്മുഖനും ഈശ്വര തനയനുമായിത്തന്നെ പരിഗണിക്കണം എന്നുസാരം. ഇങ്ങനെയുള്ള ഒരു റീയലിസ്ററുകാരൻ വരയ്ക്കുന്ന മനുഷ്യന്റെ രൂപം ഏതാണ്ടിതുപോലിരിക്കും. "മനുഷ്യൻ ഒരു രഹസ്യമാണ്. കാരണം, രണ്ടു ലോകങ്ങളെ വേർതിരിക്കുന്ന നടുവരമ്പ് അഥവാ ചക്രവാളപരിധിയാണവൻ. മനുഷ്യൻ മാംസനിമജ്ജിതൻ മാത്രമല്ല, ആത്മനിബന്ധിതനും കൂടിയാണ്. അവൻ പാദാർത്ഥികനാണെങ്കിലും ഈശ്വരോന്മുഖചലിതനാണ്. അവൻ കാലികനാണ്, പക്ഷേ, ശാശ്വതികതയുടെ പ്രാണവായുവാണവൻ ശ്വസിക്കുക. അവൻ പ്രകൃതിജനും ലൗകികനുമാണെങ്കിലും വ്യക്തിസ്വാതന്ത്ര്യവും ഈശ്വരസാക്ഷാത്കാരകഴിവുമൂലം വിശ്വത്തെ മുന്നിടുകയാണ്.........ദ്വിമാത്രനായ അവൻ ഏകമാത്രനും കൂടിയാണ്....മനുഷ്യനീ വിശ്വത്തിൽ സ്വന്തമായ ഒരു മഹത്വം ആർജ്ജിക്കേണ്ടതുണ്ട്. എന്നാൽ, ലോകത്തിന്റെയും ശരീരത്തിന്റെയും നീർച്ചുഴിയിൽ കറങ്ങിത്തിരിയുകയാണവൻ. അതെ, നാമീനാടകം അഭിനയിക്കുകയാണ്, മുറിവേററ് നാം രക്തമൊഴുക്കുകയും ചെയ്യുന്നു" (Jean-Mouroux, The Meaning of Man, P. 268)

മനുഷ്യന്റെ അപരിമേയമഹത്വത്തെ തുറന്നുകാട്ടുന്ന ഈ ചിത്രമനുസരിച്ച് കലാനിർമ്മാണം ചെയ്യുന്നതിനാണ് കത്തോലിക്കർ മുമ്പോട്ടു വരേണ്ടതു്. പാശ്ചാത്യകത്തോലിക്കാ സാഹിത്യകാരന്മാർ ഈ കരുവിൽ പല നല്ല നോവലുകളും വാർത്തെടുത്തുകഴിഞ്ഞു. ജോർജ്ജ് ഏലിയട്ട്, എവലിൻ വോഗ്, പ്രാൻസ്വാമോറിയാക്ക്, ഗ്രഹാംഗ്രീൻ, സീഗ്രിഡ് ഓൺസെററ്, പി. മർക്കാൻഡ്, ബെർനാനോസ്, സള്ളിവൻ തുടങ്ങിയ ആധുനിക നോവലെഴുത്തുകാർ അകത്തോലിക്കാ സാഹിത്യകാരന്മാർക്കൊപ്പം, ഒരു സുശക്തമായ കത്തോലിക്കാ സാഹിത്യമുന്നണി സൃഷ്ടിച്ചിട്ടുണ്ട്. സഭയുടെ വിശ്വാസസത്യങ്ങൾകൊണ്ടുതന്നെ തങ്ങളുടെ നോവലുകളുടെ ഊടും പാവും നെയ്യെടുക്കുവാൻ അവർക്കു കഴിഞ്ഞിരിക്കുന്നു! പക്ഷേ, കേരളീയൻ ചെയ്യുന്നതുപോലെ 'സ്റ്റെലിററൻ മോഡലി'ലല്ല അവരതു സാധിച്ചിരിക്കുന്നതു്. വിശ്വാസസത്യങ്ങളെ റീയലിസത്തിന്റെ മൃദുല മാംസത്തിലൊളിപ്പിച്ച് സൗന്ദര്യത്തിന്റെ സാരിയുടുപ്പിച്ചുവിടുവാൻ അവർക്കു കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ്, ഗ്രീനിന്റേയും മററും നോവലുകൾ ജാതിമതഭേദമെന്യേ അനേകർ വായിക്കുന്നതു്. അതുകൊണ്ടുതന്നെയാണ്, ഗ്രീനിന്റെ നോവലുകൾ പാപവർണ്ണനകളുടെ ആധിക്യം നിമിത്തം അസാന്മാർഗ്ഗികങ്ങളാണെന്നു ചില "ശുദ്ധഭക്തിക്കാർ" ആവലാതിപ്പെട്ടപ്പോൾ, വിവേകമതികളായ നിരൂപകർ രംഗത്തു ചാടിവീണ് 'അപശബ്ദ'മൊന്നുമുണ്ടാക്കരുതെന്ന് അവർക്കു താക്കീതു് നല്കിയതു്. (തുടരും)




# ക്രിസ്മസ്സ് ക്രിസ്തുവിനോടുകൂടെ

റവ. ഫാ. തോമസ് മൂത്തേടൻ, എം. ഏ., ഡി. ഡി.

**1943**-ലെ ശരൽക്കാലം. രണ്ടാം ലോകമഹായുദ്ധം കൊടുമ്പിരിക്കൊള്ളുകയായിരുന്നു. പോർക്കളത്തിൽ അടരാടിക്കൊണ്ടിരുന്ന തങ്ങളുടെ മക്കൾക്കു ക്രിസ്മസ്സ് സമ്മാനങ്ങൾ അയയ്ക്കാൻവേണ്ടി അമ്മമാർ കടകൾ കയറിയിറങ്ങിക്കൊണ്ടിരിക്കുന്ന കാലം. ബോമ്പും പീരങ്കിയും മനുഷ്യഹൃദയങ്ങളെ ഭേദിച്ചുകൊണ്ടിരുന്ന അന്നാളുകളിലും കടുത്ത ലൗകായതികത്വമാണ് ക്രിസ്മസ്സ് വ്യാപാരം പ്രകടമാക്കിക്കൊണ്ടിരുന്നതു്.

അമേരിക്കൻ ഐക്യസംസ്ഥാനങ്ങളിലെ ഡ്യൂബുക്ക നഗരത്തിൽ വർണ്ണശബളമായ ഒരു കടയിൽ ആ നവംബർ മാസത്തിൽ അലീൻ ബൊർഡോ എബെർഹാട്ട് എന്നൊരാൾ തന്റെ അരുമക്കുഞ്ഞിനോടുകൂടെ അത്യാവശ്യസാധനങ്ങൾ വാങ്ങാനായി ചെന്നു. ക്രിസ്മസ്സ് സമ്മാനങ്ങൾ വാങ്ങാൻ ധാരാളം സ്ത്രീകളും അവിടെ എത്തിയിരുന്നു. അവർ വാങ്ങിക്കൊണ്ടിരുന്ന സമ്മാനങ്ങളും കടയുടെ ക്രിസ്മസ്സ് അലങ്കാരങ്ങളും ആ മനുഷ്യനും അയാളുടെ മകനും സശ്രദ്ധം വീക്ഷിച്ചുകൊണ്ടിരുന്നു. കുട്ടികളുടെ ഭാവനയെ അത്യധികം ആകർഷിക്കുന്ന കളിക്കോപ്പുകൾ പലതും അവിടെ ക്രയവിക്രയം ചെയ്യുന്നുണ്ടായിരുന്നിട്ടും ആ കുട്ടി ഒരക്ഷരം ഉരിയാടുകയോ ഒരു കളിക്കോപ്പു വാങ്ങാൻ ആവശ്യപ്പെടുകയോ ചെയ്തില്ല. വിസ്മയസ്തംഭിതനായി പിതാവു കുഞ്ഞുമകനോടു ചോദിച്ചു: "എന്താണ് നീ ഒന്നും മിണ്ടാത്തതു്?''

"ഞാൻ ഉണ്ണീശോയെപ്പററി ചിന്തിക്കുകയായിരുന്നു ആരും അവിടുത്തേയ്ക്കായി ഒരു സമ്മാനവും വാങ്ങുന്നതായി കാണുന്നില്ലല്ലോ", ആ കുട്ടി ഗൗരവപൂർവ്വം പ്രതിവചിച്ചു

ആ വത്സലപിതാവിനു് ഒരു വാക്കും ഉരിയാടാൻ കഴിഞ്ഞില്ല കുട്ടി ഒരു ദേശീയകുററമാണ് വരച്ചുവച്ചതെന്നു് അദ്ദേഹത്തിനു തോന്നി; ക്രിസ്മസ്സാഘോഷങ്ങളിൽനിന്നു ക്രിസ്തുവിനെ അകററിനിറുത്തുന്ന ലൗകായതികമനോഭാവമാണ് ആ പിഞ്ചു ബാലൻ സൂചിപ്പിച്ചതെന്നു് എബെർഹാട്ട് വിചാരിച്ചു. ക്രിസ്മസ്സ് വ്യാപാരംകൊണ്ടു കൊള്ളലാഭം സിദ്ധിക്കുന്ന കടയിൽ ഉണ്ണീശോയുടെ ഒരു ചിത്രമില്ല. അവരുടെ ക്രിസ്മസ്സ് കാർഡുകളിൽ അർദ്ധനഗ്നകളായ സിനിമാതാരങ്ങൾ ഇരിക്കുന്നു. ക്രിസ്മസ്സിലെ ക്രിസ്തുവിന്റെ മാസ്സ് (കുർബ്ബാന) പോലും കാണാതെ ക്രിസ്മസ്സുകേക്കും വീഞ്ഞും ലഹരിപദാർത്ഥങ്ങളും കഴിച്ചും നൃത്തമാടിയും ആഹ്ലാദിക്കുന്നു. ഇതിന്റെ എല്ലാത്തിന്റെയും കേന്ദ്രമായ ഉണ്ണീശോ വിസ്മൃതനുമാകുന്നു.

ഈ വിരോധാഭാസത്തോടു സമരം ചെയ്യണമെന്നു് എബെർഹാർട്ട് തീരുമാനിച്ചു. ഡിസമ്പർമാസത്തിലെ പഠനക്കളരികളിൽ ഈ വിഷയം അദ്ദേഹം ചർച്ചയ്ക്കു വിധേയമാക്കി. അമ്മമാരുടെ ക്ലബ്ബുകളിലും ഈ വിഷയം അദ്ദേഹം ചർച്ചയ്ക്കു് അയച്ചു. ക്രിസ്മസ്സ് ദിവസം ക്രിസ്തുവിനെ പരസ്യമായി ബഹുമാനിക്കുന്നതിനുള്ള പല മാർഗ്ഗങ്ങളും അവർ ആലോചിച്ചു നിശ്ചയിച്ചു. മീററിംഗുകൾക്കുശേഷം, "ക്രിസ്മസ്സ് ക്രിസ്തുവിനു തിരിയേ കൊടുക്കുക" എന്ന ശീർഷകത്തിൽ ഒരു ലേഖനം "അമേരിക്കാ", എന്ന പ്രഖ്യാതമായ മാസികയിൽ അദ്ദേഹം പ്രസിദ്ധം ചെയ്തു. അദ്ദേഹത്തിന്റെ പ്രധാന നിർദ്ദേശങ്ങൾ ഇവയായിരുന്നു.

1. ഉണ്ണീശോയുടെ ചൈതന്യം ഹൃദയത്തിലേയ്ക്കു പകർത്തുക.
2. പൊതുസ്ഥാപനങ്ങളിലും വായനശാലകളിലും ആശുപത്രികളിലും ക്രിസ്മസ്സ് സ്റ്റോറുകളിലും ഉണ്ണീശോയുടെ ഓർമ്മ ജനിപ്പിക്കത്തക്ക ദൃശ്യങ്ങൾ സ്ഥാപിക്കുക.
3. ക്രിസ്മസ്സുകാർഡു് മതാത്മകമായിരിക്കുക.
4. എല്ലാ വീടുകളിലും തൊഴുക്കൂട് ഉണ്ടാക്കിവയ്ക്കുക.
5. വിചാരത്തിലും സംസാരത്തിലും പ്രവൃത്തിയിലും ക്രിസ്തുവിന്റെ സ്നേഹം പ്രകാശിപ്പിക്കുക.

എബെർഹാർട്ടിനു് എത്രയും പ്രോത്സാഹജനകമായ കത്തുകൾ കിട്ടി. "ക്രിസ്മസ്സ് ക്രിസ്തുവിനു നല്കുക," എന്നതായിരിക്കും ഡിസംബർ 19-ാംനു- ഞായറാഴ്ചയിലെ തന്റെ പ്രസംഗമെന്നു് ഒരു വൈദികനെഴുതി. ഉണ്ണീശോയെ ബഹുമാനിക്കുവാനുള്ള സന്നദ്ധത പ്രകാശിപ്പിച്ചു് അനേകർ എഴുത്തുകൾ അയച്ചു.

1943-ൽ എബെർഹാട്ടിനോടു സഹകരിച്ചവർ 1944-ൽ തൊഴുക്കൂടുകളുണ്ടാക്കി വീട്ടിൽ സ്ഥാപിച്ചു. മാതൃസംഘം ഇതു് ഒരു പ്രേഷിതവൃത്തിയായി തെരഞ്ഞെടുത്തു. ടെക്സാസിലെ ജനങ്ങൾ ന്യൂയോക്കിലേയ്ക്കു് എഴുതി ഈ സംഗതികൾ തങ്ങളുടെ പത്രങ്ങളിൽ അവർ പ്രസിദ്ധം ചെയ്തുകൊണ്ടിരിക്കയാണെന്നു്. പിററ്സ്ബെർഗ്ഗ്, മിൽവോക്കി, ചിക്കാഗോ, ന്യൂയോക്ക്, ഡെൻവെർ, ലോസ് ആഞ്ചെലെസ് മുതലായ വലിയ നഗരങ്ങളിൽ പല സംഘടനകൾ ക്രിസ്മസ്സ് ക്രിസ്തുമയമാക്കുന്ന ജോലി ഏറെറടുത്തു. വലിയ കടകളൊക്കെ മതാത്മകമായ ചിത്രങ്ങൾ തങ്ങളുടെ സ്ഫടികജാലകങ്ങളിൽ പ്രദർശിപ്പിച്ചുതുടങ്ങി. ക്രിസ്മസ്സ് ചിത്രങ്ങൾ

(ശേഷം 387-ാം പേജിൽ)

# ★ ബോംബെ ദിവ്യകാരുണ്യകോൺഗ്രസ്സ് ★

— ഫാദർ എസ്. എഴമല —

## ആ പ്രഖ്യാപനം

38-ാമത്തെ അഖിലലോകദിവ്യകാരുണ്യകോൺഗ്രസ് ഒരു അക്രൈസ്തവരാജ്യമായ ഭാരതത്തിൽ ആഘോഷിക്കുക — ഇരുപത്തിമൂന്നാം ജോൺ മാർപ്പാപ്പാ ദീർഘവീക്ഷണത്തോടുകൂടി ചെയ്ത സുപ്രധാനമായ ഒരു തീരുമാനമായിരുന്നു അത്. സർവ്വലോകരാജാവായ ക്രിസ്തുവിന്റെ സന്നിധിയിൽ ലോകം മുഴുവൻ ഒന്നിച്ചു മുട്ടുമടക്കുന്ന അമോഘമായ ആ മണിക്കൂറുകൾക്കു സാക്ഷ്യംവഹിക്കുവാനും അതിനായി തന്നെത്തന്നെ അർപ്പിക്കുവാനും ഭാരതഭൂമിക്കു ഭാഗ്യം കൈവന്നു.

## തിരക്കിട്ട അണിഞ്ഞൊരുങ്ങലുകൾ

1960-ൽ ആണ് ആ തീരുമാനം ഉണ്ടായത്. പിന്നെ നാലു കൊല്ലക്കാലം നിരന്തരവും ക്ലേശസങ്കുലവുമായ അദ്ധ്വാനത്തിന്റെ ഒരു കാലഘട്ടമായിരുന്നു. അഖിലലോകദിവ്യകാരുണ്യകോൺഗ്രസ്സിന്റെ ലക്ഷ്യങ്ങളേയും പ്രാധാന്യത്തെയുംകുറിച്ച് ലോകത്തെ ബോധപ്പെടുത്തുക; 38-ാമത്തെ കോൺഗ്രസ്സ് ആഘോഷിക്കുന്നതിനു തെരഞ്ഞെടുക്കപ്പെട്ട സ്ഥലത്തിന്റേയും പ്രത്യേക സാഹചര്യങ്ങളുടേയും സവിശേഷതകളും, ഒരുക്കത്തിന്റെ റിപ്പോർട്ടുകളും ലോകത്തെ അറിയിക്കുക; അഖിലലോകപ്രാധാന്യമുള്ള ആ മഹത്തായ സമ്മേളനത്തിന് ആവശ്യകമായ പണമത്രയും ശേഖരിക്കുക; തീർത്ഥകരായി സംബന്ധിക്കാൻ വരുന്ന സ്വദേശികളും വിദേശികളുമായ സഹസ്രക്കണക്കിനാളുകൾക്കു വേണ്ട നാനാവിധമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക; ഇതിന്റെയെല്ലാം വിജയത്തിനായി ഗവണ്മെണ്ടിന്റെയും ജനങ്ങളുടേയും ലോകം മുഴുവന്റെയും സഹകരണം തേടുക തുടങ്ങി സങ്കീർണ്ണങ്ങളും സുപ്രധാനങ്ങളുമായ നിരവധി കാര്യങ്ങൾ ഭംഗിയായി ക്രമപ്പെടുത്തുകയെന്ന ഉത്തരവാദിത്വമേറിയ ചുമതല ഏറ്റെടുത്തുകൊണ്ട് ഇന്ത്യൻ കർദ്ദിനാൾ വലേറിയൻ ഗ്രേഷ്യസ് തിരുമേനി രംഗത്തിറങ്ങി ആസൂത്രിതമായ പരിപാടികളോടെ പ്രവർത്തനവും ആരംഭിച്ചു.

## ആ ദിവസം വന്നു

1964 നവംബർ 28. ബോംബെ നഗരം ആ മഹത്തായ സമ്മേളനത്തിന് ഒരുങ്ങിക്കഴിഞ്ഞു. വിശാലവും സജ്ജീകൃതവുമായ ഓവൽ മൈതാനം ജനലക്ഷങ്ങളെക്കൊണ്ടു നിറഞ്ഞുകഴിഞ്ഞു ഉപരാഷ്ട്രപതി ഡോ. സക്കീർ ഹുസ്സൈൻ, മഹാരാഷ്ട്രഗവർണ്ണർ ഡോ. പി. വി. ചെറിയാൻ, മഹാരാഷ്ട്ര ആഭ്യന്തരമന്ത്രി ഡി. എസ്. ദേശായി, കർദ്ദിനാളന്മാർ മെത്രാന്മാർ തുടങ്ങി അഞ്ഞൂറോളം വരുന്ന വൈദികമേലദ്ധ്യക്ഷസംഘം, വിദേശീയരായ ഒമ്പതിനായിരത്തിലധികം പ്രതിനിധികൾ, വിദേശികളും സ്വദേശികളുമായ ലക്ഷക്കണക്കിനു മററു തീർത്ഥകർ ഇവരുടെ സംയുക്തസാന്നിദ്ധ്യത്തിൽ, മാർപ്പാപ്പയുടെ പ്രതിനിധിയായ കർദ്ദിനാൾ ഗ്രിഗറി പീററർ അഗജിയാനിയൻ തിരുമേനി 38-ാമത്തെ അഖിലലോകദിവ്യകാരുണ്യകോൺഗ്രസ്സ് ഉൽഘാടനംചെയ്തു.

വർഗ്ഗവിവേചനത്തിൽനിന്നും ചൂഷണത്തിൽനിന്നും അസഹിഷ്ണുതയിൽനിന്നും വിമുക്തമായതും, സത്യവും നീതിയും പരസ്പരബഹുമാനവും നിലനില്ക്കുന്നതുമായ ഒരു ലോകസാമൂഹ്യക്രമത്തിന് അന്താരാഷ്ട്രീയദിവ്യകാരുണ്യകോൺഗ്രസ്സ് വഴിതെളിക്കട്ടെയെന്ന് ഉപരാഷ്ട്രപതി ഡോ. സക്കീർ ഹുസ്സൈൻ ചെയ്ത പ്രസംഗത്തിൽ ആശംസിച്ചു. ഇന്ത്യയിലെ വിവിധ സംസ്കാരങ്ങളെ പ്രതിനിധീകരിച്ചുകൊണ്ട് രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നുമുള്ള പ്രതിനിധികൾ ലോകമൊട്ടുക്കു നിന്നുമുള്ള സഹകത്തോലിക്കരോടൊപ്പം പങ്കെടുക്കുന്ന ഒമ്പതു ദിവസം നീണ്ടുനില്ക്കുന്ന ഈ കോൺഗ്രസ്സ് എല്ലാ മനുഷ്യരും എല്ലാ രാജ്യങ്ങളും തമ്മിലുള്ള ഐക്യത്തെ ശക്തിപ്പെടുത്തുമെന്ന് ഉപരാഷ്ട്രപതി പ്രതീക്ഷ പ്രകടിപ്പിച്ചു.

## മുഴുവൻ മനുഷ്യന്റേയും നവീകരണം

മനുഷ്യന്റെ ആത്മീയവശത്തെ മാത്രമല്ല, ആത്മാവും ശരീരവുമുള്ള മുഴുവൻ മനുഷ്യന്റേയും നവീകരണത്തെയും മെച്ചപ്പെടലിനെയുമാണ് ദിവ്യകാരുണ്യകോൺഗ്രസ്സ് ഉന്നം വച്ചത്. കോൺഗ്രസ്സിന്റെ രണ്ടാം ദിവസം അനേകം വിദഗ്ദ്ധന്മാർ സംബന്ധിച്ചിരുന്ന ഭക്ഷ്യസെമിനാർ നടത്തപ്പെട്ടു.

മനുഷ്യനഭിമുഖീഭവിക്കേണ്ടിവരുന്ന മററു പല പ്രധാന പ്രശ്നങ്ങളേയും പററി ദിവ്യകാരുണ്യകോൺഗ്രസിനോടനുബന്ധിച്ചു നടത്തിയ സമ്മേളനങ്ങളിൽ ഉന്നതന്മാരായ വ്യക്തികളുടെ സാന്നിദ്ധ്യത്തിലും മാർഗ്ഗദർശനത്തിലും ചർച്ചകൾ നടത്തപ്പെട്ടു.

## വൈദികപട്ടം കൊടുക്കൽ

സമ്മേളനത്തിന്റെ മൂന്നാംദിവസമായ ഡിസംബർ 1-ാം തീയതിയിലെ ഏററവും പ്രാധാന്യമർഹിക്കുന്ന ചടങ്ങ്, സീറോ – മലബാർ റീത്തിൽപ്പെട്ട 130 ഡീക്കന്മാർക്കു വൈദികപട്ടം കൊടുക്കലായിരുന്നു. വൈകീട്ട് അഞ്ചുമണിക്കു ദിവ്യകാരുണ്യകോൺഗ്രസ്സ് മണ്ഡപത്തിൽവച്ച്, സീറോ മലബാർ റീത്തിൽപ്പെട്ട മെത്രാന്മാർ ദിവ്യമനോഹരമായ ആ കർമ്മം നിർവ്വഹിച്ചു. തിരുവസ്ത്രങ്ങളും പിടിച്ചുകൊണ്ട് ഓവൽ മണ്ഡപത്തിലേയ്ക്കു 130 ഡീക്കന്മാർ പ്രദക്ഷിണമായി നീങ്ങിയ കാഴ്ച അത്യന്തം ഹൃദയസ്പർശിയും സുന്ദരവുമായിരുന്നു. വർണ്ണ



കോൺഗ്രസ്സ് ഗ്രൗണ്ടിലെ ഒരു ദൃശ്യം

"ഇന്ത്യയിലെ ജനങ്ങളെ കാണാനും അവരുടെ സദ്ഗുണങ്ങളും പ്രകൃതിയും അഭിനന്ദിക്കുന്നതിനും അവരുടെ ഉന്നതമായ കഴിവുകളും സുലഭമായ ഊർജ്ജിതവും വിലമതിക്കുന്നതിനും എനിക്കു് സന്ദർഭം ലഭിച്ചു.

"തികഞ്ഞ സ്നേഹത്തോടുകൂടി, എല്ലാവർക്കും ഏററവും വിലപ്പെട്ട ദൈവികാനുഗ്രഹങ്ങൾ നാം ആശംസിക്കുന്നു. ദൈവം ഇന്ത്യയെ അനുഗ്രഹിക്കട്ടെ."

— പോൾ ആറാമൻ

ഗായകസംഘത്തിലെ ഒരു വിഭാഗം





മാർപ്പാപ്പാ തിരുമേനിയെ ഇന്ത്യൻ വൈസ് പ്രസിഡൻറ് സ്വാഗതംചെയ്യുന്നു.

# ദിവ്യകാരുണ്യ കോൺഗ്രസ് ചിത്രങ്ങൾ

മാർപ്പാപ്പാ തിരുമേനി ഓവൽമൈതാനത്തിലേയ്ക്കു്





സൈറോമലബാർ റീതിയിൽ വൈദികപട്ടം നല്കുന്നു.

'വിജയ'ത്തിൻെറ ലേഖകന്മാർക്കും, ഏജണ്ടുമാർക്കും, വരിക്കാർക്കും, വായനക്കാർക്കും, മററു ഗുണകാംക്ഷികൾക്കും ക്രിസ്മസ്സിൻേറയും നവവത്സരത്തിൻേറയും നൂറുനൂറു മംഗളങ്ങൾ!

— പത്രാധിപർ

കോൺഗ്രസ് മണ്ഡപത്തിൽ വിവാഹാശീർവാദം



ശബളമായ ആ തിരുവസ്ത്രങ്ങൾ പാശ്ചാത്യർക്ക് നന്നേ പിടിച്ചതായി കാണപ്പെട്ടു.

പട്ടം കൊടുക്കൽ കർമ്മത്തിനുശേഷം തലശ്ശേരി മെത്രാൻ ഡോ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിൽ തിരുമേനി പൊന്തിഫിക്കൽ കുർബ്ബാനയർപ്പിച്ചു. ഇന്ത്യൻ ട്യൂണുകൾക്കൊത്തു സംവിധാനംചെയ്യപ്പെട്ട ദിവ്യബലിഗാനങ്ങൾ വളരെ ഹൃദ്യവും ഭക്തിസംവർദ്ധകവുമായി അനുഭവപ്പെട്ടു.

## മാർപ്പാപ്പയുടെ ആഗമനം

ഡിസംബർ 2_ാംനു വൈകീട്ട് അഞ്ചു മണിക്ക്, സാന്താക്രൂസ് വിമാനത്താവളത്തിൽ പരി. പിതാവ് പോൾ ആറാമൻ വന്നിറങ്ങി. ജനലക്ഷങ്ങൾ ഒരു സമുദ്രം പോലെ അവിടെ തടിച്ചുകൂടിയിരുന്നു. വിമാനം വന്നുനിന്നപ്പോൾ കർദ്ദിനാൾ ഗ്രേഷ്യസ് തിരുമേനി വിമാനത്തിനകത്തു കയറി പരി. പിതാവിനെ പുറത്തേയ്ക്കാനയിച്ചു. അനുഗ്രഹാശിസ്സുകൾ ചൊരിഞ്ഞുകൊണ്ട് പുറത്തേയ്ക്കു വന്ന മാർപ്പാപ്പയെ, ഉപരാഷ്ട്രപതി ഡോ. സക്കീർ ഹുസ്സൈൻ, പ്രധാനമന്ത്രി ശാസ്ത്രി, ഇന്ദിരാഗാന്ധി, വിജയലക്ഷ്മി പണ്ഡിററ് തുടങ്ങിയ നേതാക്കൾ ചേർന്നു സ്വീകരിച്ചു.

വിമാനത്താവളത്തിൽനിന്ന് ഓവൽ മൈതാനത്തിലേയ്ക്ക് ഒരു തുറന്ന കാറിൽ പരി. മാർപ്പാപ്പാ സഞ്ചരിച്ചു. ഇരുവശത്തും, കെട്ടിടങ്ങളുടെ മേൽക്കൂരകളിലും ബാൽക്കണികളിലും മതില്ക്കെട്ടുകളിലും മരക്കൊമ്പുകളിലും ആളുകൾ തിങ്ങിക്കൂടി നിന്നിരുന്നു, ആ ധാർമ്മികതേജഃപുഞ്ജത്തെ ഒരു നോക്കു കാണുവാനായിട്ട്. 'നമസ്തേ' എന്ന് കൈകൾ കൂപ്പിപ്പിടിച്ചും കൈകൾ ഉയർത്തി ഇരുവശങ്ങളിലും തിങ്ങിക്കൂടി നില്ക്കുന്നവരുടെമേൽ അനുഗ്രഹാശിസ്സുകൾ ചൊരിഞ്ഞുകൊണ്ടും മാർപ്പാപ്പ ഓവൽമൈതാനത്തിൽ പ്രവേശിച്ചപ്പോൾ രംഗം സാന്ദ്രനിശ്ശബ്ദമായി. ആ നിശ്ശബ്ദതയിൽ കടലിരമ്പൽപോലെ ഹസ്തഘോഷം മാത്രം ഉച്ചത്തിൽ കേൾക്കാമായിരുന്നു. മണ്ഡപത്തിൽ പ്രവേശിച്ച പരി. പിതാവ്, ആശ്ലേഷിക്കുവാൻ നീട്ടിയ കരങ്ങളുമായി, പുഞ്ചിരിപ്രഭ തൂകിക്കൊണ്ട് തന്റെ പ്രിയമക്കളുടെ ആഹ്ലാദാതിരേകങ്ങൾ സ്വീകരിക്കുവാൻ അതിനു ചുററും നടന്നു. 'പോപ്പുരാജൻ നീണാൾ വാഴട്ടെ' എന്ന ജയാരവങ്ങൾ ഉയർന്നുകൊണ്ടിരുന്നു. പുതുതായി പട്ടം സ്വീകരിച്ചവരെ പ്രത്യേകവിധത്തിൽ ആശീർവ്വദിച്ചതിനുശേഷം പരി. പിതാവ് കർദ്ദിനാളിന്റെ വസതിയിലേയ്ക്കു പോയി.

പിറേറദിവസം ഓവൽ മണ്ഡപത്തിങ്കൽവച്ച്, 4 ലക്ഷത്തിൽപ്പരം തീർത്ഥകരുടെ സാന്നിധ്യത്തിൽ അഞ്ചു ഭൂഖണ്ഡങ്ങളിൽനിന്നുമായി ആറു മെത്രാന്മാരെ പരി. പിതാവ് അഭിഷേചിച്ചു. അനന്തരം തിരുമേനി പൊന്തിഫിക്കൽ കുർബ്ബാനയർപ്പിച്ചു.

ഡിസംബർ 4_ാം തീയതി പരി. പിതാവ് രോഗികളെ ആശീർവ്വദിച്ചു; അവർക്കു ലേപനം നൽകി. കുരിശിന്റെ വഴി നടത്തുകയുംചെയ്തു.

## വിടവാങ്ങൽ

ഡിസംബർ 5_ാം തീയതി, തിരുമേനി വിടവാങ്ങി. ആ അവസരത്തിൽ അവിടുന്നു വികാരപരവശനായി കാണപ്പെട്ടു. "നാം നമ്മുടെ ഹൃദയം ഇവിടെ വിട്ടുംവച്ചാണു പോകുന്നതു്. നാം ഇന്ത്യയുമായി ഒരു ധാർമ്മികപാരതത്വത്തിലെ പങ്കാളിയാണെന്നു നമുക്കു തോന്നിപ്പോകുന്നു. നാം ഇന്ത്യയെ എന്നും സ്നേഹിക്കും; ഇന്ത്യയുടെ ഭാവിപുരോഗതിയെ നാം അത്യന്തം താല്പര്യത്തോടെ വീക്ഷിച്ചുകൊണ്ടിരിക്കും" എന്ന് അവിടുന്നു പ്രസ്താവിച്ചു. "ജയ് ഹിന്ദ്, ജയ് ഹിന്ദ്!" അവിടുന്ന് ആത്മാർത്ഥമായി ആശംസിച്ചു.

## സമാപനം

സമാപനദിനമായ ഡിസംബർ 7_ാം തീയതി വൈകീട്ട്, പേപ്പൽ പ്രതിനിധിയുടെ പ്രധാന കാർമ്മികത്വത്തിൽ മെത്രാന്മാരും വൈദികരും ഒന്നിച്ച് സമൂഹബലിയർപ്പിച്ചു. തുടർന്ന് ദിവ്യകാരുണ്യപ്രദക്ഷിണം ആരംഭിച്ചു. ഗേററ്വേ ഓഫ് ഇൻഡ്യയിലേയ്ക്കു പ്രദക്ഷിണം നീങ്ങി. അലങ്കരിക്കപ്പെട്ടതും മേൽക്കെട്ടിയുള്ളതുമായ ഒരു വാഹനത്തിൽ കർദ്ദിനാൾ അഗജിയാനിയൻ ദിവ്യകാരുണ്യം എഴുന്നള്ളിച്ചുകൊണ്ട് ആരാധനാനിമഗ്നനായി സഞ്ചരിച്ചിരുന്നു. പ്രദക്ഷിണം ഗേററ്വേ ഓഫ് ഇന്ത്യയിലെത്തിയപ്പോൾ തിരുമേനി തന്നെ പരി. കുർബാനയുടെ വാഴ്‌വ് നൽകി. എല്ലാ ഭൂഖണ്ഡങ്ങളിൽനിന്നുമുള്ള ലക്ഷക്കണക്കിനു തീർത്ഥകർ ദിവ്യകാരുണ്യരാജനു മുമ്പിൽ ഒന്നിച്ചു മുട്ടു മടക്കി, അവിടുത്തെ ആരാധിച്ചുവണങ്ങി.

അനന്തരം കർദ്ദിനാൾ ഗ്രേഷ്യസ് ചെയ്ത സമാപനപ്രസംഗത്തിൽ, കോൺഗ്രസ്സിന്റെ വിജയത്തിനായി പ്രവർത്തിച്ച സകലർക്കും പരസ്യമായി നന്ദി പറഞ്ഞു. ദിവ്യകാരുണ്യകോൺഗ്രസ്വാരത്തിൽ നമ്മുടെ ഹൃദയത്തിൽ കൊളുത്തിയ ആദ്ധ്യാത്മിക നവോത്ഥാനത്തിന്റേതായ ദീപനാളത്തിന്റെ ഭാസുരപ്രകാശം ഭവനത്തിൽനിന്നു ഭവനത്തിലേയ്ക്കും, രൂപതയിൽനിന്നു രൂപതയിലേയ്ക്കും, രാഷ്ട്രത്തിൽനിന്നു രാഷ്ട്രത്തിലേയ്ക്കും, ഭൂഖണ്ഡത്തിൽനിന്നു ഭൂഖണ്ഡത്തിലേയ്ക്കും പ്രചരിക്കുമാറാകട്ടെ എന്നും, മെച്ചപ്പെട്ട ഒരു ലോകത്തിനു രൂപം കൊടുക്കുവാൻ നമുക്കു പരിശ്രമിക്കാം എന്നും കർദ്ദിനാൾ തിരുമേനി പ്രസ്താവിച്ചു.

ബോംബെയിൽ നടന്ന ദിവ്യകാരുണ്യകോൺഗ്രസ്സും മാർപ്പാപ്പയുടെ ഭാരതസന്ദർശനവും ഭാരതസഭയുടെ ചരിത്രത്തിൽ ഒരു പുത്തൻ യുഗത്തിനു അടിക്കല്ലിട്ടിട്ടുണ്ടെന്നതു നിസ്സന്ദേഹമാണു്. ഒരു മിഷനറിയെന്ന നിലയിൽ വിദൂരമായ ഈ ഭാരതം സന്ദർശിക്കുവാൻ തയ്യാറായ പരി. പിതാവ് പോൾ ആറാമൻ തിരുമേനിയുടെ മിഷൻ തീക്ഷ്ണത ഭാരതത്തിലെ കത്തോലിക്കരെ മിഷൻ പ്രബുദ്ധരാക്കട്ടെ.

( 382-ാം പേജിൽനിന്നു തുടർച്ച )

ബസ്സുകളിലും കാറുകളിലും പ്രത്യക്ഷപ്പെട്ടു. ക്രിസ്തുമസ്സ് ഗാനങ്ങൾകൊണ്ടു തെരുവീഥികൾ മുഖരിതമായി.

ഇരുപതു കൊല്ലങ്ങൾ കഴിഞ്ഞു. "ക്രിസ്തുവിനോടുകൂടെ ക്രിസ്തുമസ്സ്," എന്ന മുദ്രാവാക്യത്തിനു പ്രാധാന്യം കൂടിവരുന്നുണ്ട് അമേരിക്കയിൽ. എന്നാൽ മനുഷ്യഹൃദയങ്ങളിൽ ക്രിസ്തുവിനുള്ള സ്ഥാനം ഇനിയും അതർഹിക്കുന്ന നിലയിലെത്തിയിട്ടില്ലെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണ്. മതാത്മകമായ ക്രിസ്തുമസ്സ് കാർഡ് അയയ്ക്കുന്നവരും വീടുകളിൽ തൊഴുക്കൂട് സ്ഥാപിക്കുന്നവരുംകൂടി ക്രിസ്തുവിനു തങ്ങളുടെ ഹൃദയങ്ങളിൽ സ്ഥാനം കൊടുക്കുന്നില്ല. വാസ്തവത്തിൽ, ക്രിസ്തുമസ്സ് തൊഴുക്കൂട് വയ്ക്കോലുകൊണ്ടുമാത്രം നിർമ്മിച്ചാൽ പോരാ; നിർജ്ജീവമായ ഒരു ഉണ്ണിരൂപം അതിൽ സ്ഥാപിച്ചാലും മതിയാകയില്ല. ക്രിസ്തു മനുഷ്യഹൃദയങ്ങളിൽ ജനിക്കണം; മനുഷ്യഹൃദയങ്ങളാകണം അവിടുത്തേയ്ക്കു ജനിക്കാനുള്ള കാലിത്തൊഴുത്ത്.


( ലേഖകൻ )

ക്രിസ്തുവിന്റെ കാലത്തു ജീവിച്ചിരുന്ന ബെത്ലഹംകാരനായ ഒരു ദാവീദിന്റെ കഥ എത്രയും ചിന്തോദ്ദീപകമാണ്. ദാവീദിന്റെ പിതാവ് ഒരു സത്രം നടത്തിവരവേ തളർവാതം പിടിപെട്ട് അങ്ങനെ പിറുപിറുത്തു കഴിയുകയായിരുന്നു. മകൻ ദാവീദ് അതേസമയം എത്രയും മധുരമായി സംസാരിക്കുകയും പെരുമാറുകയും ചെയ്തിരുന്ന ഒരു പതിനെട്ടു വയസ്സുകാരനായിരുന്നു. പിതാവ് ഭൃത്യന്മാരുടെ ദൃഷ്ടിയിൽ ഒരു വിഷസർപ്പമായിരുന്നു; എന്നാൽ മകൻ ദാവീദ് ഒരു കുഞ്ഞാടുപോലെയായിരുന്നു. തന്നിമിത്തം കുടുംബകാര്യങ്ങളെ സംബന്ധിച്ച് അച്ഛനും മകനും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടാകുമായിരുന്നു. മകൻ ദരിദ്രരെ സ്വീകരിക്കുന്നതു കാണുമ്പോൾ അച്ചൻ രോഗശയ്യയിൽനിന്നു ചാടിയെഴുന്നേററു മകനെ ഓടിക്കാനുള്ള ഭാവം കാണിക്കും. പലപ്പോഴും അയാൾ മകനോട് ഇങ്ങനെ പറഞ്ഞിരുന്നു: "നീ എന്നെ നശിപ്പിക്കും. ഒരു ദരിദ്രസന്ദർശകനും ധനികനും തമ്മിലുള്ള അന്തരം നീ എന്നു മനസ്സിലാക്കും?"

ആ വാക്കുകൾ ദാവീദിന്റെ ചെവിയിൽ മാറെറാലിക്കൊണ്ടിരുന്നകാലത്ത് ഒരു ദിവസം സത്രത്തിന്റെ വാതിൽക്കൽ ഒരു ചെറുപ്പക്കാരനും ഭാര്യയും വന്നു നില്ക്കുന്നതു കണ്ടു. ചെറുപ്പക്കാരനു മുപ്പതു വയസ്സു തോന്നും; എത്രയും ആകർഷകമായ നോട്ടം. ആ സ്ത്രീ ഒരു ചെറുപുഞ്ചിരിയോടുകൂടി കഴുതപ്പുറത്തിരിക്കയാണ്. അവളുടെ അധരങ്ങൾ റോസാപുഷ്പദളങ്ങൾപോലെ തോന്നും. "ഈ സത്രത്തിൽ ഒരു മുറിയുണ്ടോ! ഒരു മുറി?" ആ ചെറുപ്പക്കാരൻ ചോദിച്ചു. ദാവീദു പ്രത്യുത്തരിച്ചു: "ഉവ്വ്". ചെലവു കൂടും....വരൂ. ആ തളത്തിൽ താമസിക്കാം." പുറമെ മററ് അതിഥികൾ സ്ഥലം പിടിച്ചിരുന്നു. ആ ചെറുപ്പക്കാരൻ പറഞ്ഞു: "ആ തളം പോരുകയില്ല. ഇവൾ ഒരു കുഞ്ഞിനെ പ്രതീക്ഷിച്ചിരിക്കയാണ്." ദാവീദു വികാരഭരിതനായി. "ഉള്ളിലേയ്ക്കു വരൂ," എന്നു പറയുവാൻ അവൻ ആഗ്രഹിച്ചിരുന്നു; എന്നാൽ അച്ഛന്റെ വാക്കുകൾ അവൻ ഓർത്തു: "ധനികരും ദരിദ്രരും തമ്മിലുള്ള വ്യത്യാസം നീ അറിയുന്നുവോ?" ദാവീദ് അവസാനം പറഞ്ഞു: "എനിക്ക് അനുകമ്പ തോന്നുന്നു; പക്ഷെ, ഇവിടെ സ്ഥലമില്ല." ആ അപരിചിതൻ സ്നേഹപൂർവ്വം ഭാര്യയോടു പറഞ്ഞു: "മരിയാ, നമുക്കു പോകാം."

ദാവീദു തെല്ലുനേരം സംശയിച്ചു നിന്നു. മരിയാ, അതാണ് ആ സ്ത്രീയുടെ പേര്. എത്ര മധുരം! ആ സാത്വികമായ മന്ദഹാസം! അവളെത്തന്നെ നോക്കിക്കൊണ്ടു മെല്ലെ അവൻ വാതിലടച്ചു. അപ്പോളിതാ, അവിടെ ഒരു കുതിര വെകിളിപിടിച്ച് ഒരു കുട്ടിയെ ചവിട്ടിയിട്ടിരിക്കുന്നു. ദാവീദ് ആ കുട്ടിയെ രക്ഷിക്കുവാൻ ഓടിച്ചെന്നു. കുതിരയുടെ ഒരു തൊഴി ദാവീദിനും കിട്ടി. അവന്റെ കണ്ണു രണ്ടും പൊട്ടിപ്പോയി. അവന്റെ ബോധവും പോയി. ഒന്നുരണ്ടു ദിവസം കഴിഞ്ഞു ബോധം വന്നപ്പോൾ, അവൻ ചോദിച്ചു: ആ സ്ത്രീ എവിടെ? "ഏതു സ്ത്രീ?" "ഇവിടെ ആലംബം അന്വേഷിച്ചുവന്ന ആ ഗർഭിണി." ഒരു വേലക്കാരി ഊഹിച്ചു മറുപടി പറഞ്ഞു: "അവൾ അടുത്തുള്ള ഗുഹയിൽ കിടന്ന് ഒരു കുട്ടിയെ പ്രസവിച്ചിരിക്കുന്നു." "നിങ്ങൾ പോയി അവളെ കണ്ടെത്തണം." അവർ അന്വേഷണങ്ങൾ നടത്തിക്കൊണ്ടിരുന്നു. അപ്പോഴേയ്ക്കും അവർ കേട്ടു. അവൾ കുട്ടിയോടുകൂടി ഈജിപ്തിലേയ്ക്കു പോയെന്ന്. ദാവീദു ദുഃഖാർത്തനായി. അയാൾക്ക് ആ സ്ത്രീയെ കണ്ടുപിടിച്ച് കുറേ ദിവസം അവളെ സത്രത്തിൽ താമസിപ്പിക്കാൻ ഒരാഗ്രഹം!

മുപ്പത്തിനാല് കൊല്ലം അങ്ങനെ കടന്നുപോയി. ദാവീദ് ഒരിക്കൽ ജെറുസലേമിൽ ചെന്നപ്പോൾ രണ്ടു പേർ തമ്മിൽ ഇങ്ങനെ സംഭാഷിക്കുന്നതായി അവൻ കേട്ടു. "അത്ഭുതം ചെയ്തു നടക്കുന്ന ഒരാളെ നിങ്ങൾ കണ്ടുവോ? അയാൾ ഇന്നലെ ഒരു കുരുടനു കാഴ്ച കൊടുത്തു." "നമ്മുടെ പ്രധാന പുരോഹിതന്മാർ കുരിശിൽ

---

വേദോപദേശക്ലാസ്സിൽ അച്ചൻ: "ദൈവത്തിൽ എത്ര ആളുകളുണ്ട്?"

ജോണി: "ആദ്യം മൂന്നാളുകളുണ്ടായിരുന്നു. അതിലൊരാൾ മരിച്ചുപോയി ബാക്കി രണ്ടാളുണ്ട്."

— തോമസ് കൊക്കപ്പുഴ.

തറപ്പിച്ച ക്രിസ്തുവിന്റെ ശിഷ്യനായ പത്രോസാണതു്" ഇതരൻ പ്രത്യുത്തരിച്ചു.

പത്രോസിന്റെ അടുക്കലേയ്ക്കു തന്നെ കൊണ്ടുപോകുവാൻ ദാവീദ് ആവശ്യപ്പെട്ടു. "ഹാ, പത്രോസു്", അങ്ങു നല്ല ഒരു മനുഷ്യനാണെന്നു കേട്ടു. എനിക്കു കാഴ്ച തരിക. എനിക്കു് ഒരു കടം വീട്ടാനുണ്ടു്. മുപ്പതു കൊല്ലം മുമ്പു് ഗർഭിണിയായ ഒരു സ്ത്രീയെ ഞാൻ അവഗണിച്ചു. അവൾ ശിശുവിനെ പ്രതീക്ഷിച്ചിരിക്കയായിരുന്നു; അന്നു ഞാൻ സത്രത്തിൽ അവൾക്കു് ഒരു മുറി കൊടുത്തില്ല."

പത്രോസു് മന്ദഹാസപൂർവ്വം ചോദിച്ചു: "മുപ്പതു കൊല്ലം കഴിഞ്ഞു നീ ആ സ്ത്രീയെ കണ്ടാൽ ഓർക്കുമോ?" "ഞാൻ അവളെ മറന്നിട്ടില്ല; എനിക്കു് അവളെ കാണണം." പത്രോസു് അവന്റെ കണ്ണിൽ തൊടുകയും തൽക്ഷണം അവൻ കാഴ്ച പ്രാപിക്കുകയും ചെയ്തു. "ഹാ കാഴ്ചകിട്ടി, എന്തൊരാനന്ദം!"

കുറേ ദിവസങ്ങൾക്കുശേഷം പത്രോസിനോടുകൂടെ ദാവീദും സ്നേഹവിരുന്നിനു (Agape) ചെന്നു. അവിടെ ഒരു സ്ത്രീയെ ദാവീദു കണ്ടു. ആരോ അവളോടു ചോദിച്ചു: "ഈശോ ജനിച്ച കാര്യമൊന്നു വിവരിക്കൂ" ആ സ്ത്രീ പ്രത്യുത്തരിച്ചു: "ഞങ്ങൾ ബെത്‌ലഹത്തിലെത്തിയപ്പോൾ എത്രയും ക്ഷീണിതരായിരുന്നു. പല വീടുകളിലും കയറി ഞങ്ങൾ മുറി ആവശ്യപ്പെട്ടു. ആരും തന്നില്ല. അവസാനം ഞങ്ങൾ പൊതുസത്രത്തിൽ ചെന്നു. ഒരു ചെറുപ്പക്കാരൻ വാതിൽ തുറന്നുതന്നു. അവൻ ഞങ്ങളെ സ്വീകരിക്കുമെന്നു് എനിക്കു് ആദ്യം തോന്നി; എന്നാൽ പെട്ടെന്നു് അവന്റെ ചിന്താഗതി മാറി."

ഓരോരുത്തരായി അത്താഴമുറിയിൽനിന്നു പിരിഞ്ഞുപോയി. ദാവീദു് അവിടെത്തന്നെ ഇരുന്നു കരഞ്ഞു. തൽസമയം അവന്റെ തോളിൽ ആ സ്ത്രീ കൈവച്ചു് ആശ്വസിപ്പിക്കാൻ തുടങ്ങി. അപ്പോൾ ദാവീദു പറഞ്ഞു: "എന്നോടു ക്ഷമിക്കുക; ഞാനാണു് ആ യുവാവു് അങ്ങയുടെ മകനെ എന്റെ വീട്ടിലേയ്ക്കു ക്ഷണിക്കണമെന്നു ഞാൻ അത്യധികം ആഗ്രഹിച്ചിരുന്നു.... ഇനി സാധ്യമല്ലല്ലോ."

ആ സ്ത്രീ പ്രതിവചിച്ചു: "ഇല്ല. അസാധ്യമായൊന്നുമില്ല." അവൻ ചോദിച്ചു: "എന്താണു് അങ്ങു പറയുന്നതു്?" ആ സ്ത്രീ മറുപടിയായി പറഞ്ഞു: "നിനക്കു് അവിടുത്തെ ഇനിയും സ്വീകരിക്കാം. നാളെ ക്രിസ്ത്യാനികൾ കൂടുമ്പോൾ വിശുദ്ധ കുർബ്ബാനയിൽ നിനക്കു് അവിടുത്തേ സ്വീകരിക്കാം."

പിറേറദിവസം ദാവീദു് ഭയഭക്തിയോടുകൂടെ ആ പുളിക്കാത്ത അപ്പം സ്വീകരിച്ചു. ദൈവത്തിന്റെ സാന്നിധ്യം, ക്രിസ്മസ് അവൻ ആസ്വദിച്ചു. അവൻ പറഞ്ഞു: "എന്റെ കർത്താവേ, അങ്ങു് എന്റെ ഭവനത്തിൽ എഴുന്നള്ളിവരാൻ ഞാൻ യോഗ്യനല്ല. അങ്ങു് ഒരു വാക്കു് അരുൾചെയ്യുക. എന്റെ ആത്മാവു സുഖപ്പെടും." ഇതാണു് ക്രിസ്മസ്സു ചൈതന്യം. ഇതാണു ക്രിസ്തുവിന്റെകൂടെയുള്ള ക്രിസ്മസ്സ്".

★


പുകവലിക്കാർക്കൊരു മുദ്രാവാക്യമേയുള്ളൂ:

## ആസ്വാദ്യകരമായ പുകവലി!

# ആപ്പിൾ ഫോട്ടോ

# ബീഡികൾ ക്കൊരു മുദ്രാവാക്യമേയുള്ളൂ:

പുകവലിക്കാരുടെ സംതൃപ്തി!!

ഇണങ്ങിച്ചേർന്ന ഈ രണ്ടു താല്പര്യങ്ങൾ നീണാൾ വാഴട്ടെ!

# ക്രിസ്തുമസ് ഗാനങ്ങൾ

## I

('സ്കൂൾ മാസ്റ്ററിലെ' «താമരക്കുളക്കടവിൽ»........എ. മ )

പാതിരക്കുളിർത്തണലിൽ
പാരിങ്കൽ പുൽക്കുടിലിൽ
പാപാന്ധകാരം നീക്കിടുവാനായ്
ഭുവനത്തഹോ ദൈവം!
പാതിരക്കുളിർത്തണലിൽ
പാരിങ്കൽ പുൽക്കുടിലിൽ
ദൈവത്തിൻ പുത്രൻ സ്വർഗ്ഗത്തുനിന്നും
മന്നിലെത്തിയ രക്ഷകൻ! (പാതിര....

1. വിണ്ണിൻ സുതനെ നാമണഞ്ഞു
മന്നിൻ പുളകപ്പൂ ചൊരിഞ്ഞു
മണിവീണയിൽ ഗാനമുയർന്നു
മഹിതഃസ്തോത്രമുതിർന്നു! (പാതിര....

2. ഹല്ലേലൂയ്യാ പാടിയെങ്ങും
ഉല്ലാസത്താൽ കൈവണങ്ങും
സുരകോമളരൂപനെ! നാഥാ!
വരഗണങ്ങൾ ഉതിർക്കൂ! (പാതിര....

## II

'ആദ്യകിരണങ്ങ'ളിലെ
(«ഭാരതമെന്നാൽ പാരിൻ നടുവിൽ........» എ. മ.)

പാതിരതന്നിൽ കാലിക്കുടിലിൽ
മാമരിസുതനവൻ പൊന്നുണ്ണി!
നര_ജാതിതൻ പാപം പോക്കാനെത്തിയ
തങ്കക്കുടമല്ലോ! (പാതിര........

1. അറിഞ്ഞു വന്നവരിടയന്മാരും
നിരന്നു നിന്നാ വനോരും
ചിൽകൃപയോലും മഹിതാത്മജനെ
താണു വണങ്ങിടുമേ!
നമിച്ചു നാമും പാടുക സ്തോത്രം
നിത്യമഹത്വം ഈശനു സ്തോത്രം
ഇഹത്തിലെന്നുമെ നിതാന്തശാന്തി
മർത്ത്യനതിക്കും പുരുശാന്തി (പാതിര........

2. മാലിന്യത്തിന്നാമയച്ചേററിൽ_
നിന്നും നരനെയുയർത്താനായ്
ക്ലേശിതർക്കെന്നും ആശ്വാസത്തിൻ
പൂന്തേൻ പകർന്നു കൊടുക്കാനായ്
അലറി വരുന്നോരഴലാഴിയിൽ നര_
നൊരു കരമൊന്നു തുണയ്ക്കാനായ്
അവനിയിൽ നരനായ്_ഉണ്ണി പിറന്നു
അവനെ നമുക്കു സ്തുതിക്കാം! (പാതിര........

## III

('ഭാഗ്യവതിനിലയം' «പൊട്ടിത്തകർന്ന കിനാവു്''.....എ., മ.)

മഞ്ഞിൽക്കുളിച്ച നിലാവിൻ മഞ്ചലിൽ
പള്ളികൊള്ളുന്നല്ലോ പൊന്നുണ്ണി!
പള്ളി............ (മഞ്ഞിൽ........

1. പാപക്കറയെല്ലാം മാററുവാനല്ലയോ
പരിശുദ്ധൻ ജാതനായി ധരയിൽ
പൂർവ്വപിതാക്കൾ_കുറിച്ചു, പ്രതീക്ഷതൻ
പാവന നക്ഷത്രമാണല്ലോ! (മഞ്ഞിൽ........

2. മാലാഖമാരെല്ലാം പാടി വരുന്നുണ്ടു്
രാജാധിരാജനെ കൈവണങ്ങാൻ
ഉയരുന്നു മഹിതമാം സ്തോത്രസംഗീതങ്ങൾ
ഉണരുന്നു ലോകവും പാടി വാഴ്ത്താൻ!
(മഞ്ഞിൽ........

## IV

('കാമനക്കുട്ട'നിലെ «ആകാശഗംഗയുടെ കരയിൽ....» എ.മ.)

മോക്ഷത്തിൻ നാഥനിതാ നരനായ്
മഹേശസുതനായ്
ജാതനായി പുൽക്കുടിലൊന്നിൽ
ജഗത്തിൻ രക്ഷകനായ് (മോക്ഷ....

1. പുഞ്ചിരി പൊഴിയും അമ്പിളിപോലേ
പുണ്യക്കതിരൊളിയാലേ....
വാനിൽ അഴകിൽ തെളിഞ്ഞു വന്നൊരു
ദാനമഴവില്ലിവിടെ..ഇവിടെ..ഇവിടെ..ഇവിടെ..
(മോക്ഷ....

2. സ്വർഗ്ഗരാജ്യം വീണ്ടെടുക്കാൻ
ശാന്തിയുലകിനേകാൻ
പാപക്കുരിരുൾ അകററിടുന്നൊരു
രാജതാരമിവിടെ...ഇവിടെ.. ഇവിടെ—ഇവിടെ...
(മോക്ഷ....

— ജി. ചിററിലപ്പിള്ളി

## V

('അഞ്ജനകണ്ണെഴുതി'........ എ. മ.)

ബെത്ലേഹം പുൽത്തൊഴുത്തിൽ,
പാതിര നേരം തന്നിൽ_
ഭൂലോകനാഥനേശു_ജാതനായി! (ബെത്ലേഹം....

വാനിൽ പൂങ്കാവിലേറെ_
താരങ്ങൾ മിന്നിനിന്നു
മാലാഖമാരിതപ്പോൾ പാട്ടു പാടി.... (വാനിൽ....
കീറത്തുണികൾ മദ്ധ്യേ
പാരം വിറച്ചനേരം_കീറത്തുണി........
സ്നേഹാധിരാജനേശു_ജാതനായി! (ബെത്ലേഹം ...
ആട്ടിടയരോടിയെത്തി_
പാട്ടുകൾ പാടിയവർ
വിണ്ണിൻ നാഥനെയവർ സ്തുതിച്ചു നന്നായ്........
കൂപ്പുകൈകളുമായ്
പോകുക സോദരരെ_കൂപ്പുകൈ........
പുൽക്കുട്ടിലേശുവിനെ സ്തുതിച്ചിടുവാൻ
(ബെത്ലേഹം....

— ജോൺ പാറയിൽ, പൊയ്യ

FOR

*Stainless Steel*

★ TOYS
★ KNIVES
★ POOJA SETS
★ PRESENTATION SETS ETC., ETC.

*Visit Our Show room*

↓

# *Wares*

**ROUND SOUTH :: TRICHUR-1.**
PHONE: 789

Phone: 462

# THE DAMIEN SUBSIDIES LIMITED,
**TRICHUR.**

A Unique Quasi-Charitable Institution
In aid of Damien Leprosy Hospital, Mulayam

Conducting Kuries of sala Ranging from Rs. 13825 to Rs. 36000/-
( Both Monthly & Quarterly )

*Await our Fresh Series.*

CHAKOLA LONAPPEN PALU,
CHAIRMAN.

# ദിവ്യകാരുണ്യഭക്തിയുടെ ചരിത്രം

സിൽവെസ്റ്റർ

ദിവ്യകാരുണ്യത്തിൽ ക്രിസ്തുവിൻെറ യഥാർത്ഥ സാന്നിധ്യം സഭയിൽ എക്കാലവും വിശ്വസിക്കപ്പെട്ടു പോന്നിട്ടുള്ളതാണ്. എന്നാൽ, ഈ വിശ്വാസം ആരാധനയായി പ്രകാശനം കൈക്കൊണ്ട രീതിയിൽ നൂററാണ്ടുകളിലൂടെ പല പരിണാമങ്ങളും വികാസങ്ങളും സംഭവിച്ചിട്ടുണ്ട്. ഈ ദിവ്യരഹസ്യത്തിൽ ഉൾക്കൊണ്ടിട്ടുള്ളതെല്ലാം വ്യക്തമായി ഗ്രഹിക്കുന്നതിനോ, സുവിശദമായി മനസ്സിലാക്കുന്നതിനോ ആരംഭകാലങ്ങളിൽ സ്വാഭാവികമായും ഇടയായിട്ടില്ല. ദിവ്യബലിയിലും ദിവ്യഭോജനത്തിലുമുള്ള യഥാർത്ഥ സാന്നിദ്ധ്യത്തിലാണ്, കൂദാശികസാന്നിധ്യത്തി (Sacramental Presence) ലെന്നതിനേക്കാൾ അന്നൊക്കെ കൂടുതൽ ശ്രദ്ധ നല്കപ്പെട്ടിട്ടുള്ളത്.

## രണ്ടു വികസനരൂപങ്ങൾ

ദിവ്യകാരുണ്യനാഥനോടുള്ള ഭക്തി വികാസവും വളർച്ചയും പ്രാപിച്ചിട്ടുള്ളത് രണ്ടു രൂപത്തിലാണ്: ഒന്ന് ആരാധനക്രമത്തിലൂടെ; മററത്, ആരാധനക്രമത്തിനു പുറത്തും.

## ആരാധനക്രമത്തിലൂടെയുള്ള വളർച്ച

ആരാധനക്രമത്തിലൂടെയുള്ള ദിവ്യകാരുണ്യഭക്തി പ്രകടനങ്ങളുടെ ആരംഭം അഞ്ചാം നൂററാണ്ടവസാനത്തോടുകൂടിയാണ്. സിറിയയിലേയും ഏഷ്യാമൈനറിലേയും പൗരസ്ത്യസഭകളിലാണ് ഇതു് ആദ്യമായി പ്രത്യക്ഷപ്പെട്ടതു്. ലത്തീൻ റീത്തിൽ ഇതാദ്യമായി തുടങ്ങുന്നതു്, ദിവ്യകാരുണ്യ സ്വീകരണത്തിനു മുമ്പ "ഭൂലോകപാപങ്ങളെ നീക്കുന്ന ദൈവത്തിൻെറ കുഞ്ഞാടേ...." എന്ന പ്രാർത്ഥന കൂട്ടിച്ചേർത്തതുമുതല്ക്കാണ്. ഒരു പൗരസ്ത്യനും സുറിയാനിക്കാരനുമായ സെർജിയൂസ് ഒന്നാമൻ പാപ്പയാണ് ഇതിൻെറ ആരംഭകനും. ലത്തീൻ കർബാനയിൽ ദിവ്യകാരുണ്യസ്വീകരണത്തിനു മുമ്പായി വൈദികൻ രഹസ്യമായി ചൊല്ലുന്ന പ്രാർത്ഥനകളെല്ലാം മധ്യശതകങ്ങളിൽമാത്രം കൂട്ടിച്ചേർക്കപ്പെട്ടവയാണ്. ഇവയിലും സിറിയൻ റീത്തിൻെറ സ്വാധീനം പ്രകടമായിക്കാണാം. മുട്ടുകുത്തൽ, കുമ്പിടൽ, ധൂപാർപ്പണം എന്നീ ആരാധനപ്രകടനങ്ങളും സുറിയാനിക്കാരുടെയിടയിൽ തന്നെയാണ് ആദ്യം പ്രചാരത്തിൽ വന്നതു്. പ്രാർത്ഥനകളും ആരാധനാസൂചകങ്ങളായ വാക്കുകളും ഉപയോഗിച്ചു തുടങ്ങുന്നതിനുമുമ്പ്, നാലാം ശതകാരംഭത്തിൽത്തന്നെ ഇത്തരം അനുഷ്ഠാനങ്ങൾ പ്രചരിച്ചുകഴിഞ്ഞിരുന്നു. ആദ്യമൊക്കെ ഇവ കേവലം രഹസ്യമായ ഭക്തിപ്രകാശനങ്ങളായിരുന്നു; ആരാധനക്രമത്തിലേയ്ക്കു് ഔദ്യോഗികമായി സ്വീകരിക്കപ്പെട്ടിരുന്നില്ല. ആരാധനക്രമത്തിൽ ഇവ ആദ്യമായി അംഗീകരിച്ചതും സുറിയാനിക്കാരാണെന്നാണു ചരിത്രരേഖകൾ സാക്ഷ്യപ്പെടുത്തുന്നതു്. എട്ടാം ശതകത്തിൽപ്പോലും, ലത്തീൻ ആരാധനക്രമത്തിലേയ്ക്കു് ഇവ സ്വീകരിക്കപ്പെട്ടതായി കാണുന്നില്ല. 1474-ൽ അച്ചടിച്ച ലത്തീൻ കർബാന തക്സകളിലും ഇവ അംഗീകരിച്ചിട്ടുള്ളതിനു സൂചനകളില്ല. ഒരുപക്ഷേ, ഔദ്യോഗികമോ സർവ്വസാധാരണമോ അല്ലാത്ത ചില പാരമ്പര്യാനുഷ്ഠാനങ്ങളായി നിലനിന്നിരിക്കാം. മുട്ടു കുത്തിനിന്നുകൊണ്ടു കർബാന കൈക്കൊള്ളുന്ന പതിവ് ലത്തീൻ റീത്തിൽ പതിമൂന്നാം ശതകത്തിലാണ് പ്രചാരത്തിലായതു്. പൗരസ്ത്യസഭകളിൽ ഈ രീതി ഇന്നുവരെയും സ്വീകരിക്കപ്പെട്ടിട്ടില്ല. പകരം, നിന്നുകൊണ്ടാണ് ദിവ്യകാരുണ്യം സ്വീകരിക്കുക.

## ആരാധനക്രമത്തിനു പുറത്തു്, ദിവ്യകാരുണ്യ ഭക്തിപ്രകടനങ്ങളുടെ വളർച്ച

ദിവ്യബലിയിൽനിന്നും ദിവ്യഭോജനത്തിൽനിന്നും സ്വതന്ത്രമായി പ്രത്യേകം സൂക്ഷിച്ചിരുന്ന ദിവ്യകാരുണ്യകൂദാശയ്ക്കു രഹസ്യമായും പരസ്യമായും ആരാധന നല്കിപ്പോന്നു. കർബാന എഴുന്നെള്ളിച്ചു വച്ചിട്ടുള്ള സ്ഥലങ്ങളിൽ വിശ്വാസികൾ കുർബ്ബാനയോടു പ്രകടിപ്പിക്കുന്ന ആരാധനയാണ് രഹസ്യാരാധന. ഇതിൻെറ തന്നെ ലളിതമായ മറെറാരു രൂപമാണ് പരസ്യാരാധന. പരി. കുർബ്ബാന 'സക്രാരി'ക്കു പുറത്തു പരസ്യമായി എഴുന്നെള്ളിച്ചു വയ്ക്കൽ, വാഴ്‌വ്, ദിവ്യകാരുണ്യ പ്രദക്ഷിണങ്ങൾ, ദിവ്യകാരുണ്യാരാധന, ദിവ്യകാരുണ്യ കോൺഗ്രസുകൾ തുടങ്ങിയവ പരസ്യാരാധന പ്രകടനങ്ങളിൽപ്പെടുന്നു.

ഇവയിൽ വാഴ്‌വ് നമ്മുടെയിടയിൽ സാധാരണവും സർവ്വപ്രചാരം ലഭിച്ചിട്ടുള്ളതും സഭ അനുശാസിച്ചിട്ടുള്ളതുമായ ഒരു ആരാധന ക്രമാനുഷ്ഠാനമായി രൂപാന്തരപ്പെട്ടിട്ടുണ്ട്. ജർമ്മനിയിലാണ് ഈ രീതിയിലുള്ള ദിവ്യകാരുണ്യ ഭക്തിപ്രകടനത്തിൻെറ ആരംഭം. ഇന്നത്തെ തിരുസക്രാരിപോലുള്ള ഒരു പേടകത്തിൽ—കൂദാശാലയത്തിൽ (Sacramental-house) ആണ് അവർ കർബാന സൂക്ഷിച്ചിരുന്നതു്. 'കൂദാശാലയ' ത്തിൻെറ വാതിലിലൂടെ ദിവ്യകാരുണ്യം പുറത്തേയ്ക്കു ദൃശ്യമായിരുന്നതിനാൽ, ഇതു് ഒരുതരം സ്ഥിരമായ പര

സ്യാരാധനയ്ക്കു് എഴുന്നെള്ളിച്ചു വയ്ക്കുവാണെന്നു പറയാം. പുറത്തു കത്തിച്ചു വച്ചിട്ടുള്ള തിരികൾക്കു പുറമേ, 'കൂദാശാലയ'ത്തിനകത്തും ഒരു വിളക്കു വയ്ക്കുമായിരുന്നു.

ഇംഗ്ലണ്ടിൽ കുർബാന സൂക്ഷിച്ചിരിക്കുന്ന പേടകം ദൈവാലയത്തിൽ പ്രവേശിക്കുന്ന സകലർക്കും കാണത്തക്കവിധത്തിൽ പ്രധാന അൾത്താരയുടെ മുകളിൽ തൂക്കിയിടുകയായിരുന്നു പതിവു്. എന്നാൽ, അവിടെ രഹസ്യവും പരസ്യവുമായ പ്രത്യേകം പ്രത്യേകം ആരാധനപ്രകടനങ്ങൾ ഉണ്ടായിരുന്നതായി തോന്നുന്നില്ല.

ഓശാന ഞായറാഴ്ച കുരുത്തോല പിടിച്ചുകൊണ്ടു് നടത്താറുള്ള പ്രദക്ഷിണത്തെ അനുകരിച്ചാണ് ദിവ്യകാരുണ്യപ്രദക്ഷിണങ്ങൾ തുടങ്ങിയതു്. ഇംഗ്ലണ്ടിൽ കാൻറർബറിയിലാണ് ഇതിൻെറ ആരംഭം. പിന്നീടിതു മററിടങ്ങളിലേയ്ക്കും പ്രചരിച്ചുതുടങ്ങി.

കുർബാനയുടെ തിരുനാൾ സ്ഥാപിക്കപ്പെട്ടതു പ്രധാനമായും ദിവ്യകാരുണ്യഭക്തിയെ ഉന്നംവച്ചുകൊണ്ടാണ്. ഉർബൻ നാലാമൻ പാപ്പയാണ് ഈ തിരുനാൾ സ്ഥാപിച്ചതു്. സ്ഥാപനാനന്തരം അരനൂററാണ്ടുവരേയും ഈ ദിവസം ദിവ്യകാരുണ്യപ്രദക്ഷിണം നടത്തുന്ന പതിവു് ആരംഭിച്ചിരുന്നില്ല.

ദിവ്യകാരുണ്യാരാധനപ്രകടനങ്ങളിൽ സർവ്വപ്രചാരത്തിലായിക്കൊണ്ടിരിക്കുന്ന ചിലതാണ് നാല്പതുമണിയാരാധന, പതിമൂന്നു മണിക്കൂർ ആരാധന, ഒരു മണിക്കൂർ ആരാധന എന്നിവ. നാല്പതു മണിക്കൂർ ആരാധനയുടെ ആരംഭം 16_ാം നൂററാണ്ടിൽ മിലാൻ പട്ടണത്തിലാണ്. യൗസേപ്പ് ഫെർമാ എന്ന കപ്പൂച്ചിൻ സന്യാസിയാണ് ഇതിൻെറ പ്രണേതാവ് എന്നു കരുതപ്പെടുന്നു. പതിമൂന്നു മണിക്കൂർ ആരാധന കേരളത്തിൽ ആദ്യമായി പ്രചരിപ്പിച്ചതു കുര്യാളശ്ശേരിൽ തോമാ മെത്രാനാണ്. 1829_ൽ, പാരലേമോണിയായിലുള്ള ഈശോസഭക്കാരുടെ കപ്പേളയിൽ ഫാ. ഡെബ്രോസേ എസ്. ജെ. യാൽ സ്ഥാപിതമായതാണ് ഒരു മണിക്കൂർ ആരാധന. അടുത്തകാലത്തു സമാരബ്ധമായിട്ടുള്ള ഏററവും സമുജ്ജ്വലമായ ദിവ്യകാരുണ്യാരാധന പ്രകടനമാണ് ദിവ്യകാരുണ്യകോൺഗ്രസ്സ്. മരിയ ടമീസിയ എന്ന ഒരു ഭക്തസ്ത്രീയാണ് ഇതിനു വിത്തു വിതച്ചതു്. ദിവ്യകാരുണ്യഭക്തനായ ജൂലിയൻ ഏയ്മാർഡിൽനിന്നാണ് അന്തർദ്ദേശീയ ദിവ്യകാരുണ്യകോൺഗ്രസ്സിനെക്കുറിച്ചുള്ള ആശയം അവൾക്കു ലഭിച്ചതു്. ബൽജിയം അതിർത്തിയിൽപ്പെട്ട ഒരു ഫ്രഞ്ചു ഗ്രാമമായ ലില്ലിൽ 1881_ൽ ആദ്യത്തെ ദിവ്യകാരുണ്യകോൺഗ്രസ്സ് സമ്മേളിച്ചു. ബോംബെയിൽവച്ചു നടത്തപ്പെട്ടതു് 38_ാമത്തെ അന്തർദ്ദേശീയദിവ്യകാരുണ്യകോൺഗ്രസ്സാണ്.

പരസ്യമായി എഴുന്നെള്ളിച്ചു വയ്ക്കലും വാഴ്‌വ് ആദ്യമൊക്കെ ഈ കൂദാശയോടു പ്രത്യക്ഷമായ ആരാധന പ്രകടിപ്പിക്കുവാനല്ല ഉദ്ദേശിക്കപ്പെട്ടിരുന്നതും. പരി. കന്യകമറിയത്തിൻെറ സ്തുതിക്കായി നടത്തിയിരുന്ന ഭക്തകർമ്മങ്ങളുടെ ആഘോഷത്തിനുവേണ്ടിയാണ് അപ്രകാരം ചെയ്തിരുന്നതു്. ഇന്നു്, നിത്യസഹായമാതാവിൻെറ നൊവേനയ്ക്കുശേഷം രഹസ്യമായ ദിവ്യകാരുണ്യവാഴ്‌വു് കൊടുക്കുന്ന പതിവു് ഇതിനെ ആധാരമാക്കിയാവാം തുടങ്ങിയതു്. കുർബ്ബാന പരസ്യമായെഴുന്നെള്ളിച്ചു വച്ചിട്ടു്, മാതാവിൻേറയും വിശുദ്ധരുടേയും മററും ലുത്തിനിയ ചൊല്ലുന്ന പതിവും ഇങ്ങനെതന്നെയാവണം ആരംഭിച്ചതു്. ഇതു് ഏതായാലും ആശാസ്യമാണെന്നു് ഈ ലേഖകനഭിപ്രായമില്ല. ദിവ്യകാരുണ്യം പരസ്യമായി എഴുന്നെള്ളിച്ചു വയ്ക്കുമ്പോൾ പ്രത്യക്ഷമായ ആരാധനയും സ്തുതിയും ദിവ്യകാരുണ്യത്തിനല്ലേ നല്കപ്പെടേണ്ടതു്. ദിവ്യബലി സമയത്തു് പരസ്യമായി കൊന്ത ചൊല്ലിവന്നിരുന്ന സമ്പ്രദായം അടുത്ത കാലത്തു പരിശുദ്ധപിതാവു നിരോധിച്ചതു് ഇവിടെ പ്രത്യേകം സ്മരണീയമാണു്.

ആരാധനക്രമത്തിലൂടെയുള്ള ദിവ്യകാരുണ്യഭക്തിപ്രകടനങ്ങൾ പാശ്ചാത്യസഭയിലെപ്പോലെതന്നെ പൗരസ്ത്യസഭയിലും വളർന്നുകൊണ്ടിരുന്നു. എന്നാൽ, പരിശുദ്ധ സിംഹാസനത്തോടു യോജിച്ചു നില്ക്കുന്ന ചില പൗരസ്ത്യസഭകളിലൊഴികെ, മററു സഭകളിലൊന്നും ആരാധനക്രമത്തിനു പുറത്തുള്ള ദിവ്യകാരുണ്യ ഭക്തിപ്രകടനങ്ങൾ ഒരിക്കലും ഉണ്ടായിരുന്നിട്ടില്ല. ഉണ്ടായിരുന്ന സഭകളിൽത്തന്നെ അവ പൗരസ്ത്യാചാരങ്ങൾക്കും ചിന്താഗതികൾക്കും അനുരൂപമായവിധത്തിൽ ക്രമപ്പെടുത്തിയാണു സ്വീകരിക്കപ്പെട്ടിട്ടുള്ളതു്.__ഒരു കേവല പാശ്ചാത്തീകരണത്തിനു് അവിടെ ഇടം നല്കപ്പെട്ടിട്ടില്ല.

## ഉപസംഹാരം

ദിവ്യകാരുണ്യത്തിനു ജീവിതനവീകരണത്തിലുള്ള സ്വാധീനതയെപ്പററി കൂടുതൽ കൂടുതൽ ബോധപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണല്ലോ ഇതു്. നമ്മുടെ ആരാധനപ്രകടനങ്ങളുടെയെല്ലാം കേന്ദ്രം ദിവ്യകാരുണ്യമായിരിക്കണം. ദൈവമാതാവിനോടും വിശുദ്ധരോടുമുള്ള ഭക്തിപ്രകടനങ്ങളുടെ നിഴലിൽ പ്രകാശം മങ്ങിക്കഴിയേണ്ട ഒന്നല്ല ദിവ്യകാരുണ്യഭക്തി. അങ്ങനെ ഒരവസ്ഥ നമ്മുടെ ഭക്തിപ്രകടനരംഗത്തു് നിലവിലിരിക്കുന്നില്ലേ എന്ന ചോദ്യം തികച്ചും കാരണസഹിതമാണു്. ദൈവാലയത്തിൽ പ്രവേശിച്ചയുടൻ തിരുസക്രാരിയുടെ നേർക്കു് ഒന്നു നോക്കുകപോലും ചെയ്യാതെ, മാതാവിൻേറയോ വിശുദ്ധരുടെയോ തിരുസ്വരൂപങ്ങളുടെ അടുക്കൽ പോയി മുട്ടു കുത്തുകയും അവയെ തൊട്ടു മുത്തുകയും ചെയ്യുന്ന സമ്പ്രദായം തീർച്ചയായും മാറേണ്ടതാണു്. അന്ധവും അനർഹവും അതിശയോക്തിപരവും ഉപരിപ്ലവവുമായ ഭക്തിപ്രകടനങ്ങൾ എത്രയും വേഗം തിരുത്തപ്പെടേണ്ടതാണ്. ഈ രംഗത്തു് ഒരു ശുദ്ധീകരണത്തിൻേറയും ഒരു പുനഃക്രമീകരണത്തിൻേറയും ആവശ്യം എക്കാലത്തേയുംകാൾ ഇന്നു് ഉൽക്കടതരമായിട്ടുണ്ടു്.

ഫാദർ മാത്യു മങ്കുഴിക്കരി

# സൊഡാലിററി ഒപ്പീസ്

## — ഒമ്പതാം യാമം —

ദൈവമാതാവിൻെറ മഹാപദാനങ്ങളെ പ്രകീർത്തിക്കുന്നതിനെത്തുടർന്ന്, അവൾവഴി നമുക്കു കൈവന്നിട്ടുള്ള വലിയ നേട്ടങ്ങളെ ഏററുപറയുകയാണു് ഈ ഒമ്പതാം യാമത്തിൽ.

**സങ്കേതനഗരം**—പരി. മറിയം എല്ലാവക്കും അഭയമരുളുന്നു, സംഖ്യയുടെ പുസ്തകത്തിൽ പറഞ്ഞിട്ടുള്ള സങ്കേതനഗരംപോലെ. ആരെങ്കിലും ആരെയെങ്കിലും മനഃപൂർവ്വമല്ലാതെ കൊല്ലുവാനിടയായാൽ ആ അപരാധികളെ ഉടനെ വധിക്കണമെന്ന കടുത്ത നിയമത്തിൽ നിന്നു രക്ഷപ്രാപിക്കുവാനായി കുറെ പട്ടണങ്ങൾ സങ്കേതനഗരങ്ങളായി തിരിച്ചിടണമെന്ന് ദൈവം മൂശയോടു കല്പിക്കുകയുണ്ടായി. ഈ നഗരങ്ങളിൽ അഭയം തേടുന്നവക്ക് തങ്ങളുടെ നിരപരാധിത്വം തെളിയിക്കുവാൻ അവസരം ലഭിക്കുമായിരുന്നു. എല്ലാ വിപത്തുകളിലും സഹായവും സംരക്ഷണവും നല്കുന്ന കരുണയുള്ള മാതാവാണല്ലോ പരി. കന്യക. "പാപികളുടെ സങ്കേതമേ" എന്നു തിരുസ്സഭ അവളെ വിളിക്കുന്നു. ഇന്നു് പലരും നിരാശയിൽ ആണ്ടുപോകുകയും ആത്മഹത്യക്കുപോലും ഒരുമ്പെടുകയും ചെയ്യുന്നുണ്ടല്ലോ. അനുകമ്പയും ദയയും നിറഞ്ഞ ഈ നല്ല അമ്മയെ വിളിച്ചു് അപേക്ഷിക്കുവാൻ അവർ ശ്രദ്ധിച്ചിരുന്നെങ്കിൽ! ലൂർദ്ദിലെ പുണ്യതീർത്ഥത്തിൽനിന്ന് എത്രയോ പേർ അത്ഭുതകരമായി ശാന്തിയും സമാധാനവും പ്രാപിച്ചുകൊണ്ടിരിക്കുന്നുണ്ടു്. മരിയമക്കൾ മററുള്ളവരേയും മാതാവിൻെറ പക്കലേയ്ക്കു് ആനയിക്കുവാൻ ശ്രമിക്കട്ടെ.

**ദാവീദിൻെറ കോട്ട**—ദൈവജനനിയെ ദാവീദിൻെറ കോട്ടയെന്നും നിർമ്മലദന്തംകൊണ്ടുള്ള കോട്ടയെന്നും കൊന്തയുടെ ലുത്തിനിയായിൽ പ്രകീർത്തിക്കുന്നുണ്ടല്ലോ. ദാവീദുരാജാവു് പണികഴിപ്പിച്ച ബലിഷ്ഠവും മനോഹരവുമായ ഒരു പ്രാകാരത്തെപ്പററി ഈ വാഗ്ദാനത്തിൽ (Canticle of Canticles) പ്രസ്താവിച്ചിട്ടുണ്ടു്. ശത്രുക്കളിൽനിന്നു രക്ഷ പ്രാപിക്കുവാൻ ഈ കോട്ട ഏററം പ്രയോജനപ്പെട്ടിരിക്കും. എന്നാൽ ദാവീദിൻെറ വംശജനായ ക്രിസ്തുവിനും അവിടത്തെ അനുയായികൾക്കും സംരക്ഷണം നല്കിയ ബലവത്തായ കോട്ടയാണ് പരി. മറിയം. മർക്കനായ ഹേറോദേസിൻെറ കൈകളിൽ നിന്നെന്നതുപോലെ പാഷണ്ഡികളായ നെസ്തോറിയൻസ്, എവിററിക്കസ്, പ്രോട്ടസ്റ്റൻറുകാർ, യുക്തിവാദികൾ തുടങ്ങിയ സഭാശത്രുക്കളിൽ നിന്നും മാതാവ് തിരുസ്സഭയെ രക്ഷിച്ചുകൊണ്ടിരിക്കുന്നു.

പരിശുദ്ധ കന്യകയുടെ അജയ്യശക്തിയുടെ രഹസ്യമെന്താണെന്ന് ചുവടെ പ്രസ്താവിക്കുന്നു. "ഉത്ഭവത്തിൽ ദൈവസ്നേഹത്താൽ ജ്വലിച്ചവളായ നീ നരകസർപ്പത്തിൻെറ ശക്തി നശിപ്പിച്ചു." മാതാവിൻെറ പാപരഹിതമായ ജനനവും പ്രസാദവരപൂർണ്ണമായ ജീവിതവുംവഴി നാരകീയശക്തികളെ പാടെ പരാജയപ്പെടുത്തിയിരിക്കുന്നു. മരിയസഖ്യാംഗങ്ങളും ഈ വിജയത്തിൽ ഭാഗഭാക്കാകത്തക്കവിധം ജീവിക്കേണ്ടതാണു്. അതാണു് ഈ ഭക്തസംഘടനയുടെ സാക്ഷാത്തായ ഉദ്ദേശവും. ആകയാൽ ക്രിസ്തുനാഥൻെറ വീരപോരാളികളായി എല്ലാ രംഗങ്ങളിലും വർത്തിക്കുവാനായി ഏററം പരിശുദ്ധമായ ഒരു ജീവിതം നയിക്കണം. മററുള്ളവരുടെ ജീവിതവിശുദ്ധീകരണത്തിനായി കഴിവതു പരിശ്രമിക്കുകയും വേണം. എല്ലാ അഭിയത്നങ്ങളിലും, സാത്താനെ ജയിച്ചടക്കിയ പരി. കന്യകയുടെ ധീരനേതൃത്വം നമുക്കുണ്ടായിരിക്കുകയും ചെയ്യും.

**ധീരയായ സ്ത്രീരത്നം**—ഉപമകളുടെ പുസ്തകത്തിലെ ഒടുവിലത്തെ അദ്ധ്യായത്തിൽ വർണ്ണിച്ചിട്ടുള്ള വിവേകമതിയും ധീരയുമായ സ്ത്രീയുടെ കാര്യമാണ് ഇവിടെ അനുസ്മരിക്കുന്നതു്. അവൾ സമർത്ഥയായ ഒരു കുടുംബനായികയും, സ്നേഹസമ്പന്നയായ, ഒരു ഭാര്യയും വാത്സല്യനിധിയായ ഒരു മാതാവും, സേവനസന്നദ്ധയായ ഒരു സ്വാമിനിയുമായി അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. ലോകരക്ഷയ്ക്കുവേണ്ടി സ്വന്തം ജീവിതം സമർപ്പിച്ചുകൊണ്ടു് നസ്രത്തിലെ തിരുക്കുടുംബത്തിലെ നായികയും ഭാര്യയും മാതാവുമായി സേവനമനുഷ്ഠിച്ച പരി. മറിയം ഈ ധീരവനിതയുടെ പൂർണ്ണരൂപമാണ് നമുക്കു നല്കുന്നതു്. ഒരു സ്ത്രീയുടെ ജീവിതത്തിലുണ്ടാകാവുന്ന എല്ലാ വിപരീതാനുഭവങ്ങളിലുംകൂടി അവൾ നിർഭയം കടന്നുപോകുകയുണ്ടായി. ഭാവിജീവിതത്തിലേയ്ക്കു് എത്തിനോക്കി സേവനസന്നദ്ധതയോടെ കാത്തുനില്ക്കുന്ന സഖ്യാംഗങ്ങൾക്ക് ആവശ്യമായ ദിവ്യപ്രകാശം പ്രദാനം ചെയ്തുകൊണ്ടു് സുവിശേഷത്തിലെ ഈ വീരവനിത നിലകൊള്ളുന്നു.

**അജയ്യയായ യൂദിത്ത്**—പരി. മറിയത്തിൻെറ സാഹസികവും ധീരവുമായ സേവനസന്നദ്ധത വ്യക്തമാ

ക്കുവാനായി പഴയനിയമത്തിലെ യൂദിത്തിൻെറ ചരിത്രം തുടന്ന് അനുസ്മരിക്കുന്നു. വിധവയും സുകൃതിനിയുമായിരുന്ന യൂദിത്ത് ഒരു ദാസിയെ മാത്രം കൂട്ടിക്കൊണ്ട് ശത്രുപാളയത്തിൽ ചെന്ന് അസ്സീരിയൻ സൈന്യാധിപനായിരുന്ന ഹോളഫർന്നസ്സിനെ തന്ത്രത്തിൽ വധിച്ച് ഇസ്രായേൽ ജനങ്ങളെ രക്ഷിച്ച വീരചരിത്രം യൂദിത്തിൻെറ പുസ്തകത്തിൽ ഭംഗിയായി വിവരിച്ചിട്ടുണ്ട്. എന്നാൽ നരകപ്രഭുവായ പിശാചിൻെറ തല തകർത്തുകൊണ്ട് ലോകരക്ഷയ്ക്കായി ധീരസേവനമനുഷ്ഠിച്ച പരി. കന്യകയുടെ മുമ്പിൽ യൂദിത്ത് ഒരു നിഴൽ മാത്രമായിത്തീരുന്നു. ദൈവമഹത്വത്തിനും സമസൃഷ്ടികളുടെ നന്മയ്ക്കുമായി ത്യാഗപൂർവ്വം പ്രവർത്തിക്കാൻ സൊഡാലിററിക്കാർ തയ്യാറാകേണ്ടതാണല്ലോ. സഖ്യജീവിതം അതിനു പററുന്ന ഒരു നല്ല ഒരുക്കമാകത്തക്കവണ്ണം ആത്മീയവും മാനസികവുമായ ഗുണങ്ങൾ സമ്പാദിക്കുവാൻ അവർ ശ്രമിക്കട്ടെ.

**കന്യകയായ അബിസാഗ്** — രാജർഷിയായ ദാവീദിനെ അദ്ദേഹത്തിൻെറ വാർദ്ധക്യത്തിൽ പരിചരിക്കുവാൻ പ്രത്യേകം തെരഞ്ഞെടുത്തു നിയോഗിക്കപ്പെട്ട കന്യകയായിരുന്ന അബിസാഗ്. അവളുടെ ത്യാഗപൂർണ്ണമായ സേവനം പ്രശംസാർഹമായ ഒരു കൃത്യമായി പരിഗണിക്കപ്പെടുന്നു. എന്നാൽ അബിസാഗിനെ അതിശയിക്കുന്ന എത്രയോ വലിയ സേവനമാണ് സമാധാനരാജാവായ ക്രിസ്തുവിനുവേണ്ടി പരി. കന്യക നിർവ്വഹിച്ചിരിക്കുന്നത്. ദിവ്യരക്ഷകൻെറ മൗതികശരീരമായ തിരുസ്സഭയുടെ സംരക്ഷണത്തിലും പരി. അമ്മ അതിമാത്രം ശ്രദ്ധാലുവാണല്ലോ.

**മെസ്രേൻെറ രക്ഷകൻ** — ഗോത്രപിതാവായ യാക്കോബിൻെറ പുത്രൻ യൗസേപ്പിനെയാണ് ഇവിടെ അനുസ്മരിക്കുന്നത്. അദ്ദേഹം ഈജിപ്തിനെ കടുത്ത ക്ഷാമബാധയിൽ നിന്നു രക്ഷിച്ചു. അദ്ദേഹത്തിൻെറ അമ്മ റാഹേലിന് അതിൽ അഭിമാനംകൊള്ളുവാൻ വകയുണ്ടല്ലോ. എന്നാൽ ലോകത്തെ മുഴുവൻ നിത്യദുരിതത്തിൽനിന്നു രക്ഷിച്ച ദൈവപുത്രനെ പ്രസവിച്ചു വളർത്തിയ പരി. മറിയം എത്രയോ മഹത്തായ ഒരു കൃത്യമാണ് നിർവ്വഹിച്ചിരിക്കുന്നത്!

ഇപ്രകാരം മാതാവ് വിവിധ തരത്തിൽ സാധിച്ചിട്ടുള്ളതും ഇപ്പോഴും സാധിച്ചുകൊണ്ടിരിക്കുന്നതുമായ മഹാകാര്യങ്ങൾ ഈ കീർത്തനങ്ങളിൽ ഏററുപറഞ്ഞതിനുശേഷം അതിനെല്ലാം അടിസ്ഥാനമായി നില്ക്കുന്ന അമലോത്ഭവത്തെ വീണ്ടും ഇങ്ങനെ അനുസ്മരിക്കുന്നു. "എൻെറ പ്രിയേ, നീ പൂർണ്ണസുന്ദരിയാകുന്നു; ജന്മപാപത്തിൻെറ കറ നിന്നിൽ ഒരിക്കലും ഉണ്ടായിട്ടുമില്ല" ദൈവച്ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യാത്മാവിൻെറ അതുല്യസൗന്ദര്യത്തിനു കളങ്കം ചേർക്കുന്നതു പാപം മാത്രമാണല്ലോ. എന്നാൽ പരി. ജനനി അമലയായി ജനിച്ചു; പ്രസാദവരപൂർണ്ണയായി ജീവിച്ചു. ഇതുതന്നെയാണ് ആദ്ധ്യാത്മിക സൗന്ദര്യത്തിൻെറ അടിസ്ഥാനം. സമസൃഷ്ടികൾക്ക് എന്തെങ്കിലും ശാശ്വതമായ നന്മ ചെയ്യണമെങ്കിൽ അവശ്യാവശ്യമായിട്ടുള്ളതും ഇതുതന്നെയാണ്. വി. വിൻസെൻറ് ഡി പോളിൻെറയും ജോൺ ബോസ്കോയുടെയും ഒസാനാമിൻെറയും മററും നിസ്വാർത്ഥസേവനങ്ങളുടെ വിജയരഹസ്യവും ഇതുതന്നെയാണ്. പാണ്ഡിത്യത്തേക്കാൾ പുണ്യം സമ്പാദിക്കുവാൻ മരിയമക്കൾ സദാ പരിശ്രമിക്കട്ടെ.

★


**Approach:**

PHONE: 310

**TRICHUR MEDICAL STORES**

**CHEMISTS, TRICHUR.**

*For all your requirements in*

**MEDICINE BOTH WHOLESALE & RETAIL.**

**Stockists for Everything Best.**

# കടവുഴകിയ കല്പവൃക്ഷം

( 374-ാം പേജിൽനിന്നു തുടർച്ച )

പ്രസ്താവിച്ചിരിക്കുന്നു. തടങ്കലിൽ കഴിയുന്ന ക്ലാരച്ചേടത്തിയെ നിരുപാധികം മോചിപ്പിക്കുവാനും യഥാർത്ഥ കുററവാളി റാക്കുറപ്പായിയെ തൂക്കിക്കൊല്ലുവാനുമാണു് വിധി. മത്തായിച്ചനെ കോടതി വെറുതെ വിട്ടു.

അടക്കാനാവാത്ത ആനന്ദവായ്പോടെ ചിന്നമ്മയും മത്തായിച്ചനും ക്ലാരച്ചേടത്തിയുടെയടുക്കൽ ഓടിയെത്തി.

"അമ്മേ നമുക്കു പോകാം."

"എവിടെ....മോനേ?"

ആ അമ്മയും മകനും ഒരിക്കൽക്കൂടി ഗാഢാശ്ലേഷത്തിലമന്നു.

"എൻെറ മോനുവേണ്ടി" അവർ വിങ്ങിപ്പൊട്ടി പറഞ്ഞു. "ഈ ശിക്ഷ മുഴുവൻ അനുഭവിച്ചിട്ടേ ഞാൻ പോരുന്നുള്ളു."

"കേസു വീണ്ടും വിധിച്ചമ്മേ! അമ്മയെയും എന്നെയും വെറുതെ വിട്ടു."

"ങേ....നേരോ?....പിന്നെ ആരാ മോനെ കുററം ചെയ്തതു്...."

"റപ്പായി."

"അവനെന്ത്യേ .. ?"

"അവനെ തൂക്കാൻ വിധിച്ചു."

"പാവം! അവൻെറ അപ്പൻ........"

ആ കണ്ണുകളിൽ ഉരുകാത്ത അശ്രുമണികൾ തിങ്ങിനിന്നു. ഒരു പാവയെപ്പോലെ അവർ ശൂന്യതയിലേയ്ക്കു നോക്കി; തറച്ചുനില്ക്കുന്ന നോട്ടം!

"അമ്മേ നമുക്കു പോകാമ്മേ...." ചിന്നമ്മയും ധൃതികൂട്ടി. ക്ലാരച്ചേടത്തിക്കു് ഒരു ഭാവഭേദവുമില്ല. മത്തായിച്ചൻെറ കരവലയത്തിനുള്ളിൽ അവർ മരവിച്ചു നില്ക്കുകയാണു്.

മുററത്തു് ഒരു ടാക്സി കാർ വന്നു. ഫാദർ ജറോമും ബാരിസ്റ്റർ മേനോനും ജയിൽ വാർഡനും അതിലുണ്ടു്. ഒരു തടവുപുള്ളിയെ യാത്രയയയ്ക്കാൻ വന്നിരിക്കുകയാണവർ.

"ഈശോ ....മിശിഹായ്ക്കു.....സ്തുതി ..യായിരി....ക്കട്ടെ." ഗദ്ഗദത്തിൻെറ കോട്ടയിൽനിന്നു് ആ പദങ്ങൾ അടന്നടന്നു വീണു.

"നല്ലതു വരട്ടെ വല്യമ്മേ." ഫാദർ ജറോം പറഞ്ഞു.

"ഒടുവിൽ സത്യം ജയിച്ചു; ദൈവം നന്മയേ വരുത്തുകയുള്ളു."

"പ്രാർത്ഥിക്കണേ! അച്ചാ എനിക്കൊരു....തല ....കറ....ക്കം...."

മത്തായിച്ചനും ചിന്നമ്മയുംകൂടെ അവരെ താങ്ങി കട്ടിലിൽ കിടത്തി.

"മോനേ!" മത്തായിച്ചൻെറ കൈ പിടിച്ചു് അവർ പറഞ്ഞു. "നീ നന്നാ....യി....ക്കണ്ട....പ്പം....എൻെറ....ഉള്ളു്....നിറ....ഞ്ഞു...."

നിമിഷങ്ങൾ!....നീറിപ്പിടയുന്ന നിമിഷങ്ങൾ!! എല്ലാക്കണ്ണുകളും അവരുടെ മുഖത്തു തറഞ്ഞു നില്ക്കുകയാണു്.

"ഡോക്ടർ...." ബാരിസ്റ്റർ മേനോനാണു പറഞ്ഞതു്. ജയിൽ വാർഡൻ ഒരു അററൻഡറെ വിളിച്ചു് ഉടനെ പറഞ്ഞയച്ചു.

മത്തായിച്ചനെത്തന്നെ ഉററുനോക്കിക്കൊണ്ടിരുന്ന ആ നേത്രങ്ങൾ പെട്ടെന്നു് ഒന്നിളകിച്ചലിച്ചു. ഡോക്ടർ വന്നപ്പോഴേയ്ക്കും അവരുടെ അന്തരാത്മാവു പറന്നു പൊയ്ക്കഴിഞ്ഞു. കട പുഴകിവീണ ആ കല്പവൃക്ഷത്തെ കെട്ടിപ്പിടിച്ചു മത്തായിച്ചനും ചിന്നമ്മയും ഏങ്ങിയേങ്ങിക്കരഞ്ഞു.

* * * *

വർഷം ഒന്നു പറന്നു പോയി. മത്തായിച്ചൻെറ ഇടവകപ്പള്ളിയിലെ സെമിററിയിൽ മനോഹരമായ ഒരു കല്ലറ ഉയർന്നുവന്നു. അതിൻെറ തലയ്ക്കൽ കലാസുന്ദരമായി തല ഉയർത്തിനില്ക്കുന്ന കുരിശിൻെറ താഴെ ഇങ്ങനെ എഴുതിയിട്ടുണ്ടു്.

"അമ്മ—മക്കൾക്കുവേണ്ടി ത്യജിക്കാൻ പാടില്ലാത്തതായി യാതൊന്നാണു് അമ്മയ്ക്കുള്ളതു്? അമ്മയിൽനിന്നു മക്കൾക്കു് എന്തുതന്നെ കിട്ടുകയില്ല? ജീവിതത്തിൻെറ കല്പവൃക്ഷമാണു് അമ്മ—"

നവംബർമാസത്തിൽ തുലാവർഷം കഴുകിത്തുടച്ച നീലാകാശത്തിനു താഴെ ബന്തിപ്പൂക്കൾകൊണ്ടലങ്കരിച്ച ആ കല്ലറയ്ക്കലേയ്ക്കു് ഒരു യുവാവും യുവതിയും നടന്നടുക്കുന്നു....മത്തായിച്ചനും ചിന്നമ്മയും! ചിന്നമ്മയുടെ കൈയ്യിൽ ഒരു കൈക്കുഞ്ഞുണ്ടു്; താമരപ്പൂപോലുള്ള ഒരു പെൺകുഞ്ഞു്. ടർക്കിടവ്വൽ വിരിച്ചു് അവർ ആ കുഞ്ഞിനെ അമ്മയുടെ കല്ലറയ്ക്കു മുകളിൽ കിടത്തി. അവരുടെ മുട്ടുകൾ മടങ്ങി.

"ളേ....ളേ....ളേ...." ആ പെൺകുഞ്ഞു കരഞ്ഞപ്പോൾ ക്ലാരച്ചേടത്തിയുടെ ആത്മാവു പുളകമണിഞ്ഞിട്ടുണ്ടാവും.

അവസാനിച്ചു.

---

[പ്രേമത്രികോണങ്ങളും പ്രണയാഭാസങ്ങളുംകൊണ്ടു് ഒട്ടുമുക്കാലും മലീമസമാണു് നമ്മുടെ നോവലുകളധികവും. മിക്കവാറും ഒരേ കഥാഗതിയുടെ വിവിധ പകർപ്പുകൾ പല നോവലുകളിലും കാണാം. ഈ രീതിയിൽനിന്നു് ഒന്നകന്നുമാറാനും കഥാസ്വരൂപത്തിനു വ്യതിയാനവും വൈവിധ്യവുമുണ്ടാകാനും വേണ്ടിയുള്ള ഒരു വിനീത പരീക്ഷണമാണു് കല്പവൃക്ഷം. വിജയിച്ചോ എന്നു വിധിക്കേണ്ടതു വായനക്കാരാണു്. അഭിനന്ദനങ്ങൾ അറിയിച്ച സുഹൃത്തുക്കൾക്കു് എൻെറ ഹൃദയംഗമമായ കൃതജ്ഞത. — കഥാകൃത്തു്]

# പ്രാർത്ഥനാപരിഷ്കാരം

ഫാദർ ലേത്തുസ്, സി. എം. ഐ.

പല നൂററാണ്ടു കാലത്തെ പഴക്കമുള്ള നമ്മുടെ പ്രാർത്ഥനകൾ വിവിധ തരക്കാരും വിഭിന്ന രുചിക്കാരുമായ ജനസാമാന്യത്തെ തൃപ്തിപ്പെടുത്തുമാറു പരിഷ്കരിച്ചെടുക്കുക എന്നതു് ക്ലേശം പേറുന്ന ഒരു സംരംഭമാണെന്നു പറയാതെ നിവൃത്തിയില്ല. പ്രാർത്ഥനകൾ പരിഷ്കരിക്കണം എന്ന മുറവിളി നാനാ സ്ഥാനങ്ങളിൽനിന്നും കേട്ടുതുടങ്ങിയിട്ടു് ദശവർഷങ്ങൾതന്നെ പലതു കഴിഞ്ഞു. തൽഫലമായി പ്രാർത്ഥനാപരിഷ്കരണത്തിനു വേണ്ടിയുള്ള ചില പരിശ്രമങ്ങൾ മുളയെടുത്തു. പല ഭാഷാഭിമാനികളോടും അഭിപ്രായം ചോദിക്കുകയുണ്ടായി. ഈയിടെ പൊതുജനാഭിപ്രായം ആരാഞ്ഞുകൊണ്ടു്, പരിഷ്കരിച്ച ഏതാനും പ്രാർത്ഥനകൾ പത്രമാസികകളിൽ പ്രസിദ്ധീകരിച്ചിരിക്കയാണല്ലൊ. ഈ ലേഖകന്റെ വ്യക്തിഗതമായ ചില അഭിപ്രായങ്ങൾ സാദരം ചുവടേ ചേർത്തുകൊള്ളുന്നു.

പ്രാർത്ഥനകളിലെ ഭാഷ തീർച്ചയായും ലളിതമായിരിക്കണം. വ്യാകരണസംബന്ധമായോ, ഭാഷാശൈലിസംബന്ധമായോ, തെററുകൾ നമ്മുടെ പ്രാർത്ഥനകളിൽ ഒരിക്കലും സ്ഥലംപിടിക്കരുതാത്തതാകുന്നു. പണ്ഡിതനും പാമരനും ഒന്നുപോലെ കൈകാര്യം ചെയ്യുന്നതിനുതകുന്നതായിരിക്കണം നമ്മുടെ പ്രാർത്ഥനകൾ. പ്രാർത്ഥനയിലേർപ്പെടുന്ന വിശ്വാസികൾ ബഹുഭൂരിഭാഗവും ബുദ്ധിജീവികളോ ഭാഷാപണ്ഡിതന്മാരോ അല്ലാത്തതിനാൽ, സാധാരണജനങ്ങൾക്കു് കൂടുതൽ രുചിക്കുന്ന ലാളിത്യത്തിനു് നമ്മുടെ പ്രാർത്ഥനകളിൽ പ്രാധാന്യം നൽകണം. പിച്ചച്ചട്ടിയുടെ പിരിയാത്തോഴിയായ ഭിക്ഷുകിയും അക്ഷരജ്ഞാനമില്ലാത്ത അപരിഷ്കൃതജനതയും പ്രാർത്ഥന നടത്തുവാൻ കടപ്പെട്ടവരാണു്. അവരുടെയെല്ലാം ഗണ്യമായ അവകാശവുമാണു് പ്രാർത്ഥിക്കുക എന്നതു്. ഉദിച്ചുയരുന്ന പുതിയ തലമുറയും ജീവിതാസ്തമനത്തിലേയ്ക്കു നീങ്ങുന്ന പഴയ തലമുറയും ഒന്നിച്ചുചേർന്നു നടത്തേണ്ടതാണല്ലൊ കൂട്ടപ്രാർത്ഥനകൾ. ഇവിടെയെങ്ങും യാതൊരു കുഴപ്പത്തിനും വഴി തുറക്കാത്ത പരിഷ്കാരമാണു് നമുക്കാവശ്യമായിരിക്കുന്നതു്.

നിലവിലിരിക്കുന്ന പ്രാർത്ഥനകൾകൊണ്ടു് ഏറെക്കുറെ എല്ലാത്തരത്തിൽപ്പെട്ട വിശ്വാസികളും സംതൃപ്തരായിട്ടാണു കഴിയുന്നതു്. എങ്കിലും പ്രാർത്ഥനാപരിഷ്കാരം അപരിത്യാജ്യമാണെന്ന അഭിപ്രായം എവിടെയും പൊന്തിനിൽക്കുന്നു. കാരണം, ഭാഷാപരമായ തെററുകളും പോരായ്മകളും നമ്മുടെ പ്രാർത്ഥനകളിൽ സ്ഥലംപിടിച്ചിരിക്കുന്നതുതന്നെ. തെററുകൾ തിരുത്തേണ്ടതാണെന്നു സകലരും സമ്മതിക്കുന്നുണ്ടു്. പക്ഷെ, തെററില്ലാത്ത ഭാഷാശൈലിയും പദങ്ങളും തിരുത്തുന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസം ഉണ്ടാകാതിരിക്കയില്ല. ചില പ്രയോഗങ്ങൾ ചിലർക്കു രുചിക്കുന്നില്ല എന്ന കാരണത്താലോ, അല്ലെങ്കിൽ ചില പദങ്ങൾ കുറേ പഴക്കംചെന്നുപോയി എന്നു തോന്നുന്നതിനാലോ തെററില്ലാത്ത ആ പദങ്ങളും പ്രയോഗങ്ങളും മാററി പുതിയവ പ്രതിഷ്ഠിക്കുന്നതു് ഒരിക്കലും ശരി അല്ലെന്നാണു് എന്റെ വിനീതമായ അഭിപ്രായം. അപ്രകാരം തന്നെ കുറേ സംസ്കൃതപദങ്ങൾ ചേർത്താലേ പ്രാർത്ഥനയിലെ ഭാഷയ്ക്കു് അന്തസ്സും മേന്മയും ഉണ്ടാകയുള്ളു എന്നു കരുതുന്നതും ശരിയല്ല. മഹാകവി ചങ്ങമ്പുഴയുടെ കവിതകളെ പരാമർശിച്ചു് ശ്രീ. മുണ്ടശ്ശേരി ഈയിടെ പറഞ്ഞതു് സ്മരണയിലെത്തുന്നു. "അമ്മ എന്ന പദം ഉപയോഗിക്കുമ്പോൾ നമുക്കുണ്ടാകുന്ന വികാരങ്ങൾ ജനയിത്രി എന്നു പറഞ്ഞാലുണ്ടാകുകയില്ല. നിത്യോപയോഗത്തിൽ ഏറെക്കാലം കിടന്നു പാരമ്പര്യപ്പെട്ടിട്ടുള്ള പദങ്ങൾ മർമ്മം നോക്കി പ്രയോഗിക്കണം. ഇങ്ങനെ പ്രയോഗിച്ചാലേ സഹൃദയനാണെങ്കിലും മനസ്സിലാകൂ." ഭാഷാസാഹിത്യത്തിൽ സ്വീകരിക്കേണ്ട നയമിതാണെങ്കിൽ പ്രാർത്ഥനയിലെ കാര്യം പിന്നെ പറയണമോ? അപരിചിതങ്ങളായ പദങ്ങളും പ്രയോഗങ്ങളും കുത്തിച്ചെലുത്തിക്കൊണ്ടുള്ള പ്രാർത്ഥനാപരിഷ്കരണം, ബഹുഭൂരിഭാഗം വരുന്ന നമ്മുടെ സാമാന്യജനങ്ങൾക്കു ക്ലേശത്തിനേ വഴി തുറക്കുകയുള്ളൂ. കൂട്ടപ്രാർത്ഥനകളിൽ സ്വരരഞ്ജിപ്പു് നഷ്ടീഭവിക്കും. ഏകാഗ്രതയ്ക്കു കോട്ടമുണ്ടാകും. അങ്ങനെ പ്രാർത്ഥന ലക്ഷ്യപ്രാപ്തിക്കു് ഉതകാതെ അലങ്കോലമാകുന്നതിനും എളുപ്പമുണ്ടു്. അതിനാൽ നമ്മുടെ പ്രാർത്ഥനാപരിഷ്കരണത്തിന്റെ പ്രധാനലക്ഷ്യം നിലവിലിരിക്കുന്ന പ്രാർത്ഥനകളിലെ തെററുകൾ തിരുത്തുകമാത്രമായിരിക്കണം.

പ്രാർത്ഥനകളിലെ ഭാഷയ്ക്കു് "പാതിരിച്ചുവ"യുണ്ടെന്നും, അതു് "മാപ്പിളമലയാളം" ആണെന്നും അതിനാൽ എല്ലാം ഒന്നുടച്ചുവാർക്കേണ്ടതുണ്ടെന്നും അഭിപ്രായപ്പെടുന്നവരും ഇല്ലാതില്ല. ഉപരിപ്ലവങ്ങളായ രുചിഭേദങ്ങളുടെ അടിസ്ഥാനത്തിൽ എന്നതിനെക്കാൾ ചില തത്വനിഷ്ഠയുടെ അടിസ്ഥാനത്തിലായിരിക്കണം പരിഷ്കാരങ്ങൾ വരുത്തുവാൻ. പാതിരിഭാഷ കണ്ണടച്ചുകൊണ്ടു പുറന്തള്ളിക്കളയേണ്ടതുണ്ടോ? മാപ്പിള എന്നഭിമാനിക്കുന്നവർ മാപ്പിളഭാഷയിലും അഭിമാനംകൊള്ളുകയാണു് വേണ്ടതു്. മാപ്പിളയുടെ പിതൃസ്വത്താണു് മാപ്പിളഭാഷ. കേരളക്കരയിൽ മാപ്പിളയോളംതന്നെ പൂർവ്വികത്വവും ആഭിജാത്യവുമുണ്ടു് മാപ്പിളയുടെ ഭാഷ

ഷ്ടും. അമൂല്യമായ ഈ മാപ്പിളഭാഷയെടുത്തു പൊടിതട്ടി മിനുക്കി അതിൻെറ തേജസ്സും വൈശിഷ്ട്യവും തെളിയിച്ചുകാണിക്കുവാൻ പണ്ഡിതന്മാരും ഭാഷാഭിമാനികളും മുന്നോട്ടു വരാത്തതാണ് മാപ്പിളഭാഷയെ പലരും അമർഷത്തോടെ വീക്ഷിക്കുവാൻ കാരണം. രണ്ടായിരക്കൊല്ലത്തെ പഴക്കമുള്ള നസ്രാണിയുടെ വ്യക്തിത്വം ചിത്രീകരിക്കുന്ന ഒരു വിശിഷ്ടശൈലിയാണ് നമ്മുടെ പ്രാർത്ഥനകളിലെ ഭാഷയ്ക്കുള്ളതു്. മാപ്പിളഭാഷ എന്നു പറഞ്ഞു് അവഗണിക്കാവുന്നതല്ല ആ ഭാഷാതല്ലജം. സാഹിത്യപരിഷത്തു മാസികയുടെ പണ്ഡിതനായ പത്രാധിപർ അയാളുടെ മാപ്പിളഭാഷയെപ്പററി ചെയ്തിട്ടുള്ള പ്രസ്താവനയിലെ ശ്രദ്ധേയമായ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കാം. "ചില പ്രയോഗങ്ങൾ പഴയതാണെന്ന കാരണത്താൽ അവ മാററണമെന്നു പറയുന്നതിനു് അർത്ഥമില്ല. മാപ്പിളമലയാളത്തെ ആക്ഷേപിക്കുന്നവർ ഭാഷ എന്താണെന്നറിയാത്തവരാണ്. മിഷനറിമാരുടെ സേവനങ്ങളിൽ ഞാൻ ഏററവും വിലമതിക്കുന്നതു് അവർ നടപ്പാക്കിയ മാപ്പിളമലയാളമാണ്. കേരളത്തിലെത്തിയ മിഷനറിമാർ ഗ്രന്ഥനിർമ്മാണത്തിനു് ഒരുമ്പെട്ടപ്പോൾ, "അക്ബറി"ലും "ധർമ്മരാജ"യിലും കാണുന്ന തരത്തിലുള്ള പണ്ഡിതഭാഷ സ്വീകരിച്ചില്ല. സാമാന്യജനങ്ങളുടെ ഇടയിലേയ്ക്കു് ഇറങ്ങിച്ചെന്നു് അവർക്കു മനസ്സിലാകുന്ന ഒരു ഭാഷയാണ് മിഷനറിമാർ സ്വീകരിച്ചതു്. പാതിരിമലയാളം അന്നത്തെ ജനകീയമലയാളമാണ്. മിഷനറിമാർ നമ്മുടെ ഭാഷയ്ക്കും സാഹിത്യത്തിനും നൽകിയിരിക്കുന്ന അനശ്വരസമ്പാദ്യമാണതു്. അവരുടെ സേവനത്തിൻെറ മഹത്വം ഇന്നുള്ളവർ മനസ്സിലാക്കിത്തുടങ്ങിയിട്ടുണ്ട്. ഇന്നത്തെ പല സാഹിത്യകാരന്മാരും ജനകീയഭാഷ സ്വീകരിച്ചു തുടങ്ങിയിരിക്കുന്നു. ഉറൂബ്, വൈക്കം മുഹമ്മദ് ബഷീർ, തകഴി മുതലായവർ മാപ്പിള മലയാളക്കാരാണ്; എന്നുപറഞ്ഞാൽ ജനകീയശൈലിയിൽ സാഹിത്യസൃഷ്ടി നടത്തുന്നവരാണ്. നമ്മുടെ പ്രാർത്ഥനകളും ജനകീയശൈലിയിലായിരിക്കുന്നതാണ് നല്ലതെന്നത്രെ എൻെറ അഭിപ്രായം. പാടത്തു പണിയെടുക്കുന്ന വേലക്കാരനും ഫാക്ടറിയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളിക്കും എളുപ്പം പഠിക്കാവുന്നതും പരസഹായം കൂടാതെ അർത്ഥം ഗ്രഹിക്കാവുന്നതുമായ ഒരു ശൈലിയാണ് ഞാനുദ്ദേശിക്കുന്നതു്" (സത്യദീപം വാ: 38, ലക്കം 8).


(ലേഖകൻ)

പ്രാർത്ഥനകൾ പരിഷ്കരിക്കുമ്പോൾ, കൂടുതൽ ഭാഷാഭംഗി വരുത്തുവാൻ എന്ന ന്യായേന നമ്മുടെ സാഹിത്യത്തിൽ ചിരപ്രതിഷ്ഠ സിദ്ധിച്ചിട്ടുള്ളതും, തലമുറതലമുറകളായി നമ്മൾ ഭക്തിപുരസ്സരം കൈകാര്യംചെയ്തുപോന്നിട്ടുള്ളതും ആയ പദങ്ങളും പ്രയോഗങ്ങളും മാറേറണ്ടതാണോ എന്നു് പ്രാർത്ഥനാപരിഷ്കരണത്തിൽ ഏർപ്പെട്ടിരിക്കുന്നവരും ഭാഷാഭിമാനികളും ഒന്നുറക്കെ ചിന്തിക്കേണ്ടതുണ്ട്. "ശുദ്ധമാന സ്ലീവായുടെ അടയാള"ത്തിൽത്തന്നെ തുടങ്ങുക. പാകക്കേടു ഭവിച്ചുനിൽക്കുന്ന "ശുദ്ധമാന" പിഴുതുമാററി പകരം "വിശുദ്ധ"പദം പ്രയോഗിക്കുന്നതിൽ ആർക്കെങ്കിലും അഭിപ്രായവ്യത്യാസമുണ്ടാകുമെന്നു തോന്നുന്നില്ല. എന്നാൽ "സ്ലീവാ"യുടെ സ്ഥാനത്തു് "കുരിശു്" പ്രയോഗിക്കുന്ന കാര്യത്തിൽ ഭിന്നാഭിപ്രായമുണ്ടാകാനിടയുണ്ട്. ചരിത്രപഠിതാക്കൾക്കറിയാം "കുരിശു" ശബ്ദം കേരളക്കരയിൽ കേട്ടുതുടങ്ങുന്നതിനു് നൂററാണ്ടുകൾ നൂററാണ്ടുകൾ മുമ്പുതന്നെ നമ്മുടെ മാതൃഭാഷയിൽ പ്രചുരമായ പ്രചാരവും പ്രതിഷ്ഠയും നേടിയിട്ടുള്ള പദമാണ് "സ്ലീവാ" എന്നു്. കേരളഭാഷയ്ക്കു് മർത്തോമ്മാ ശ്ലീഹായിൽനിന്നുതന്നെ ലഭിച്ചിട്ടുള്ള ഒരു സംഭാവനയാണ് "സ്ലീവാ"ശബ്ദം എന്നു കരുതുന്നതിൽ അബദ്ധമുണ്ടാകുമോ? "ശുദ്ധമാന" സ്ലീവാ, സ്ലീവാപാത, കൊടിയും സ്ലീവായും, സ്ലീവാമരം, മാർ സ്ലീവാപ്പള്ളി, ഇത്യാദി പ്രയോഗങ്ങളിലെല്ലാം "സ്ലീവാ"ശബ്ദം നാം ധാരാളം കൈകാര്യംചെയ്തുകൊണ്ടുമാണിരിക്കുന്നതു്. മലയാളികളുടെ ഒരു അസ്സൽ ജനകീയപദമായ "സ്ലീവാ" മാപ്പിള മലയാളമോ പ്രൗഢിയില്ലാത്ത ഒരു പഴഞ്ചൻ വാക്കോ ആയി കരുതി പുറംതള്ളുന്നതു് വെറും ഉപരിപ്ലവരുചിനോട്ടത്തിൻെറ ഫലമെന്നല്ലേ കരുതേണ്ടതു്? സാധാരണ വിശ്വാസികൾക്കു് അപരിചിതത്വം കൊണ്ടുളവാകുന്ന വല്ലായ്മകളില്ലാതെ പ്രാർത്ഥന നടത്തുന്നതിനും ചിരകാലപരിചയത്തിലിരിക്കുന്ന ആഭിജാത്യമുള്ള ഒരു നല്ല പദം കളയാതിരിക്കുന്നതിനും വേണ്ടി 'ശുദ്ധമാനസ്ലീവാ" എന്ന പ്രയോഗം "വിശുദ്ധ സ്ലീവാ" എന്നു തിരുത്തുന്നതായിരിക്കും നല്ലതെന്നു് അഭിപ്രായപ്പെടുന്ന അഭിജ്ഞന്മാർ വിരളമല്ല.

സ്ലീവാപോലെതന്നെ ക്രിസ്ത്യാനി വളരെ പൂജ്യമായി കരുതുന്ന പദങ്ങളാണ് "ബാവാ"യും "റൂഹാദക്കുദിശാ"യും. കേരളത്തിൽ ക്രിസ്ത്യാനി ഉണ്ടായതുതന്നെ ഈ പദങ്ങളുടെ ശ്രവണത്തോടെയാണ്. കേരളഭാഷയിൽ ക്രിസ്ത്യാനിയോളംതന്നെ പഴക്കമുണ്ട് ഈ പദങ്ങൾക്കു്. പത്തിരുപതു നൂററാണ്ടുകാലം അനസ്യൂതം ഉപയോഗിച്ചുപോരുന്നതും ഇന്നും വളരെ പ്രചാരത്തിലിരിക്കുന്നതും അന്യമതക്കാരായ മലയാളികളുടെ ഇടയിലും സാഹിത്യപ്രതിഷ്ഠിതമായിത്തീർന്നിട്ടുള്ളതും ആയ ഇത്തരം പദങ്ങളെ ബഹിഷ്കരിക്കുന്നതു് നമ്മുടെ ജനകീയഭാഷയെ ദാരിദ്ര്യത്തിലേയ്ക്കു് വലി

ച്ചിറക്കുന്ന കൃത്യമായിരിക്കും. നമ്മുടെ ഭാഷയ്ക്കു് മുതൽക്കൂട്ടുന്ന ഈദൃശപദങ്ങളെ സാഹിത്യത്തിൽനിന്നു മാററിനിർത്തുന്നതു് കൈരളിക്കു് ഭൂഷണമല്ല എന്ന അഭിപ്രായം പൌരസ്ത്യഭാഷാപണ്ഡിതൻ ശ്രീ. സി. എൻ. അനന്തരാമയ്യാ ശാസ്ത്രി ഒരിരുപതു സംവത്സരങ്ങൾക്കു മുൻപു് തിരുവനന്തപുരത്തുനിന്നു് ഈ ലേഖകനു് എഴുതിയിരുന്ന കാര്യം ഓർമ്മയിലെത്തുന്നു. കവിതിലകൻ പി. ശങ്കരൻ നമ്പ്യാർ മുതലായ ഭാഷാപണ്ഡിതന്മാർക്കും ഈ അഭിപ്രായമാണുണ്ടായിരുന്നതെന്നു കേട്ടിട്ടുണ്ടു്. കേരളീയന്റെ കാതുകളിൽ രണ്ടായിരത്തോളം വർഷങ്ങൾ മുഴങ്ങിക്കഴിഞ്ഞപ്പോഴാണോ "റൂഹാദക്കുദിശാ," ശ്രവണസുഖമല്ലാത്ത പദമായതു്? അതിപുരാതനമായ ആ പദത്തെ ഇനി മലയാളീകരിക്കേണ്ടതിന്റെ ആവശ്യകതയെന്താണു്? തനി പച്ചമലയാളം എന്നു നാം കരുതുന്ന "പൂച്ച"തന്നെ പണ്ടുകാലത്തു് ഈജിപ്തിൽനിന്നു വന്നിട്ടുള്ളതാണു്. പരദേശത്തുനിന്നു വന്നതാണെന്നോ, അല്ലെങ്കിൽ കുറച്ചു പഴയതാണെന്നോ കരുതി ഇനി "പൂച്ച" വേണ്ട; മാർജ്ജാരനെ സ്വീകരിച്ചുകളയാം എന്നു നാമാരെങ്കിലും ചിന്തിക്കുമോ? ഈശോമിശിഹാ, കുർബ്ബാന, സ്ലീഹാ, കൂദാശ, മാലാഖ, ഓശാന, സാത്താൻ, മാമ്മോദീസ, മാർത്തോമ്മ, മാർപ്പാപ്പ മുതലായ പദങ്ങളെല്ലാം പൌരാണികകാലംമുതൽക്കേ കൈരളിയുടെ സ്വന്തമാണു്. അവയൊന്നും പരിഷ്കരിക്കേണ്ട ആവശ്യം ഇല്ലതന്നെ. ക്രൈസ്തവസാഹിത്യത്തിന്റെയും നമ്മുടെ പ്രാർത്ഥനകളുടെതന്നെയും വ്യക്തിത്വം നശിപ്പിച്ചുകൊണ്ടു് ''ബാവാതമ്പുരാ''നെയും മററും പുറത്തു തള്ളിക്കളയരുതെന്നൊരപേക്ഷയുണ്ടു്. അന്യഭാഷാപദങ്ങളെല്ലാം കണ്ടുപിടിച്ചു് പുറത്താക്കാനുദ്യമിച്ചാൽ മലയാളഭാഷയ്ക്കു് സ്വന്തം കാലിൽ നിവർന്നുനില്ക്കുവാൻ സാധിക്കുമോ എന്നും ചിന്തിക്കണം.

ഒരു ജീവൽഭാഷയാണു് മലയാളം. അനുദിനമെന്നവണ്ണം മാററങ്ങൾക്കു് വിധേയമായിക്കൊണ്ടാണു് നമ്മുടെ ഭാഷ പുരോഗമിക്കുന്നതു്. നമ്മുടെ പ്രാർത്ഥനകളിലെ ഭാഷ എന്നും അധുനാതനമായി നിലനിർത്തിക്കൊണ്ടുപോകണമെന്നുവച്ചാൽ അതെങ്ങനെ സാധിക്കുവാനാണു്? ആണ്ടുതോറുമെന്നവണ്ണം പ്രാർത്ഥനാപരിഷ്കരണം നടത്തേണ്ടിവരും. അപ്പോൾ ഒരു വലിയ ജനവിഭാഗത്തിനു് എപ്പോഴും പ്രാർത്ഥനയിലെ ഭാഷ അതൃപ്തികരമായി ഭവിക്കയും ചെയ്യും.

മററു ജീവൽഭാഷകളിലെ പ്രാർത്ഥനകൾ പരിശോധിച്ചാൽ പലേടത്തും പ്രാചീനപദങ്ങളും പ്രയോഗങ്ങളും സമാദരിക്കപ്പെട്ടു പോരുന്നതായിക്കാണാം. മഹാകവി കട്ടക്കയം, അന്തപ്പായി തുടങ്ങിയ സാഹിത്യമല്ലന്മാരെല്ലാം ആയിരമായിരം പ്രാവശ്യം ഭക്തിപുരസ്സരം പ്രാർത്ഥിച്ചു് ആദ്ധ്യാത്മനിർവൃതി നേടിയ ഭക്തരസനിഷ്യന്ദികളായ നമ്മുടെ പ്രാർത്ഥനകളിൽ അത്യന്താപേക്ഷിതമല്ലാത്തവ മാററാതിരുന്നെങ്കിൽ! എന്നു സാദരം ആഗ്രഹിക്കുന്ന കൂട്ടത്തിലാണു് ഈ ലേഖകൻ.

നമ്മൾ പ്രാർത്ഥനാപരിഷ്കാരം നടത്തുമ്പോൾ കേരളത്തിലെ ഓർത്തഡോക്സ് സഭയിൽ നിലവിലിരിക്കുന്ന പ്രാർത്ഥനകൾകൂടി പരിശോധിച്ചു്, ഭാഷാപരമായി ഇരുസഭക്കാരുടെയും പ്രാർത്ഥനകൾക്കു് ഐകരൂപ്യം ഉളവാക്കുവാൻ പരിശ്രമിക്കുന്നതും ഇന്നത്തെ പരിതസ്ഥിതികളിൽ സ്പൃഹണീയമായിരിക്കുമെന്നും ഇവിടെ ഒരഭിപ്രായമുണ്ടു്. മതപരമായ കാര്യങ്ങളിൽ അവരോടു് അടുത്ത സമ്പർക്കം പുലത്തുവാനാണല്ലോ തിരുസഭ പരിശ്രമിക്കുന്നതു്.

ദൈവത്തെ അവനെന്നും നീയെന്നുമെല്ലാം വിളിക്കുന്നതു് ഒരു കേരളീയന്റെ കാതുകൾക്കു് അരുന്തുദംതന്നെയാണു്; സംശയമില്ല. എന്നാൽ പദ്യസാഹിത്യത്തിൽ അത്തരം പ്രയോഗങ്ങൾ ധാരാളം കാണുന്നുണ്ടു്. ആരും അതിൽ നീരസം പ്രദർശിപ്പിക്കുന്നില്ലതാനും. ചില ആധുനിക ഗദ്യകാരന്മാർ 'നിന്തിരുവടി'യും മററും ഉപയോഗിച്ചുതുടങ്ങിയിട്ടുണ്ടല്ലോ. അസ്ഥിതിക്കു പണ്ടുകാലംമുതൽ പ്രാർത്ഥനയിൽ സ്ഥലം പിടിച്ചിട്ടുള്ള പ്രസ്തുത പ്രയോഗങ്ങൾ, പദ്യസാഹിത്യത്തിലെന്നവണ്ണം പ്രാർത്ഥനാസാഹിത്യത്തിലും തുടർന്നുകൊണ്ടുപോകുന്നതിൽ വൈമുഖ്യം പ്രദർശിപ്പിക്കണമെന്നുണ്ടോ? ഏററം ആധുനികകാലത്തു്, എന്നുവച്ചാൽ 1962-ൽ മാത്രം രംഗപ്രവേശനംചെയ്ത മലയാളംകുർബ്ബാനയിൽ എത്രയോ പ്രാവശ്യമാണു് ദൈവത്തെ നീയെന്നു വിളിക്കുന്നതു്! കുർബ്ബാനപ്പുസ്തകത്തിന്റെ ആദ്യത്തെ രണ്ടു പേജുകളിൽത്തന്നെ ഇരുപതിൽപ്പരം പ്രാവശ്യം ദൈവത്തെ ഉദ്ദേശിച്ചു് "നീ, നിന്റെ" എന്നെല്ലാം പ്രയോഗിച്ചു കാണുന്നുണ്ടു്. പ്രസ്തുത കുർബ്ബാനയിൽ വായിക്കുവാൻ ഔദ്യോഗികാംഗീകാരം സിദ്ധിച്ചിട്ടുള്ള വേദപുസ്തകവിവർത്തനത്തിലും ദൈവത്തെയും ദൈവകുമാരനായ ഈശോമിശിഹായേയും നീ എന്നു മാത്രമാണു് സംബോധനംചെയ്തുകാണുന്നതു്. കുർബ്ബാനയുടെ പ്രാർത്ഥനയിൽ ദൈവത്തെ നീ എന്നു വിളിക്കുന്നതിനു നമുക്കു സങ്കോചമില്ലെങ്കിൽ കേട്ടു തഴങ്ങിയിരിക്കുന്ന സാധാരണ പ്രാർത്ഥനകളിൽമാത്രം ഈ ഭാഷാപരിഷ്കരണം വരുത്തുന്നതുകൊണ്ടു് എന്തു ഗുണമാണുണ്ടാവുക? ചില തത്വങ്ങളിൽ മുറുകിപ്പിടിച്ചു നടക്കാതെ പരിഷ്കരിക്കുവാൻവേണ്ടിമാത്രം നാം നടത്തുന്ന പ്രാർത്ഥനാപരിഷ്കരണങ്ങളും പരിവർത്തനങ്ങളും എത്രത്തോളം വിജയിക്കുമെന്നു കണ്ടറിയണം. അക്ഷരജ്ഞാനംപോലുമില്ലാത്ത മലയാളികളായ ഒരു വലിയ സംഘം ഭക്തജനങ്ങൾ ഉണ്ടു്, ഭക്തിപൂർവ്വം പ്രാർത്ഥനകൾ നടത്തുവാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നവരായി. അവർക്കും എളുപ്പത്തിൽ പഠിക്കുവാനും മനസ്സിലാക്കുവാനും ഉപയോഗിക്കുവാനും ഉതകുന്ന വിധത്തിൽ ആയിരിക്കണം നമ്മുടെ പ്രാർത്ഥനാപരിഷ്കരണം നടത്തുവാൻ എന്നു് ആ സാധുക്കൾക്കുവേണ്ടി ഒരു ആഭ്യർത്ഥന നടത്തുവാൻവേണ്ടി മാത്രമാണു് ഈ കുറിപ്പെഴുതുന്നതു്.

●



വിശുദ്ധയും വീരരക്തസാക്ഷിണിയുമായ ആഗ്നസിന്റെ ഹൃദയഹാരിയായ ജീവചരിത്രത്തെ ആസ്പദമാക്കി ഫൗസ്റ്റിൻ കപ്പൂച്ചിൻ വിരചിച്ചിട്ടുള്ള അത്യുജ്ജ്വലമായ ചരിത്ര സംഗീത നൃത്തനാടകം

# രക്തപുഷ്പം

ആദ്യന്തം രസകരവും, ബാലികാബാലന്മാർക്കും യുവജനങ്ങൾക്കും അത്യന്തം ഉത്തേജനകരവുമായ ഒരു വിശിഷ്ട കലാശില്പം ആധുനിക സജ്ജീകരണങ്ങളോടുകൂടി പ്രശസ്ത നടീനടന്മാർ അവതരിപ്പിക്കുന്നു.

— ഡയറക്ഷൻ —

**ശ്രീ സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞുഭാഗവതർ**

*For Booking:* M/S. UDAYATHARA THEATRES
C/O. ASSISI PRESS, QUILON-1. (Phone: 3442)

# ★ ജലത്തിനു തീ പിടിക്കുന്നു ★

38-ാം സാർവ്വലൗകിക ദിവ്യകാരുണ്യകോൺഗ്രസ്സിന്റെ മഹനീയസ്മരണയ്ക്ക് കാഴ്ചവയ്ക്കുന്ന ഒരു മനോഹര കലോപഹാരം – ഫൗസ്റ്റിൻ കപ്പൂച്ചിൻ വിരചിച്ചിട്ടുള്ള മൂന്ന് ചൂടുള്ള ഏകാങ്കങ്ങൾ: (1) അബ്രഹാമിന്റെ ആത്മബലി (2) തർസീസിയൂസ് അഥവാ ദിവ്യകാരുണ്യത്തിന്റെ കൊച്ചു രക്തസാക്ഷി (3) "ജലത്തിനു തീ പിടിക്കുന്നു." വില 1രൂ. മുൻകൂർ മണിയോർഡറായി അയയ്ക്കണം. വി. പി. ഓർഡറുകൾ പരിഗണിക്കുന്നതല്ല.

**അസ്സീസി പ്രസ്സ്, കൊല്ലം-1.**

# ദൈവവചനമിഷനറിമാർ

ഒരു ആധുനിക അന്തർദ്ദേശീയ
മിഷനറി സഭയാണ്.
ഭാരതം
ഫോർമോസ
തെക്കെ അമേരിക്ക
ഫിലിപ്പീൻ ദ്വീപുകൾ
ഇൻഡോനേഷ്യ
ആഫ്രിക്ക
ജപ്പാൻ
എന്നിവിടങ്ങളിൽ
6000ത്തോളം അംഗങ്ങൾ
പ്രേഷിതവേലയിൽ
ഏർപ്പെട്ടിരിക്കുന്നു.
മുദ്രാലയപ്രേഷിതത്വം
യുവജനവിദ്യാഭ്യാസം
റേഡിയോപ്രക്ഷേപണം
ശാസ്ത്രീയഗവേഷണം
എന്നിവയും ഇവരുടെ
പ്രവർത്തനരംഗങ്ങളാണ്.



*S. V. D. സഭയിൽ ചേരുവാൻ ആഗ്രഹിക്കുന്ന സൽസ്വഭാവികളും സമർത്ഥന്മാരുമായ VII, VIII, X എന്നീ സ്റ്റാൻഡേർഡുകളിൽ പഠിക്കുന്ന കുഞ്ഞനുജന്മാർ അപേക്ഷിക്കുക:*

Fr. Vocation Director S. V. D.
St. Paul's Apostolic School
Kuduthuruthy (P.O.), Kottayam Dt.

ചെറുകഥ

# അപ്പന്റെ നാക്ക്

ജോസഫ് മററം, ബി. ഏ.

ഭ്രാന്തന്മാരെ ബന്ധിക്കും; കൈകൾ കൂട്ടിക്കെട്ടിയെന്നുവരും; തുളച്ച തടിക്കുള്ളിൽ കാലുകളിട്ടു പൂട്ടിയെന്നുവരും.

മക്കൾക്കു ഭ്രാന്തു വന്നാൽ അപ്പൻമാർതന്നെ അവരെ പൂട്ടിയിടും. അപ്പനു ഭ്രാന്തു പിടിച്ചാൽ മക്കളും. അവിടെ പിതൃപുത്രബന്ധങ്ങളില്ല; കാരുണ്യമില്ല; പരിഗണനകളില്ല.

കറിയാച്ചേട്ടനു ഭ്രാന്തു വന്നു. ഭയങ്കരമായ ഭ്രാന്ത്. മക്കൾ നാലു പേരും ചേർന്ന് അപ്പനെ ബന്ധിച്ചു ആദ്യം തുണികൊണ്ടു കൈ കൂട്ടിക്കെട്ടി. ഒററക്കടിക്കു ഭ്രാന്തൻ തുണിയുടെ കെട്ടഴിച്ചു. അപ്പോൾ മക്കൾ കയറിട്ടു കെട്ടി. കടിച്ചുനോക്കി, പക്ഷേ അഴിക്കാൻ കഴിഞ്ഞില്ല.

കൈകളുടെ സ്വാധീനം കുറഞ്ഞപ്പോൾ ഭ്രാന്തനു അടക്കമായി. പിന്നെ അവർ അയാളെ തടിയിലിട്ടു പൂട്ടി; കൈകൾ അഴിച്ചുവിട്ടു.

ആ കുടുംബത്തിൽ ഭ്രാന്തിന്റെ പാരമ്പര്യമില്ല. ആർക്കും ഭ്രാന്തു പിടിച്ചതായി അറിവില്ല. ഭ്രാന്തു പാരമ്പര്യമായും വരാമെന്നു പറയുന്നു. പക്ഷേ ആ സിദ്ധാന്തം ഇവിടെ വിലപ്പോവുന്നില്ല. കറിയാച്ചേട്ടനു ഭ്രാന്തുണ്ടാകാനുള്ള കാരണത്തെപ്പററി പലരും തല പുകഞ്ഞാലോചിച്ചു.

ആർക്കും അതു കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. ഒരു ദിവസം ബഹളത്തിനിടയിൽ കറിയാച്ചേട്ടൻ മക്കളോടു പറയുന്നതു കേട്ടു: "എനിക്കിതു വരണടാ" എന്ന്.

എന്താണതിന്റെയർത്ഥം? നല്ലൊരു തറവാട്ടിൽ ജനിച്ചയാളാണു കറിയാച്ചേട്ടൻ. വലിയ പ്രതാപത്തിൽ വാണിരുന്ന ഒരു കാരണവരുടെ മൂത്ത മകൻ. അപ്പനു അന്നത്തെക്കാലത്ത് അൻപതേക്കറോളം സ്ഥലമുണ്ട്; നിലമുണ്ട്. കന്നുകാലിക്കൂട്ടിൽ പത്തിരുപതു ഉരുക്കളുണ്ട്; പറമ്പുകളിൽ പുലയരും പറയരുമായി ധാരാളം കുടികിടപ്പുകാരുണ്ട്.

കട്ടും മോഷ്ടിച്ചുമുണ്ടാക്കിയതൊന്നുമല്ലാ ആ സമ്പത്ത്. കറിയാച്ചേട്ടന്റെ അപ്പൻ ചെറിയതു കുരുവിള നല്ല അദ്ധ്വാനിയായിരുന്നു. മണ്ണിനു വിലയില്ലാത്ത കാലം; ഭൂമിയിൽ ഇന്നത്തേതുപോലെ ജനപ്പെരുപ്പമില്ലാത്ത കാലം.

സമീപത്ത് ആരു ഭൂമി വിററാലും, വാങ്ങിക്കാൻ ഒരാളേ ഉണ്ടായിരുന്നുള്ളൂ: ചെറിയതു കുരുവിള. അദ്ദേഹത്തെ എല്ലാവർക്കും മതിപ്പാണ്: നായന്മാർക്കും സമീപത്തുള്ള ജന്മി പരമേശ്വരൻ നമ്പൂരിക്കും. ഈഴവർ വന്നാൽ മുററത്തേ നിൽക്കൂ. പുലയരും പറയരും മുററത്തിനു പുറത്തും.

തറവാടിന്റെ മഹിമയിലും പ്രശസ്തിയിലും പുരയിടങ്ങളുടെ വിസ്തൃതിയിലും ആഭിജാത്യം കുടികൊണ്ടിരുന്ന കാലം.

മൂത്ത മകനെ കുരുവിളച്ചേട്ടൻ ഏററവുമധികം ലാളിച്ചു. രണ്ടാമൻ ഉലഹന്നാൻ, മൂന്നാമൻ അവിരാ, നാലാമൻ കുഞ്ഞവുസേപ്പ്—തൂണുപോലെ നാലാണുങ്ങൾ; കുരുവിളച്ചേട്ടന്റെ തത്സ്വരൂപങ്ങൾ. മൂന്നു പെണ്ണുങ്ങളും—മാമ്മിയും അന്നയും ത്രേസ്യായും. പുത്രന്മാരിൽ കറിയാനോടും പെൺമക്കളിൽ ത്രേസ്യായോടുമായിരുന്നു അദ്ദേഹത്തിനു ഏററവും കൂടുതൽ സ്നേഹം.

ഒരപ്പനു മക്കളോടു സ്നേഹത്തിന്റെ കാര്യത്തിൽ പക്ഷഭേദമുണ്ടെന്നു പറയുന്നതു ശരിയല്ലായിരിക്കും. എല്ലാവരോടും ഒന്നുപോലെയായിരുന്നു സ്നേഹമെങ്കിലും തന്നെ ആദ്യം "അപ്പാ" എന്നു വിളിച്ച സന്താനത്തോട് ഒരു പ്രത്യേക വാത്സല്യം. കെട്ടിയവളുടെ വയറു കഴുകി വന്ന അവസാനത്തെ സന്താനം ത്രേസ്യായേക്കാണുമ്പോൾ ഒരു പ്രത്യേക ഇഷ്ടം. ഇത്രയുമേയുള്ളൂ.

വിദ്യാഭ്യാസത്തിനു പ്രാധാന്യം വളരെയധികമൊന്നും ലഭിച്ചിട്ടില്ലാത്ത കാലം. നിലത്തെഴുത്തും എഞ്ചുവടിയും വേദപാഠവുമാണ് അന്നത്തെ വിദ്യാഭ്യാസം. സമീപത്തെങ്ങും സ്കൂളില്ല. പത്തും പതിനഞ്ചും മൈലകലെയാണ് ഒന്നുരണ്ടു ഇംഗ്ലീഷ് ഹൈസ്കൂളുകളുള്ളത്. അതുകൊണ്ടു കുടിപ്പള്ളിക്കൂടത്തിൽനിന്നും പുറത്തു വന്നാൽ പിന്നെ മക്കളും ഭൂമിയോടു മല്ലിടുകയായി. ഭൂമി സമ്പാദിക്കുകയായി.

പത്തോ പന്ത്രണ്ടോ വയസ്സായാൽ പെണ്ണുങ്ങളെ കെട്ടിക്കും. പതിനേഴും പതിനെട്ടുമായ ആൺപിള്ളേർ വല്ലവരുമുണ്ടെങ്കിൽ അവർ പെണ്ണുകെട്ടുപ്രായം കഴിഞ്ഞവരായിരിക്കും.

ചെറുക്കന്റെ വിദ്യാഭ്യാസമോ സൗന്ദര്യമോ പരിഷ്കാരമോ ഒന്നും ആരും നോക്കാറില്ല. എത്രയേക്കർ പറമ്പുണ്ട്? എന്നാണു ചോദ്യം. അതിന്റെ അടിസ്ഥാനത്തിലാണ് പെണ്ണുകെട്ട്. പെണ്ണായാൽ മതി, അവൾ കല്യാണത്തിനു യോഗ്യയാണ്. എന്തു സ്ത്രീധനം കൊടുക്കും, എന്തു നടപടി കൊടുക്കും എന്നന്വേഷിച്ച് ഉറപ്പിച്ച് മൂന്നു വിളിച്ചുചൊല്ലി കല്യാണം നടത്തും. താനാരെയാണു കെട്ടിയതെന്നോ, അവളുടെ പേരെന്തെന്നോ, നിറമെന്തെന്നോ ചെറുക്കൻ അറി

ഞ്ഞിരിക്കണമെന്നില്ല. ഒന്നും രണ്ടും കൊല്ലം കഴിഞ്ഞായിരിക്കും ചെറുക്കനും പെണ്ണും തമ്മിൽ നേരിട്ടൊന്നു കാണുക. അതു മതി. അതാണന്നത്തെ പ്രേമം. "തൊമ്മനിതു മതി" എന്നു് അപ്പൻ പറഞ്ഞാൽ അതിനു് അപ്പീലില്ലാത്ത കാലം.

കറിയാ പെണ്ണു കെട്ടി; ഉലഹന്നാനും അവിരായും പെണ്ണുകെട്ടി. നാലാമൻ കുഞ്ഞൗസേപ്പിനു പട്ടത്തിനു പോകണമെന്നു പറഞ്ഞു. അതുകൊണ്ടു് അവൻ വികാരിയച്ചന്റെ കൂടെ നടന്നു ലത്തീൻ പഠിക്കുന്നു.

മാമ്മിയേയും അന്നമ്മയേയും കെട്ടിച്ചുവിട്ടു. അവക്കൊക്കെ നല്ല സ്ത്രീധനവും കൊടുത്തു. ത്രേസ്യാ കെട്ടുപ്രായമായി വരുന്നതേയുള്ളു.

ഇക്കാലത്തു് കുരുവിളച്ചേട്ടനു് ഒരു തലചുററൽ വന്നു. അങ്ങനെയിരിക്കുമ്പോൾ ഒരു തലചുററൽ; അടിമുടി ഒരു തളർച്ച. ഒരു ദിവസം പട്ടിണി കിടക്കുമ്പോൾ എല്ലാം ശാന്തമാകും. ഒന്നോ രണ്ടോ മാസം കഴിയുമ്പോഴായിരിക്കും പിന്നീടതാവർത്തിക്കുക.

സ്വരം നല്ലപ്പോഴേ പാട്ടു നിർത്തിക്കളയാം എന്നു് അദ്ദേഹത്തിനു തോന്നി. ഭാഗപത്രം ശരിയാക്കിവയ്ക്കാം. ഉള്ളതു് മക്കൾക്കു വീതിച്ചു് സ്വസ്ഥമായിക്കഴിഞ്ഞാൽ പിന്നെ കർത്താവു വിളിക്കുന്ന നേരത്തു് നേരെയങ്ങു പോകാമല്ലോ. ചുമതലകളൊക്കെ തീർത്തുവയ്ക്കുന്നതല്ലേ ബുദ്ധി? പോരെങ്കിൽ വയസ്സും അറുപതറുപത്തഞ്ചായി.

ഏഴു മക്കളെയും വിളിച്ചു വരുത്തി കുരുവിളച്ചേട്ടൻ ഭാഗോടമ്പടിയുടെ നക്കൽ വായിച്ചു കേൾപ്പിച്ചു. നോയമ്പു വീടല് കഴിഞ്ഞു് ദനഹപ്പെരുന്നാളിനു് എല്ലാവരും വീട്ടിലെത്തുന്ന അവസരമായിരുന്നു. എത്രയകലെയാണു താമസമെങ്കിലും വല്യപെരുന്നാളിനു് എല്ലാവരും വീട്ടിലെത്തും. അതാണു് പതിവു്.

ഭാഗോടമ്പടിയുടെ നക്കൽ വായിച്ചു കേട്ടപ്പോൾ കറിയായുടെ മുഖം കറുത്തു. പന്ത്രണ്ടേക്കർ കുന്നുംപുറമാണു തനിക്കു വച്ചിരിക്കുന്നതു; വീടില്ല; വീടു വയ്ക്കുന്നതു സംബന്ധിച്ചു് യാതൊന്നും പറഞ്ഞിട്ടില്ല. കണ്ടത്തിന്റെ ഒരു മൂലയും കിട്ടിയിട്ടുണ്ടു്.

നല്ല സ്ഥലം ഉലഹന്നാനു കൊടുത്തിരിക്കുന്നു. തറവാടു് അവിരായ്ക്കും. അവിരായുടെ വീതത്തിൽ നില്ക്കുന്ന രണ്ടുതടി കറിയായ്ക്കു കൊടുക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ടു്.

"എനിക്കിതു വേണ്ടാ; ഞാനീ കുന്നുംപുറത്തു പോയി എന്നാ ശെയ്യാനാ?" കറിയാ ചോദിച്ചു.

"കുന്നുംപുറത്തു് എല്ലാരും എന്നതാടാ ചെയ്യുന്നതു്? എന്റെയപ്പൻ എനിക്കു തന്നതു കുറെ കുന്നുംപുറമായിരുന്നല്ലോ."

"ഈ പറമ്പു് ഇതുപോലാക്കിയതു ഞാൻകൂടെയല്ലേ? എനിക്കിതിന്റെ ഓഹരിയൊന്നും വേണ്ടേ?"

"എടാ അവരു പിള്ളേരല്ലേ? മാത്രോമല്ല ഏക്കറെ കൂടുതലു് നെനക്കല്ലേ?"

"എനിക്കാ ഏക്കറെ വേണ്ട. എനിക്കു ന്യായമായ വീതം കിട്ടിയാൽ മതി. കൂടുതലൊട്ടും വേണ്ട."

"ശരി. കുഞ്ഞൗസേപ്പിന്റെ പത്രമേനീംകൂടെ നിന്റേതിനോടു ചേർത്തേക്കാം; ഒടുവിലതു നെനക്കിരിക്കത്തക്കവിധം."

"എനിക്കങ്ങനെ ഒരുത്തന്റേം ധർമ്മം വേണ്ട. അപ്പനെന്നാ ഈ പിച്ചമ്മാരുടെ കൂട്ടു് ഓരോന്നു കാണിക്കുന്നതു്".

അടി കൊണ്ടവനെപ്പോലെ കുരുവിളച്ചേട്ടൻ ഒന്നു മൂളി. പെട്ടെന്നു് അദ്ദേഹം ചാടിയെഴുന്നേററു. ആൺമക്കളും, ഭാഗോടമ്പടി കാണാനും തങ്ങൾക്കു വല്ലതും കൂടെ കിട്ടുമോ എന്നറിയാനും വന്നിരുന്ന പെൺമക്കളും, ഉള്ളിലേയ്ക്കു വലിഞ്ഞു. വിറക്കുകയാണു് കുരുവിളച്ചേട്ടനെ. അയാളുടെ തുള്ളുന്ന ചുണ്ടുകളിൽനിന്നു് ഒരു വാചകം അടർന്നുവീണു: "നെനക്കാടാ പിച്ചു്. നെനക്കു പിച്ചു പിടിക്കുകേ ഉള്ളു."

അത്രയും പറഞ്ഞു് അദ്ദേഹം സ്വയം നിയന്ത്രിച്ചാലെന്നോണം പിടിച്ചിരുത്തുന്നതുപോലെ അവിടെയിരുന്നു. ധൂർത്തപുത്രനെപ്പോലെ നിൽക്കുകയാണു കറിയാ, തലയും താഴ്ത്തി.

"എടാ കറിയാ" അദ്ദേഹം വിളിച്ചു. "ഇതെന്റെ സൊത്താണു്. ഇതെങ്ങനെ വീതിക്കണമെന്നും ആർക്കൊക്കെ കൊടുക്കണമെന്നും എനിക്കറിയാം. ഒരു നീതിം ഒരു ന്യായോമൊക്കെവെച്ചാ ഞാനും ഓരോന്നു ചെയ്യുന്നതു്. ഞാനീ ഭാഗോടമ്പടി നാളെത്തന്നെ രയിസ്രാക്കാൻ പോകുകാ."

ആ നക്കലുമെടുത്തുകൊണ്ടു് അദ്ദേഹം എഴുന്നേററു.

ഒററച്ചാട്ടം! കറിയാ ആ കൈയിൽക്കടന്നു പിടിച്ചു. "ഒക്കുകേലാ. ഞാൻ സമ്മതിക്കുകേലാ"

അപ്പന്റെ കൈയിൽ മകൻ കയറി ബലമായി പിടിക്കുക! തന്റേടിയും ചെറുപ്പക്കാരനുമായ മകന്റെ ഇരുമ്പുപോലുള്ള കൈക്കുള്ളിൽ ആ വൃദ്ധപിതാവിന്റെ ദുർബലമായ കൈയ്യമർന്നു!!

ഉലഹന്നാനും അവിരായും കുഞ്ഞൗസേപ്പും 'തകിൻതികിൻ' എന്നു രംഗത്തു ചാടിവന്നു ചേട്ടനെ പിടിച്ചു; വട്ടംപിടിച്ചു് എടുത്തിട്ടു. അപ്പന്റെ കൈയിൽക്കയറിപ്പിടിച്ച മഹാപാതകത്തിനു് അങ്ങനെ പകരംവീട്ടാനേ ആ മക്കൾക്കു കഴിഞ്ഞുള്ളു. "ചേട്ടന്റെ വീതം കുന്നുംപുറം മതി എനിക്കു്. എന്റേതു ചേട്ടനെടുത്തോ" അവിരാ പറഞ്ഞു.

"എന്റേതെടുത്തോ" ഉലഹന്നാൻ പറഞ്ഞു: "എന്നാലും അപ്പന്റെ ശാപം മേടിച്ചുവെയ്ക്കരുതു്."

വി. അന്തോനീസിന്റെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

— ഒരു വിശ്വാസി

"ഞങ്ങക്കൊന്നും വേണ്ടെന്റെ വെല്ല്യാങ്ങളെ! ഇത്തരം മഹാപാപം ചെയ്യാതിരുന്നാ മതി." പെൺമക്കളുടെ വക്താവെന്ന നിലയിൽ മാമ്മി പറഞ്ഞു.

"അവനിഷ്ടമുള്ളത് മുഴുവനെടുത്തോട്ടെ പിള്ളേരെ." നിറകണ്ണുകളോടെ കുരുവിളച്ചേട്ടൻ പറഞ്ഞു. മകൻ അമർത്തിപ്പിടിച്ച കൈയുടെ കുഴയിരുന്നു വേദനിക്കുന്നതുപോലെ തോന്നി. വേദനിക്കുന്ന ആ ഭാഗത്തേയ്ക്കു നോക്കി അദ്ദേഹം പറഞ്ഞു: "അവനാ കൈകൊണ്ട് വെല്ല്യ പിടുത്തം പിടിക്കുകേലാ."

മററു മക്കളുടെ നിർബന്ധപ്രകാരം കുരുവിളച്ചേട്ടൻ ചില ഭേദഗതികളോടെ ഭാഗോടമ്പടി രജിസ്റ്റർ ചെയ്തു. നാലും നാലുവഴി തിരിഞ്ഞു. ത്രേസ്യായെ കെട്ടിച്ചുവിട്ടു. പെൺമക്കൾക്കു ഭാഗോടമ്പടിയിൽ വച്ചിരുന്ന വീതം റൊക്കം പററി അവരും അവരുടെ പാട്ടിനു പോയി.

കറിയാച്ചേട്ടൻ പുതിയ വീട്ട് പണിതു. കുറേ വസ്തുക്കൾകൂടെ സമ്പാദിച്ചു. ഏറെത്താമസിയാതെ അവയിൽ പലതും വിററു. ഒടുവിൽ ആദ്യം അപ്പൻ കൊടുത്ത കുന്നിൻപുറംമാത്രം അവശേഷിച്ചു. അന്യായമായി എടുത്തതും സ്വയം സമ്പാദിച്ചതും നഷ്ടപ്പെട്ടു.

അങ്ങനെയിരിക്കെ ഒരിക്കൽ അയാൾക്കു ഭ്രാന്തിന്റെ ലക്ഷണം കണ്ടു. ഒരു കാരണവുമില്ല. ഒരു ദിവസം വൈകിട്ടുമുതൽ ലക്കുകേടു പറയുന്നു; അനാവശ്യം പറയുന്നു; അനാവശ്യം പ്രവർത്തിക്കുന്നു.

എല്ലാവരും അമ്പരന്നു. ഒന്നുരണ്ടു ദിവസം കഴിഞ്ഞപ്പോൾ, സ്ഥിതി വഷളാകുന്നു എന്നു കണ്ട് മക്കൾ അപ്പനെ പിടിച്ചുകെട്ടി. കട്ടിലിന്റെ ഇഴകയിൽ വലതുകൈ വച്ചു കെട്ടി; ഒടുവിൽ തടിയിലിട്ടു.

വലതുകൈ പഴുത്തു. ഏറെനാളത്തെ ചികിത്സയ്ക്കുശേഷം കൈ സുഖപ്പെട്ടു; പക്ഷേ കൈപ്പത്തിക്കു പഴയതുപോലെ സ്വാധീനമില്ല.

നാലഞ്ചു മാസത്തെ ചികിത്സയ്ക്കുശേഷം ഭ്രാന്തും കുറഞ്ഞു; പിന്നീട് നിശ്ശേഷം ഭേദമായി.

ആ ഭ്രാന്ത് എങ്ങനെ ഉണ്ടായി? നാക്കു ഫലിക്കുമോ? ശാപം ഫലിക്കുമോ? ഫലിക്കുകയില്ലെന്ന് യുക്തിവാദികളും ശാസ്ത്രജ്ഞന്മാരും പുരോഗമനവാദികളും പറയുന്നു. ശരിയായിരിക്കാം. പക്ഷേ കറിയാച്ചേന് എങ്ങനെ ഭ്രാന്തു വന്നു? കറിയാച്ചേട്ടന്റെ വലതുകൈയ്ക്ക് എങ്ങനെ സ്വാധീനമില്ലാതായി?

കറിയാച്ചേട്ടന്റെ കുടുംബത്തിൽ അതിനു മുമ്പോ അതിനു ശേഷമോ ആർക്കും ഭ്രാന്തു വന്നിട്ടില്ല, രണ്ടുമൂന്നു മാസത്തെ ചികിത്സയ്ക്കുശേഷം ഭേദമായ ഭ്രാന്ത് അയാൾക്കു പിന്നീടൊരിക്കലും ഉണ്ടായിട്ടുമില്ല. വീണ്ടും ആ ചോദ്യങ്ങൾ എന്റെ മനസ്സിൽ നിറഞ്ഞു വരുന്നു. കറിയാച്ചേട്ടന് എങ്ങനെ ഭ്രാന്തുണ്ടായി? അയാളുടെ വലതുകൈയ്ക്ക് സ്വാധീനം കുറഞ്ഞതെങ്ങനെ?

തല പുകഞ്ഞു ചിന്തിക്കാനില്ല. അതിൽ രഹസ്യങ്ങളൊന്നുമില്ല. നാക്കു ഫലിക്കുകയില്ലായിരിക്കും; പക്ഷേ കാരണവന്മാരുടെ വാക്കു ഫലിക്കും; കാരണവന്മാരോട് അകൃത്യം ചെയ്യുന്ന മക്കൾക്ക് സ്വസന്താനങ്ങളിൽനിന്ന് അവ തിരിച്ചുകിട്ടും.


**കുഴപ്പം ക്ഷണിച്ചു വരുത്തരുത്**



കുഴപ്പം ക്ഷണിച്ചു വരുത്തുന്ന ആളല്ല നിങ്ങളെന്നു ഞങ്ങൾക്കറിയാം. പക്ഷെ, സേർ, റാത്തൽ തുടങ്ങിയ തൂക്കങ്ങളിൽ ഇടപാടുകൾ നടത്തുമ്പോഴൊക്കെ വാസ്തവത്തിൽ നിങ്ങൾ ചെയ്യുന്നത് ഇതല്ലാതെ മറെറാന്നുമല്ല.

ഇവ നിയമവിരുദ്ധങ്ങളായ തൂക്കങ്ങളാണ്. ഇവ ഉപയോഗിക്കുന്ന കച്ചവടക്കാർ ശിക്ഷാർഹരാണ്. എന്നാൽ നിങ്ങൾക്കാകട്ടെ ക്ഷണനേരത്തിൽ തന്നെ ശിക്ഷ ലഭിക്കുന്നു — നിങ്ങൾ വഞ്ചിക്കപ്പെടുന്നു — കൊടുക്കുന്ന പണത്തിനു തക്കതായ മൂല്യം നിങ്ങൾക്കു കിട്ടുന്നില്ല.

**കിലോവിൽ മാത്രം വാങ്ങുക**

DA 64/372

# സ്വർഗ്ഗം ആരംഭിക്കുന്നു

ഐ. ടി. ഒ.

മാനം കറുത്തങ്ങിരുണ്ടു_മന്നിൽ
മാനവർ മൗനത്തിലാണ്ടു.
മാലാഖമാരവരുണ്ട്_മധു_
മോഹനഗീതികളുണ്ട്.
മാലോകരെയുണർത്തീടാൻ_മണി_
നാദങ്ങളെങ്ങും മുഴങ്ങി.
ഉണ്ണീശോ പുഞ്ചിരി തൂകി_മേരി
പൊന്മുഖം നോക്കിയിരുന്നു.
ഉണ്ടിതിലീശപ്രസാദം_പാരിൽ
വിണ്ടലനായകൻ വന്നു.
ഈശോയീ മണ്ണിലിറങ്ങി_വിണ്ണി_
ന്നീരടിയെങ്ങും മുഴങ്ങി.
'കാലത്തിൻ പൂർത്തിയിലേശു_ഒരു
കാലിത്തൊഴുത്തിൽ ജനിച്ചു.'

വിട്ടുവസ്ത്രങ്ങളതില്ല_നല്ല
പട്ടാംബരങ്ങളുമില്ല.
പാവങ്ങളെത്തേടി വന്ന-പരി_
പാവനനാ മെത്ത വൈക്കോൽ!
പാരിൻപരിത്രാണകന്നു_ശൈത്യം
പോക്കുവാൻ കമ്പളമില്ല!
പള്ളികൊള്ളുന്നു ഭൂപാലൻ_പിള്ള_
ക്കച്ചകൾക്കുള്ളിൻ കുമാരൻ.

മാമല കാലിത്തൊഴുത്തിൻപിന്നിൽ
മഞ്ഞും പുതച്ചു കിടന്നു.
മാമരം കോച്ചി വിറയ്ക്കും_ശീത_
മാരുതനെങ്ങും പരന്നു;
മന്നിന്റെ മന്നൻ പിറന്ന_പുല്ലു_
മാടത്തിലും വന്നണഞ്ഞു.
മഞ്ഞണിക്കാറ്റേററു ഞെട്ടി_മൃദു_
മേനിയൊന്നാകെ വിറച്ചും
അമ്മിഞ്ഞപ്പാലു നുകർന്നും_ചേലിൽ
'മമ്മി'തൻ മാറത്തണഞ്ഞും
മേവുന്നു മാനവപാപം-തീർക്കാൻ
മന്നിൽ പിറന്ന മഹേശൻ!

കാളകൾ ഞെട്ടിയുണർന്നു_ചുടു_
നിശ്വാസമെങ്ങും നിറഞ്ഞു.
ചാലെ കുളിരകന്നീശൻ,_കുഞ്ഞി_
ക്കൈകളുയർത്തിക്കിടന്നു.
വാനത്തിൻവാതിൽ തുറന്നു,_വെള്ളി_
മേഘങ്ങളെങ്ങും നിരന്നു.
വാനവരെല്ലാം വരുന്നു,_ദിവ്യ_
വൈണികരോ പാടിടുന്നു.
വിണ്ണിൻവിരിമാറിലെങ്ങും_നീളെ
വിശ്വാസുമങ്ങൾ വിരിഞ്ഞു.
ആട്ടിടയന്മാരുണർന്നു,_നാട്ടിൽ_
ആലോലഗാനമുയർന്നു.
'കാലത്തിൻപൂർത്തിയിലീശൻ,_ഒരു
കാലിത്തൊഴുത്തിൽ ജനിച്ചു.'

* തെയോഫിൽ ഗോത്തിയെ (ഫ്രഞ്ച്) യുടെ 'നൊയേൽ' (Noel) ന്റെ ആശയാനുവാദം.

## ഒന്നിച്ചണിനിരക്കുക
## ഒന്നിച്ചദ്ധ്വാനിക്കുക

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ജനങ്ങൾ, വിവിധ പ്രശ്നങ്ങളെ സംബന്ധിച്ചുള്ള അവരുടെ വികാരങ്ങൾ എത്രതന്നെ ശക്തിമത്താവട്ടെ, ഒരു കാര്യം ഒരിക്കലും വിസ്മരിക്കരുതു്. നാം ആദ്യമായി ഇന്ത്യക്കാരാണു്. നമ്മുടെ തർക്കങ്ങളെല്ലാംതന്നെ ഒരു രാഷ്ട്രം, ഒരു ദേശം എന്ന വ്യതിയാനം വരുത്താനാവാത്ത ചട്ടക്കൂടിൽ ഒതുങ്ങുന്ന തരത്തിൽ നാം ഒത്തുതീർക്കേണ്ടതാണു്. ഈ ഏകതാബോധം വളർത്താനും ദേശീയോദ്ഗ്രഥനം ശക്തിപ്പെടുത്താനും നമുക്കു് എല്ലാ പരിശ്രമവും നടത്താം.

ലാൽ ബഹദൂർ ശാസ്ത്രി
പ്രധാനമന്ത്രി

നമ്മുടെ വഴി വ്യക്തവും ഋജുവുമാണു്—സ്വാതന്ത്ര്യവും സമൃദ്ധിയും എല്ലാവർക്കും കിട്ടുമാറാക്കിക്കൊണ്ടു സുശക്തമായ ഒരു ഭാരതം കെട്ടിപ്പടുക്കുക എന്നതാണതു്

ഒരൊറ്റ രാഷ്ട്രമെന്ന നിലയ്ക്കു് നമുക്കൊന്നിച്ചണിനിരക്കാം; ഒന്നിച്ചദ്ധ്വാനിക്കാം. ധൈര്യവും സ്ഥൈര്യവും ക്ഷേമവികാരവും സഹിഷ്ണുതയും നമുക്കു വെളിച്ചമേകട്ടെ.

# ജയ് ഹിന്ദ്

ഐക്യം പാലിച്ചു് സ്വാതന്ത്ര്യം കാക്കുവിൻ.

DA 64/F7

# ഇന്നത്തെ യുവാക്കൾ

ജി.സി. ടീലാർ.

**1964** ഒക്ടോബർ 23-ാംനു- കേരളഗവണ്മെന്റ് ഒരു പ്രഖ്യാപനം നടത്തിയതായി പത്രത്തിൽ വായിച്ചു. പൊതുയോഗങ്ങളിൽ ശല്യവും കുഴപ്പവും ഉണ്ടാക്കുന്നവരെ വാറണ്ടു കൂടാതെ അറസ്റ്റ് ചെയ്യുമെന്നാണതു്. കേരളത്തിലെ സ്ഥിതിഗതികൾ എന്തുമാത്രം കുഴഞ്ഞുമറിഞ്ഞിരിക്കുന്നു! നമ്മുടെ യുവജനം വളരെ അധഃപതിച്ചു എന്നാണ് ഈ ഗവണ്മെന്റ് പ്രഖ്യാപനത്തിന്റെ അർത്ഥം.

ഇന്നത്തെ യുവാക്കന്മാർ ഇന്നലത്തെ കുട്ടികളാണ്. ഗവണ്മെന്റ് നിശ്ചയിക്കുന്ന പാഠപുസ്തകങ്ങളാണ് അവർ സ്കൂളിൽവച്ച് പഠിച്ചതും. ഗവണ്മെന്റ് അവക്ക് നൽകുന്ന ഭക്ഷണം ഏതു തരത്തിലുള്ളതാണെന്ന് ഇപ്പോഴെങ്കിലും അധികാരികൾ ചിന്തിച്ചാൽ നന്നായിരിക്കും. 1963-ൽ നിയമസഭയിൽവച്ചു നടന്ന വാദപ്രതിവാദങ്ങൾ ഇന്നും സജീവമായി പലരുടേയും സ്മൃതിപഥത്തിലുണ്ടായിരിക്കും. അന്ന് ശ്രീ. ശങ്കറായിരുന്നു കേരളത്തിന്റെ മുഖ്യമന്ത്രി. "ഓടയിൽനിന്ന്" എന്ന ഗ്രന്ഥം 10-ാം സ്റ്റാൻഡാർഡിലെ 'നോൺഡീടെയിൽ' ആക്കിക്കഴിഞ്ഞിരുന്നു. അതു വായിക്കാൻ ഇടയായ ചില പണ്ഡിതന്മാർ പറഞ്ഞു, ആ പുസ്തകം കുഞ്ഞുങ്ങളെ പഠിപ്പിക്കാൻ കൊള്ളുന്നതല്ലെന്ന്.

ഇന്ന് കേരളാ കോൺഗ്രസ്സിന്റെ ലീഡറായ ശ്രീ. കെ. എം. ജോർജ്ജ് ആ പുസ്തകത്തിന്റെ മാന്യതയെ ചോദ്യം ചെയ്തുകൊണ്ടു് ദീർഘമായി പ്രസംഗിച്ചു. അന്ന് മുഖ്യമന്ത്രി തന്നെയായിരുന്നു വിദ്യാഭ്യാസമന്ത്രിയും. പപ്പു ഒരു നോബിൾ കാരക്ടറാണെന്നായിരുന്നു ശ്രീ. ശങ്കറിന്റെ മറുപടി.

ഓടയിലെ പപ്പുവിനെ ഒരാദർശകഥാപാത്രമായി ഉയർത്തിക്കാണിച്ച മുഖ്യമന്ത്രി കേരളത്തിലെ യുവജനത്തിന്റെ സന്മാർഗ്ഗബോധത്തിനു കത്തിവയ്ക്കുകയാണ് ചെയ്തതു്. ഗ്രന്ഥത്തിന്റെ ആരംഭത്തിൽത്തന്നെ ഗ്രന്ഥകാരൻ പപ്പുവിനെപ്പറ്റി പറഞ്ഞിരിക്കുന്നതെന്ത്? "സ്കൂളിൽ പോകുന്നതവനിഷ്ടമാണ്—പഠിക്കാനുള്ള ആഗ്രഹമല്ല, കളിക്കാനുള്ള സൗകര്യം." ഇത്തരം പപ്പുമാരാണ് രാജ്യം ഭരിക്കുന്ന ഒരു മുഖ്യമന്ത്രിയുടെ ദൃഷ്ടിയിൽ നോബിൾ കാരക്ടർ എങ്കിൽ കേരളത്തിലെ കുട്ടികൾ പപ്പുമാരാകുവാനേ ആഗ്രഹിക്കയുള്ളു.

ഒരു ദിവസം പപ്പുവും കൂട്ടുകാരുംകൂടി ഒരു കുരുവിയെ പിടിച്ചു ക്ലാസ്സിൽ കൊണ്ടുവന്നു കളിക്കുന്നതാണു് മറ്റൊരു കഥ. അവൻ അദ്ധ്യാപകനെ ഭീഷണിപ്പെടുത്തിയിട്ട് ക്ലാസ്സിൽനിന്നും ഇറങ്ങിപ്പോകുന്നു. പഠിത്തം അവസാനിപ്പിക്കുകയും ചെയ്യുന്നു. "അന്യായത്തിന്റെ അധികാരശക്തി ന്യായത്തിന്റെ ആത്മശക്തിയുടെ മുമ്പിൽ തലകുനിക്കേണ്ടിവന്നു" എന്നൊരു ചെഞ്ചായപ്പണിയും ശ്രീ. കേശവദേവ് ആ ഭാഗത്തു നടത്തിയിട്ടുണ്ട്. ന്യായമായ അധികാരത്തെ വെല്ലുവിളിച്ചുകൊണ്ടു് ധിക്കാരപൂർവ്വം ക്ലാസ്സിൽനിന്നും ഇറങ്ങിപ്പോയ പപ്പുവാണ് നോബിൾ കാരക്ടർ എങ്കിൽ, ന്യായമായ അധികാരത്തെ വെല്ലുവിളിക്കുന്ന പപ്പുമാർ കേരളത്തിൽ അനേകമുണ്ടാകാതെ തരമില്ല.

മൂന്നു മാസം കഴിയുന്നതിനുമുമ്പേ മുഖ്യമന്ത്രി തന്റെ മുമ്പിൽ വന്ന കുറെ പപ്പുമാരെ കണ്ടു് ഞെട്ടി വിറയ്ക്കുകതന്നെ ചെയ്തു. 1963 ഒക്ടോബർ 6-ാം തീയതിയായിരുന്നു കെ. പി. സി. സി. പ്രസിഡന്റ് ഇലക്ഷനുവേണ്ടി അംഗങ്ങൾ എറണാകുളത്തു സമ്മേളിച്ചതു്. കേന്ദ്രത്തിന്റെ പ്രതിനിധിയായി ശ്രീ. കംബോജയും അവിടെ സന്നിഹിതനായിരുന്നു. സി. കെ. ഗ്രൂപ്പിന്റെയും ശങ്കർ ഗ്രൂപ്പിന്റെയും വടംവലി കുറെ പപ്പുമാരുടെ രംഗപ്രവേശത്തോടെ മകുടംചൂടി. കസേരയും കുറുവടിയും ആയിരുന്നു അവരുടെ ആയുധങ്ങൾ. ശങ്കറും കൂട്ടരും തല ഒളിക്കാൻ സ്ഥലം അന്വേഷിക്കേണ്ടിവന്നു, എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. യോഗം പിരിച്ചുവിട്ടിട്ട് കംബോജ സ്ഥലം വിടുകയുംചെയ്തു. അന്ന് ശങ്കർ വിചാരിച്ചുകാണും ഇത്തരം പപ്പുമാരെ പുലർത്തുന്നതു് അപകടമാണെന്ന്.

പിന്നീടൊരുകൊല്ലം തികയുന്നതിനു മുമ്പ് വേദനാജനകമായ മറ്റൊന്നു സംഭവിച്ചു. 1964 സെപ്റ്റംബർ 8-ാം തീയതി ശങ്കർഗവണ്മെന്റിനെതിരായ ഒരവിശ്വാസപ്രമേയം വോട്ടിനു വന്നു. "അന്യായത്തിന്റെ അധികാരശക്തി ന്യായത്തിന്റെ ആത്മശക്തിയുടെ മുമ്പിൽ തല കുനിക്കേണ്ടിവന്നു" എന്നുള്ള മി. കേശവദേവിന്റെ പ്രസ്താവന ചതിരക്കളലിൽ ചതിരക്കട്ട യോജിപ്പിക്കുന്നതുപോലെ അന്വർത്ഥമായതു് അന്നാണ്. സ്വന്തം പാർട്ടിയിൽപ്പെട്ട 15 എം. എൽ. എ. മാർ സംഘടനയിൽനിന്നും പിന്മാറി എതിർപക്ഷം ചേർന്ന് വോട്ടുചെയ്യുകയും ശങ്കർമന്ത്രിസഭ ഉടയുകയും ചെയ്തു.

15 പേർ തിരിഞ്ഞുനിൽക്കാൻ കാരണമെന്ത്? പല കാരണങ്ങളും പറഞ്ഞു കേൾക്കുന്നു. യഥാർത്ഥകാരണം മി. ശങ്കറിന്റെ ഒരു പ്രസംഗമായിരിക്കണം. അതിൽ അദ്ദേഹം പറഞ്ഞു, "സി. കെ. ഗോവിന്ദൻ നായർ മരിച്ചു; പി. റ്റി. ചാക്കോ മരിച്ചു; പിന്നെയുള്ളതു കുറെ റാസ്കൽസ്." സഹപാഠികളെ തല്ലുകയും ക്ലാസ്സിൽ വിപ്ലവമുണ്ടാക്കുകയുംചെയ്ത പപ്പു ഒരു നോബിൾ കാരക്ടറാണു് ശങ്കറുടെ ദൃഷ്ടിയിൽ; മുഖ്യമ

ന്ത്രിയുടെ അഴിമതിക്കെതിരെ സ്വരമുയർത്തിയവർ റാസ്കൽസും. മനുഷ്യരുടെ ബലഹീനതകൾ ദൈവം ക്ഷമിക്കുന്നു. പക്ഷെ അഹങ്കാരിയെ ദൈവം നിഷ്ഠുരണം താഴേയ്ക്കു തള്ളുകയാണ്.

സെപ്റ്റംബർ 26-ാം തീയതി വൈകുന്നേരം കോട്ടയത്തു പ്രത്യക്ഷപ്പെട്ട ശ്രീ. ശങ്കറിന്റെ ആദർശപുരുഷന്മാർ. മാമ്മൻ മാപ്പിള ഹാളിൽ ഡി. സി. സിയുടെ ആഭിമുഖ്യത്തിൽ കോൺഗ്രസ് പ്രവർത്തകയോഗം നടക്കുകയായിരുന്നു. അവിടെവെച്ച് ചിലർ കെ. പി. സി. സി. പ്രസിഡന്റ് കെ. സി. അബ്രാഹമിനെ കയ്യേറ്റംചെയ്യുകയും സെക്രട്ടറിമാരായ കെ. എം. ചാണ്ടി, റ്റി. ഒ. ബാവ എന്നിവരുടെ ഷർട്ടു വലിച്ചുകീറി ഉന്തും തള്ളും നടത്തുകയും ചെയ്തു.

ഇതിന്റെയെല്ലാം ഒരു മകുടംചൂടലായിരുന്നു ഒക്ടോബർ 18-ാം തീയതി നടന്നത്. ഒക്ടോബർ 13-ന് തിരുവനന്തപുരത്തെ സംസ്കൃതകോളെജിൽ കേരളാ ഗവർണ്ണർ, ശങ്കറിന്റെ ഒരു പടം അനാച്ഛാദനംചെയ്തു. പാവപ്പെട്ട കുട്ടികളിൽനിന്നും നിർബന്ധപ്പിരിവെടുത്താണ് ആ പടം വരപ്പിച്ചത്. ആ പടത്തിന് 7 ദിവസം തികച്ച് അവിടെ ഇരിക്കാൻ കഴിഞ്ഞില്ല. ഒക്ടോബർ 18-ാം തീയതി ആ പടം ബ്ലെയ്ഡുകൊണ്ട് കുത്തിക്കീറിയ നിലയിൽ കാണപ്പെട്ടു. ശങ്കറിന്റെ പപ്പുമാർ ശങ്കറിനെതിരായിത്തന്നെ കൈ ഉയർത്തുമെന്ന് അദ്ദേഹം ഒരിക്കലും വിചാരിച്ചുകാണുകയില്ല.

രാജ്യസ്നേഹികളെ ഇരുത്തി ചിന്തിപ്പിക്കേണ്ട സംഭവങ്ങളാണ് ഇവയെല്ലാം. പാർട്ടിഘടകങ്ങൾ മുകളിൽ നിന്നുള്ള ഉത്തരവനുസരിച്ച് പ്രതിഷേധിച്ച് പ്രമേയങ്ങൾ പാസ്സാക്കുന്നുണ്ട്. ആരോടാണ് പ്രതിഷേധിക്കുന്നതെന്നു ചോദിക്കുവാൻ തോന്നിപ്പോകുന്നു. ഇന്നത്തെ യുവാക്കന്മാരോ കുട്ടികളോ അല്ല ഇതിനുത്തരവാദികൾ. രണ്ടു കൂട്ടരാണ് രാജ്യത്തെ കലക്കി മറിക്കുന്നത്. അക്രമത്തിനും അഴിമതിക്കും കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥന്മാർ, ആദർശനിഷ്ഠയില്ലാത്ത മന്ത്രിമാർ.

പക്ഷെ, ജനങ്ങളിൽനിന്നും വരുന്നവരാണ് ഉദ്യോഗസ്ഥന്മാരും മന്ത്രിമാരും, ഒടുവിൽ പ്രതിഷേധമെല്ലാം ജനങ്ങളുടെ നേർക്കാണ് നീങ്ങേണ്ടത്. ഭരണകാര്യങ്ങളിൽനിന്നും ഒഴിഞ്ഞു നില്ക്കുന്ന ബുദ്ധിമതികൾക്ക് ഒരു ശിക്ഷയുണ്ടെന്നാണ് പ്ലേറ്റോ പറഞ്ഞിരിക്കുന്നത്. ദുഷ്കർമ്മികൾ ഭരണം കൈയ്യാളുകയും വിജ്ഞന്മാർ അവരുടെ നുകത്തിനു കീഴിൽ ഞെരുങ്ങുകയും ചെയ്യുക എന്നതാണ് ശിക്ഷ. അത്തരമൊരു ശിക്ഷ കേരളത്തിൽ അത്ര വിദൂരമല്ലെന്നു തോന്നുന്നു.

പാർട്ടിക്കാരെല്ലാം രംഗത്തിറങ്ങി പ്രചരണവേല തുടങ്ങിയിട്ടുണ്ട്. ഉറച്ച ഭരണം, സൽഭരണം, സോഷ്യലിസം എന്നൊക്കെ ഉറക്കെ പറഞ്ഞ് ഓരോ കൂട്ടരും ഘനമായ പ്രസംഗങ്ങളും നടത്തുന്നുണ്ട്. അവയ്ക്കു വോട്ടു നൽകുവാനുള്ള ജനങ്ങൾ ഇനിയും ഉണർന്നിട്ടുണ്ടോ? കേരളത്തിൽ 17 കൊല്ലത്തെ തകർന്ന ഭരണം കണ്ട് മനം മടുത്തിരിക്കുന്നവരാണ് ഇവിടത്തെ ജനങ്ങൾ. സ്വൈരമായി ജീവിക്കുവാൻ അനുവദിക്കുന്ന ഒരു ഭരണമാണ് ഇന്നു ജനങ്ങൾ ആഗ്രഹിക്കുന്നത്. അതനുസരിച്ച് പ്രവർത്തിക്കുവാൻ ജനങ്ങൾക്കേ കഴിവുള്ളൂ. അതു് അവർ പ്രയോഗിക്കണം.

അമിതലാഭത്തിനു പരിപാടി തയ്യാറാക്കിയ ഡൽഹിയിലെ കാഫി ഹൗസിനെതിരായി ഡൽഹിയിലെ താമസക്കാർ സംഘടിച്ചു പ്രവർത്തിച്ചപ്പോൾ കാഫി ഹൗസ് തല കുനിച്ചു. അതിനെ അനുകരിച്ച് പാലാ കോളെജിലെ 800 വിദ്യാർത്ഥികൾ സംഘടിച്ച് അരണാപുരത്തെ ഹോട്ടൽക്കാർക്കെതിരായി ഒക്ടോബർ 25 മുതൽ നീക്കം തുടങ്ങിയിരിക്കുന്നു. വിദ്യാർത്ഥികൾ സ്വന്തമായ ഒരു ഹോട്ടൽ ആരംഭിച്ചിരിക്കുകയാണ്. അവിടെ ഒരു ഊണിനു 50 പൈസയേ ചാർജുള്ളൂ; ഹോട്ടൽകാർ 80-ം 90-ം പൈസ വാങ്ങിയിരുന്നു.

ജനങ്ങൾ കണ്ണടയ്ക്കുന്നതുകൊണ്ടാണ് അക്രമവും അഴിമതിയും വളരെ നടക്കുന്നത്. സന്മാർഗ്ഗനിഷ്ഠയുള്ളവരും സത്യസന്ധതയ്ക്കും നീതിക്കും വില കല്പിക്കുന്നവരും, അഴിമതിയക്രമങ്ങളുടെ നേരെ കണ്ണടയ്ക്കുകയില്ലാത്തവരും, രാജ്യത്തിന്റെ നട്ടെല്ലായ കർഷകനെ ദ്രോഹിക്കയില്ലാത്തവരുമായ ആളുകളെ നിയമസഭയിലേയ്ക്ക് വോട്ടുചെയ്തയയ്ക്കുവാൻ ജനങ്ങൾ സംഘടിക്കണം. കോളെജുവിദ്യാർത്ഥികളുടെ ഹോട്ടൽസമരം ജനങ്ങൾക്കു ഒരു വഴി തെളിച്ചിട്ടിരിക്കയാണ്.




## കെടാവിളക്കുകൾ!

*

*മനോഹരമായ കെടാവിളക്കുകൾ, സ്പ്രിങ്ങ് ലാമ്പുകൾ, ക്രൂവറ്റ്സ് മുതലായവ എറണാകുളം ബ്രോഡ്‌വേയിലുള്ള ഞങ്ങളുടെ ഷോറൂമിൽ ലഭിക്കുന്നതാണ്. "താഹിറ" വിക്സ്റ്റൗ ഞങ്ങളുടെ മേൽനോട്ടത്തിൽ തയ്യാർചെയ്യപ്പെടുന്നു. ക്രോക്കറികളുടെ കൂടാരമായ ഞങ്ങളുടെ ഷോറൂമിലേയ്ക്കു സ്വാഗതം!*

**MAHEMOOD STORES**
Broadway — ERNAKULAM
Phone: 717
*Branch:* ALUMKADAVU.

# തിരുപ്പിറവി

*(362-ാംപേജിൽനിന്നു തുടർച്ച്)*

ജോസഫ്: യാത്രയ്ക്ക് ഒരു കഴുതയെങ്കിലും കിട്ടിയിരുന്നെങ്കിൽ!.... ആരാണൊന്നു കടം തരിക?

മേരി: റാഹേലിന്റെ വീട്ടിലെ....

ജോസഫ്: അവരെ അങ്ങനെ ബുദ്ധിമുട്ടിക്കരുത്.

മേരി: അവർ നല്ലവരാണ്.

ജോസഫ്: നല്ലവരെ വെറുപ്പിക്കരുതല്ലോ.

(റാഹേൽ ഒരു കുട്ടയിൽ കുറേ സാധനങ്ങളുമായി വരുന്നു)

മേരി: എന്താ റാഹേലേ, അമ്മ വിളിച്ചില്ലായിരുന്നോ?

റാഹേൽ: ഉവ്വ്. ചേച്ചീ, ചേടത്തീടെ വീട്ടിന്ന് കുറേ പലഹാരം കൊണ്ടുവന്നിരിക്കുന്നു. അതിലൊരു വീതം ഇവിടെ കൊണ്ടുവന്നു തരാനാണ് അമ്മ എന്നെ വിളിച്ചത്.

(മേരിയും ജോസഫും പരസ്പരം നോക്കുന്നു.)

റാഹേൽ: ഞാനിതു് അകത്തു കൊണ്ടുപോയി വെയ്ക്കട്ടെ.

ജോസഫ്: ദൈവപരിപാലന!

റാഹേൽ: അതെന്താ ചേട്ടാ?

മേരി: റാഹേലു കേട്ടില്ലേ, ഒരു റോമാക്കാരൻ പറഞ്ഞുനടന്നിരുന്നത്?

റാഹേൽ: ഉവ്വ്.

മേരി: അതനുസരിച്ച് നാളെ ഞങ്ങൾക്ക ബത്‌ലഹംവരെ പോകണം.

റാഹേൽ: ചേച്ചിയും?

മേരി: വേണം.

റാഹേൽ: അയ്യോ! ചക്രവർത്തി കല്പിച്ചതാണോ ഇതു്? ഇതു് എന്തു ചക്രവർത്തിയാ!

മേരി: അങ്ങനെ പറയാതെ മോളെ. ചക്രവർത്തിയുടെ അധികാരം ദൈവത്തിന്റെയല്ലേ?

റാഹേൽ: എന്നാലും ചേച്ചിക്കിപ്പോൾ ഇത്ര വഴി നടക്കാൻ പററുമോ?

മേരി: അതൊക്കെ സാധിക്കും.

റാഹേൽ: എന്നാൽ ഒരു കാര്യം ചെയ്യാം. ഞങ്ങളുടെ കഴുതയ്ക്ക് ഇനി നാലഞ്ചുദിവസത്തേയ്ക്ക് പണിയില്ല. ഞാൻ അപ്പച്ചനോടു പറഞ്ഞ് അതിനെ കൊണ്ടുവരാം.

ജോസഫ്: (അത്ഭുതത്തോടെ) ദേഏ!

മേരി: ദൈവപരിപാലന!

റാഹേൽ: ചേച്ചിക്കു സഹായത്തിനു വേണമെങ്കിൽ ഞാനുംകൂടി പോരാം.

മേരി: വേണ്ട മോളെ. അതു വേണ്ട. അപ്പോൾ നിന്റെ അമ്മയെ സഹായിക്കാനോ? നീ പോയി അപ്പനോട് ഈ വിവരം പറ.

റാഹേൽ: ഞാൻ ഇപ്പോ പറഞ്ഞുവരാം. (ഓടിപ്പോകുന്നു.)

(മേരിയും ജോസഫും പരസ്പരം നോക്കുന്നു.)

ജോസഫ്: മേരി!

മേരി: തന്നെ സ്നേഹിക്കുന്നവരെ ദൈവം കൈവിടുകയില്ല. ഇല്ല. ഒരിക്കലും.

●

## രണ്ട്

[ബദ്‌ലഹമിലെ ഒരുവഴിവക്ക്. മേരിയും ജോസഫും പ്രത്യക്ഷപ്പെടുന്നു. അവർ നന്നേ ക്ഷീണിച്ചിരിക്കുന്നു. ക്ഷീണത്തേക്കാൾ കൂടുതൽ നിസ്സഹായതാഭാവം. രണ്ടുപേരും സ്വന്തമായി ഓരോന്നു ചിന്തിക്കയാണ്.]

ജോസഫ്: (ആത്മഗതം) ഇനി എവിടെ പോകും. സത്രങ്ങളിലൊന്നും ഇടമില്ല. നേരം നന്നേ ഇരുട്ടിക്കഴിഞ്ഞു. ഞാനിനി എന്തു ചെയ്യണം.... (മേരിയുടെ നേരെ തിരിഞ്ഞ്) മേരി, ഞാനിനി എന്തു ചെയ്യണമെന്നു പറയൂ. (മേരിയൊന്നും പറയുന്നില്ല. അല്പം കഴിഞ്ഞ്) ഞാനൊരു കാര്യം ചെയ്യട്ടെ? ആ കഴുതയെ പിടിച്ചു വില്ക്കാം. ആ കാശു കൊടുത്താൽ ആരെങ്കിലും ഒരു സ്ഥലം തരാതിരിക്കില്ല.

മേരി: അയ്യോ! അതു വേണ്ട.

ജോസഫ്: തിരിച്ചുചെന്ന് ജോലിചെയ്തു പണമുണ്ടാക്കി വേറൊന്നിനെ വാങ്ങിക്കൊടുക്കാമല്ലോ.

(മേരി തീരെ അസ്വസ്ഥയാകുന്നു. ദേഹം കുഴഞ്ഞ് ഇരിക്കാനുള്ള തിടുക്കം കാണിക്കുന്നു.)

ജോസഫ്: (അതു ഗ്രഹിച്ച്) എന്താ മേരീ, വല്ല വിഷമവും തോന്നുന്നുണ്ടോ?

മേരി: (നിയന്ത്രിച്ച്) സാരമില്ല.

ജോസഫ്: (സംഭ്രമത്തോടെ) അയ്യോ! ഞാനെന്തു ചെയ്യണം?

(പുറം അകലേയ്ക്കു നോക്കുന്നു.)

അതാ ആ വീട്ടിൽക്കൂടി ഒന്നു ചോദിക്കാം. മേരി ഇവിടെ ഇരിക്കൂ. ഞാനിപ്പോൾ വരാം.

മേരി: വരുമ്പോൾ ഒരു പാത്രം വെള്ളം കൊണ്ടുപോരണേ.

(ജോസഫ് ധൃതിയിൽ പോകുന്നു. മേരി നോക്കിനിൽക്കുന്നു. സാവധാനം മുട്ടുകുത്തുന്നു.)

കർത്താവേ, അവിടുത്തെ കരുണ അവിടുത്തെ ദാസിയുടെമേൽ നിഴലിക്കേണമെ. യഹോവയായ കർത്താവേ, അവിടുത്തെ ദാസിയുടെ വിഷമങ്ങളെ അവിടുന്നു തൃക്കൺപാർക്കേണമെ......

(ഈ അർത്ഥം വരുന്ന ഒരു ഗാനമാവാം ഇവിടെ.)

(അല്പം കഴിഞ്ഞ് പട്ടികൾ കുരയ്ക്കുന്ന ശബ്ദം. മേരി എഴുന്നേററ് അകലേയ്ക്കു നോക്കി വേദനയോടെ) അയ്യോ!..... ദേഏ!.... വല്ലതും പററിയോ ആവോ...എന്റെ കർത്താവേ...

(ജോസഫ് വരുന്നു. മേരി മുഖം പൊത്തി കരയുന്നു.)

ജോസഫ്: (വേദനയോടെ) മേരി....

മേരി: (മുഖമുയർത്തി) വല്ല അപകടം....

ജോസഫ്: സാരമില്ല....

മേരി: (അല്പം കഴിഞ്ഞ്) അവരെന്തു പറഞ്ഞു?

ജോസഫ്: അവർ പടിവാതിൽ തുറന്നപോലുമില്ല. മുട്ടു കേട്ടു പട്ടികൾ ഓടിവന്നു.

മേരി: (അല്പം കഴിഞ്ഞ്) എല്ലാം നമുക്കു സഹിക്കാം.

ജോസഫ്: ഇനി എന്താണു ചെയ്യുക? സമയം ഇത്രയുമായി.

മേരി: (പുറം നോക്കുന്നു. ഒരു സ്ഥലത്തേയ്ക്കു ചൂണ്ടിക്കൊണ്ട്.) നമുക്കതാ, ആ കാണുന്നിടത്തേയ്ക്കു പോകാം.

ജോസഫ്: ദേഏ! അതൊരു തൊഴുത്തല്ലേ?

മേരി: എവിടെയായാലും എനിക്കൊന്നിരിക്കണം. അവിടെ അധികം മൃഗങ്ങളൊന്നുമില്ലെന്നു തോന്നുന്നു.

ജോസഫ്: മേരി, നിനക്കൊരു തൊഴുത്തിൽ....?

മേരി: നമ്മുടെ കുററംകൊണ്ടല്ലല്ലോ. അവിടുന്ന് അങ്ങനെയാവും തിരുവുള്ളമാകുന്നതു്.

ജോസഫ്: ഏതായാലും നമുക്കീ വഴിയിൽനിന്നു പോകാം.

(രണ്ടുപേരും സാവധാനം നടന്നുമറയുന്നു. അല്പം കഴിഞ്ഞു് ജോസഫ് വരുന്നു) ഹോ, ഞാനെന്തൊരു ഭാഗ്യഹീനനാണ്!

അശരീരി: "ജോസഫ്, മേരിയെ നിൻെറ ഭാര്യയായി സ്വീകരിക്കുക. അവൾ ഗർഭംധരിച്ചിരിക്കുന്നതു് പരിശുദ്ധാത്മാവിനാലാണ്, അവൾ പ്രസവിക്കുക ദൈവപുത്രനെയാണ്. നീ അവനെ ഈശോ എന്നു പേരിടണം."

(ജോസഫ് താൻ പണ്ടു കണ്ട സ്വപ്നം ഓർക്കുകയായിരുന്നു.)

ജോസഫ്: അയ്യോ! ദൈവപുത്രനു ജനിക്കുവാൻ തൊഴുത്തോ? അവിടുത്തേയ്ക്കു കിടക്കുവാൻ വൈക്കോലോ? ...ദൈവം തൻെറ സ്വന്തക്കാരുടെ ഇടയിലേയ്ക്കു വന്നു. പക്ഷെ, അവരവിടുത്തെ സ്വീകരിക്കുന്നില്ല. (അല്പം കഴിഞ്ഞു് ആരോ വരുന്നതു കണ്ടു്)

ജോസഫ്: ആരാ പോകുന്നതു്?

(ശീമോൻ ചില പാത്രങ്ങളും കുട്ടകളുമായി വരുന്നു.)

ശീമോൻ: എന്താ ചേട്ടാ?

ജോസഫ്: (യാചന) ഞാൻ ഇവിടെ വന്നതാണ്.

ശീമോൻ: കണക്കെഴുതിക്കാനാവും?

ജോസഫ്: അതെ. എനിക്കൊരു ഉപകാരം ചെയ്തുതരാമോ?

ശീമോൻ: എന്തു വേണം?

ജോസഫ്: എൻെറ ഭാര്യയുംകൂടി വന്നിട്ടുണ്ടു്. ഞങ്ങൾക്കിതുവരേയും രാത്രി കഴിക്കാൻ ഒരു സ്ഥലം കിട്ടിയിട്ടില്ല.

ശീമോൻ: നിങ്ങളെവിടന്നാണ് വരുന്നതു്?

ജോസഫ്: നസറത്തുനിന്നു്.

ശീമോൻ: അതൊരു നീണ്ട യാത്രയാണല്ലോ.

ജോസഫ്: ഞങ്ങൾ വല്ലാതെ ക്ഷീണിച്ചിരിക്കുന്നു.

ശീമോൻ: ഒന്നും കഴിച്ചില്ലേ?

ജോസഫ്: ഒന്നും കിട്ടിയില്ല.

ശീമോൻ: അയ്യോ! (തൻെറ കുടകൾ പരിശോധിച്ചു്) ഒന്നും ബാക്കിയില്ലല്ലോ. ഇന്ന് ആൾത്തിരക്കുണ്ടായിരുന്നതുകൊണ്ടു് വില്പാൻപോയതു് എല്ലാം തീന്നു.

ജോസഫ്: അതു സാരമില്ല. എൻെറ ഭാര്യ അതാ ആ ചാർത്തിൽ കിടക്കുന്നു. അവളുടെ കുഞ്ഞിനു് ആ തൊഴുത്തിൽ പിറക്കേണ്ടി വരുമോ. എന്നു ഞാൻ പേടിക്കുന്നു.

ശീമോൻ: അങ്ങനെയാണോ? പക്ഷേ, ഞാനെന്തു ചെയ്യും? എൻെറ കൂടാരം കുറച്ചകലെയാണ്. ഇവിടെ എനിക്കു പരിചയമുള്ളവരാരുംതന്നെ ഇല്ല. (അകത്തുനിന്നു് ഒരു കുഞ്ഞിൻെറ കരച്ചിൽ കേൾക്കാറാകുന്നു)

ജോസഫ്: (പരിഭ്രമത്തോടെ) ഈശോ!....മേരി!.... (അകത്തേയ്ക്കോടുന്നു. ശീമോനും കൂടെ പോകുന്നു.)

●

## മൂന്നു്

[ഇടയന്മാരുടെ കൂടാരം. സമയം പാതിര. തിണ്ണയിൽ ഒരു ചെറുതിരി പ്രകാശിച്ചുകൊണ്ടിരിക്കുന്നു. അതിനടുത്തു് പുറത്തേയ്ക്കു നോക്കിക്കൊണ്ടു് അബ്രാഹം ഇരിക്കുന്നു ]

അബ്രാഹം: (അകത്തേയ്ക്കു നോക്കി) എടാ അന്ത്രയോസേ.....അന്ത്രയോസേ, നീയെല്ലാം ഉറങ്ങിയോടാ? ഏ? (സ്വയം) നേരം ഏതാണ്ടു് പാതിരയാകാറായി. .. (അല്പം കഴിഞ്ഞു് വീണ്ടും വിളിക്കുന്നു) എടാ അന്ത്രയോസേ;....അല്ലെങ്കിൽ നീയുറങ്ങു്. എടാ യാക്കോവേ . (എഴുന്നേററു് പുറത്തേയ്ക്കു് എത്തിച്ചു നോക്കുന്നു.) അവനിതുവരെയായിട്ടും വന്നില്ലല്ലോ....(തിരിച്ചുവരുന്നു. യാക്കോവ് വരുന്നു)

അബ്രാഹം: എടാ ചേട്ടൻ ഇതുവരെയും ഇങ്ങെത്തിയില്ലല്ലോ. (ഇരിക്കുന്നു) ഏതായാലും ഈ കണക്കെടുപ്പുകാരണം രണ്ടുനാലു ദിവസത്തേയ്ക്കു പാലിനും മുന്തിരിക്കും നല്ല കോളു കാണും. ഇന്ന് ആടുകൾക്കു നല്ല തീററി കിട്ടിയോടാ—?

യാക്കോവ്: ഉവ്വ്. ഇന്നു തെക്കേക്കുന്നിൻെറ ചെരിവിലായിരുന്നു മേഞ്ഞിരുന്നതു്.

അബ്രാഹം: കുട്ടികളെ തിരിച്ചു കെട്ടിയിട്ടുണ്ടല്ലോ. നാളെ കറക്കാൻ ചെല്ലുമ്പോൾ കുട്ടി കുടിച്ചു എന്നു പറയല്ലേ. ഇന്നത്തേക്കാൾ കൂടുതൽ വേണ്ടിവരും നാളെ.

യാക്കോവ്: അതെല്ലാം വേണ്ടപോലെ ചെയ്തിട്ടുണ്ടു്. കിടക്കുന്നില്ലേ? ചേട്ടനെക്കാത്തു് ഞാനിരുന്നോളാം.

അബ്രാഹം: അ. ഒറക്കം വരുന്നുണ്ടു്. എന്നാലും അവൻ വരട്ടെടാ. എന്തുമാത്രം വിററെന്നു് ഒന്നു കാണണം. അ. എടാ, മുന്തിരി പറിച്ചു വെച്ചിട്ടില്ലേ?

യാക്കോവ്: ഉവ്വ്. കൊട്ടകളിൽ റെഡിയാക്കി വെച്ചിട്ടുണ്ടു്. നാളെ ഞാനുംകൂടി പോകാം വില്പനയ്ക്കു്.

(ഒരാരവം അകലെനിന്നു് കേട്ടുതുടങ്ങുന്നു.)

അബ്രാഹം: അ. എടാ, എന്താ ഒരിരമ്പൽ? (രണ്ടുപേരും ശ്രദ്ധിക്കുന്നു. ആരവം അടുത്തടുത്തു വരുന്നു.)

നോക്കു്, ഒന്നു പുറത്തേയ്ക്കിറങ്ങി നോക്കു് .. (യാക്കോവ് ആശ്ചര്യത്തോടെ പുറത്തേയ്ക്കു നീങ്ങിനിന്നു് നോക്കുന്നു; ആരവം അടുത്തെത്തി മുഖരിതമാകുന്നു; ഒരു മംഗളഗാനത്തിൻെറ തരംഗങ്ങൾ) ഒരു പാട്ടാണല്ലോടാ.....

യാക്കോവ്: (അത്ഭുതത്തോടെ) അയ്യ! ഇതെന്താണു്? (പെട്ടെന്നു് രംഗം പ്രകാശപൂർണ്ണമാകുന്നു. അബ്രാഹം അത്ഭുതത്തോടെ തന്നെത്തന്നെയും ചുററും നോക്കുന്നു)

അബ്രാഹം: അയ്യ! എന്തൊരു പ്രകാശം! എടാ നേരം പെട്ടെന്നു് ഉച്ചയാകുംപോലെ!

(അകത്തേയ്ക്കു നോക്കി) അന്ത്രയോസേ, എടാ അന്ത്രയോസെ (അല്പം കഴിഞ്ഞു് അന്ത്രയോസ് ഉറക്കത്തിൽ നിന്നു് എണീററു വരുന്നു.)

അന്ത്രയോസ്: അപ്പച്ചാ, എവിടുന്നാ ഈ പാട്ടു് കേൾക്കുന്നേ? നല്ല പാട്ടു്!

അബ്രാഹം: എടാ ആ കാണുന്നതെന്താ? വെളുത്തുവെളുത്തു്. ഒരുപാടെണ്ണമുണ്ടല്ലോ.

യാക്കോവ്: അവരാണാ പാടുന്നതു്?

അബ്രാഹം: നോക്കെടാ. എനിക്കു തിരിച്ചു കാണുന്നില്ല.

അന്ത്രയോസ്: അയ്യാ!......അതു മാലാഖമാരാണ്. അവരതാ വട്ടമിട്ടു

# OUR PUBLICATIONS

**An Introduction to Physics**
for Pre-Degree and Pre-Professional Courses Vol. I
By: V. Gopalakrishnan M. Sc., C. Radhakrishnan M. Sc. and P. M. Madhusudhanan M. Sc.
Price: 4—50

Do Do Vol. II — „ 3—50

**Text Book of Algebra**
(FOR B. Sc. SUBSIDIARY)
PRICE: 3—00

**Text Book of Algebra**
For B. Sc. Main and Subsidiary Maths and Pre-Professional Students
By Fr. Thomas Mootheden, M. A., D. D., Principal, St. Thomas' College, Trichur.
PRICE: 3—50

**New Model Questions and Answers in Social Studies**
For Std. IX, X.
By C. A. SCARIA, B. A., B. T.
PRICE: 1—00

**New Model Questions & Answers**
For S.S.L.C. Examination Mathematics I & II Papers
By R. S. Iyer B. A., B. T.
PRICE: 1—50

**A Reference Book of General Knowledge**
For U. S. S. Examination
By R. S. Iyer B. A., B. T.
PRICE: 1—50

**A Guide to Pre-University Sanskrit**
(PROSE ONLY)
By: E. Raghava Warrier, M. A., B. T., Ret. Principal, Govt. Brennen College, Tellicherry.
PRICE: 2—00

**A Guide to Pre-University Hindi Texts**
By: Prof: S. Padmanabh, M. A., B. T. (Sree Kerala Varma College, Trichur)
PRICE: 2—00

**A Guide to S. S. L. C. Hindi**
(TEXT WITH NON-DETAILED)
By: V Rama Menon B.A., B.Ed., Senior Hindi Teacher
PRICE: 1—65

**S. S. L. C. 'വിജയപ്രദ' മലയാളം ഗൈഡ് II**
(MALAYALAM PAPER II)
By: വിദ്വാൻ നമ്പ്യാരുവീട്ടിൽ നാരായണമേനോൻ.
PRICE: 1—00

**A Guide to S. S. L. C. Sanskrit**
(ACADEMIC AND SANSKRIT SCHOOLS)
By: Vidwan N. V. Sekhara Warrier
PRICE: 2—50

**S. S. L. C. 'വിജയപ്രദ' മലയാളം ഗൈഡ് I**
(കേരള പാഠാവലി; വ്യാകരണവൃത്താലങ്കാരങ്ങൾ തുടങ്ങി മലയാളം ഒന്നാം ചോദ്യക്കടലാസ്സിനാവശ്യമായ എല്ലാ വിഷയങ്ങളും അടങ്ങിയതു്.)
By: വിദ്വാൻ നമ്പ്യാരുവീട്ടിൽ നാരായണമേനോൻ.
PRICE: 3—00

പാടിത്തളർന്ന പാതിരാവു് — (നോവൽ)_ അരിമ്പൂർ പാപ്പച്ചൻ .... വില: 2—00
ആ പ്രകാശം അണഞ്ഞു (നോവൽ)_ വണ്ടാനം കെ. കെ. പിള്ള .... വില: 1—25
ആത്മാവിന്റെ ആലിംഗനം — പുന്നപ്ര ദാമോദരൻ .... വില: 1—75
സ്നേഹത്തിന്റെ കൈത്തിരി — (സാമൂഹ്യനാടകം)_ എം. ദിവാകരൻ ബി.എ., ബി.എഡ്. വില: 1—75

[ഞങ്ങൾ പ്രസിദ്ധീകരിക്കുന്ന ഗൈഡുകൾ കേരളത്തിലെ എല്ലാ സ്ഥലങ്ങളിലുമുള്ള പ്രധാന പുസ്തകവ്യാപാരികളിൽനിന്നും കിട്ടുന്നതാണ്. സ്ഥലത്തെ പുസ്തകവ്യാപാരികളിൽനിന്നു കിട്ടാത്തപക്ഷം ഞങ്ങൾക്ക് നേരിട്ടെഴുതുക.]

**പുലിക്കോട്ടിൽ പബ്ലിഷിങ്ങ് ഹൗസ്സ്, ഹൈറോഡ്, തൃശ്ശൂർ-1.**

പറക്കുന്നു അപ്പച്ചാ. അയ്യോ എന്തൊരു ചന്തം!

യാക്കോവ്: അതാ അവരിങ്ങോട്ടാണ് പറന്നുവരുന്നത്.

(കൊടുങ്കാറ്റിന്റെ ശബ്ദംപോലെ ആരവം അടുത്തുവരുന്നു. അവർ ഭയപ്പെട്ട് അല്പം പിന്നോട്ടു മാറി. (ഒരു മാലാഖയുടെ നിഴൽ കാണിക്കുന്നതു നന്ന്.)

മാലാഖയുടെ സ്വരം: "ഭയപ്പെടേണ്ട. ഇതാ സർവ്വജനത്തിനും ആനന്ദമരുളുന്ന ഒരു സന്തോഷവാർത്ത ഞാനറിയിക്കുന്നു. ഇന്നു ദാവീദിന്റെ നഗരത്തിൽ നിങ്ങൾക്കൊരു രക്ഷകൻ ജനിച്ചിരിക്കുന്നു. കർത്താവായ മിശിഹാതന്നെ. അദ്ദേഹത്തെ അറിയുന്നതിനു നിങ്ങൾക്കുള്ള അടയാളമിതാണ്: പിള്ളക്കച്ചകൊണ്ടു ചുറ്റി പുൽത്തൊട്ടിയിൽ ശയിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും."

(വീണ്ടും ഗാനതരംഗങ്ങൾ, മെല്ലെ മെല്ലെ അതു മങ്ങിമായുന്നു.)

അന്ത്രയോസ്: എന്തൊരു നല്ല പാട്ടായിരുന്നു അത്! ആ മാലാഖമാർ ഇത്ര വേഗം പോയല്ലോ. മുറ്റത്തേയ്ക്ക് ഇറങ്ങി നോക്കുന്നു.)

അബ്രാഹം: എന്താടാ മാലാഖാ പറഞ്ഞത്? എ....

യാക്കോവ്: മിശിഹാ പിറന്നിട്ടുണ്ടെന്ന്.

അബ്രാഹം: എവിടെ? എവിടെ?

യാക്കോവ്: ബത്‌ലഹമിലാണത്രെ.

അന്ത്രയോസ്: (വന്ന്) ആ പാട്ട് മുഴുവൻ പഠിക്കാൻ പറ്റിയില്ലല്ലോ. "മിശിഹാനാഥൻ വന്നുപിറന്നു...."

(ശീമോൻ വരുന്നു.)

അബ്രാഹം: എടാ ശിമോനേ, നീ വല്ലതും കേട്ടോ?

ശീമോൻ: എന്ത്?

അബ്രാഹം: ഇവിടെ ഇത്തിരി മുമ്പുവരെ എന്തൊരു മേളമായിരുന്നു!

അന്ത്രയോസ്: അതെ. "മിശിഹാനാഥൻ......" ഈ പാട്ട് ചേട്ടൻ കേട്ടില്ലേ? മാലാഖമാർ പാടിയത്?

അബ്രാഹം: അതുതന്നെ. കുറച്ചു മുമ്പു ഇവിടെ ആകെ വല്യ ഒരു ശോഭ. ആകെ കിടന്ന് മിന്നാ. ഒരു കൂട്ടം മാലാഖാമാർ വന്ന് തുടങ്ങി പാട്ടും ബഹളോം.

അന്ത്രയോസ്: വല്യവെള്ളപ്രാവിൻകൂട്ടംപോലെ. "മിശിഹാനാഥൻ..."

ശീമോൻ: നീ മിണ്ടാതിരിയടാ. മാലാഖമാരോ?

യാക്കോവ്: അതെ ചേട്ടാ, ഒരു പാട്ടുണ്ടായിരുന്നു.

ശീമോൻ: എനിക്കു കാണാൻ കഴിഞ്ഞില്ലല്ലോ.

അബ്രാഹം: എന്നിട്ടവർ ഒരു കാര്യം അറിയിച്ചു. എന്താടാ യാക്കോവേ അത്?

യാക്കോവ്: ബത്‌ലഹമിൽ മിശിഹാ ജനിച്ചിട്ടുണ്ടെന്ന്.

ശീമോൻ: ബത്‌ലഹമിലോ? ഞാനവിടുന്നല്ലേ വരുന്നത്.

അബ്രാഹം: അതേടാ. ദാവീദുരാജാവിന്റെ പട്ടണമല്ലേ.

ശീമോൻ: അവിടെ ഒരു കൊച്ചു ജനിച്ചിട്ടുണ്ട്. ഞാനതു കണ്ടിട്ടാണ് വരുന്നത്.

അബ്രാഹം: നീ കണ്ടോ? നീ മിശിഹായെ കണ്ടോടാ മോനേ?

ശീമോൻ: മിശിഹായാണോ ആവോ? കണക്കെടുപ്പിനു നസ്രത്തുനിന്നു വന്ന ഒരു പെമ്പിളയാണ് പ്രസവിച്ചത്. കഷ്ടകാലത്തിന് ആ കൊച്ചിന് ഒരു തൊഴുത്തിലാണ് പിറക്കേണ്ടിവന്നത്.

യാക്കോവ്: പുൽത്തൊട്ടിയിലാണോ ചേട്ടാ കിടത്തിയിരിക്കുന്നത്?

അബ്രാഹം: അ, ആണോടാ? പിള്ളക്കച്ചകൊണ്ടു പൊതിഞ്ഞിരിക്കുന്നോ?

ശീമോൻ: അതു രണ്ടും ശര്യാ.

അബ്രാഹം: എന്നാൽ അതുതന്ന്യാടാ മിശിഹാ. അതുതന്നെ മിശിഹാ. നമുക്കിപ്പോ പോയി കാണണം. അങ്ങനെയല്ലോടാ യാക്കോവേ, മാലാഖ ലക്ഷണം പറഞ്ഞത്? "പിള്ളക്കച്ചകൊണ്ട് ചുറ്റി പുൽത്തൊട്ടിയിൽ കിടക്കുന്ന ശിശു!" അതെ. വരിനെടാ.

(അടുത്തുള്ള ഒരു ഇടയൻ ധൃതിയിൽ വന്നു.)

ശീമോൻ: എന്താ ചേട്ടാ, ഇത്ര ധൃതിയിൽ?

ആഗതൻ: നിങ്ങളൊന്നും കേട്ടില്ലേ? കൂടാരത്തിനു മുകളിൽ മാലാഖാമാരുടെ ഒരു കളിയായിരുന്നല്ലോ. ഞങ്ങളൊക്കെ പേടിച്ചുപോയി.

അബ്രാഹം: നിങ്ങളൊന്നും പേടിക്കേണ്ടടാ. നമുക്കൊരു രക്ഷകൻ ജനിച്ചിരിക്കുന്നു. അതറിയിക്കാൻ വന്നതാണ് മാലാഖാമാര്. ഞങ്ങളിപ്പോൾത്തന്നെ പോകയാണ് മിശിഹായെ കാണാൻ. നീ പോരുന്നോ?

ആഗതൻ: തീർച്ചയായിട്ടും. അങ്ങനെയാണോ! ഞാൻ മറ്റുള്ളവരേയുംകൂടി വിളിക്കാം. മിശിഹായ്ക്കു കാഴ്ചകൊടുക്കാൻ എന്തെങ്കിലും എടുക്കുകയുംചെയ്യാം. (പോകുന്നു)

അബ്രാഹം: അ, അതുതന്നെ, എന്തെങ്കിലും കാഴ്ചവെയ്ക്കണ്ടേ? എടാ യാക്കോവേ, നമ്മുടെ ആ 'മണിക്കുട്ടനെ'ത്തന്നെ ഇങ്ങു പിടിച്ചോ. അതെന്റെ കാഴ്ച. നിങ്ങളും എന്തെങ്കിലും എടുത്തോളിൻ.

അന്ത്രയോസ്: ഞാൻ മാലാഖമാര് പാടിയ പാട്ടു പാടാം.

"മിശിഹാനാഥൻ വന്നുപിറന്നു
പശുവിൻതൊട്ടിലിലിന്നു പിറന്നു
മാനത്തങ്ങുമുഴങ്ങിക്കേട്ടു
മാലാഖകളുടെ സംഗീതം."

(മറ്റുള്ളവരെല്ലാം ഏറ്റുപാടുന്നു. രംഗം മറയുന്നു. പാട്ടിന്റെ ശബ്ദം തുടർന്നു കേൾക്കുന്നു. കൂടുതൽ ആളുകളുടെ ശബ്ദം; ഗാനവീചികൾ അകന്നകന്നുപോകുന്നു.)

●

## നാല്

പുൽത്തൊട്ടിയിൽ ഒരു പൊന്നുണ്ണി കിടക്കുന്നു. മേരിയും ജോസഫും മുട്ടുകുത്തിനില്ക്കുന്നു. അവരൊരു ഗാനമാലപിക്കുന്നു. ഗാനാന്ത്യത്തിൽ ആട്ടിടയന്മാരുടെ പാട്ടും ബഹളവുമായുള്ള വരവ്. അവരെല്ലാം വന്നു മുട്ടുകുത്തി ആരാധിച്ച്, കൊണ്ടുവന്ന കാഴ്ചകൾ സമർപ്പിക്കുന്നു. അന്ത്രയോസ് ഉണ്ണിയുടെ ഏറ്റവും അടുത്താണ്. കുറേ നേരം ഉണ്ണിയെ നോക്കി അവൻ മേരിയുടെ മുഖത്തേയ്ക്കു നോക്കുന്നു. മേരി അതു മനസ്സിലാക്കി ഉണ്ണിയെ എടുത്ത് അവന്റെ കൈകളിൽ കൊടുത്തു. അവൻ ഉണ്ണിയെ വാങ്ങി മുത്തി. മറ്റുള്ളവരെല്ലാം വന്ന് ഉണ്ണിയെ മുത്തി. ഇടയന്മാർ വന്നപോലെതന്നെ പാട്ടും ആഘോഷവുമായി നടക്കുന്നു. അന്ത്രയോസ് ഉണ്ണിയെ എടുത്ത് അവരുടെ നടുക്ക്. അതൊരു ക്രിസ്മസ് കരോളായി മാറുന്നു.

★



# മറിയത്തിന്റെ മനോഗതം

എൻ. ജെ. ഫ്രാൻസിസ്, എം. പ

(പാന)

1. മഗ്ദാലാപുരിമാന്യന്മാർ, യോഗ്യന്മാർ
വാഗ്ദാനങ്ങളാ, ലേറെപ്രലോഭനാൽ
മുഗ്ദ്ധയാകുമെൻ ചാരിത്രപുഷ്പത്തെ
ദഗ്ദ്ധമാക്കിക്കളഞ്ഞല്ലോ ദൈവമേ!

2. നെഞ്ചുലയ്ക്കും മുഖസ്തുതിചൊല്ലലാൽ,
അഞ്ചിതാകാശക്കോട്ടകൾ കെട്ടലാൽ,
വഞ്ചകരെന്റെ ചേതനയെച്ചിരം
ചഞ്ചലിപ്പിച്ചു; ചേററിൽ പതിപ്പിച്ചു.

3. പട്ടുടുപ്പിക്കാമെന്നൊരു സമ്പന്നൻ;
നാട്ടുറാണിയാക്കാമെന്നുദ്യോഗസ്ഥൻ;
വേട്ടുകൊള്ളാം താനെന്നു് കലാകാരൻ;—
കൂട്ടർക്കെല്ലാം കളിപ്പാവയായേൻ ഞാൻ.

4. ചില്ലുമാൻ, പരൻ പാപികൾക്കു് മുക്തി
തല്പരതയാൽ നല്കുന്ന ജീസസ്സ്
അല്പവും തിരുവുള്ളമുണ്ടെന്നാകിൽ,
തൃപ്പദദാസിയെന്നെ തുണയ്ക്കില്ലേ.

5. കല്ലേറാലൊരു കന്യയെക്കശ്മലർ
കൊല്ലാനായിത്തുനിഞ്ഞോരു നേരത്തു്
വല്ലഭൻ തന്റെ കാരുണ്യമൊന്നല്ലോ
അല്ലലിൽനിന്നവളെക്കരയേററി.

6. കണ്ണിൽ കണ്ട പുമാന്മാരെക്കാമിച്ച
പെണ്ണല്ലല്ലോ തിരുമുമ്പിൽ നില്ക്കുന്നു!
"കണ്ണല്ലാത്തെല്ലാം പൊന്നാക്കാ"മെന്നോതും
വണ്ണമെന്നെച്ചതിച്ചിതു ദാരിദ്ര്യം!

7. കാരുണ്യത്തിൻ കണികയാൽ കയ്യിലെ
കാശു നല്കീല മാഗ്ദാലാമാന്യന്മാർ;
കാമത്തിന്റെ കണ്ണേറു് കൊണ്ടെങ്കിലേ
ക്ഷേമന്മാർ മടിശ്ശീല സമർപ്പിക്കൂ.

8. ശ്രീജറുസലേംകോവിൽകൈക്കാരന്മാർ,
കപ്പർന്നാമിലെ കപ്പലുദ്യോഗസ്ഥർ,
മഗ്ദാലായിലെ മന്ത്രിമാർ—ഇക്കൂട്ടർ
മുൾക്കുഴിയിലീ മാനിനെച്ചാടിച്ചു!

9. കൈവിടാതെ കരയ്ക്കു കേററണമേ,
കാരുണ്യക്കാതലായുള്ള കർത്താവേ,
കൈപ്പിഴ പററിപ്പോയോരു പാപിയെ
പാദപാംസുവായ് സ്വീകരിക്കേണമേ!

10. കയ്യെഴുമെന്റെ ജീവിതചര്യകൾ
എപ്പോഴുമറിയുന്നവനാണല്ലോ;
ഇപ്പാപങ്ങൾ കഴുകിക്കളഞ്ഞെന്നെ
തൃപ്പാദദാസിയാക്കിയെടുക്കണേ!

11. ശിമോന്റെ വീട്ടിലുള്ള വിരുന്നിനു്
നീ മിശിഹാ വരുമെന്നു കേൾക്കുന്നു!
ആമയം തീർത്തരുളും തൃപ്പാദത്തിൽ
പൂമഴ പെയ്യുമെന്റെ കണ്ണീരുകൾ.

12. പശ്ചാത്താപാൽ തുടിയ്ക്കുമെൻ ഹൃത്തടം;
വാർമുടിയാൽ തുടയ്ക്കുമാ പാദങ്ങൾ;
ഈ മഹാസുഗന്ധദ്രവ്യം പൂശി ഞാൻ
അങ്ങുന്നിൻ പാദദാസിയായ്ത്തീരട്ടെ!

# SNOW WHITE

ELECTRIC

## DRY CLEANERS & ART DYERS

Near Naduvilal, TRICHUR-1.

With Modern Equipments Done To Your Satisfaction By Experts.

**A TRIAL WILL CONVINCE YOU**

Gaberdein
Decron
Coatswall
Reyon
Shaskin

Banares Sarees
Kashmir ,,
Kanjeepuram ,,
Dharmavaram ,,

നിങ്ങളുടെ വിശേഷപ്പെട്ട വുളൻ, സിൽക്ക്, ലിനൻ തുടങ്ങിയ വസ്ത്രങ്ങൾ
ഉത്തരവാദിത്വത്തോടുകൂടി കൃത്യസമയത്തു് വിദഗ്ദ്ധന്മാരാൽ

ഡ്രൈ ക്ലീനിംഗ് → ചെയ്തുകൊടുക്കുന്ന തൃശ്ശൂരിലെ ഏകസ്ഥാപനം.

# സ്നൊ വൈററു്

ഡ്രൈ ക്ലീനേഴ്സ് & ആർട്ട് ഡയേഴ്സ്, നടുവിലാലിന്നു സമീപം, തൃശ്ശൂർ–1.




PHONE: 1216

## ★ ഭാരത് സ്ററുഡിയോ ★

ഹൈറോഡ് (പുത്തൻപള്ളിക്കു മുൻവശം) തൃശ്ശൂർ –1.

•

ഫോട്ടോസംബന്ധമായ നിങ്ങളുടെ എല്ലാം ആവശ്യങ്ങളും തൃപ്തികരമായി നിവ്വഹിക്കുവാൻ കഴിയുന്ന ഉത്തമസ്ഥാപനം.

*N. B. ഹാൻഡ് ക്യാമറകൾക്കനുയോജ്യമായ റോൾ ഫിലിംസും സ്ററുഡിയോ സംബന്ധമായ എല്ലാവിധ ഫോട്ടോഗ്രാഫി സാമാനങ്ങളും ഞങ്ങൾ മിതമായ വിലയ്ക്കു് വിററുവരുന്നു.*

**BHARATH STUDIO,** High Road, TRICHUR-1.

PHONE: 268 ESTD: 1924

# C. M. JOHN & SONS,

CHEMISTS & DRUGGISTS
TRICHUR-1.

ചേറപ്പുഴക്കാരൻ ജോൺ & സൺസ്.

# തൃശ്ശിവപേരൂർ ലൂർദ്ദ് പള്ളി കുറി ആപ്പീസ്, തൃശ്ശൂർ_1

( As per Govt. Order No. D, Dis 23286/M. I. D. 26-11-1964 )

## രണ്ടു പുതിയ കുറികൾ

| മാസക്കുറി | പുവ്വൽക്കുറി |
|---|---|
| നറക്കൊന്നുക്ക് 100ക. | നറക്കൊന്നുക്ക് 500ക. |
| 111 തവണ. 111 നറക്ക്. 11100ക. സല | 36 തവണ. 72 നറക്ക്. 36000ക. സല |
| | എല്ലാം തവണകളിലും ഒരു നറക്കെടുപ്പും ഒരു നറക്ക് ലേലവും |
| ആദ്യത്തെ നറക്കെടുപ്പ്: 10_2_1965 | ആദ്യത്തെ നറക്കെടുപ്പും ലേലവും } 20_1_1965 |
| | കിട്ടിയവക്കും ലേലം വിളിച്ചവക്കും കൂടി പലിശാദായം ലഭിക്കുന്നതാണ്. |
| കുറിയൽ ഏററവും കുറഞ്ഞതു് 5ക യുടെ വീതം വരെ ചേരാവുന്നതാണ്. | കുറിയിൽ കുറഞ്ഞതു് 62ക. 50 പ. യുടെ വീതംവരെ ചേരാവുന്നതാണ്. |

കൂടുതൽ വിവരത്തിനു് ആവശ്യപ്പെടുക: **THE LOURDES CHURCH KURI, TRICHUR,**

തൃശ്ശൂർ,
28_11_64 }

വികാരി__വെ. റ. ഫാദർ അബ്രഹാം കിഴക്കൂടൻ.

*കൈക്കാരന്മാർ:*

മാ-രാ-രാ ചാലിശ്ശേരി ഔസേപ്പ് കുഞ്ഞുവറീത് അവർകൾ
,, പടിക്കല പറഞ്ചു അന്തപ്പൻ ,,
,, ചേററുപുഴക്കാരൻ ദേവസ്സി ഫ്രാൻസീസ്സ് ,,
,, ചാലിശ്ശേരി പൈലോത് മണി ,,

മാ-രാ-രാ മഞ്ഞില ഇട്ട്യപ്പൻ ചാക്കോരു അവർകൾ
,, കാരോരക്കാരൻ ലോനപ്പൻ ലോനപ്പൻ ,,
,, തരകൻ ഔസേപ്പ് പറഞ്ചു ,,
,, ചേററുപുഴക്കാരൻ വറീത് ഫ്രാൻസീസ്സ് ,,

## എല്ലാവിധ തുണിത്തരങ്ങൾക്കും

സന്ദർശിക്കുക:

↓

# CHALISSERY BROTHERS

FANCY PIECE GOODS MERCHANTS

**POST OFFICE ROAD, TRICHUR**

Tel: PEEDIYAM Phone: 962

*USE ALWAYS*

Parrot Brand, Orid Flour and Cattle Foods.

# ST. MARY'S FLOUR MILLS

P. O. Road TRICHUR.



അമലോത്ഭവമാതാവി
ന്റെ സഹായത്താൽ ഉദ്ദി
ഷ്ടകാര്യസിദ്ധിക്ക് ഉപ
കാരസ്മരണ. താമസിച്ച
തിനു ക്ഷമാപണം.

●

— ഒരു വിശ്വാസി

# ഫലിതബിന്ദുക്കൾ

ഭാര്യ:– എനിക്ക് ഇന്നലെ തുടങ്ങിയതാണ് പല്ലുവേദന; ഇന്ന് ആ ഡാക്ടറെക്കൊണ്ട് ആ പല്ലൊന്നെടുപ്പിക്കണം.

ഭർത്താവ്:– എനിക്ക് കുറേശ്ശെ തലവേദനയുണ്ടല്ലോ; അങ്ങനെയാണെങ്കിൽ എന്റെ തലയുമൊന്നെടുപ്പിക്കണമല്ലോ.

(ജോർജ്ജ് ജേക്കബ്, കിഴക്കേൽ, പാറപ്പുഴ)

അയൽക്കാരി: "നിന്റെ ഇളയ മകൻ എങ്ങനെയിരിക്കുന്നു?"

വീട്ടുകാരി: തല നല്ല കഷണ്ടി; തോന്നുമ്പോഴൊക്കെ കുടി; മുക്കാൽ സമയവും ഉറക്കം."

അയൽക്കാരി: "അതു ഭയങ്കരമായിരിക്കുന്നല്ലൊ! അവനെത്ര പ്രായമായി?"

വീട്ടുകാരി: "മൂന്നു മാസം." (ലൂയി കണ്ണമ്പുഴ, ഒല്ലൂർ.)






# "മാധവ" സ്പെഷൽ ഔഷധങ്ങൾ!

●

**"മാധവ" ബാലപീയൂഷം:** ഗ്രഹണി, കരപ്പൻ, ബാലപീഢ, കൾരോഗം മുതലായ എല്ലാവിധ ബാലരോഗങ്ങളിൽനിന്നും പരിരക്ഷ നല്കി കുഞ്ഞുങ്ങൾക്ക് ആരോഗ്യവും, തേജസ്സും, ശരീരപുഷ്ടിയും നല്കുന്ന ഹൃദ്യമായ ടോണിക്ക്.
16 ഔ. 3ക. 50 പൈസ. 8 ഔ. 2ക.

**"മാധവ" സരസപരില:** രക്തം ഉഷ്ണിച്ചുണ്ടാകുന്ന എല്ലാ രോഗങ്ങൾക്കും അത്യുത്തമം. ശരീരത്തിലെ ചൂടിനേയും രക്തസമ്മർദ്ദത്തേയും ക്രമീകരിക്കുന്നു. 16 ഔ. 3ക. 8 ഔ. 1ക. 75 പൈസ.

*ഗവേണിങ്ങ് ഡയറക്ടർ*
*പൊരുതിയിൽ*
*നാരായണൻ വൈദ്യർ*

**"മാധവ" യോഷാമൃതം:** സ്ത്രീകളുടെ ആർത്തവസംബന്ധമായ ക്രമക്കേടുകൾക്കും ഗർഭാശയരോഗങ്ങൾക്കും വളരെ ഫലപ്രദം.
16 ഔ 3ക. 50 പൈസ.

**"മാധവ" സൂതികാമൃതം:** പ്രസവാനന്തരം ആരോഗ്യം വീണ്ടെടുക്കുന്നതിന്നും അരുചി, അഗ്നിമാന്ദ്യം, ശരീരക്ഷീണം എന്നിവകൾക്കും വിശേഷം. 24 ഔ. 4ക. 50 പൈസ.

**"മാധവ" ബാലജീവനം:** ശിശുക്കൾക്കു സുഖശോധനയ്ക്കും, രക്തശുദ്ധിക്കും ബിന്ദുമാത്രയിൽ കൊടുക്കാനുള്ള തൈലം. ½ ഔ. കുപ്പി 60 പൈസ.

**"മാധവ" മഹിഷദ്രാവകം:** വാതവേദന, വാതനീര്, വാതക്കടച്ചിൽ, കൈകാൽ മരവിപ്പ് മുതലായ എല്ലാ വാതരോഗങ്ങളേയും മാററി ഞരമ്പുകൾക്ക് ശക്തിയും ഉണർവ്വും പ്രദാനംചെയ്ത് ആരോഗ്യം വീണ്ടെടുക്കുന്ന സിദ്ധൗഷധം. 24 ഔ. 3ക. 75 പൈസ.

കൂടാതെ **ദശമൂലാരിഷ്ടം, ച്യവനപ്രാശം** മുതലായ എല്ലാവിധ ആയുർവ്വേദ ഔഷധങ്ങളും ശാസ്ത്രീയമായി തയാർചെയ്തു സംഭരിച്ചിരിക്കുന്നു. എല്ലാ സ്ഥലത്തും പ്രധാന മരുന്നുഷാപ്പുകളിൽനിന്നും ലഭിക്കുന്നു. സ്റ്റോക്കിസ്റ്റ് വ്യവസ്ഥകൾക്കും മററും നേരിട്ടെഴുതുക:

**മാധവ ഫാർമസ്യൂട്ടിക്കൽ ലാബറട്ടറീസ് – ജയസൗധം— എറണാകുളം–8.**
Phone: 238 & 638

AGENCY DEPOTS: കാഞ്ഞിരപ്പള്ളി, ഇരിഞ്ഞാലക്കുട, തൃശ്ശൂർ, ആലത്തിയൂർ, പെരിന്തൽമണ്ണ, കോഴിക്കോട്, കൊടുവള്ളി, കല്പററ, കോഴഞ്ചേരി, മൈക്കാവ്, മാനന്തവാടി, ബത്തേരി, കോർട്ട്റോഡ് പാലക്കാട്, എടയാർ സ്ട്രീറ് കോയമ്പത്തൂർ, തലശ്ശേരി, മാഹി, ബിസ്സ്റ്റിമുഹല്ല, ബോംബേ, ഷഹപ്പൂർ, അഹമ്മദബാദ്, ചിററൂർ, ട്രിപ്ലിക്കേൻ ഹൈറോഡ് • മദ്രാസ്സ്-5, ഗുരുവായൂർ, മല്ലേശ്വരം, ബാംഗളൂർ, സാഗർ, അഡോണി Etc.

---

## സ്കൂൾ യൂണിഫാറത്തിനുള്ള തുണിത്തരങ്ങൾക്ക്

Estd: 1934 സന്ദർശിക്കുക: PHONE: 841

# ★ കുററിച്ചാക്കു ★

## ലോന അന്തോണി സൺസ്

**തുണിച്ചരക്കു കച്ചവടം, ബസ്സ്റ്റാൻറിനു സമീപം, തൃശ്ശൂർ.**

---

★ ഇതാ പ്രസിദ്ധീകരിച്ചു! ★

## സൊഡാലിററി മാനുവൽ (പരിഷ്കരിച്ച പതിപ്പ്)

വില: 40 പൈസ.
പോസ്റ്റേജ് പുറമെ.

യൂണിയൻ പ്രസ്സ്, മരിയാപുരം, തൃശ്ശൂർ–5.

**C. D. FRANCIS**

MERCHANT & COMISSION AGENT

★

( Tel: 'BUSINESS' )

| | TRICHUR | COCHIN | KOZHIKODE |
|---|---|---|---|
| Phone: | 323 | 4750 | 2162 |
| Resi. | 327<br>1060 | 4750 A | 2162 A |

CHANDAN STEEL FURNITURE & EQUIPMENT

SHOW ROOM XXV/651, HIGH ROAD, TRICHUR.

എല്ലാ പ്രമുഖ വ്യാപാരികളിൽനിന്നും ലഭിക്കുന്നതാണ്.






SB COFFEE

ഉത്തരവാദപ്പെട്ട

എസ്സ് ബി കോഫി

ഉപയോഗിപ്പിൻ.

**SONNY BROTHERS**

New Church Road, TRICHUR-1.

വിതരണക്കാർ:

കച്ചവടം:

→ M/s. സി. ഡി. ഫ്രാൻസീസ്

തൃശ്ശൂർ, കൊച്ചി, കോഴിക്കോട്.



വർണ്ണ ശബളിമയല്ല
സ്ത്രീ സുന്ദരി

തരത്തിനിണങ്ങിയ വസ്ത്രത്തിലടങ്ങിയിരിക്കുന്നു അവളുടെ സൌന്ദയ്യരഹസ്യം. വിവാഹവേദിയിലേക്കനുയോജ്യമായ, ആഡംബരപൂണ്ണമായ വസ്ത്രങ്ങളും വിനോദയാത്രക്കുതകുന്ന ലളിതമായ വസ്ത്രങ്ങളും — എന്നുവേണ്ട പൊതുവിൽ വസ്ത്രത്തെക്കുറിച്ചു പറയുമ്പോൾ ഒന്നാമതായി ഓർമ്മിക്കുന്ന ഒരു പേരാണ്

ചാക്കോളാസ് സിൽക്ക് ഹൌസ്

Chakolas

SILK HOUSE

TRICHUR & ERNAKULAM



പുരോഗതിയുടെ ഒരു ചിത്രം. എല്ലായ്പോഴും പദ്ധതികളുടെ വിജയത്തിന്റെ ചിത്രമായിരിക്കണം. ഇന്ത്യയിൽ ജീവിതം പ്രധാനമായും കാർഷിക സമ്പദ്‌വ്യവസ്ഥയെയാണ് ആശ്രയിച്ചിരിക്കുന്നത്. കാർഷിക മണ്ഡലത്തിലെ അഭിവൃദ്ധിയാണ് നമ്മുടെയും അഭിവൃദ്ധി.

എഫ്. എ. സി. ടി. കൃഷിയുടെ സന്ദേശവുമായി ഇന്ന് ഓരോ കുടുംബത്തിലും എത്തുന്നു.

**FACT** THE FERTILISERS AND CHEMICALS, TRAVANCORE LIMITED.
*First in the field!*
REGD OFFICE ELOOR. UDYOGAMANDAL P.O. KERALA STATE.

Edited & Published by Fr. J. Chemmanoor B.A., Printed at Union Press, Mariapuram, Trichur - 5.